
റൈററ് റവ. ഡോക്ടർ ജയിംസ് കാളാശ്ശേരി

തിരുമനസ്സിലെ

# ജീവചരിത്രസംക്ഷേപം.



കെ. എം. ജേക്കബ് മാപ്പിള.

റൈററ റവ. ഡോക്ടർ ജയിംസ് കാളാശ്ശേരി

തിരുമനസ്സിലെ

# ജീവചരിത്രസംക്ഷേപം.

ഗ്രന്ഥകൎത്താ,

കെ. എം. ജേക്കബ് മാപ്പിള.

പകൎപ്പവകാശം സ്വായത്തം) (വിലരൂപാ ൧

PRINTED AT THE ST. JOSEPH'S PRESS.

MANNANAM,

1929.




## സമൎപ്പണം.

മലയാളത്തിലെ കൎമ്മലീത്താ സഭയുടെ പ്രാരംഭപ്രവൎത്തകന്മാരിലൊരാളും ആ സഭയുടെ പ്രഥമപ്രിയോരുമായ ചാവറ പെ. ബ. തിരുക്ക. കുറിയാക്കോസ് ഏലിയാ അച്ചന്റെ ശാശ്വതസ്മരണക്കും ആ പുണ്യശ്ലോകന്റെ മാദ്ധ്യസ്ഥ പ്രാൎത്ഥനകളാൽ എനിക്കു ലഭിച്ചിട്ടുള്ള ~~നിരവധി~~ ഉപകാരങ്ങളുടെ കൃതജ്ഞതാസൂചകമായും എന്റെ അല്പകൃതിയായ ഈ ഗ്രന്ഥം സാദരം സമൎപ്പിച്ചുകൊള്ളുന്നു.

ഗ്രന്ഥകൎത്താ.

# അവതാരിക.

യൗവനയുക്തനും, ത്രപതഭരണം അടുത്തകാലത്തുമാത്രം ആരംഭിച്ച ദേഹവുമായ കാളാശ്ശേരി മാർ ജയിംസ് മെത്രാനച്ചൻ തിരുമനസ്സിലെ ഒരു ജീവചരിത്രം എഴുതുവാൻ കാലമായൊ എന്നുള്ള ആശങ്കയാണ് ഈ പുസ്തകം വായിക്കുന്നവരിൽ അങ്കുരിച്ചേക്കാമെന്നതു്. എന്നാൽ ഒരു മെത്രാന്റെ ജീവചരിത്രം അതാതുകാലത്തു ഭരണീയർ അറിഞ്ഞിരിക്കേണ്ടതാണെന്നത്രെ എന്റെ വിനീതമായ അഭിപ്രായം. കാരണം: "ഞാൻ നല്ല ഇടയനാകുന്നു. ഞാൻ എന്റെ ആടുകളെ അറിയുന്നു. അവ എന്നെയും അറിയുന്നു:" (യോഹ. 10. 14.) എന്നു മിശിഹായോടുകൂടി പറവാൻ പ്രത്യേക കടപ്പെട്ടിട്ടുള്ളതു മെത്രാനാണ്. തങ്ങളുടെ ഇടയനെ നന്നായി അറിയുന്നതിന് ഏതാദൃശഗ്രന്ഥങ്ങൾ ഭരണീയരെ സവിശേഷം സഹായിക്കുന്നു.

കൂടാതെ, തിരുസിംഹാസനം ഒരു മാതൃകാപുരുഷനെ മെത്രാനായി തെരഞ്ഞെടുത്താൽ അദ്ദേഹത്തിന്റെ അനുകരണീയമായ ജീവിതം രഹസ്ഥിതമായിരിക്കാൻ ആഗ്രഹിക്കുന്നില്ല. അതു പ്രത്യക്ഷമായിരിക്കേണ്ടതാണാവശ്യം. തദർത്ഥം ഈ ഗ്രന്ഥം വളരെ ഉപകാരപ്രദമാണ്. മാത്രമല്ല, ഭരണകർത്താവിന്റെ സ്വഭാവവൈശിഷ്ട്യം, സത്യസന്ധത, ഭരണനൈപുണ്യം, ദൈവശുശ്രൂഷാന്തി എന്നിവ അദ്ദേഹത്തിന്റെ തുടർച്ചയായ പ്രവൃത്തികൾമൂലം ഭരണീയർ അറിയുന്നതായാൽ അവരുടെ ഉള്ളഴിഞ്ഞ സഹകരണം സുലഭമായി പ്രതീക്ഷിക്കപ്പെടുകയും ചെയ്യാം.

ഈ സദുദ്ദേശങ്ങളോടുകൂടി മെത്രാനച്ചൻ തിരുമനസ്സിലെ ഈ ജീവചരിത്രം എഴുതിയതു അവിടത്തെ

ഒരു സ്വദേശിയായ മിസ്റ്റർ കെ. എം. ജേക്കബ് മാപ്പിള എന്ന മാന്യനാണ്. ഈ സദുദ്യമത്തിൽ ഗ്രന്ഥകർത്താവിനെ ഞാൻ സർവ്വാത്മനാ അനുമോദിക്കുന്നു. ഈ ജീവചരിത്രത്തിനു തുടർച്ചയായ അനുബന്ധങ്ങളെ ചേർത്തുകൊണ്ടിരിപ്പാൻ ഗ്രന്ഥകർത്താവു നിർബന്ധിക്കപ്പെടുമെന്നു ആശാപൂർവ്വം പ്രവചിക്കുവാൻ തിരുമേനിയെ അറിയുന്നവരാരും ശങ്കിക്കേണ്ടതുമില്ല. ഇങ്ങനെ ചേർക്കപ്പെടുന്ന അനുബന്ധങ്ങൾപോലും സവ്വവിധേനയും ശോഭനങ്ങളായി ഭവിക്കട്ടെ.

മെത്രാനച്ചൻ തിരുമനസ്സിലെ മറെറാരു അതിമാന്യസ്വദേശിയും, കാരണവനും, മലയാളത്തിലെ കർമ്മലീത്താസഭയുടെ പ്രാരംഭപ്രവർത്തകന്മാരിലൊരാളും, ആ സഭയുടെ ഒന്നാമത്തെ പ്രിയോരുമായ ചാവറ പെ. ബ. കുറിയാക്കോസ് ഏലിയാ അച്ചന്റെ ശാശ്വതസ്മരണക്കായി ഈ പുസ്തകം ഗ്രന്ഥകർത്താവു സമർപ്പിച്ചതും ഉചിതമായിട്ടുണ്ട്. ആകപ്പാടെ പുസ്തകം അതിന്റെ ഉദ്ദേശം സമൃദ്ധിയായി സാധിക്കട്ടെയെന്നാണ് ഹൃദയംഗമമായ എന്റെ ആശംസ.

എന്ന് മോൺസിഞ്ഞോർ

അന്തോണി പുതുശ്ശേരി.

തൃശ്ശിവപേരൂർ,
1929 സെപ്തമ്പർ 25-ാംനു-

# മുഖവുര.

കേരളീയകത്തോലിക്കൎക്ക മഹാന്മാരുടെ ജീവചരിത്രസമ്പത്തായിട്ട വലിയതൊന്നും അഭിമാനിക്കാനില്ലാത്തതിൻെറ മുഖ്യകാരണം അവൎക്ക പ്രസ്തുത വിഷയത്തിലുള്ള അനാസ്ഥയാണെന്ന പ്രസിദ്ധമാണ്. ലളിതകോമളമായ ഭാഷയിൽ വിരചിതമായ ഈ കൃതി ആ പോരായ്കയെ കുറെയൊക്കെ പരിഹരിക്കുന്നുണ്ട്.

കഥാനായകൻ ജീവിച്ചിരിക്കുമ്പോൾ അദ്ദേഹത്തിൻെറ ചരിത്രം എഴുതുന്നത് അത്ര സാധാരണമല്ലാത്തതുകൊണ്ട ഈ ഗ്രന്ഥനിൎമ്മാണവിഷയത്തിൽ ഗ്രന്ഥകൎത്താവു ചെയ്തിട്ടുള്ള ശ്രമം തികച്ചും ശ്ലാഘനീയമാണോ എന്ന സംശയം തോന്നിയേക്കാം. എന്നാൽ ഈ ഗ്രന്ഥം, പ്രത്യേക ദൈവപരിപാലനയിൻകീഴ് ജീവിതം നയിച്ച റൈററ് റവ. ഡോക്ടർ ജെയിംസ് കാളാശ്ശേരി തിരുമനസ്സിനെക്കുറിച്ചാകയാൽ ഈ ഘട്ടത്തിൽ യാതൊരു ആശങ്കയ്ക്കും വഴിയില്ലതന്നെ. കാനോൻ നിയമമനുസരിച്ചു, കഷ്ടിച്ചുവയസ്സു തികഞ്ഞ ഇദ്ദേഹത്തിനെ കേരളത്തിലെ ഏററവും വിപുലമായ രൂപതാഭരണം കയ്യേല്പിച്ചതോൎത്താൽ പരിശുദ്ധസിംഹാസനം ഇദ്ദേഹത്തിൻെറ യോഗ്യതകളിൽ എന്തുമാത്രം മതിപ്പുംവിശ്വാസവും വച്ചിട്ടുണ്ടെന്ന വെളിവാകുന്നുണ്ട്. പ്രസ്തുത സംഗതി ഏവൎക്കും കരതലാമലകംപോലെ ബോധപ്പെടുന്നതിന ഇപ്പുസ്തകം വളരെ ഉപകരിക്കുന്നതാണ്. കൈനകരി സ്വദേശിയും ഭാഷാഭിമാനിയുമായ മി. കെ. എം. ജേക്കബ് മാപ്പിളയുടെ ഈ സദുദ്യമം വളരെ അഭിനന്ദനീയംതന്നെ.

ആമുഖം വഴി, ഈ കൃതിയോട ബന്ധപ്പെടുന്നതു എനിക്ക പ്രത്യേകം സന്തോഷാവഹമാണ്. കഥാനായകൻെറ അദ്ധ്യയനകാലം മുതൽക്കുതന്നെ അദ്ദേഹവുമായി പല അവസരങ്ങളിലും ഇടപെടുന്നതിനും, വിശിഷ്യ,

റോമായിൽവച്ചു കാലംചെയ്ത കുയ്യാളശ്ശേരിമെത്രാനച്ചൻ തിരുമനസ്സിലെ ദീനാവസരത്തിലും ചരമവേളയിലും ഒരുമിച്ചു ശുശ്രൂഷചെയ്യുന്നതിനും സംഗതിയായപ്പോളെല്ലാം തിരുമനസ്സിലെ അന്യാദൃശമായ ഗുണവിശേഷങ്ങൾ എനിക്കു അനുഭവപ്പെട്ടിട്ടുള്ളതുകൊണ്ടു എൻെറ ഈ കൃത്യം സ്നേഹപരമായ ഒന്നു മാത്രമാകുന്നു.

ആരോഗ്യദൃഢഗാത്രനായ തിരുമനസ്സിലെ ഈ സുചരിതത്തോടു അനേകമനേക അദ്ധ്യായങ്ങൾ കൂട്ടിച്ചേർത്തു വായിക്കുവാൻ ദൈവം ഇടയാക്കട്ടെ.

ജോസഫ് സി. പഞ്ഞിക്കാരൻ.

എറ്ണാകുളം.<br>
2. ഡിസംബർ 1929.

## പ്രസിദ്ധ സമുദായാഭിമാനിയും നിരൂപണ
## വിചക്ഷണനുമായ ശ്രീമാൻ സി. അന്തപ്പായി
## അവർകൾ ബി. എ. യുടെ
# അഭിപ്രായം.

ഡോക്ടർ ജെയിംസ് കാളാശ്ശേരി തിരുമനസ്സിലെ ചരിതസംക്ഷേപമാകുന്ന ഈ പുസ്തകത്തിൻെറ ഒരു പ്രതി അതിൻെറ കർത്താവു അയച്ചുതന്നു് അതിനെക്കുറിച്ചുള്ള എൻെറ അഭിപ്രായം ആവശ്യപ്പെട്ടിരിക്കയാണു്. പുസ്തകം വായിച്ചു തീൎന്നപ്പോൾ അഭിപ്രായം എവിടം തുടങ്ങിയാണു് പറയേണ്ടതെന്നു കാണാതെ ഞാൻ അല്പം വിഷമിച്ചു. പ്രായേണ ഒരു ലഘുപുസ്തകമെന്നു വിളിക്കപ്പെടാവുന്നഈ കൃതിയിൽ ഇത്രയധികം കാൎയ്യങ്ങൾ അടക്കിക്കൊൾവാൻ സാധിച്ചതു് എങ്ങനെയെന്നു ആലോചിച്ചപ്പോൾ അതിൻെറ സൂത്രം ഞാൻ ഏകദേശം ഊഹിച്ചു: വാക്യരചനയിൽ ഗ്രന്ഥകാരൻ കഥാനായകനെ അനുകരിച്ചിരിക്കയാണു്. കഥാനായകൻ കേവലം ഒരു പുരോഹിതൻ മാത്രമായിരുന്ന കാലത്തു കുയ്യാളശ്ശേരിൽ മാർ തോമ്മാ മെത്രാൻ തിരുമേനിയോടുകൂടെ ചെയ്ത റോമ്മായാത്രക്കിടയിൽ കപ്പലിൽനിന്നും ഏഡൻ, അലെക്സാൻഡ്റിയ, ബ്രിണ്ടിസി, റോമ എന്നീ സ്ഥലങ്ങളിൽനിന്നും ഈ നാട്ടിലേക്കെഴുതിയ പല ലേഖനങ്ങളും ഈ പുസ്തകത്തിൽ പകൎത്തിയിട്ടുണ്ടു്. അൎത്ഥസംപൂൎണ്ണങ്ങളായ ചെറിയ ചെറിയ വാചകങ്ങൾ; വളച്ചുകെട്ടുതിരെയില്ല; ഒരു വാക്കു കൂട്ടുകയോ കുറക്കുകയോ ചെയ്താൽ അൎത്ഥഭംഗംവരും; കാൎയ്യങ്ങളെല്ലാം ഒന്നും വിടാതെ പറഞ്ഞിട്ടുമുണ്ടു്; ഭാഷാവൈകല്യം ഒന്നുമില്ലതാനം. ഇത്തരം പദവിന്യാസത്തിൻെറ സംപൎക്കം ഗ്രന്ഥകാരനായ മിസ്റ്റർ ജേക്കബ്മാപ്പിളയെ വശീകരിച്ചതാണെങ്കിൽ അത്ഭുതത്തിനവകാശമില്ല. സമൎത്ഥന്മാരായ ചിത്രകാരന്മാൎക്കു line-drawing എന്ന ഒരു വിദ്യയുണ്ടു്.

പലേടത്തുമായി കോറിയ കുറെ വരകൾമാത്രംകൊണ്ടു് ഉദ്ദിഷ്ടമായ പ്രതിമ രമണീയമാംവണ്ണം സ്ഫുടീകരിക്കപ്പെട്ടും. മുകളിൽ സൂചിപ്പിച്ച എഴുത്തുകളിലൊന്നിൽ ഡോക്ടർ കുര്യാളശ്ശേരി റോമ്മയിൽവച്ചു് അന്തിമരോഗഗ്രസ്തനായി കിടന്നു കാലധർമ്മം പ്രാപിച്ച വിവരങ്ങൾ അടങ്ങിയിരിക്കുന്നു. എത്രയധികം കരുണാരസത്തെയാണു് ആ ലേഖനംവായനക്കാരിൽ ജനിപ്പിക്കുന്നതെന്നു അനുഭവത്താലെ അറിഞ്ഞുകൂട്ടു. എങ്കിലും അവിടെയും കഥാനായകനായ ചിത്രകാരൻ line-drawing മാത്രമാണു് പ്രയോഗിച്ചിരിക്കുന്നതു്, ചായവും ബ്രഷുമല്ല.

ഡോക്ടർ കാളാശ്ശേരിയെ മെത്രാനായി പ്രതിഷ്ഠാപനം ചെയ്ത അവസരത്തിൽ അവിടത്തെ ഗുണഗണങ്ങളെ വർണ്ണിച്ചെഴുതിയ പല പത്രങ്ങളുടെയും കൂട്ടത്തിൽ യൂറോപ്യന്മാരാൽ നടത്തപ്പെടുന്ന The Week, The Catholic Leader എന്നവ എന്താണു പറഞ്ഞിട്ടുള്ളതെന്നു ഞാൻ സൂക്ഷിച്ചു വായിച്ചു. മററു ലക്ഷണങ്ങളുടെക്കൂട്ടത്തിൽ തിരുമേനിക്കു "an irresistible fund of humour" ഉണ്ടെന്നു ആദ്യം പറഞ്ഞ പത്രവും, "a fund of irresistible humour" എന്നു മറെറാപത്രവും എഴുതിയിരിക്കുന്നതു കണ്ടപ്പോൾ, "അങ്ങനെയുമുണ്ടോ ഒരു കാര്യം, മതാദ്ധ്യക്ഷന്മാർ ഭക്തിപാരവശ്യം നിമിത്തം പ്രായേണ നിമീലിതാക്ഷന്മാരും അർദ്ധമൃതന്മാരെന്നപോലെ ജീവിക്കുന്നവരുമാണെന്നാണല്ലോ പലരും ധരിച്ചുവെച്ചിട്ടുള്ളതു്" എന്നും മററുമുള്ളവിചാരങ്ങളാൽ മേൽപറഞ്ഞ ലേഖനങ്ങളെല്ലാം, ഈ നോട്ടം ഉള്ളിൽ വെച്ചുകൊണ്ടു്, ഞാൻ വീണ്ടും സാവധാനം വായിക്കുവാനും, അടുക്കെ ആരും ഇല്ലാതിരുന്നിട്ടും ഇടക്കിടക്കു പൊട്ടിച്ചിരിക്കുവാനും തുടങ്ങി. തിരുമേനിക്കുള്ള ആനന്ദവൃത്തി സഹജം തന്നെയെന്നു പൂർണ്ണമായിത്തെളിഞ്ഞു. ഇതിനു ഏതാനും ദൃഷ്ടാന്തങ്ങൾ ചുവടെ ഉദ്ധരിക്കുന്നു.

"(കപ്പലിൽ) എല്ലാവരും തന്നെ ഇംഗ്ലീഷ് ഒരു വിധം സംസാരിക്കുന്നവരാണ്, ഒരു ചൈനാക്കാരനാണു എന്റെ പ്രത്യേക സ്നേഹിതൻ. ഇംഗ്ലീഷ് ഭാഷയിലെ പദങ്ങൾ ഒട്ടുമുക്കാലും അയാൾക്കറിയാം. എങ്കിലും ശബ്ദവും വ്യാകരണവും വലിയ നിശ്ചയമില്ല. "Our foods are most good". "I goes to German". "Look! how many water in the sea". "You is Roman Catoric religion". "There are plenty Roman Catoric in China". ഇത്തരത്തിലാണ് കൂട്ടന്റെ ഭാഷ".

"(കപ്പലിൽ) നീന്തിക്കളിച്ചു കളിക്കണമെങ്കിൽ അതിനായി ഒരു വലിയ തടാകത്തിൽ വെള്ളം കെട്ടിനിറുത്തിയിട്ടുണ്ട്. ചൂടുവെള്ളത്തിനു ഒരു പ്രയാസവുമില്ല. തീക്കപ്പലിലാണല്ലൊ വാസം."

"ഇതുവരെ ശാന്തമായിരുന്ന ഈ സമുദ്രം പെട്ടെന്നു ഞങ്ങളോടു കോപിക്കുവാൻ തുടങ്ങി. "യോനാ" ദീർഘദർശിയെപ്പോലെ എനിക്കു ചില സംശയങ്ങളും ഉണ്ടായില്ലെന്നില്ല. ഈ കോപം നാലരദിവസത്തേക്കു ദീർഘിച്ചു. കടൽദീനം പലരേയും ബാധിച്ചു. അതു മെത്രാപ്പട്ടത്തോടും മററും പ്രത്യേക ബഹുമാനം ഒന്നും കാണിച്ചില്ല".

"ഇതിലേക്കൂടിയാണ് ഇസ്രായേൽക്കാർ മൂശയുടെ നേതൃത്വത്തിൽ മെസ്രേൻ രാജ്യത്തിൽനിന്ന് ഓടിപ്പോയതെന്നു ആധുനിക പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഈ കായലിൽ നാട്ടിനിറുത്തിയിരിക്കുന്ന അനേകായിരം കുററികളുടെ മേൽഭാഗങ്ങൾ ദൂരെനിന്നു നോക്കിയാൽ പറവോന്റെയും കൂട്ടുകാരുടെയും തൊപ്പികളാണെന്നു തോന്നിപ്പോകും."

"ഈ (അലെക്സാൻഡ്റിയ) ഹാർബർ ഈശ്വരനിർമ്മിതമല്ല. കുട്ടനാടുപോലെ മനുഷ്യനാൽ ഇല്ലായ്മയിൽനിന്നും ഉണ്ടാക്കപ്പെട്ടതാണ്."

ആലിമുസ്സീം എന്നൊരുവൻ അലെക്സാഡ്റിയ മുതൽ കെയിറൊവരെ വഴികാട്ടി കാഴ്ചകൾ കാണിച്ചു കൊടുപ്പാൻ നാലുപവൻ കൂലി നിശ്ചയിച്ചു സമ്മതിച്ചു. ഈ കാര്യം തുടൎന്നു വിവരിച്ചു നമ്മുടെ കഥാനായകൻ എഴുതിയിരിക്കുന്നതായതു്:—"ആലിമുസ്സിം അസത്യം പറകയില്ല, അള്ളായിക്കു അതറിയാം. അള്ളാ എന്നെ സ്നേഹിക്കുന്നു. ആലിമുസ്സിം നല്ല ആളാണു്. എന്നു മുസ്സീം മറുപടിപറഞ്ഞു." എങ്കിലും ഉടമ്പടിക്കു വിരോധമായി അവൻ ഇടക്കിടക്കു പണം ചോദിച്ചു. തരികയില്ലെന്നു നമ്മുടെ കഥാനായകൻ ഉത്തരം കൊടുത്തപ്പോൾ "ഒന്നും ഭയപ്പെടേണ്ട, ആലിമുസ്സീം നല്ലവനാണ്. ചതിക്കയില്ല. അള്ളാ ആലിയെ പെരുത്തു സ്നേഹിക്കുന്നു" എന്നു് അയാൾ പറഞ്ഞു. അള്ളാ ആലിയെ സ്നേഹിക്കുന്നുണ്ടെന്നെനിക്കറിയാം. എന്നാൽ ആലി അള്ളായെ സ്നേഹിക്കുന്നില്ല. മുൻപേ വാങ്ങിയ പവൻെറ ബാക്കിതന്നും വച്ചു് പാട്ടിനു പൊയ്ക്കൊൾക. കുറച്ചു കഴിഞ്ഞതിൻെറ ശേഷം പോലീസുകാരൻെറ സഹായത്തോടെ 15 ഷില്ലിങ്ങ് ഞങ്ങൾ തിരിയെ വാങ്ങിച്ചു് ഒരു ഷില്ലിങ്ങു സമ്മാനവുംകൊടുത്തു ആലിക്കു സലാമും അള്ളായിക്കു സ്തുതിയും പറഞ്ഞു് മുസ്സീമിൽനിന്നു പിരിഞ്ഞു."

"ഇടക്കുവെച്ചു ഒരു ഹോട്ടലിൽ കയറി ഉച്ചഭക്ഷണം കഴിച്ചു. സൂപ്പും രണ്ടു ഡിഷും കുറെ പഴങ്ങളുമായിരുന്നു ഭക്ഷണം. ഒരു നേരത്തേക്കു നാലുപേക്കുംകൂടി ഭക്ഷണചാർജ്ജ് രണ്ടരപവനായി. മേലാലെങ്കിലും ഈ പട്ടണത്തിലിറങ്ങി ഭക്ഷണം കഴിച്ചുപോകരുതെന്നു ഓൎപ്പിക്കുന്നു."

ഡോക്ടർ കുയ്യാളശ്ശേരി തിരുമേനിയുടെ രോഗത്തേയും അതിൻെറ പരിണാമത്തേയുംകുറിച്ചു 1925 ജൂൺ നാലാം തീയതി റോമയിൽനിന്നയച്ച റവ. കാളാശ്ശേരിയുടെ ദീർഘമായ ഒരു ലേഖനത്തെ മുകളിൽ സൂചിപ്പി

ച്ചിട്ടുണ്ടല്ലോ. ദുഃഖാബ്ധിതരംഗമദ്ധ്യത്തിൽ മജ്ജനംചെയ്തുകൊണ്ടിരുന്ന ആ മഹാദുർദശയിലും നമ്മുടെ കഥാനായകൻ പ്രദർശിപ്പിച്ച ധൈൎയ്യവും പ്രത്യുൽപന്നമതിയും അസാധാരണങ്ങളായിരുന്നു. വിഷയത്തിൻെറ ഗൗരവവും ശോകസമ്മിശ്രതയും ഹേതുവാൽ ആ ഭാഗങ്ങളെ ഇവിടെ ഉദ്ധരിക്കാതെ ഞാൻ വിട്ടുകളയുകയാണ് ചെയ്യുന്നതു്. പ്രകൃത്യാ ചിത്തോല്ലാസമുള്ള ഒരാളും അതില്ലാത്ത ഒരാളും തമ്മിൽ ലെമൊണെഡും പച്ചവെള്ളവും തമ്മിലുള്ള വ്യത്യാസമുണ്ടായിരിക്കുമെന്നു ചൂണ്ടിക്കാണിച്ച ഈ ഘട്ടത്തിൽ നിന്നു കടന്നുപോകട്ടെ.

റവ. ജെയിംസ് കാളാശ്ശേരിയെ ചങ്ങനാശ്ശേരി മെത്രാനായി നിയോഗിച്ച ബൂളയിൽ താഴെചേക്കുന്ന ഒരു വാക്യം കാണുന്നു: "ആ രൂപതയിലെ ഒരു വൈദികനും, ജ്ഞാനംകൊണ്ടും, വിവേകം കൊണ്ടും, തീക്ഷ്ണതകൊണ്ടും, ആത്മാക്കളുടെ ഭരണത്തിനു പററിയ മററു ഗുണങ്ങളാലും സവിശേഷം ഭൂഷിതനായ താങ്കളെ വിശുദ്ധ റോമാസഭയുടെ കർദ്ദിനാളന്മാരായ നമ്മുടെ വന്ദ്യസഹോദരന്മാരുടെ ആലോചനയോടുകൂടെ നാം പ്രസ്തുത രൂപതയുടെ മെത്രാനും ഇടയനുമായി ശ്ലൈഹികാധികാരത്താൽ തിരഞ്ഞെടുത്തു നിയമിക്കുന്നു." ഈ വാക്യത്താൽ റോമൻകത്തോലിക്കാ സഭയിലെ ഒരു മെത്രാൻ എന്ന സ്ഥാനം ഒരു പുരോഹിതനു കൊടുക്കുന്നതിനു മുൻപു ആ ദേഹം എത്രയെത്ര അരിച്ചിലിൻെറ ഫലമാണെന്നും ഈ കാൎയ്യത്തിൽ തിരുസഭ എത്രയധികം സൂക്ഷ്മത കാണിക്കുന്നുണ്ടെന്നും ഏവക്കും വിശദമാകും.

തിരുമേനിയുടെ മാതാപിതാക്കന്മാരുടെ വംശാവലികളിലേക്കും ഗ്രന്ഥകാരൻ വായനക്കാരെ പ്രവേശിപ്പിക്കുന്നു. ഭക്തികൊണ്ടും പാണ്ഡിത്യം കൊണ്ടും കുലമഹാത്മ്യംകൊണ്ടും പ്രശസ്യങ്ങളായ വേറെ ലക്ഷണ

ങ്ങൾകൊണ്ടും വിശ്രുതമായ ആ വൃന്ദമദ്ധ്യത്തിനിടയിൽ ക്രൂടി തിക്കക്രൂടാതെ കടന്നു നോക്കുവാൻ പ്രയാസം. റവ. ഫാദർ ജോസഫ് കാളാശ്ശേരി എനിക്കു സുപരിചിതനാണ്. റവ. ഫാദർ സ്റ്റീഫൻ 1906-ൽ എനിക്കു മാന്നാനത്തു നിന്നു അയച്ചുതന്ന "തിരുക്കർമ്മഗീതങ്ങൾ" എന്ന പുസ്തകത്തിലെ 15 ഭാഗങ്ങളെ സുറിയാനിയിൽനിന്ന് മലയാളത്തിലേക്കു വിവൎത്തനംചെയ്തു തരുവാൻ ഞാൻ അപേക്ഷിച്ച പ്രകാരം റവ. ജോസഫ് കാളാശ്ശേരി അവർകൾ ആ കൃത്യം അനായാസേന ചെയ്തു തന്നു. 1906 ആഗസ്റ്റ് 15-ാംനു ബുധനാഴ്ചയിലെ "നസ്രാണിദീപിക"യിൽ ഞാൻ എഴുതിയ ഒരു ലേഖനത്തിൽ ആ പരിഭാഷകളെയെല്ലാം ഉദ്ധരിക്കയും മറ്റുകാൎയ്യങ്ങളുടെ ഇടയിൽ ഇപ്രകാരം പ്രസ്താവിക്കയും ചെയ്തു:- (അക്കാലത്തു ഞാൻ എറണാകുളത്താണു താമസിച്ചിരുന്നതു്) „മേൽകാണിച്ച തർജ്ജിമകൾക്കു എറണാകുളം വികാരി അപ്പോസ്തോലിക്ക തിരുമനസ്സിലെ സെക്രട്ടറി ദിവ്യശ്രീ കെ. ജോസഫ് കത്തനാർ അവർകൾക്കു ഞാൻ കടപ്പെട്ടിരിക്കുന്നു." പ്രസ്തുത സംഘങ്ങളിൽപെട്ട ഒരു മഹാത്മാവും കർമ്മലീത്താസഭയുടെ ഒന്നാമത്തെ പ്രിയോരുമായ ചാവറ കുറിയാക്കോസു ഏലിയ എന്ന ദേഹത്തിന്റെ നാമധേയം "ആത്മാനുതാപ"മെന്ന പേരുള്ള പദ്യകൃതിയുടെ കൎത്താവെന്നനിലയിൽ എനിക്കു ചെറുപ്രായം മുതൽക്കു പരിചിതമാണ്. "നസ്രാണിദീപിക"യിൽ ആ പുസ്തകത്തെ ഞാൻ ഒരിക്കൽ വിമൎശനം ചെയ്തിട്ടുമുണ്ട്. ഛന്ദോഭംഗം, നിരൎത്ഥപദപ്രയോഗം, ആശയവൈകല്യം, യുക്തിശൂന്യത മുതലായ ദോഷങ്ങൾ ഇക്കാലത്തുപോലും പല പദ്യബന്ധനങ്ങളിൽ കണ്ടുവരുന്ന അവസ്ഥ വിചാരിച്ചാൽ എത്രയോ ദശകങ്ങൾക്കു മുമ്പു എഴുതപ്പെട്ട പ്രസ്തുത കൃതിയിൽ ഈ വക ദോഷങ്ങൾക്കുള്ള അല്പത്വവും പദവിന്യാസത്തിന്റെ ലാ

ളിത്യവും, അതിൽ സർവ്വത്ര വ്യാപിച്ചിരിക്കുന്ന തികനെൽ പോലെയുള്ള ഭക്തിരസവും ആശ്ചര്യാവഹംതന്നെ. ഈ സന്യാസവരിഷ്ഠൻെറ ഒരു പടം മി: ജേക്കബ് മാപ്പിള യുടെ ഈ പുസ്തകത്തിൽ കാണുന്നുണ്ട്. ആ ഛായ കാണുവാൻ ഒരു കാലത്തും കഴിയുമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. ഫോട്ടോ എടുക്കുന്ന വിദ്യ ഈ പ്രദേശങ്ങളിൽ അപ്പോൾ നടപ്പില്ലാതെയിരുന്നതിനാൽ പുസ്തകത്തിൽ കാണുന്ന പ്രതിമ പക്ഷേ ഒരു എഴുത്തുപടത്തിൽ നിന്നു പകൎത്തിയതായിരിക്കണം.

എൻെറയെന്നല്ല, മററാരുടെയും ആശംസകൂടാതെ തന്നെ ഈ പുസ്തകത്തിനു പ്രചുരപ്രചാരം സിദ്ധിക്കുമെന്നു നിസ്സന്ദേഹം പറയാം.

സി. അന്തപ്പായി.ബി. ഏ.

4- 12- 29.

തിരുവിതാംക്രർ ഹൈക്കോടതി ജഡ്ജി മി. ജോസഫ് തളിയത്തു എം. എ. ബാർ–അററ്–ലായുടെ

## അഭിപ്രായം.

---

താങ്കൾ സദയം അയച്ചുതന്ന പുസ്തകം കിട്ടി. അതിനായി ആദ്യം തന്നെ നന്ദിപറഞ്ഞുകൊള്ളട്ടെ. ഈ പുസ്തകത്തെപ്പററി രണ്ടഭിപ്രായത്തിന്ന വഴിയുണ്ടാകാൻ തരമില്ലല്ലൊ. ഇതിലെ കഥാനായകൻ സർവരാലും പൂജ്യനായ ഒരു തിരുമേനി ആയിരിക്കുന്ന സ്ഥിതിക്കും ആ തിരുമേനിയുടെ ആകർഷണീയമായ ജീവചരിത്രം ഒരു വിധം വിവരിച്ചുതന്നെ ഇതിൽ കാണിച്ചിട്ടുള്ളതുകൊണ്ടും ഈ കൃതി ഏവരുടെയും ലാളനയെ അർഹിക്കുന്നു. താങ്കളുടെ പ്രതിപാദ്യരീതിയും വളരെ വിശേഷമായിട്ടുണ്ട്. താങ്കളുടെ തൂലികയ്ക്കു ഇമ്മാതിരിയുള്ള കൃതികൾ രചിക്കുന്നതിന്ന മേലിലും ഭാഗ്യമുണ്ടാകട്ടെ എന്നു മാത്രമെ ഇനി എനിക്കു പറയാനുള്ളു.

എന്ന്

തിരുവനന്തപുരം | ജോസഫ് തളിയത്ത്
8 ഡിസംബർ 1929 | (ഒപ്പ്)

# പ്രസ്താവന.

റൈററ റവറൻ്റ ഡോക്ടർ ജെയിംസ് ജെ. കാളാശ്ശേരി തിരുമേനിയെ ചങ്ങനാശ്ശേരി രൂപതയുടെ ആത്മീയാദ്ധ്യക്ഷനായി— പുണ്യശ്ലോകനായ ഡോക്ടർ തോമ്മസ് കുര്യാളശ്ശേരി തിരുമനസ്സിലെ ഉത്തമാനുഗാമിയായി— പരിശുദ്ധ സിംഹാസനത്തിൽനിന്നു കല്പിച്ചു നിയമിച്ച ആനന്ദപ്രദായകമായ വാർത്ത പരസ്യമായതോടു കൂടി അദ്ദേഹത്തിൻെറ ജീവചരിത്രമറിവാനുള്ള ആഗ്രഹം പൊതുവെ എല്ലാവരിലും കാണപ്പെട്ടതിൽ വിസ്മയിപ്പാനില്ലല്ലൊ. ഈ അവസരത്തിൽ എനിക്കു പലപ്രകാരത്തിലും കടപ്പാടുള്ള നസ്രാണിദീപികയ്ക്കു "ഡോക്ടർ ജെയിംസു കാളാശ്ശേരി തിരുമനസ്സിലെ ജീവചരിത്രസംഗ്രഹം" എന്ന അഭിധാനത്തിൽ "ബുള്ളാ" ലഭിച്ചതു വരെയുള്ള ചരിത്രഭാഗങ്ങളെ ക്രോഡീകരിച്ചു ഞാൻ ഒരു ലേഖനപരമ്പര അയച്ചുകൊടുക്കുകയും ദീപികാ പ്രവർത്തകന്മാർ അതിനെ സ്വീകരിച്ചു പട്ടാഭിഷേകത്തിനു മുൻപും പിൻപുമായി പ്രസിദ്ധപ്പെടുത്തുകയുംചെയ്തു. ലേഖനം പ്രസിദ്ധീകൃതമായതോടുകൂടി അതിനെ പുസ്തകരൂപത്തിൽ പുറപ്പെടുവിക്കണമെന്നു പല മാന്യന്മാരും തുടരെ നിർബന്ധിച്ചുകൊണ്ടിരുന്നതിൻെറ ഫലമായിട്ടാണ് പട്ടാഭിഷേകവിവരങ്ങളും മററും കൂട്ടിച്ചേർത്തു ഇന്നു കാണുന്ന രൂപത്തിൽ ഒരു പുസ്തകമായി ചമച്ചിട്ടുള്ളത്.

എന്നാൽ ലേഖനങ്ങൾ ദീപികയ്ക്കു അയച്ചിരുന്ന അവസരത്തിൽ അതിൻെറ പകപ്പവകാശം സ്വായത്തമാക്കി വച്ചിട്ടില്ലായിരുന്നതിനാൽ അനുമതിക്കായി അപേക്ഷിച്ചതിൽ എൻെറ ലേഖനങ്ങൾ മാത്രമല്ലാ ഇതിലേക്കു ആവശ്യപ്പെട്ട എല്ലാഭാഗങ്ങളും യഥേഷ്ടം എടുത്തുപയോഗിച്ചുകൊള്ളുന്നതിനു സസന്തോഷം അനുമതി നൽകിയ ദീപികാമാനേജർ റവ. ഫാദർ സൈമൺ സി. ഡി. അവർകളോടും, ഈ പുസ്തകത്തിലെ ഭാഷാസം

ബന്ധമായ ന്യൂനതകളെ പരിശോധിച്ചുപരിഹരിച്ചു എനിക്കു വേണ്ട പ്രോത്സാഹനങ്ങൾ ചെയ്തുതന്നിട്ടുള്ള ദീപികാ പത്രാധിപർ ശ്രീമാൻ തെങ്ങുംമൂട്ടിൽ വർഗ്ഗീസുമാപ്പിള അവർകളോടും എനിക്കുള്ള അപാരമായ കൃതജ്ഞതയെ ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ.

എൻെറ അപേക്ഷാനുസരണം വിവിധജോലികൾക്കിടയിൽ ഈ പുസ്തകം പരിശോധിച്ചു അവസരോചിതമായ ഒരു അവതാരിക എഴുതിത്തരുന്നതിനു മഹാമനസ്കത പ്രദർശിപ്പിച്ച മൊൺസിഞ്ഞോർ അന്തോനി പുതുശ്ശേരി അവർകളോടും, കൃത്യബഹുലതയെ അവഗണിച്ചു പ്രൗഢമായനിലയിൽ ഇതിനൊരു മുഖവുര എഴുതിതരുന്നതിനു നന്മനസ്സുണ്ടായ റവ. ഡോക്ടർ ജോസഫ് സി. പഞ്ഞിക്കാരൻ പിഎച്ച്. ഡി; ഡി. ഡി. അവർകളോടും പുസ്തകത്തെസംബന്ധിച്ചു തങ്ങൾക്കുള്ള അഭിപ്രായം രേഖപ്പെടുത്തി തന്നതിനു വന്ദ്യവയോവൃദ്ധനും പ്രസിദ്ധ സാഹിത്യകാരനുമായ രാജശ്രീ സി അന്തപ്പായി ബി. എ. അവർകളോടും, തിരുവിതാംകൂർ ഹൈക്കോടതിയെ അലംകരിക്കുന്ന ഏക കത്തോലിക്കാ ജഡ്ജിയായ ശ്രീമാൻ ജോസഫ് തളിയത്ത് എം, എ; ബാർ-അററ്-ലാ അവർകളോടും എനിക്കുള്ള അകൃത്രിമവും നിസ്സീമവുമായ നന്ദിയെ രേഖപ്പെടുത്തേണ്ടതായിട്ടുണ്ട്.

ഈ ഉദ്യമത്തിൻെറ വിജയത്തിനായി എന്നെഹാർദ്ദപൂർവ്വം സഹായിച്ചതിനു ഞാൻ പല മാന്യന്മാരോടും വളരെ കടപ്പെട്ടിട്ടുണ്ട്. വിശിഷ്യ പുസ്തകരൂപീകരണവിഷയത്തിൽ എനിക്കു പക്വമായ ഉപദേശങ്ങൾ നൽകിയ വന്ദ്യദിവ്യശ്രീ പി. കെ. അന്തോനിക്കത്തനാരവർകളോടും, മുദ്രാപണവിഷയത്തിൽ ആശാതീതമായ ഒത്താശകൾ ചെയ്തുതന്ന സെൻറു ജോസഫ് പ്രസ്സ് സൂപ്രണ്ടു് റവ. ഫാദർഫ്രാൻസിസ്സ് സി. ഡി. അവർകളോടും എനിക്കുള്ള നന്ദിയേയും ഇവിടെ പ്രദർശിപ്പിക്കുന്നു.

ഏവംവിധമായ കൃതജ്ഞതാചിന്തയോടും സർവ്വോപരി ഇതിനു വേണ്ട അനുഗ്രഹം നല്കിയ സ്വർഗ്ഗീയ നാഥനോടുള്ള സ്തോത്രസ്മരണയോടുംകൂടി—പരിശുദ്ധ പിതാവു പതിനൊന്നാം പീയൂസ് പാപ്പാ തിരുമനസ്സിലെ ഗുരുപ്പട്ടസ്വർണ്ണജൂബിലി ആഘോഷസുദിനവും, മലങ്കരയിലെ ഹയരാക്കിസ്ഥാപനസുദിനവും, മാർ ജയിംസ് കാളാശ്ശേരി തിരുമനസ്സിലെ പട്ടാഭിഷേകത്തിന്റെ ദ്വിതീയ വത്സരദിനവും സംയോജിച്ചു സമാഗതമായ—ഈ ശുഭദിവസത്തിൽ, ഈ പുസ്തകം പൊതുജനസമക്ഷം പ്രസിദ്ധം ചെയ്തുകൊള്ളുന്നു.

1921 ഡിസംബർ 21.
കൈനകരി

കെ. എം. ജേക്കബ് മാപ്പിള.



നി: വ: ദിവ്യശ്രീ

ഡോക്ടർ ജെയിംസ് കാളാശ്ശേരി

പി. എച്ച്. ഡി., ഡി. ഡി.

തിരുമനസ്സുകൊണ്ടു്.

✠

J. M. J.

ഡോക്ടർ

# ജെയിംസ് കാളാശ്ശേരി,

## പിഎച്ച്. ഡി., ഡി. ഡി.

അദ്ധ്യായം ൧.

### കുടുംബവിവരണം.

കാളാശ്ശേരികുടുംബം:—

കാളാശ്ശേരി, കൈനകരിയിലെ ചരിത്രപ്രഖ്യാതമായ മുക്കാട്ടു കുടുംബത്തിൻെറ ഒരു പ്രധാനശാഖയാണ്. പുരാതനപ്രസിദ്ധമായ "പകലോമററം" കുടുംബതരുവിൻെറ പ്രധാന ശിഖരങ്ങളിലൊന്നാണ് മുക്കാട്ട് എന്നു പ്രത്യേകം എടുത്തുപറയേണ്ടതായിട്ടില്ല. കുടുംബപാരമ്പര്യമനുസരിച്ച് മുക്കാട്ടുനിന്നും മാറി താമസിച്ച ഇളമുറക്കാരിൽ ഒരാൾ തൻെറ ഗൃഹമാക്കി വരിച്ചതു് കാളാശ്ശേരിയായിരുന്നു. ഈ മാന്യദേഹത്തിൻെറ പുത്രൻ ചെമ്പകശ്ശേരി രാജാവിൽനിന്നും പ്രത്യേകബഹുമതിസൂചകമായി "തരക"സ്ഥാനം ലഭിച്ചിരുന്നു. തൻമൂലം അദ്ദേഹം പിൽക്കാലത്തു് "കാളാശ്ശേരി തരകനപ്പൂപ്പൻ" എന്ന പേരിലാണ് പൊതുവേ അറിയപ്പെട്ടിരു

ന്നതു്. ഈ മൂപ്പൻതരകൻെറ പൌത്രനാണ് പ്രസിദ്ധ ധ്യാനപ്രാസംഗികൻ എന്ന പേരു കേട്ടിരുന്ന വല്ല്യാറെ ക. ദി. മൂ. സ. ബ. ചാക്കോച്ചൻ. 1855 ഡിസംബർ 8–ാംനു- മലയാളത്തിലെ, ക. ദി. മൂ. സഭക്കാരുടെ സഭാനിയമമനുസരിച്ച് ചാവറെ പെ. ബ. പ്രിയോർ കുറിയാക്കോസ് ഏലിയാ അച്ചൻെറ സന്നിധിയിൽ ആദ്യമായി പറഞ്ഞൊപ്പു ചെയ്ത പത്തു പിതാക്കന്മാരിലൊരാളാണിദ്ദേഹം. ഇദ്ദേഹത്തിൻെറ ഭക്തജീവിതത്തെപ്പററിയും മററും പെ. ബ. പ്രിയോർ കുറിയാക്കോസ് ഏലിയാ അച്ചൻ തന്നെ 1869 ഒക്ടോബർ 15–ാംനു- അണ്ണാട്ടുകര കൊവേന്തയിൽ ഇരുന്നുകൊണ്ടു്, തൻെറ സ്വദേശികളായ കൈനകരി ഇടവകക്കാർക്കായി "നൽമരണസഭാ"സ്ഥാപനാൎത്ഥം എഴുതിയ ഒരു ഉപദേശലേഖനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഭാഗം ഇവിടെ ഉദ്ധരിക്കുന്നതു് സന്ദർഭോചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു.

"നിങ്ങളുടെ കൂടെപ്പിറപ്പും, കൊവേന്ത (മാന്നാനം) യിൽ വച്ചു ഒന്നാമതായി മരിച്ച ആളുമായ വല്ല്യാറ ചാക്കോ എന്ന പട്ടക്കാരൻ പുണ്യവാളനായി എന്നല്ലാ ഞാൻ പറയുന്നതു്. എങ്കിലും അയാളുടെ ചെറുപ്പത്തിനു തക്കവണ്ണമല്ലാതെ പകന്നു ധ്യാനം വഴിയായി പലൎക്കും ആത്മരക്ഷയ്ക്കുള്ള കാരണക്കാരനായി. ഈ പകർച്ചക്കു അയാൾക്കു സംഗതി കിട്ടിയതു് എപ്പോഴാണെന്നു് അയാളും, നിങ്ങളും അറിഞ്ഞിട്ടില്ലാ. എന്നാൽ ഞാൻ വിചാരിക്കുന്നതായതു് മറെറാന്നുമല്ലാ. ചെറുപ്പം മുതൽ ഞാൻ അയാളെ അറിയുന്നു. കുർബ്ബാന ചൊല്ലിയശേഷവും ഞാൻ പലപ്പോഴും അയാളെ കുറപ്പെടുത്തിയിരുന്നു. ഇങ്ങനെയിരിക്കയിൽ മാന്നാനം കൊവേന്തയിൽ പാചകവൃത്തിയിലിരുന്ന കോയിൽമൂക്കുകാരൻ ശീവറുഗീസ് എന്ന വാലിഭക്കാരനു അശ്

സ്സിന്റെ ദിനം വർദ്ധിച്ച് കുടൽ പുറത്തിറങ്ങി കൃമികൾ
ഉണ്ടായി. ഇതിനാൽ മഹാ ദുർഗ്ഗന്ധത്തോടുകൂടി അവിടെ
യുള്ള നെല്പുരയിൽ കിടത്തിയിരുന്നു. ദുർഗ്ഗന്ധംമൂലം കു
മ്പസാരം, കുർബ്ബാന മുതലായ കൂദാശകൾ കൊടുപ്പാൻ
പ്രയാസമായിരുന്ന ഇവനെ ഇയ്യാൾ ശുശ്രൂഷ ചെയ്ത്
നല്ലവണ്ണം മരിച്ചു. മരണം കഴിഞ്ഞു് ഇതിനെ ഓപ്പാൻ
വഹിയാതെ അരി വറുത്തു തിന്നു. ഇങ്ങനെ മൂന്നു നാ
ലു ദിവസം കഴിച്ചുകൂട്ടി എന്നു പിന്നീടു മാത്രമേ ഞാൻ
അറിഞ്ഞുള്ളു. അന്നുമുതൽ അത്രെ ഈ പകർച്ചയും ധ്യാ
നപ്രസംഗികനുമായിതീർന്നതു്. പിന്നീടു പല പള്ളിക
ളിലും ധ്യാനം കഴിപ്പാൻ അയാളെ അയക്കുകയും മര
ണം വരെ അയാളെ കുററപ്പെടുത്തുവാൻഇടവന്നിട്ടുമില്ല".
ഇതിൽനിന്നും ഇദ്ദേഹത്തിന്റെ ഭക്തിജീവിതത്തെപ്പററി
മനസ്സിലാകുന്നതാണ്. ഈ ബ. ചാക്കോച്ചന്റെ സ്വ
ന്തം സഹോദരീപുത്രനാണ് കാലം ചെയ്ത കുര്യാളശ്ശേരി
മാർതോമ്മാമെത്രാൻ. പരേതനായ പഴേപറമ്പിൽ മാർ
ളൂയീസു മെത്രാൻ തിരുമനസ്സിലെ പ്രിയമാതാമഹി കാളാ
ശ്ശേരി കുടുംബത്തിലെ ഉത്തമസന്താനങ്ങളിലൊന്നുതന്നെ
യാണ്.

കാളാശ്ശേരി, വല്യച്ചൻ എന്ന നാമത്തിൽ അ
റിയപ്പെട്ടിരുന്ന ബ. ഇസഹാക്കച്ചന്റെ നാമധേയവും
ചരിത്രാന്വേഷികൾക്കു സുപരിചിതമായിരിക്കണം. ഇദ്ദേ
ഹം തത്തംപള്ളിപ്പള്ളിയിൽ ഇടവകഭരണം നടത്തിക്കൊ
ണ്ടിരുന്നപ്പോൾ 1875-ൽ സ്വന്ത റീത്തിലും, ജാതിയി
ലും മെത്രാനെ കിട്ടുന്നതിനായി പരിശുദ്ധ സിംഹാസന
ത്തിലേക്ക് നേരിട്ട് ഹർജി അയച്ചവരിൽ ഒരു പ്രധാനി
യായിരുന്നു. സമുദായ പ്രതിപത്തിയുടെയും, അഭിപ്രായ
സ്വാതന്ത്ര്യത്തിന്റെയും, പ്രത്യക്ഷ പ്രകടനമായ പ്രകൃത
ധീരോദ്യമം പല ക്ലേശങ്ങൾക്കും കാരണമാക്കിയെങ്കിലും,
നീതിയുക്തവും, ശ്ലാഘ്യവുമായ ഉൽകൃഷ്ടശ്രമത്തിന് പൂർണ്ണ

വിരാമമുണ്ടായതു് 1894 ഫെബ്രുവരി 18–ാംനു അദ്ദേഹം ഐഹികവാസം വെടിഞ്ഞതിനോടുകൂടി മാത്രമാണ്.

കാളാശ്ശേരി, ബ. ഇസഹാക്കച്ചൻ തുടങ്ങിയവർ 1875–ൽ ഏതൊരു മഹൽസ്ഥാനലാഭത്തിനായി 9–ാം പീയൂസ് മാർപാപ്പായുടെ സന്നിധിയിൽ പ്രാർത്ഥിച്ചുവോ ആ മഹനീയസ്ഥാനങ്ങളിൽ ഒന്നുതന്നെയാണ് ബ. ഇസഹാക്കച്ചൻെറ അനന്തിരവരിൽ ഒരാളായ ഡോക്ടർ ജെയിംസ് കാളാശ്ശേരി അവർകൾക്കു 1927–ൽ, ഇപ്പോൾ തിരുസിംഹാസനത്തെ അലങ്കരിച്ചു ഭാഗ്യമോടെ വാണരുളുന്ന 11–ാം പീയൂസു മാപ്പാപ്പാ തിരുമനസ്സുകൊണ്ടു പ്രദാനം ചെയ്തിരിക്കുന്നതു്.

കേരളീയ കമ്മലീത്താസഭയുടെ അഭിമാനസന്താനങ്ങളിൽ ഒന്നും ഒരു പ്രൌഢപണ്ഡിതനുമായ റവ. ഫാദർ അപ്രേം ടി. ഒ. സി. ഡി. (കളപ്പുരയ്ക്കൽ ബ. കൊച്ചുപ്രേംഅച്ചൻ) അവർകളും, അദ്ദേഹത്തിൻെറ സഹോദരി സിസ്റ്റർ, ജൽത്രൂദ്, അവർകളും കാളാശ്ശേരിയുടെ അടുത്ത ശാഖാകുടുംബത്തിൽ പെട്ടവരാണ്. ഭാഗ്യസ്മരണയ്ക്കർഹനായ മാർ ളൂയിസ് മെത്രാനച്ചൻ തിരുമനസ്സിലെ സിക്രട്ടറിയായി രണ്ടു വ്യാഴവട്ടക്കാലത്തോളം ഭാരാവഹമായ ഉദ്യോഗകൃത്യങ്ങളെ സ്തുത്യർഹമാംവണ്ണം നിർവഹിച്ചശേഷം അക്ഷയാരോഗ്യവാനായ് സഭാസേവനം തുടൎന്നുകൊണ്ടിരിക്കുന്ന റവ. ഫാദർ. ജോസഫ് കാളാശ്ശേരി അവർകൾ നമ്മുടെ വന്ദ്യകഥാനായകൻെറ പിതൃസഹോദരനാണ്. ഇദ്ദേഹമാണ് നമ്മുടെ അഭിനവമെത്രാൻ തിരുമനസ്സിലെ സർവ്വവിധ അഭ്യുദയങ്ങൾക്കും സാക്ഷാൽ കാരണഭൂതൻ. തിരുമനസ്സിലെ വേറൊരു പിതൃസഹോദരൻെറ പുത്രന്മാരാണ് റവ. ഫാദർ. ഗാസ്പർ, ടി. ഒ. സി. ഡി.യും റവ. പീലിപ്പോസ് ടി. ഒ. സി. ഡി.യും. സിസ്റ്റർ പെർപ്പേത്വാ (ആരാധനാമഠത്തിൽ) ഇവരുടെ സഹോ



റവ. ഫാദർ ജോസഫ് കാളാശ്ശേരി.

ദരിയത്രെ. എടത്വാ കോയിൽമുക്കപള്ളി അസിസ്റ്റൻറ വികാരിയായിരിക്കുന്ന റവ. ഫാദർ ജേയ്ക്കബ്, അക്കരക്കളം അവർകൾ മെത്രാനച്ചൻ തിരുമനസ്സിലെ പിതൃസഹോദരീപുത്രനാണ്. തിരുമനസ്സിലെ സ്വന്തം സഹോദരിയാണ് സിസ്റ്റർ മത്തീനാ (ആരാധനമഠത്തിൽ). തിരുമനസ്സിലെ പിതൃസഹോദരിയാണ് സിസ്റ്റർ ബിയാട്രീസ് (കർമ്മലീത്താമഠത്തിൽ). സിസ്റ്റർ കൃസ്റ്റാന്യാ തിരുമനസ്സിലെ വേറൊരു പിതൃസഹോദരീപുത്രിയാണ്. പുരാതനമായി കാളാശ്ശേരി കുടുംബം മിശിഹാതമ്പുരാൻെറ ആത്മീയോദ്യാനപാലനാർത്ഥം തുടർച്ചയായി പല സന്യാസികളേയും, കന്യാസ്ത്രീകളേയും പ്രദാനം ചെയ്തുകൊണ്ടാണിരിക്കുന്നത്. ഇനി തിരുമനസ്സിലെ മാതൃകുടുംബത്തെ സംബന്ധിച്ച് കുറഞ്ഞൊന്നു പ്രസ്താവിക്കാമെന്നു കരുതുന്നു.

ചാവറ കുടുംബം:—

മുക്കാട്ടുനിന്നും ഒരാൾ കാളാശ്ശേരിലേയ്ക്കു മാറി താമസിച്ചതായി മുമ്പ് വിവരിച്ചിട്ടുണ്ടല്ലൊ. അദ്ദേഹത്തിൻെറ ഒരു സഹോദരൻ മീനപ്പള്ളിലേയ്ക്കും, അയാളുടെ പുത്രരിലൊരാളായ ചാക്കൊ ചാവറ എന്ന സ്ഥലത്തേക്കും മാറിത്താമസിച്ചു. ഇദ്ദേഹത്തിൻെറ പുത്രനാണ് മലയാളത്തിലെ കർമ്മലീത്താസഭയുടെ പ്രാരംഭപ്രവർത്തകന്മാരിലൊരാളും പ്രഥമ പ്രിയോരുമായ പെ. പെ. ബ. കുറിയാക്കോസ് ഏലിയാച്ചൻ.

ഇദ്ദേഹത്തിൻെറ സോദരപുത്രിയുടെ പുത്രനും, "ഏഴ വ്യാകുലതകളിൽ ഒന്നു"മായ ചാവറ ബ. യൌസേപ്പച്ചൻ, നമ്മുടെ അഭിനവ മെത്രാനച്ചൻ തിരുമനസ്സിലെ മാതാവിൻെറ പിതൃസഹോദരനാണ്. സജാതീയ മെത്രാനെ ലഭിക്കുന്നതിനായി പരിശുദ്ധ സിംഹാസനത്തിൽ നേരിട്ട് സങ്കടം ബോധിപ്പിച്ചവരിൽ മുൻനിന്നു

പ്രവൃത്തി നടത്തിയവരെന്നു സംശയിച്ച് അന്നത്തെ രൂപതാദ്ധ്യക്ഷൻ മാന്നാനം മുതലായ സന്ന്യാസാശ്രമങ്ങളിൽനിന്നും ഏഴു ബ. സന്ന്യാസവൈദികന്മാരെ "തുകൽവാറു" വയ്പിച്ച് പുറത്തിറക്കിയതിൽ ഒരാളാണിദ്ദേഹം. തൻമൂലമാണ് "ഏഴു വ്യാകുലതകളിലൊന്ന്" എന്നിദ്ദേഹത്തിനു പേരു സിദ്ധിച്ചതു്. സഭയ്ക്കും, സമുദായത്തിനും വേണ്ടി അക്ഷീണം പരിശ്രമിക്കുകകാരണം അന്നു ശിക്ഷിക്കപ്പെട്ടവനിടയായെങ്കിലും, തൻെറ പ്രയത്നഫലം ഇന്നു സ്വകുടുംബത്തിൽതന്നെ സഫലീകൃതമാകുന്നതുകണ്ടു് പരത്തിൽ അദ്ദേഹം സന്തോഷം അടയാതിരിക്കയില്ലാ. ഇദ്ദേഹത്തിൻെറ സ്വന്തം സഹോദരനായിരുന്നു ചാവറ ബ. കുഞ്ചറിയച്ചൻ. ചമ്പക്കുളം, കല്ലൂർക്കാട്ടുപള്ളിയിൽ ഫൊറോനാ വികാരിയായിരുന്നും മററും വളരെ പ്രശസ്തിനേടിയിട്ടുള്ള ഒരാളാണിദ്ദേഹം. ഇന്ന് ആലപ്പുഴ മാർ സ്ലീവാപള്ളിയിൽ ഫൊറോനാ വികാരിയായിരിക്കുന്ന ചാവറ പെ. ബ. തോമ്മാക്കത്തനാർ, തിരുമനസ്സിലെ മാതുലനാണ്. ചെത്തിപ്പുഴ കൊവേന്തയിലിരിക്കുന്ന റവ. ഫാദർ കുറിയാക്കോസ് ഏലിയാ ടി. ഒ. സി. ഡി. തിരുമനസ്സിലെ മാതാവിൻെറ പിതൃസഹോദരപുത്രനാണ്. ഇന്ന് പുത്തൻപള്ളി സെമ്മിനാരിയിൽ വൈദികവിദ്യാഭ്യാസം ചെയ്യുന്ന ബ. തോമ്മസ് ശമ്മാശ്, തിരുമനസ്സിലെ മാതൃസഹോദരീപുത്രനാണ്. മാതൃസഹോദരിയത്രെ സിസ്റ്റർ ഉർസൂല(കമ്മലീത്താമഠത്തിൽ). ഇപ്രകാരം തിരുമനസ്സിലെ മാതൃപിതൃകുടുംബങ്ങളിലായി അഞ്ചു ബ.വൈദികരും, രണ്ടു ബ. ശമ്മാശന്മാരും, അഞ്ചു കന്യാസ്ത്രീകളുമുൾപ്പെടെ പന്ത്രണ്ടു നക്ഷത്രങ്ങൾ തിരുമനസ്സിലെ മകുടാലങ്കാരമായി ഇന്നു ശോഭിക്കുന്നുണ്ടു്.



റവ. ഫാദർ തോമസ് ചാവറ.

## അദ്ധ്യായം ൨.

# ബാല്യകാലം.

ജനനം:—

കേരളീയ കത്തോലിക്കക്ക സുപരിചിതമായ "ചാവറ" എന്ന മാതൃകുടുംബത്തിൽ 1892– ഏപ്രിൽ 20–ാം നു സുപ്രഭാതത്തിൽ, ഇന്നു ചങ്ങനാശേരി രൂപതയെ ശ്രേയസ്കരമായി ഭരിച്ചുപോരുന്ന ഡോക്ടർ. ജെയിംസ് കാളാശ്ശേരി തിരുമനസ്സുകൊണ്ടു സംജാതനായി. പെ. പെ. ബ. പ്രിയോർ കുറിയാക്കോസ് ഏലിയാ അച്ചൻ ജനിച്ചിട്ടു 88–ം, മരിച്ചിട്ടു 21–ം കൊല്ലങ്ങൾ കഴിഞ്ഞ ശേഷമാണ് പ്രസ്തുത ഭവനത്തിൽ ഇപ്രകാരമൊരു പ്രഭാകരൻ പ്രത്യക്ഷനായതു്. തിരുമനസ്സിലെ മാതാവു് ചാവറ, ശ്രീമതി ഫിലോമേനാ അമ്മയും, പിതാവു് ശ്രീമാൻ കാളാശ്ശേരി കുഞ്ഞാക്കോ അവർകളുമാണ്. ഈ മാതൃകാ ദമ്പതികൾക്കു് തങ്ങളുടെ പുത്രനെ അപ്പസ്തോലിക്കാ സ്ഥാനത്തിലേക്ക് ആരോഹണം ചെയ്യുന്ന ആ മംഗളാഭിഷേകകർമ്മം കാണുന്നതിനു മുമ്പായി ഇഹലോകവാസം വെടിയേണ്ടിവന്നു വെന്നുള്ള സംഗതി വ്യസന സമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. തിരുമനസ്സിലേയ്ക്കു് രണ്ടു സഹോദരന്മാരും, മൂന്നു സഹോദരികളുമുണ്ടായിരുന്നു. സഹോദരികളിൽ ഒരാൾ മരണം പ്രാപിച്ചു. ബാക്കിയുള്ള രണ്ടുപേരിൽ ഒരാൾ കന്യാസ്ത്രീയും ഒരാൾ കുടുംബിനിയുമാണ്. തിരുമനസ്സുകൊണ്ടു് മാതാപിതാക്കന്മാരുടെ ദ്വിതീയ സന്താനമായിരുന്നുവെങ്കിലും, പ്രഥമ പുരുഷ സന്താനത്തിനവകാശി താൻതന്നെയായിരുന്നു.

ജ്ഞാനസ്നാനം;—

1892– ഏപ്രിൽ 27–ാംനു തിരുമനസ്സിലെ ജ്ഞാനസ്നാനകർമ്മം നടന്നു. തിരുമനസ്സിലേയ്ക്കു ലഭിച്ച

പേർ യാക്കോബ് എന്നായിരുന്നു. എങ്കിലും, മാതാപിതാക്കന്മാരും വാത്സല്യ ജനങ്ങളും യാക്കോബു കുഞ്ഞിനെ "പാപ്പിച്ചൻ" എന്ന ഓമനപ്പേരിലാണ് വിളിച്ചു വന്നത്. "ബൂളാ" വരുന്നതുവരെ തന്റെ സ്വദേശികളും, മററും "പാപ്പിച്ചൻ" എന്ന പേരിൽ തന്നെ വിളിച്ചുകൊണ്ടിരുന്നു. "അച്ചൻ എന്നനാമം ജനനാൽ തന്നെ ഇദ്ദേഹത്തിനു സ്വായത്തമായി. പരേതനായ മാർ ളൂയിസു മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു മരണ പര്യന്തം ഇദ്ദേഹത്തെ പാപ്പിയെന്നുതന്നെയാണ് വിളിച്ചുവന്നത്. മാതാപിതാക്കന്മാർ സീമന്ത പുത്രനായിരുന്നതുകൊണ്ടു നമ്മുടെ കഥാനായകനെ അതിരററ വാത്സല്യത്തോടുകൂടി വളർത്തി വന്നു. നമ്മുടെ കുഞ്ഞുയാക്കോബിന്റെ മാതാവ് ദൈവഭക്തിയിൽ അദ്വിതീയയായിരുന്നതിനാൽ മുലപ്പാലോടുകൂടി പൈതലിനെ മതനിഷ്ഠയിലും വേണ്ടപോലെ പരിശീലിപ്പിച്ചിരുന്നു. തൻമൂലം സംസാരിക്കുവാൻ പ്രായമായതിനോടുകൂടി കൊച്ചു, കൊച്ചു ജപങ്ങൾ പിഞ്ചു ഭാഷയിൽ ഉച്ചരിക്കുന്നതിന് കൊച്ചുയാക്കോബിനു വളരെ ഉത്സാഹവും സന്തോഷവുമുണ്ടായിരുന്നു. കൊച്ചുയാക്കോബിന്റെ വല്ല്യപ്പനായ കാളാശ്ശേരിൽ വല്ല്യചാക്കോ എന്നയാൾ വിശുദ്ധ ഫ്റാൻസിസ്ക്കോസ് സഭയിലെ ഒരംഗവും, വളരെ ഭക്തനുമായിരുന്നു. ഇദ്ദേഹം സ്വന്ത കുട്ടികളെ മാത്രമല്ലാ, ഇടവകയിലെ എല്ലാ കുട്ടികളേയും, ദൈവഭക്തിയിലും അനുസരണയിലും വളർത്തുന്നതിനു പ്രത്യേകം ശ്രദ്ധ പതിച്ചിരുന്നു. ഈ പിതമഹന്റെ പ്രത്യേക മേൽനോട്ടത്തിലാണ് നമ്മുടെ കഥാനായകന്റെ ബാല്ല്യകാലം കഴിച്ചുകൂട്ടിയത്. കൊച്ചുയാക്കോബിന്റെ പിതാവും, ഒരു ദൈവഭക്തനും, സൽസ്വഭാവിയും, വി. ഫ്റാൻസിസ്ക്കാസിന്റെ മൂന്നാം സഭയിലെ ഒരംഗവുമായിതന്നെ ജീവിച്ചുപോന്നു.

അദ്ധ്യായം ൩.

## വിദ്ധ്യാഭ്യാസകാലം.

മാതൃഭാഷാപഠനം:—

നമ്മുടെ കഥാനായകൻ അക്കാലത്തെ നടപ്പനുസരിച്ച് അടുത്തുണ്ടായിരുന്ന ഒരു കളരിയിലെ ആശാനിൽനിന്ന് അക്ഷരമാലയും, ആദ്യവേദപാഠങ്ങളും അഭ്യസിച്ചു. പിന്നീട് സ്ഥലത്തുതന്നെയുണ്ടായിരുന്ന ഗവമ്മേണ്ട് പ്രൈമറിസ്കൂളിൽ ചേൎന്നു മലയാളം പഠിച്ചു. ഇക്കാലത്തിനുള്ളിൽ വേദോപദേശം, മററു പ്രാൎത്ഥനകൾ ആദിയായവ മനഃപാഠമാക്കി. ത്രികാലജപങ്ങൾ യഥാസമയങ്ങളിൽ നടത്തുന്നതിന് നമ്മുടെ കഥാനായകൻ എപ്പോഴും മുമ്പനായിരുന്നതായി പറയപ്പെടുന്നു.

ആംഗ്ലേയ ഭാഷാഭ്യസനം:—

റവ. ഫാദർ. ജോസഫ് കാളാശ്ശേരി അവർകൾ 1897—ഡിസംബർ 29—ാംനു പുത്തൻപള്ളി സെമ്മനാരിയിൽവച്ചു നവപൂജാൎപ്പണം നടത്തിയശേഷം സ്വദേശത്തു എത്തിതാമസിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിൻെറ പ്രത്യേകോത്സാഹത്തിലും, മാനേജ്മെൻറിലും കൈനകരിപ്പള്ളിവക ബംഗ്ലാവിൽ ഒരു ഇംഗ്ലീഷ് സ്കൂൾ സമാരംഭിച്ചു. ഈ സ്കൂളിൽ ചേൎന്നാണ് നമ്മുടെ കൊച്ചുയാക്കോബ് ഇംഗ്ലീഷ് ഭാഷ അഭ്യസിക്കുവാൻ ആരംഭിച്ചതു്. അന്നത്തെ ഇദ്ദേഹത്തിൻെറ സതീൎത്ഥ്യന്മാരിലൊരാളാണ് ഇന്ന് ചേൎത്തല ഡിസ്ട്രിക്ട് മുൻസിപ്പായിരിക്കുന്ന തേവർകാട്ടു മി. ററി. ചാണ്ടി ബി. ഏ. ബി. എൽ. നമ്മുടെ കഥാനായകൻ ചെറിയ ചെറിയ ഇംഗ്ലീഷ് പദങ്ങളും, വാചകങ്ങളും,

പഠിച്ചുകൊണ്ടിരിക്കുമ്പോൾ തുടങ്ങി അവയെ സഭാക സംക്രൂടാതെ ആരുടെയിടയിലും, വളരെ വാഗ്ധാടിയോടുക്രൂടി പ്രസംഗരൂപത്തിൽ പ്രതിപാദിക്കുന്നതിന് പ്രത്യേക പാടവം പ്രദശിപ്പിച്ചിരുന്നു. സ്വതസ്സിദ്ധമായിരിക്കുന്ന ഫലിതരസം ചെറുപ്പത്തിൽതന്നെ തനിക്കു വശഗതമായിരുന്ന ഒരു വിശേഷഗുണമാണ്. തന്നോട്ട് സംസാരിക്കുവാൻ തുനിയുന്ന ഒരുവനെയെങ്കിലും ചിരിപ്പിക്കാതെ വെറുതെ വിട്ടിട്ടില്ലാ. ഹൃദയത്തിൽ ഒന്നുവച്ചുകൊണ്ട് വേറൊന്നു സംസാരിക്കുന്ന ശീലം ചെറുപ്പത്തിൽതന്നെയില്ലായിരുന്നു. ആരോടും സ്വാഭിപ്രായം തുറന്നു പറയുവാൻ അദ്ദേഹം മടിക്കയില്ലാ. നമ്മുടെ കൊച്ചുയാക്കോബിൻെറ കുട്ടിക്കാലത്തിലെ ചൊടിചൊടിപ്പോടുക്രൂടിയുള്ള നടപ്പും, പൊടി പൊടിച്ചുള്ള സംസാരവും, കാണികളുടെ കണ്ണിന്നും, കരളിനും, ഒരുപോലെ കൌതുകകരമായിരുന്നു.

ലെയോതർട്ടീന്ത് ഹൈസ്കൂളിലേക്ക്:—

ഉദ്ദേശം ഒന്നരക്കൊല്ലത്തിനുശേഷം ഫാദർ ജോസഫ് കാളാശ്ശേരി അവർകൾ ആലപ്പുഴ മാർസ്ലീവാപ്പള്ളിയുടെ അസിസ്റ്റൻറു വികാരിയായി നിയമിതനാകയാൽ അദ്ദേഹം അങ്ങോട്ടു താമസംമാററി. അതോടുക്രൂടി നമ്മുടെ കഥാനായകനെ തൻെറ മേൽനോട്ടത്തിൽ ആലപ്പുഴ ലയോതർട്ടീന്ത് ഹൈസ്ക്രൂളിൽ കൊണ്ടുചെന്നു ചേത്തു. ഇദ്ദേഹം മിക്കവിഷയങ്ങൾക്കും ക്ലാസിൽ ഒന്നാമൻതന്നെയായിരുന്നു. പറഞ്ഞതുതന്നെ വീണ്ടും പറഞ്ഞുകൊടുക്കേണ്ട ഭാരം വാദ്ധ്യാന്മാക്കുണ്ടായിരുന്നില്ലാ. തന്മൂലം അദ്ധ്യാപകന്മാരുടേയും, അദ്ധ്യേതാക്കളുടേയും കണ്ണിലുണ്ണിയായിത്തീൎന്നു. സതീത്ഥ്യന്മാരെ സന്തോഷിപ്പിക്കുന്നതിന് ഇദ്ദേഹത്തിന് പ്രത്യേക സാമത്ഥ്യം ഉണ്ടായിരുന്നതായി പറയപ്പെടുന്നു.



ഡോക്ടർ ജയിംസ് കാളാശ്ശേരി
തിരുമനസ്സുകൊണ്ടു് പന്ത്രണ്ടാമത്തെ
വയസ്സിൽ പുളിംകുന്നു സെൻറ് ജോസഫ് സ്
സ്കൂളിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ
എടുത്ത ഫോട്ടൊ.

സെൻറ് ജോസഫ്സ് സ്കൂളിലേക്ക്:–

ആലപ്പുഴനിന്നും ഫാദർ ജോസഫ് കാളാശ്ശേരി അവർകളെ അതിരമ്പുഴപ്പള്ളി അസിസ്റ്റൻറു വികാരിയായി നിയമിക്കുകയാൽ അദ്ദേഹം അങ്ങോട്ടുപുറപ്പെട്ടു. അപ്പോൾ നമ്മുടെ കഥാനായകനു മേൽനോട്ടത്തിനാളില്ലാതായി. ചെറുപ്രായത്തിൽ ശരിയായ രക്ഷാധികാരിയില്ലാതെ ദൂരദേശത്തയച്ചു വിദ്യാഭ്യാസം നടത്തുന്ന വിദ്യാർത്ഥികൾക്കു വന്നുകൂടാവുന്ന വിപത്തുകൾ നല്ലപോലെ മനസ്സിലാക്കിയിരുന്ന നമ്മുടെ കഥാനായകൻെറ പിതാമഹൻ, അദ്ദേഹത്തെ പുളിംകുന്നു സന്യാസാശ്രമത്തിൽ താമസിച്ചിരുന്ന റവ. ഫാദർ കൊച്ചുപ്രേം ടി. ഒ. സി ഡി. അവർകളുടെ മേൽനോട്ടത്തിൽ അവിടത്തെ സെൻറ് ജോസഫ്സ് സ്കൂളിൽകൊണ്ടു ചേർത്തു. ആ അവസരത്തിൽ റവ. ഫാദർ കൊച്ചുപ്രേം അവർകളോട്ട് ആ വയോവൃദ്ധൻ നമ്മുടെ കഥാനായകനേ പഠിപ്പിച്ചു കൊവേന്തയിൽ ചേർത്തുകൊള്ളണമെന്നു പ്രത്യേകം പറയുകയുണ്ടായി. ഏകദേശം 6 മാസക്കാലത്തോളമെ അവിടെ പഠിച്ചു താമസിച്ചുള്ളു.

സെൻറ് ആൽബർട്ടസ് ഹൈസ്കൂളിലേക്ക്:–

1904–ൽ ഫാദർ ജോസഫ് കാളാശ്ശേരി അവർകളെ മാർ ലൂയിസ് മെത്രാനച്ചൻ തിരുമനസ്സിലെ സിക്രട്ടറിയായി നിയമിക്കുകയാൽ അദ്ദേഹം അതിരമ്പുഴപ്പള്ളിയിൽനിന്നും എറണാകുളം മെത്രാസന മന്ദിരത്തിലേക്ക് താമസംമാററി. അതിനോടുകൂടി നമ്മുടെ കഥാനായകനെ പുളിംകുന്നിൽനിന്നും വിടുത്തി എറണാകുളം സെൻറ് ആൽബർട്ട്സ് ഹൈസ്കൂളിൽകൊണ്ടു ചേർക്കയും താമസം ബോർഡിങ്ങ്ഹൌസിലാക്കയും ചെയ്തു. ഇക്കാലങ്ങളിൽ ഇളയപ്പനായ ഫാദർ ജോ

സഫ് കാളാശ്ശേരിയെ കാണുന്നതിനായി ഇദ്ദേഹം കൂട കൂടെ അരമനയിൽ ചെല്ലുന്നതിനിടയാകയാൽ മാർ ളൂയിസുമെത്രാനച്ചൻ തിരുമനസ്സിലേക്ക് ഇദ്ദേഹത്തെ പരിചയമാകയും, ആ മഹാൻെറ പൈതൃകമായ ആശ്ലേഷത്തിന് നമ്മുടെ കഥാനായകൻ പാത്രീഭൂതനാകയും ചെയ്തു.

ജെയിംസ് എന്ന അഭിധാനം:–

നമ്മുടെ കൊച്ചുയാക്കോബ് ഇപ്രകാരം സുഖമായി എറണാകുളത്തു പഠിച്ചുതാമസിച്ചുകൊണ്ടിരിക്കുമ്പോൾ തൻെറ പിതൃസഹോദരപുത്രനും, സതീത്ഥ്യനും, സമവയസ്കനുമായി ഒരു യാക്കോബുകൂടെ ഉണ്ടായിരുന്നു. ഇവർ രണ്ടുപേരും ഒരേനാമധാരികളായിരുന്നതിനാൽ അവരെ തമ്മിൽ തിരിച്ചറിയുന്നതിനായ് നമ്മുടെ കഥാനായകന് 'ജെയിംസ്' എന്ന അഭിധാനം കൊടുത്തു. ഈവിധം ജെയിംസ്കാളാശ്ശേരി എന്ന നാമധേയം നമ്മുടെ കൊച്ചുയാക്കോബിന് എല്ലാവരാലും സംസിദ്ധമായി.

മാതൃനിര്യാണം:–

മിസ്റ്റർ ജെയിംസ്, എറണാകുളത്തു പഠിച്ചുതാമസിച്ചുകൊണ്ടിരിക്കുമ്പോൾ (1906 ഡിസംബർ 12–ാംനു) തൻെറ പ്രിയമാതാവു് ഇഹലോകവാസം വെടിയുകയാൽ അപരിമിതമായ ക്ലേശം അനുഭവിക്കേണ്ടതായിവന്നു. തനിക്കു മാതാവിനോടും, മാതാവിന് തന്നോടും ഉണ്ടായിരുന്ന സ്നേഹം വേർപെടുത്തുവാൻ നിവൃത്തിയില്ലാത്തവണ്ണം അത്രമേൽ ശക്തിമത്തായിരുന്നു. മാതൃനഷ്ടത്താൽ നേരിട്ട മനോവ്യഥമൂലം കുറേദിവസങ്ങളോളം അദ്ദേഹത്തിനു ക്ലാസിൽ പോകാനാകട്ടെ, ശരിക്കു പഠിക്കാനാകട്ടെ സാധിച്ചില്ല. ഈ അനിഷ്ട

സംഭവത്തിനുശേഷം മിസ്റ്റർ ജെയിംസിൻെറ ഹൃദയത്തിൽ എന്തോ! ശക്തിയായ വിചാരപരമ്പരകൾ കടന്നുകൂടിയിട്ടുണ്ടായിരുന്നുവെന്ന് തൻെറ സതീർത്ഥ്യന്മാർ സമ്മതിക്കുന്നു.

-------------------

അദ്ധ്യായം ൪.

## വൈദികവിദ്യാഭ്യാസത്തിനുള്ള ആലോചന.

തൃശ്ശിനാപ്പള്ളിയാത്ര:–

മാതൃമരണാനന്തരം തൻെറ ഹൃദയ കവാടത്തിൽ തിങ്ങിവിങ്ങി പ്രകാശിച്ചിരുന്ന അതിയായ ആഗ്രഹം താനേ വെളിക്കു ചാടി. വൈദികാദ്ധ്യയനം ചെയ്യുന്നതിന് തനിക്കാഗ്രഹമുണ്ടെന്നും അതിലേക്ക് ലത്തീൻകൂടി പഠിക്കുവാൻ സൌകര്യമുള്ള തൃശ്ശിനാപ്പള്ളി സെൻറ് ജോസഫ്സ് ഹൈസ്കൂളിൽ ചേരണമെന്നും, തൻെറ ഇളയപ്പനായ ഫാദർ ജോസഫ് കാളാശ്ശേരിയെ അറിവിച്ചു. "അഛൻ ഇഛിച്ചതും, വൈദ്യൻ കുറിച്ചതും പാൽ" എന്നു പറഞ്ഞതുപോലെ പണ്ടേതന്നെ താൻ ഉദ്ദേശിച്ചുവച്ചിരുന്ന സംഗതി മിസ്റ്റർ ജെയിംസ്തന്നെ ഇങ്ങോട്ടാവശ്യപ്പെട്ടപ്പോൾ ഫാദർ ജോസഫ് അവർകൾക്കു ഉണ്ടായ സന്തോഷം സീമാതീതമായിരുന്നു. ഉടൻതന്നെ മിസ്റ്റർ ജെയിംസിൻെറ അപേക്ഷയെ സ്വീകരിച്ച് അനുമതിയും യാത്രക്കു വേണ്ടതായ വട്ടംകൂട്ടുകൾ ചെയ്തുകൊള്ളുവാൻ അനുജ്ഞയും നൾകി. 1907 ജനുവരി 14–ാംനു- പകൽ 10 മണിക്കുള്ള വണ്ടിക്ക് നമ്മുടെ ജെയിംസ് അവർകൾ തൃശ്ശിനാപ്പള്ളിക്കു യാത്രതിരിച്ചു. കൃത്യദിവസം അവിടെ എത്തി. സെൻറ് ജോസഫ്സ് ഹൈസ്കൂളിൽ ചെന്ന് അധികാരികളെ കണ്ടു അനുമ

തി വാങ്ങി ക്ലാസ്സിൽ ചേൻ ജാഗ്രതയായി പഠിച്ചു. അവിടെയും അദ്ധ്യാപകന്മാരുടേയും, അദ്ധ്യേതാക്കളുടേയും പ്രത്യേക പ്രശംസയ്ക്കും, സ്നേഹത്തിനും, പാത്രീഭൂതനായി.

മട്രിക്കുലേഷൻ പാസ്സായി:-

അന്നത്തെ (1908) മട്രിക്കുലേഷൻ പരീക്ഷയിൽ സ്തുത്യർഹമാംവണ്ണം വിജയം പ്രാപിച്ചു. അക്കൊല്ലത്തെ സ്കൂൾവഷാരംഭത്തോടുകൂടി കോളേജിൽ പ്രവേശനം ലഭിച്ചു. കോളേജ് ഭാരവാഹികൾക്ക് ഇദ്ദേഹത്തോട് എന്തുമാത്രം പ്രതിപത്തിയുണ്ടായിരുന്നുവെന്നുള്ളതു്, മെത്രാൻസ്ഥാനലബ്ധിയിൽ ഇദ്ദേഹത്തെ അനുമോദിക്കുന്നതിനായി കോളേജ് അധികൃതന്മാരുടെ ആഭിമുഖ്യത്തിൽ കൂടിയ അനുമോദനയോഗത്തിൽ, ഇദ്ദേഹത്തെ സംബന്ധിച്ച്, "കേരളത്തിലെ ഒരു മൂന്നാം ശ്ലീഹാ" എന്നുകൂടി അഭിസംബോധന ചെയ്യപ്പെട്ടാവുന്ന വെരി. റവ. ഫാദർ. ഒണേരെ എസ്സ്. ജെ. ചെയ്ത പ്രസംഗത്തിൽനിന്നും സ്പഷ്ടമായി മനസ്സിലാകുന്നതാണ്. തൃശ്ശിനാപ്പള്ളിയിലെ അദ്ധ്യയനകാലത്തു് ബ. ജസ്വീത്തു വൈദികന്മാരുമായുള്ള സഹകരണം നിമിത്തം മിസ്റ്റർ ജെയിംസിനു സിദ്ധിച്ചിട്ടുള്ള ആത്മീയ ജ്ഞാനങ്ങൾ അനവധിയാണ്.

വീണ്ടും എറണാകുളത്തേയ്ക്കു്:-

1911- മാർച്ച് മാസത്തിൽ നമ്മുടെ ജെയിംസ് വീണ്ടും എറണാകുളത്തേയ്ക്കു് മടങ്ങി. ഈ പ്രാവശ്യം തന്റെ പിതൃസഹോദരനായ ഫാദർ ജോസഫ് കാളാശ്ശേരിയൊന്നിച്ച് അരമനയിൽ താമസിച്ചു. ആ താമസത്തിനിടയിൽ മിസ്റ്റർ ജെയിംസിന്റെ സ്വഭാവനൈമ്മല്യം, ദൈവഭക്തി അനുസരണം, ആദിയായ സൽഗുണങ്ങൾകണ്ടു് മാർ ലൂയിസ് മെത്രാൻ തിരുമനസ്സിലേ



ഡോക്ടർ ജയിംസ് കാളാശ്ശേരി
തിരുമനസ്സുകൊണ്ടു് 16–ാമത്തെ വയസ്സിൽ
തൃശ്ശിനാപ്പള്ളി സെൻറ് ജോസഫ്സ്
കോളേജിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ
എടുത്ത ഫോട്ടോ.

ക്ക് ഇദ്ദേഹത്തെപ്പററി കൂടുതലായ പ്രതിപത്തി ജനിക്കു യും തൻമൂലം ഇദ്ദേഹത്തെ തൻെറ പ്രൈവററു സിക്രട്ട റിയായി നിയമിക്കയും ചെയ്തു. അക്കൊല്ലം ജൂൺ 19–ാം നു എറണാകുളം മഹാരാജാസ് കോളേജിലെ സീനിയ ർ എഫ്. എ. ക്ലാസിൽ ചേന്ന് പഠനം തുടന്നു. അന്ന ത്തെ കോളേജ് പ്രിൻസിപ്പാൾ ഡേവിസ്ധ്വരയായിരു ന്നു. നമ്മുടെ ജെയിംസിനോട് വളരെ സ്ഥായിയുള്ള ഒ രാളായിരുന്നു അദ്ദേഹം. ധ്വരയുടെ സ്വരത്തിലും ഭാഷ യിലും യാതൊരു വൈകല്യവും കൂടാതെ എത്ര സമയ മെങ്കിലും സംസാരിക്കുവാൻ ജയിംസിനു സാദ്ധ്യമായി രുന്നതുകൊണ്ട് മിസ്റ്റർ ഡേവിസ്ധ്വരക്ക് ഇദ്ദേഹത്തെ കൊണ്ടു പലപ്പോഴും ധാരാളം സംസാരിപ്പിക്കുകയെന്ന ത്‍ അത്യന്തം ആനന്ദപ്രദമായിരുന്നു.

---

അദ്ധ്യായം ൫.

---

## കുയ്യാളശ്ശേരി മാർ
## തോമ്മാ മെത്രാനുമൊന്നിച്ചുള്ള യാത്ര.


**ദിവ്യകാരുണ്യ മഹായോഗ സന്ദർശനം:–**

മൈലാപ്പൂരിൽ 1911–ൽ നടന്ന ദിവ്യകാരുണ്യ മഹാമഹത്തിൽ സംബന്ധിക്കുന്നതിനായി കുയ്യാളശ്ശേരി മാർ തോമ്മാമെത്രാനച്ചൻ തിരുമനസ്സുകൊണ്ടു പുറപ്പെ ട്ടു. വഴിമദ്ധ്യേ എറണാകുളം മെത്രാസനാരമനയിൽ കയ റി മാർ ളൂയിസുതിരുമേനിയെ സന്ദശിച്ചു. തൽസമയം അവിടെ സന്നിഹിതനായിരുന്ന മിസ്റ്റർ ജെയിംസിനെ ത ൻെറ സഹഗാമിയായി ക്ഷണിക്കുകയും, നമ്മുടെ കഥാനാ യകൻ ആക്ഷണം സസന്തോഷം സ്വീകരിച്ച് മാർ തോ

ന്മാമെത്രാനച്ചനുമൊന്നിച്ച് ഡിസംബർ 24–ാംനു മൈലാപ്പൂരിലേക്കു യാത്രയാകയും ചെയ്തു. ആകസ്മികമായുണ്ടായ ഈ സഹചാരിത്വം, നമ്മുടെ കഥാനായകൻ മാർ തോമ്മാമെത്രാനച്ചൻ തിരുമനസ്സിലെ പിൻഗാമിയായി തീരുമെന്നുള്ള ദൈവനിയോഗത്തിൻെറ ഒരു മുന്നറിയിപ്പായിരുന്നിരിക്കാം എന്ന് പിന്നീടുള്ള അനുഭവങ്ങൾ വെളിവാക്കുന്നു. മഹൽക്കാര്യങ്ങളുടെ ആരംഭം അപ്രതീക്ഷിതമായിട്ടാണെന്ന് മഹാന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നത് എത്രയൊ അർത്ഥവത്താണ്. പ്രസ്തുത യാത്രയിൽ നമ്മുടെ ജയിംസിന് പല മെത്രാന്മാരുമായി പരിചയപ്പെടുന്നതിനും, പല പുതിയ അറിവുകൾ സമ്പാദിക്കുന്നതിനും ഇടയായിട്ടുണ്ട്. കൂടാതെ മെത്രാനച്ചൻ തിരുമേനിയുമൊന്നിച്ച് മദ്രാസ് ഗവർണ്ണരെ സന്ദർശിക്കുന്നതിനും സംഗതിയായി.

ഇംഗിതങ്ങൾ മെത്രാനച്ചനെ അറിവിച്ചു:-

യാത്രാമദ്ധ്യേ ഗുരുപ്പട്ടത്തിനു പോകുന്നതിനെസംബന്ധിച്ചുള്ള തൻെറ ഇംഗിതങ്ങൾ മെത്രാനച്ചൻ തിരുമനസ്സിനെ അറിവിച്ചു. സർവ്വകലാശാലാ ബിരുദധാരികളായ വൈദികന്മാരുടെ ആവശ്യം മിസ്സത്തിനു കൂടുതലായിരിക്കുന്നതുകൊണ്ട് ബി. എ. ബിരുദം ലഭിച്ചതിനു ശേഷം പട്ടത്തിനു പഠിച്ചാൽ മതിയെന്ന് മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് ഉപദേശിച്ചു. എന്നാൽ ദൈവതിരുമനസ്സുണ്ടെങ്കിൽ പട്ടമേററശേഷം കോളേജിൽ ചേർന്നു പഠനം തുടൻുകൊള്ളാമെന്ന് മിസ്റ്റർ ജെയിംസ് വളരെ താഴ്മയോടെ മെത്രാനച്ചനോടപേക്ഷിക്കയാൽ തിരുമനസ്സുകൊണ്ട് അതിനു സമ്മതിക്കയും, സെമ്മനാരിയിലേക്കു അയയ്ക്കുവാൻ അനുമതി നൽകുകയും ചെയ്തു.



മൈലാപ്പൂരിൽ 1911–ൽ നടന്ന
ദിവ്യകാരുണ്യ മഹാമഹത്തിൽ സംബന്ധിക്കുന്ന
തിനായി കുഴ്‌പ്പാളശ്ശേരിൽ മാർ തോമ്മാ മെത്രാന
ച്ചനോടൊന്നിച്ചു ഡോക്ടർജയിംസ് കാളാശ്ശേരി
പോയിരുന്ന അവസരത്തിൽ മദ്രാസിൽവച്ചു
എടുത്ത ഫോട്ടൊ.

അദ്ധ്യായം ന്ന.

# വൈദികവിദ്ദ്യാഭ്യാസം.

പുത്തൻപള്ളിസെമ്മനാരിയിലേക്ക്:—

നമ്മുടെ ജെയിംസ് അവർകൾ അനേകനാളായി ആശിച്ചുകൊണ്ടിരുന്ന വൈദിക വിദ്ദ്യാഭ്യാസത്തിനായി 1912 ജനുവരി 12-ാംനു തൻെറയും ബന്ധുമിത്രാദികളുടേയും പൂൎണ്ണസമ്മതത്തോടുകൂടി പുത്തൻപള്ളി സെമ്മനാരിയിലേക്കു യാത്രയായി. അവിടെയെത്തി വൈദികാദ്ധ്യയനകോളേജിൽ ചേൎന്നു പഠനം തുടങ്ങി. 1912 ഡിസംബർ മാസത്തിൽ ആസ്തപ്പാട്ടുപട്ടംകിട്ടി. ക്രമപ്രകാരം രണ്ടും, മൂന്നും, നാലും പട്ടങ്ങളും ലഭിച്ചുകൊണ്ടിരുന്നു. ഇദ്ദേഹത്തിൻെറ പഠനത്തിലുള്ള അനിതരസാധാരണമായ സാമത്ഥ്യംകണ്ടു് സെമ്മനാരിയിലെ പ്രഫസറന്മാരെല്ലാവരും വളരെ സന്തോഷിക്കയും, കൂട്ടതലായി പഠിപ്പിക്കുന്നതിനു ശ്രദ്ധപതിക്കയും ചെയ്തു.

അവിചാരിതമായകത്തു്:—

ദൈവഹിതം ആൎക്കും നിനച്ചുകൂട്ടുന്നതല്ലല്ലൊ. എറണാകുളം മെത്രാസനാരമനയിൽ താമസിച്ചുകൊണ്ടിരുന്ന റവ. ഫാദർ ജോസഫ് കാളാശ്ശേരി അവർകൾക്കു അവിചാരിതമായ സമയത്തു് കുയ്യാളശ്ശേരി മാർതോമ്മാമെത്രാനച്ചൻ തിരുമനസ്സിലെ ഒരു കത്തുകിട്ടി. 'ബ. ജെയിംസ് ശമ്മാശിനെ റോമ്മിലെ പ്രൊപ്പഗാന്താകോളേജിലേക്ക് ഉടനെ അയച്ചുകൊള്ളേണമെന്നും, അതിലേയ്ക്കു വേണ്ട അനുമതികൾ ലഭിച്ചിട്ടുണ്ടെന്നും, അടുത്തുതന്നെ ബോംബെയിൽനിന്നു പുറപ്പെടുന്ന കപ്പലിൽ യാത്രാസൌകൎയ്യമുള്ളതിനാൽ പാസ്പോർട്ടു മുതലായ

വവാങ്ങി ഉടൻ അരമനയിൽ എത്തിക്കൊള്ളണ'മെന്നു മായിരുന്നു കത്തിലെസാരം. ഇപ്രകാരം നമ്മുടെ ജയിംസ് ശമ്മാശിനു ലഭിച്ച അനുജ്ഞയെ സംബന്ധിച്ച് പിന്നീട് ഒരവസരത്തിൽ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു കല്പിച്ചതു് ഇപ്രകാരമാണ്. 'ഞാൻ അയാളെ റോമ്മിലേക്കു അയക്കുന്നകാര്യം മുൻകൂട്ടി തീർച്ചപ്പെടുത്തിയതാണ്.' ഇതുകൊണ്ടു്, നമ്മുടെ ജയിംസു ശമ്മാശിനേപ്പററി മെത്രാനച്ചൻ തിരുമനസ്സിലേക്കുണ്ടായിരുന്ന അഭിപ്രായം എന്തായിരുന്നുവെന്നു ഊഹ്യമാണല്ലൊ. ഫാദർ ജോസഫ് കാളാശ്ശേരി അവർകൾ ബ. ജെയിംസ് ശമ്മാശിനെ പുത്തൻപള്ളി സെമ്മനാരിയിൽനിന്നും വരുത്തി ഫാദർ ജെയിക്കബ് നടുവത്തുശ്ശേരി അവർകളുമൊന്നിച്ച് പാസ്പോർട്ടുവാങ്ങുന്നതിനായി പോഞ്ഞിക്കരയുള്ള റസിഡൻസി ബംഗ്ലാവിലേക്കു അയച്ചു. അവർ അവിടെയെത്തി റസിഡൻറിനെകണ്ടു് വിവരം ധരിപ്പച്ചു. പാസ്പോർട്ടു വാങ്ങി ഉടൻതന്നെ മടങ്ങിയെത്തി. അനന്തരം ഫാദർ ജോസഫ് കാളാശ്ശേരി അവർകൾ ബ. ജെയിംസ് ശമ്മാശിനേയും കൂട്ടിക്കൊണ്ടു് സ്വദേശമായ കൈനകരിക്കു പുറപ്പെട്ടു.

റോമ്മായാത്രക്കുള്ള ഒരുക്കം:–

സ്വദേശത്തെത്തി വിവരം ബന്ധുമിത്രാദികളെ അറിവിച്ചു. ലോകമഹായുദ്ധം നടന്നുകൊണ്ടിരുന്ന സമയമായതുകൊണ്ടു്, ബന്ധുമിത്രാദികൾക്കെല്ലാം ഈ കാര്യത്തിൽ വൈമനസ്യം ഉണ്ടാകാതിരുന്നില്ലാ. എന്നാൽ നമ്മുടെ ജെയിംസ് ശമ്മാശവർകൾ "ദൈവസഹായമുണ്ടെങ്കിൽ യാതൊരു അപകടവും കൂടാതെ മടങ്ങിവരുവാൻ സാധിക്കുമെന്നും, കൂടാതെ ഇററലി യുദ്ധത്തിൽ ചേർന്നിട്ടില്ലാത്തതുകൊണ്ടു് അങ്ങോട്ടുള്ള യാത്ര സുരക്ഷിതമാണെ"ന്നും മററും സഹജമായ പുഞ്ചിരി തൂകിക്കൊണ്ടു് സധൈ

യ്യം പ്രസ്താവിച്ചതിൽ ബന്ധുമിത്രാദികൾ സമ്മതിക്കുക തന്നെ ചെയ്തു. തദവസരത്തിൽ സ്ഥലം "കത്തോലിക്കാ യുവജനസമാജ"ക്കാർ പ്രസ്തുത സമാജത്തിലെ ഒരംഗവും, സമാജത്തിൻെറ ആരംഭംമുതൽ അതിൻെറ അഭിവൃദ്ധിക്കു വേണ്ടി അക്ഷീണം പരിശ്രമിച്ചിട്ടുള്ള ദേഹവുമായ ബ. ജെയിംസ് ശമ്മാശവർകളെ മംഗളമാശംസിച്ചു യാത്രഅയക്കുന്നതിനു വട്ടം കൂട്ടി എങ്കിലും ഫാദർ ജോസഫ് കാളാശ്ശേരി അവർകൾ അതിനു വിസമ്മതിക്കയാൽ അതു സാദ്ധ്യമായില്ലാ. "സർവ്വശക്തൻെറ സഹായമുണ്ടെങ്കിൽ ഒന്നോ, അതിലധികമോ പ്രാവശ്യം നിങ്ങൾക്കു അദ്ദേഹത്തെ അനുമോദിക്കാനിടയാകുമെന്നും, ഇപ്പോൾ ഒരു അപകടസമയത്തെ യാത്രയായതുകൊണ്ടു സമാജാംഗങ്ങൾ എല്ലാവരും അദ്ദേഹത്തിനുവേണ്ടി പ്രത്യേകം പ്രാത്ഥിച്ചാൽ മതി"യെന്നും, മറവുംപറഞ്ഞു് സമാധാനപ്പെടുത്തി അയച്ചു. അദ്ദേഹത്തിൻെറ ദീർഘദർശനം പോലെ ഒന്നിലധികം പ്രാവശ്യം വൈദികൻ, വൈദികമേലദ്ധ്യക്ഷൻ എന്നീ നിലകളിൽ അദ്ദേഹത്തെ അനുമോദിക്കുവാൻ പ്രസ്തുത യുവജനസമാജക്കാർക്കു ഇടയായിയെന്നു സന്തോഷസമേതം പ്രസ്താവിക്കേണ്ടതാണ്. ബ. ജെയിംസ് ശമ്മാശ് റോമ്മിലേയ്ക്കു പുറപ്പെടുന്നതിനു കുറെ മുമ്പായി പ്രസ്തുത സി. വൈ. എം. എ.യുടെ ഒരു അസാധാരണ യോഗത്തിൽ "കത്തോലിക്കായുവജനസമാജം" എ വിഷയത്തെ പരാമർശിച്ചു് ലളിതകോമളമായ ഭാഷയിൽ പ്രൌഢഗംഭീരമായി ചെയ്ത പ്രസംഗം കേൾവിക്കാക്കു് ഇന്നും പുത്തരിയായിട്ടാണിരിക്കുന്നതു്.

## അദ്ധ്യായം ൧.

# റോമ്മായാത്ര.

മെത്രാസനാരമനയിലേയ്ക്കു:—

ബ. ജെയിംസ് ശമ്മാശ്ശ് അവർകൾ തന്റെ വല്യപ്പൻ തുടങ്ങി എല്ലാ ബന്ധുമിത്രാദികളുടേയും വസതിയിൽ ഒരിക്കൽക്കൂടി പോയി യാത്ര ചോദിച്ചതിനു ശേഷം റവ. ഫാദർ ജോസഫ് കാളാശ്ശേരി അവർകളോടും, രാജശ്രീ മുക്കാട്ടു തോമ്മാ ചാണ്ടി അവർകളോടും കൂടി ചങ്ങനാശേരിക്കു പുറപ്പെട്ടു. അരമനയിൽ എത്തി, മാർ തോമ്മാമെത്രാൻ തിരുമനസ്സിലെ കരചുംബനംചെയ്തു. ത ദവസരത്തിൽ തിരുമനസ്സുകൊണ്ടു്, യാത്രയിൽവർത്തിക്കേണ്ട വിധത്തെപ്പററി ഉപദേശിച്ചതു കൂടാതെ റോമ്മിലേക്കു കൊണ്ടുപോകേണ്ട ചില കത്തുകളും തയാറാക്കി കൊടുത്തു. ഒടുവിൽ എല്ലാകാര്യങ്ങളിലും ദൈവാനുഗ്രഹമുണ്ടാകുന്നതിനായി അവിടുത്തെ ഉള്ളഴിഞ്ഞുള്ള പൈതൃകാശിസ്സ് നൽകി. അനന്തരം ബ. ജെയിംസ്ശമ്മാശ്ശ് ഫാദർ ജോസഫ് കാളാശ്ശേരിയുമൊന്നിച്ച് എറണാകുളത്തേയ്ക്കും, രാജശ്രീ മുക്കാട്ടു തോമ്മാ ചാണ്ടി അവർകൾ യാത്ര പറഞ്ഞു സ്വദേശത്തേയ്ക്കും മടങ്ങി. അടുത്ത ദിവസം എറണാകുളം മെത്രാസനാരമനയിൽ എത്തി. മാർ ളൂയിസ് മെത്രാനച്ചൻ തിരുമനസ്സിലെയും, അപ്പോൾ അവിടെ സന്നിഹിതനായിരുന്ന (പരേതനായ) മാർ യോഹന്നാൻ (തൃശ്ശൂർ) മെത്രാനച്ചൻ തിരുമനസ്സിലെയും അനുമതിയും, അനുഗ്രഹവും വാങ്ങി യാത്ര പുറപ്പെട്ടു. "മടക്കത്തിൽ തൃശ്ശൂർ മെത്രാസനാരമനയിൽ കയറി എന്നെ കണ്ടേ പോകാവൂ" എന്നു് മാർ യോഹന്നാൻ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് അപ്പോൾതന്നെ ക്ഷണിച്ചിരുന്നു.

തീവണ്ടിയാത്ര:–

1915– ഒക്ടോബർ 15–ാംനു ബ. ജെയിംസ് ശമ്മാശ് ഫാദർ ജോസഫ് കാളാശ്ശേരിയുമൊന്നിച്ച് എറണാകുളത്തുനിന്നും നേരെ മദ്രാസിലേക്ക വണ്ടി കയറി. പിറേറദിവസം രാവിലെ മൈലാപ്പൂരിൽ എത്തി. വി. തോമ്മാശ്ലീഹായുടെ കവറിടത്തിൽ ദിവ്യപൂജ അപ്പിക്കയും ബ. ജെയിംസ് ശമ്മാശ് ദിവ്യഭോജനം ഉൾക്കൊള്ളുകയുമുണ്ടായി. അടുത്ത ദിവസമായ ഒക്ടോബർ 16–ാംനു രാത്രി 9–മണിക്കുള്ള വണ്ടിക്ക് നേരെ ബോംബെയിലേക്ക പുറപ്പെട്ടു. ഒക്ടോബർ 18–ാംനു രാവിലെ 5– മണിക്ക ബോംബെയിലെത്തി അന്ന് അവിടത്തെ അതിമെത്രാസനാരമന മുതലായവ സന്ദശിച്ചു അവിടെത്തന്നെ താമസിച്ചു.

കപ്പൽയാത്ര:–

അടുത്ത ദിവസമായ ഒക്ടോബർ 19–ാംനു യാത്രക്ക തയ്യാറായി നിന്നിരുന്ന "പേ്ളാരൻസ്" എന്ന ഒരു ഇററാലിയൻ കപ്പലിൽ ഫാദർ ജോസഫ് കാളാശ്ശേരിയൊന്നിച്ച് ബ. ജെയിംസു ശമ്മാശ്ശ് കയറി. കപ്പലിൽവച്ച് സവ്വസംഗതികളും സവ്വശക്തനിൽ സമപ്പിച്ചു കൊണ്ടു് ചിററപ്പനും, മകനും തമ്മിൽ പരസ്പരം യാത്ര പറഞ്ഞു പിരിഞ്ഞു. ആ കപ്പലിൽ ഇററലിദേശീയനും, ആഗ്രാ മിഷ്യനിലെ മിഷ്യനറിയുമായിരുന്ന ഒരു വൈദികൻ കൂടെയുണ്ടായിരുന്നു. അദ്ദേഹം സ്വദേശമായ ഇററലിക്ക യാത്ര പുറപ്പെട്ടിരിക്കകയായിരുന്നു. അദ്ദേഹത്തെ ഫാദർ ജോസഫ് കാളാശ്ശേരി ചെന്നുകണ്ടു് യാത്രയിൽ ബ. ശമ്മാശിന് വേണ്ട ആനുകൂല്യങ്ങൾ ചെയ്യണമെന്ന് അഭ്യത്ഥിച്ചശേഷം മടങ്ങിപ്പോന്നു. ബാല്യകാലം മുതൽ പ്രത്യേക മേൽനോട്ടത്തിലും, സംരക്ഷണയിലും വളത്തി

വന്ന യുവശമ്മാശ് ദീർഘകാലത്തേയ്ക്ക് തൻെറ ദൃഷ്ടിപഥത്തിൽ നിന്നും മറിഞ്ഞിരിപ്പാനിടയാകുന്നതിലുള്ള ചിന്താഭാരത്താൽ സന്തപ്തചിത്തനായ ഫാദർ ജോസഫ് കാളാശ്ശേരി, അവിടുത്തെ മെത്രാസനാരമനയിലെത്തിയപ്പോൾ കണ്ട ഒരു പത്രം മുഖേന ഇററലി കൂടി യുദ്ധത്തിൽ ചേൎന്നിരിക്കുന്നുവെന്നറിയുകയാൽ അദ്ദേഹത്തിൻെറ മനോവ്യഥ ദ്വിഗുണീഭവിച്ചു. എങ്കിലും എല്ലാം ദൈവതിരുമനസ്സുപോലെ വന്നു ഭവിക്കട്ടെ! എന്ന് സമാശ്വസിച്ചുകൊണ്ട് അദ്ദേഹം എറണാകുളത്തേക്കു പോന്നു. ബ. ജെയിംസ് ശമ്മാശ്ശ് കയറിയിരുന്ന കപ്പൽ മെഡിററേനിയൻ കടൽ കടക്കുമ്പോൾ സമീപസ്ഥിതമായിരുന്ന ഒരു കപ്പലിനെ ഒരു ജൎമ്മൻ ക്രൂസിയർ വെടിവച്ചു താഴ്ത്തുന്നതു കണ്ട് "പ്ളോരൻസ്" കപ്പൽക്കാർ കമ്പിയില്ലാക്കമ്പിവഴി സഹായത്തിനപേക്ഷിക്കയും അതീവവേഗത്തിൽ വിവരമറിഞ്ഞ് സങ്കലിതകക്ഷികളുടെ ഒരു കപ്പൽ പ്രത്യക്ഷപ്പെട്ട് "പ്ളാരൻസി"നെ അപകടസ്ഥാനം കടത്തിവിടുകയും ചെയ്തു. ഈ സമയത്തു് പ്ളാരൻസിലെ യാത്രക്കാർ എല്ലാവരുംതന്നെ ഭയവിഹ്വലരായിട്ടാണ് കഴിച്ചുകൂട്ടിയതു്. പിന്നീട് യാതൊരു അപകടശങ്കയുമില്ലാതെ "പ്ളാരൻസ്" കപ്പൽ യഥാകാലം നേപ്പിൾസിൽ എത്തി.

പിന്നീടും തീവണ്ടിയാത്ര:–

ബ. ജെയിംസ് ശമ്മാശ്ശ് സസുഖം നേപ്പിൾസിൽ എത്തിയശേഷം റോമ്മിലേക്കു തീവണ്ടിയാത്ര ആരംഭിച്ചു. നവംബർ 6–ാംനു വൈകിട്ട് കൃത്യം ആറു മണിയോടുകൂടി റോമിൽ എത്തി. അസമയമായിരുന്നതുകൊണ്ട് മെത്രാനച്ചൻ തിരുമനസ്സിലെ ഉപദേശമനുസരിച്ച് അവിടെയുള്ള അന്ത്യോഖ്യാപാത്രീയൎക്കീസിൻെറ പ്രതിനിധി മോൺസിഞ്ഞോർ അല്ലബിയുടെ വസതിയിൽ

തന്നെ രാത്രി കഴിച്ചുകൂട്ടുന്നതിന് തീരുമാനിച്ചു. കൂടാതെ മോൺസിഞ്ഞോർ അല്ലബിയുടെ പേക്ക് മെത്രാനച്ചൻ തിരുമനസ്സിലെ ഒരു കത്തുകൂടെയുണ്ടായിരുന്നു. മോൺസിഞ്ഞോർ അല്ലബിയെ കണ്ടു് കത്തു കൊടുക്കയും, വിവരം അറിഞ്ഞു് അദ്ദേഹം വളരെ സന്തോഷപൂർവ്വം ജെയിംസ്ശമ്മാശിനെ സ്വീകരിച്ച് അന്നത്തെ രാത്രി അവിടെ താമസിപ്പിക്കയും ചെയ്തു.

---

## അദ്ധ്യായം വ്വ.

## പ്രൊപ്പഗാന്താകോളേജിലേക്കുള്ള പ്രവേശനം.

മോൺസിഞ്ഞോർ അല്ലബി:—

മോൺസിഞ്ഞോർ അല്ലബി മാർ തോമ്മാ മെത്രാനച്ചൻ തിരുമനസ്സിലെ ഒരു സതീത്ഥ്യനും, ആപ്തമിത്രവുമായിരുന്നു. മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് റോമ്മായാത്ര ചെയ്യുന്ന അവസരങ്ങളിലെല്ലാം ഇദ്ദേഹത്തിൻെറ വസതിയിൽ തന്നെയാണു താമസിക്കുക പതിവ്. തിരുമനസ്സുകൊണ്ടു് തൻെറ അന്ത്യയാത്രയിലും അവിടെതന്നെയാണു് താമസിച്ചിരുന്നതു്. പ്രൊപ്പഗാന്താകോളേജിൽവച്ച് ഡോക്ടർ തോമ്മസ് കുര്യാളശ്ശേരിതിരുമനസ്സുകൊണ്ടു് രോഗാതുരനായി ഭവിച്ചുവെന്നു് ഫാദർ ജെയിംസ് അവർകളുടെ "ടെലിഫോൺ" സന്ദേശം കിട്ടിയ മാത്രയിൽതന്നെ മോൺസിഞ്ഞോർ അല്ലബി പ്രത്യേകകാറിൽചെന്നു് തിരുമേനിയെ സ്വവസതിയിൽ കൂട്ടിക്കൊണ്ടുപോയി. തിരുമേനി ഹോസ്പിററിലിലേയ്ക്കു കൊണ്ടുപോകപ്പെടുന്നതുവരെ മോൺസിഞ്ഞോർ അല്ലബിയുടെ വ


സതിയിലും, പരിചരണത്തിലും തന്നെയാണ കഴിച്ചുകൂട്ടിയതു്. അവർ തമ്മിൽ അത്ര കണ്ടു സ്നേഹമായിരുന്നു. പിറേറദിവസം രാവിലെ മോൺസിഞ്ഞോർ അല്ലബിയും, ബ. ജെയിംസുശമ്മാശനുമൊന്നിച്ച് പ്രൊപ്പഗാന്താകോളേജിൽ എത്തി അധികാരികളെ കണ്ടു് അനുമതിവാങ്ങി ക്ലാസിൽ ചേൎന്നു. റവ. കോശി മമ്പലം, ബി. എ. എൽ. ററി. അന്നു് ആ കോളേജിൽ വൈദികവിദ്യാഭ്യാസം ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ബ. ജെയിംസ് ശമ്മാശു് റോമ്മിൽനിന്നു മടങ്ങുന്നതുവരെ മോൺസിഞ്ഞോർ അല്ലബി വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുത്തിരുന്നുവെന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണു്.

## പരിശുദ്ധ പിതാവിനെ ആദ്യമായികണ്ടതു്:–

നമ്മുടെ ജെയിംസ്ശമ്മാശു് റോമ്മിൽ എത്തിയതിനുശേഷം പരിശുദ്ധ പിതാവിനെ ആദ്യമായി കണ്ടതു് 1915– ഡിസംബർ 21–ാ‍ാ തീയതിയായിരുന്നു. ഇദ്ദേഹത്തിൻെറ മെത്രാൻ പട്ടാഭിഷേകവും ഒരു ഡിസംബർ 21–ാംനു തന്നെയാണല്ലോ. പിന്നീടും പല പ്രാവശ്യം പരിശുദ്ധ പിതാവിനെ കാണുന്നതിനും, അവിടത്തെ ഉപദേശം കേൾക്കുന്നതിനും ബ. ജെയിംസ്ശമ്മാശിനു അവസരം ലഭിച്ചു എന്നു സന്തോഷപുരസ്സരം പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

## പ്രഫ്സറന്മാർ:–

ബ. ജെയിംസ് ശമ്മാശിൻെറ ദൈവശാസ്ത്ര പ്രഫ്സർ പരിശുദ്ധ പിതാവിൻെറ അസാധാരണകായ്യങ്ങളുടെ ഇപ്പോഴത്തെ സിക്രട്ടറിയായ മോൺസിഞ്ഞോർ "ബുഗർഗഞ്ചീന"യും സഭാചരിത്ര പ്രഫ്സർ ഇന്നു് ലോകത്തിലെ ഒന്നാമത്തെ സഭാചരിത്ര പാരംഗതനായ മോ



റവ: ജയിംസ് കാളാശ്ശരി സഹപാഠി
കളായ റവ: കോശി മമ്പലം, റവ: ജോസഫ്
ചക്കങ്കൽ, (ഇദ്ദേഹം മരിച്ചുപോയി) റവ: ജോസഫ്
പൈനുങ്കൽ എന്നിവരോടൊന്നിച്ചു റോമ്മയിൽ
പ്രൊപ്പഗാന്ത കോളേജിൽ വച്ചു്
എടുത്ത ഫോട്ടൊ.

ൺസിഞ്ഞോർ "ബനീയു"മാണ്. ആസ്റ്റ്രേലിയായുടെ ഡ ലിഗററ് അപ്പസ്തോലിക്കായായിരിക്കുന്ന മോൺസി ഞ്ഞോർ "കത്താനിയോ" കുളമ്പിയായിലെ ഡലിഗററ് അപ്പസ്തോലിക്കായായിരിക്കുന്ന മോൺസിഞ്ഞോർ "യോ ബ്" എന്നിവരായിരുന്നു തന്റെ റക്ടറന്മാർ. ഇവരെ ല്ലാവരും ബ. ശമ്മാശിന്റെ പഠനത്തിലുള്ള അനിതരസാ ധാരണമായ സാമത്ഥ്യം, ആശ്ചയ്യജനകമായ വാഗ്മി ത്വം മുതലായവയിൽ മനം മയങ്ങി ഉള്ള കുളർത്തവരാ ണ്. ബ. ജെയിംസ് ശമ്മാശ് അവിടുത്തെ അദ്ധ്യയനകാ ലത്തു് ബൈബിൾ, തക്കശാസ്ത്രം, ദൈവശാസ്ത്രം ഇ വസംബന്ധിച്ച് നടത്തപ്പെട്ടിട്ടുള്ള പരീക്ഷകളിൽ ഒന്നാമ നായി ജയിക്കുകയും, കീത്തിമുദ്രകൾ സമ്പാദിക്കുകയും ചെ യ്തിരുന്നുവെന്നുള്ള സംഗതി സവിശേഷം സ്തുത്യമാണ്.

നവപൂജാപ്പണം:–

നമ്മുടെ ബ. ശമ്മാശ്ശ് ഒന്നരക്കൊല്ലംകൊണ്ടു് വൈദികപഠനം പൂത്തിയാക്കി. 1919– ഏപ്രിൽ 19–ാം തീയതി പരിശുദ്ധ പിതാവിന്റെ വികാരിജനറാളായ മ ഹോന്നത ദിവ്യശ്രീ കാർഡിനൽ "പൊമ്പിലി" കുബ്ബാ നപ്പട്ടം നൽകി. പിറേറദിവസമായ ഏപ്രിൽ 20–ാം തീയതി ഇരുപത്തേഴാമത്തെ ജന്മദിനം തിരുഹൃദയനാഥ യുടെ കപ്പേളയിൽവച്ച് നവപൂജ അപ്പിച്ചു. ജാതീയ ഭാ ഷയായ സുറിയാനിയിൽ തന്നെയാണ് ഫാദർ ജെ യിംസ് അവർകളും, ഫാദർ കോശി അവർകളും പുത്ത ൻകുബ്ബാന ചൊല്ലിയതു്. സുറിയാനി ഭാഷാപരിജ്ഞാ നമുള്ള സഹായികളെ ലഭിക്കായ്കയാൽ രണ്ടുപേരും പര സ്പരം സഹായികളായി സഹകരിക്കുകയുണ്ടായി. സുറിയാ നിഭാഷയിൽ നവപൂജാപ്പണം ഇദംപ്രഥമമായിട്ടാണ് അന്നു് അവിടെ നടന്നതു്. സുറിയാനി കുബ്ബാന കാണു

ന്നതിനായി ഒരു വലിയ ജനസംഘം അന്ന് അവിടെ എത്തിയിരുന്നു. ഫാദർ കോശി അവർകളുടെ സുറിയാനി മല്പാൻ ഫാദർ ജെയിംസ് അവർകളായിരുന്നു.

പി എച്ച്. ഡി., ഡി. ഡി:—

ഫാദർ ജെയിംസ് അവർകൾ ദിവ്യപൂജ അർപ്പിച്ചതിനുശേഷമാണ് പി.എച്ച്. ഡി., ഡി. ഡി. എന്ന ഉന്നത ബിരുദങ്ങൾ സമ്പാദിച്ചത്. പ്രോപ്പഗാന്താ കോളേജിലെ പഠനം പൂർത്തിയായശേഷം യൂറോപ്പിലെ ചില രാജ്യങ്ങൾ സന്ദർശിക്കണമെന്നു ഒരു മോഹം ഫാദർ ജെയിംസ് അവർകൾക്കുണ്ടായിരുന്നു. എന്നാൽ യുദ്ധകാലമാകകൊണ്ട് അതിന് സൌകര്യപ്പെട്ടില്ലാ. റോമ്മിൽ താമസിച്ചതിനിടയ്ക്ക് അദ്ദേഹത്തിൻെറ ഏററവും പ്രിയപ്പെട്ട വല്ല്യപ്പൻ, പിതൃസഹോദരൻ, മാതൃസഹോദരപുത്രി, മാതുലൻ, അയാളുടെ ഭാര്യ, എന്നിങ്ങനെ അഞ്ചു മരണങ്ങൾ ഉണ്ടായി. വിവരം തുടരെത്തുടരെ റോമ്മിൽ അറിഞ്ഞുകൊണ്ടിരുന്നതിനാൽ അദ്ദേഹത്തിന് ഇടയ്ക്കിടയ്ക്ക് സന്താപങ്ങളും അനുഭവിക്കേണ്ടതായി വന്നുക്രൂടി.

---

അദ്ധ്യായം ൯.

## റോമ്മിൽനിന്നുള്ള ആഗമനം.

പൊട്ടന്നിനവേയുള്ള യാത്ര:—

1919 ആഗസ്റ്റ്മാസം 5—ാംനു മഞ്ഞുമാതാവിൻെറ തിരുനാളിൽ ഫാദർ ജെയിംസ് കാളാശ്ശേരി പിഎച്ച്.ഡി.,ഡി. ഡി.അവർകൾ ഫാദർ കോശി മമ്പലം ബി. എ. എൽ. ററി., പി. എച്ച്. ഡി. യുമൊന്നിച്ച് സ-

ദേശത്തേക്കു യാത്രതിരിച്ചു. സെപ്റ്റംബർ 1—ാംനു ബോംബയിലെത്തി. വിവരത്തിനു കമ്പികിട്ടിയപ്പോൾമാത്രമാണ് നമ്മുടെ വന്ദ്യവൈദികർ റോമ്മിൽനിന്നു പുറപ്പെട്ടതായി ഇവിടെ അറിഞ്ഞത്. യുദ്ധത്തിൻെറ മൂർദ്ധന്യംകൊണ്ടും പൊടുന്നനവേയാത്രതിരിക്കേണ്ട ചിലഅത്യാവശ്യങ്ങൾ നേരിട്ടതുകൊണ്ടുമാണ് വിവരം മുൻകൂട്ടി അറിവിക്കാതിരുന്നതെന്ന് പിന്നീടു മനസ്സിലായി. യുദ്ധം അതിശക്തിയായി നടന്നുകൊണ്ടിരുന്ന ആ ആപൽഘട്ടത്തിൽ യാതൊരു അനിഷ്ടസംഭവങ്ങൾക്കുമിടയാകാതെ അവരെ ഇവിടെഎത്തിച്ച ദൈവത്തിൻെറ കൃപാതിരേകത്തെ നാം പ്രത്യേകം സ്തുതിക്കേണ്ടിയിരിക്കുന്നു. യാത്രാമദ്ധ്യേ മൈലാപ്പൂരിൽ മാർത്തോമ്മാശ്ലീഹായുടെ ശവകുടീരത്തിൽ ദിവ്യപൂജഅപ്പിച്ചു. തൃശ്ശൂർവന്ന് (പരേതനായ) മാർയോഹന്നാൻ മെത്രാനച്ചനേയും സന്ദർശിച്ചു. ടി സെപ്റ്റമ്പർ 5—ാംനു എറണാകുളംമെത്രാസനാരമനയിൽ എത്തി. തങ്ങൾ റോമ്മിൽനിന്നു കൊണ്ടുവന്നിരുന്നതും തിരുശേഷിപ്പുകൾ അടക്കം ചെയ്തതുമായ ഒരു അരുളിക്കാ മാർ ളൂയിസ് മെത്രാനച്ചൻ തിരുമനസ്സിലേയ്ക്കു് തിരുമുൽക്കാഴ്ച വച്ചു. സന്തോഷചിത്തനായ തിരുമേനി രണ്ടുപേരെയും ആശീർവദിച്ചു അനുഗ്രഹിക്കയുണ്ടായി. അവിടെനിന്നും സെപ്റ്റംബർ 7—ാംനു ചങ്ങനാശ്ശേരി അരമനയിലെത്തി. വളരെനാളായി കാണാനിടയാകാതിരുന്ന മാർ തോമ്മാമെത്രാനച്ചൻതിരുമനസ്സിലെ സന്നിധിയിൽ അണഞ്ഞു കരചുംബനംചെയ്തു. പിറേറദിവസം "പാറ"യിൽ അമലോത്ഭവമാതാവിൻെറ ദേവാലയത്തിൽ ദിവ്യപൂജ അപ്പിച്ചു.

കൈനകരിയിലെ സ്വീകരണം:—

ഫാദർ ജെയിംസ് അവർകളുടെ ആഗമനവാർത്തയറിഞ്ഞു് ആഹ്ളാദഭരിതരായ കൈനകരി ഇടവക

ക്കാർ അദ്ദേഹത്തെ സെപ്റ്റംബർ 14—ാംനു വി. കുരിശിൻെറ തിരുനാളിൽ പ്രത്യേകം അലങ്കരിച്ച് തയ്യാറാക്കിയിരുന്ന ഒരു മോട്ടോർബോട്ടിൽ ആഘോഷസമന്വിതം കൈനകരിക്കുകൊണ്ടുപോയി. അന്ന് അവിടുത്തെ ദേവാലയത്തിൽ ദിവ്യപൂജ അപ്പിച്ചു. അന്നേദിവസംതന്നെ അവിടുത്തെ പള്ളി മൈതാനത്തിൽ ഒരു യോഗം കൂടി ഇടവകക്കാരുടെ വകയായി ഒരു മംഗളപത്രവും, യുവജനസമാജക്കാരുടെ വകയായി ഒരു സ്വാഗതപത്രവും ഫാദർ ജെയിംസ് അവർകൾക്കു സമപ്പിക്കുകയുണ്ടായി. അദ്ദേഹം സ്നേഹപൂവ്വം അവയെ സ്വീകരിച്ച് കൃതജ്ഞത പ്രദശിപ്പിക്കയും, യൂറോപ്പുയാത്രയിലെ വിശേഷങ്ങളെ വിശദീകരിച്ച് പ്രൌഢഗംഭിരമായി പ്രസംഗിക്കയും ചെയ്തു. മംഗളപത്രവും, സ്വാഗതപത്രവും താഴെ ചേക്കുന്നു.

വന്ദ്യ ദിവ്യ ശ്രീ

ഡോക്ടർ ജെയിംസ് കാളാശ്ശേരി അവർകൾക്കു

കൈനകരി പള്ളിഇടവകക്കാർ സമപ്പിക്കുന്ന

## മംഗളപത്രം.

പൂജ്യപാദനായ വൈദികരത്നമേ!

അങ്ങുന്ന് ക്രിസ്തീയ ലോകത്തിൻെറ കേന്ദ്രസ്ഥാനമായ റോമ്മായിലെ പ്രൊപ്പഗാന്താകോളേജിൽ വൈദികവിദ്യാഭ്യാസം പൂത്തിയാക്കി, ഉന്നതമായ പരീക്ഷകൾ ജയിച്ച് പിഎച്ച്. ഡി., ഡി. ഡി. എന്ന ഉന്നത ബിരുദകൾ സമ്പാദിച്ച് ബഹുമാനപൂവം സ്വദേശത്തേക്കു മടങ്ങിവന്നിരിക്കുന്ന ഈ അവസരത്തിൽ അങ്ങേ അനുമോദിക്കുന്നതിനും, ഹൃദയപൂവ്വം മംഗളാശംസ ചെയ്യുന്നതിനുമായി അവിടുത്തെ അഭ്യുദയകാംക്ഷിക

ളും, സ്വജനങ്ങളുമായ ഞങ്ങൾ സന്തോഷപുരസ്സരം അങ്ങേ സമീപത്തിൽ അണയുന്നു.

അനേകം വൈദികരത്നങ്ങളുടെ ജന്മംമൂലം പുരാതനകാലം മുതൽക്കേ പാവനമായും, അവരുടെ ശ്ലാഘനീയങ്ങളായ കൃത്യങ്ങൾമൂലം ശോഭനമായും തീൎന്നിരിക്കുന്ന അങ്ങേ ഉൽകൃഷ്ട കുടുംബത്തിന്റെ പാരമ്പൎയ്യം അനുസരിച്ച് അങ്ങുന്ന് വൈദികവൃത്തിയെ സ്വീകരിക്കയും അതിൽ സവിശേഷം പ്രശോഭിച്ചു കാണുകയും ചെയ്യുന്നതിൽ ഇജ്ജനങ്ങൾക്കുള്ള സന്തോഷവും, ചാരിതാൎത്ഥ്യവും അവൎണ്ണനീയമാകുന്നു.

ലോകത്തിലെ മഹാന്മാരായ ചക്രവൎത്തികൾ പോലും വലിയ ഭാഗ്യമായി കരുതുന്ന പരിശുദ്ധ പിതാവിന്റെ അഭിമുഖമായ സന്ദൎശനം പല പ്രാവശ്യവും ലഭിക്കുന്നതിനും ആ തിരുമേനിയുടെ പാദാരവിന്ദങ്ങൾക്കരികെയിരുന്ന് ദിവ്യമായ ഉപദേശങ്ങൾ കേൾക്കുന്നതിനും, മുക്തിപ്രദങ്ങളായ ആശിസ്സുകൾ വാങ്ങുന്നതിനും അവിടുത്തേക്കു ഇടയായതു ദുൎല്ലഭമായ ഒരനുഗ്രഹമായി വിചാരിക്കേണ്ടിയിരിക്കുന്നു. അപ്രകാരംതന്നെ ആ തിരുമേനിയുടെ പൈതൃകമായ ആശീർവാദം ഈ ഇടവകയിലെ ജനങ്ങൾക്കു നൽകുന്നതിനുള്ള അധികാരം അവിടുത്തേക്കു സിദ്ധിക്കാനിടയായതും ഞങ്ങൾ ഒരു വലിയ ഭാഗ്യമായി കരുതുന്നു.

ലോകമഹായുദ്ധം നിമിത്തം കടലും, കരയും ഒരുപോലെ ആപൽസംപൂൎണ്ണമായിരുന്ന ഒരു കാലത്തിൽ ധൈൎയ്യസമേതം ദീർഘമായ ഒരു പ്രയാണം ചെയ്തു്, ഭയങ്കരമായ യുദ്ധം നടന്നുകൊണ്ടിരുന്ന ഒരു രാജ്യത്തിൽ നാലഞ്ചുകൊല്ലം താമസിച്ച്, സ്വന്ത ഉദ്ദേശത്തെ വിജകരമായി നിൎവ്വഹിച്ച്, അരോഗദൃഢഗാത്രനായി തിരിച്ചെത്തുന്നതിന് അവിടുത്തേക്കിടയാക്കിയ കരുണാനിധിയായ ദൈവത്തെ ഞങ്ങൾ ഭക്തിപൂൎവ്വം സ്മരിക്കുന്നു.

അങ്ങേ പിതൃവ്യനും, ഈ ഇടവകയിലെ ആദ്യ പുരോഹിതനുമായ വന്ദ്യദിവ്യശ്രീ പ്രിയോർ കുറിയാക്കോസ് ഏലിയാസച്ചൻെറ അശ്രാന്തപരിശ്രമത്താൽ ഞങ്ങളുടെ ഹൃദയങ്ങളിൽ അങ്കുരിച്ചിട്ടുള്ളതും, അങ്ങേ അടുത്ത പൂൎവ്വികന്മാരുടെ ഉത്സാഹത്തിൽ വളൎത്തപ്പെട്ടിട്ടുള്ളതുമായ ദൈവഭയവും, സന്മാൎഗ്ഗനിഷ്ഠയും മേലാലും നിലനിറുത്തുന്നതിനും ജനങ്ങളുടെ ആദ്ധ്യാത്മികവും ഭൌമികവുമായ ശ്രേയസ്സിനെ അഭിവൃദ്ധിപ്പെടുത്തുന്നതിനും, അവിടുന്നു സൎവ്വാത്മനാ പരിശ്രമിക്കുമെന്നു വിശ്വസിക്കയും അതിനു വേണ്ടുന്ന വരങ്ങൾ അങ്ങേയ്ക്കു നൽകുന്നതിനു സൎവ്വശക്തനോടു പ്രാൎത്ഥിക്കയും ചെയ്യുന്നു.

മഹത്തായ അങ്ങേ എല്ലാ ഉദ്യമങ്ങളിലും മാൎഗ്ഗദൎശിയായിരുന്ന് വിലയേറിയ സഹായങ്ങൾ സദയം നൾകിയിട്ടുള്ള നമ്മുടെ മെത്രാനച്ചൻ തിരുമനസ്സിലെ പേരിൽ ഞങ്ങൾക്കുള്ള ഭക്തിയേയും, കൃതജ്ഞതയേയും ഈ അവസരത്തിൽ വിനയപൂൎവ്വം പ്രകാശിപ്പിച്ചുകൊള്ളുന്നു.

അവസാനമായി, അവിടുന്ന് വൈദികലോകത്തിന് അലങ്കാരമായും, ഉൽകൃഷ്ട വിദ്യാസമ്പാദനത്തിൽ പിൻഗാമികൾക്കു മാൎഗ്ഗദൎശിയായും, സ്വസമുദായോദ്ധാരണത്തിൽ തല്പരനായും, സദാചാരനിഷ്ഠയിൽ സകലൎക്കും മാതൃകയായും ചിരകാലം പരിലസിച്ച് ഈ ഇടവകക്കാൎക്കുന്നു മാത്രമല്ലാ നമ്മുടെ മിസ്സത്തിലെ ജനങ്ങൾക്കെല്ലാവൎക്കും ശാശ്വതമായ ഗുണങ്ങൾ ചെയ്യുന്നതിന് ഇടയാക്കണമേ! എന്ന് സൎവ്വലോകനിയന്താവായ സൎവ്വേശ്വരനോടു പ്രാൎത്ഥിച്ചുകൊണ്ട് അത്യന്തം സ്നേഹബഹുമാന പുരസ്സരം ഈ മംഗളപത്രം സമൎപ്പിച്ചുകൊള്ളുന്നു.

1919 സെപ്ററംബർ 14 } വിധേയന്മാർ
കൈനകരി ഇടവകക്കാർ.

വന്ദ്യ ദിവ്യശ്രീമാൻ
കാളാശ്ശേരിൽ ബ: ജെയിംസച്ചൻ അവർകൾ
പിഎച്ച്. ഡി., ഡി. ഡി. യുടെ കരകമലങ്ങളിൽ
കൈനകരി കത്തോലിക്കാ യുവജനസമാ
ജാംഗങ്ങൾ സാദരം സമപ്പിക്കുന്ന

## സ്വാഗതപത്രം.

വന്ദ്യനും, പൂജ്യനുമായ പിതാവേ!

യൂറോപ്പുഖണ്ഡത്തിൽ പടന്നു പിടിച്ചിരുന്ന മഹായുദ്ധം നിമിത്തം ദേശപൎയ്യടനം ആപൽക്കരമായിരുന്ന ഒരു വിഷമ ഘട്ടത്തിൽ ദുൎഗ്ഗമമായ മാൎഗ്ഗക്ലേശങ്ങളെ ധൈൎയ്യസമേതം അഗണ്യമാക്കി കത്തോലിക്കാ സഭയുടെ കേന്ദ്രമായി വിളങ്ങുന്ന പാവനമായ വത്തിക്കാനിൽ എത്തി പരിശുദ്ധ പിതാവിനേയും വിശുദ്ധസ്ഥലങ്ങൾ പുണ്യവാളന്മാരുടെ ശരീരശകലങ്ങൾ ആദിയായവയേയും സന്ദശിച്ച് അവിടെത്തന്നെ നാലുകൊല്ലം താമസിച്ച് വൈദികപഠനവും, പിഎച്ച്. ഡി., ഡി. ഡി. എന്ന ഉന്നത ബിരുദുകളും സമ്പാദിച്ച് ഇജ്ജനങ്ങളുടെ മദ്ധ്യേ വീണ്ടും ആഗതനായതിൽ ഞങ്ങൾ അകൈതവമായിസന്തോഷിക്കയും ദൈവകൃപയ്ക്കു നന്ദിപറയുകയും ചെയ്യുന്നു.

ഈ സംഘത്തിൻെറ ഉന്നമനത്തിനും അഭിവൃദ്ധിക്കുമായി അവിടുന്ന് ശാരീരികമായും, മാനസികമായും ചെയ്തിട്ടുള്ള നാനാമുഖങ്ങളായ ശ്രമങ്ങൾ ഒന്നൊന്നായി പ്രതിപാദിക്കുന്നതിനു തക്ക ഭാഷാനൈപുണി ഞങ്ങൾക്കു സ്വാധീനമല്ലെന്നുള്ള പാരമാൎത്ഥ്യം അവിടുത്തേയ്ക്കും അജ്ഞാതമല്ലല്ലൊ. അങ്ങേയുടെ അന്തരംഗമാകുന്ന പാലാഴിയിൽ നിന്ന് പ്രതിബന്ധമെന്യേ പ്രസരി

ച്ചിരുന്ന ദിവ്യാമൃതത്തെ എത്ര പ്രാവശ്യം ഞങ്ങൾ ആസ്വദിച്ചാനന്ദവാന്മാരായിട്ടുണ്ട്. ബ. പിതാവേ! അങ്ങ് ഞങ്ങൾക്കു ചെയ്തിട്ടുള്ള കാലോചിതമായ പ്രോത്സാഹനങ്ങൾ, വിജ്ഞാനപ്രദായകങ്ങളായ പ്രസംഗപരമ്പരകൾ, സാരവത്തുക്കളായ ഉപദേശശ്രേണികൾ, ഫലിതരസസംപൂർണ്ണമായ സംഭാഷണം വിശിഷ്യ "കത്തോലിക്കായുവജനസമാജം" എന്ന വിഷയത്തെപ്പററി അതിൻെറ പ്രാരംഭയോഗത്തിൽ ചെയ്ത കർണ്ണപീയൂഷമായ വാചാപ്രസംഗം തുടങ്ങിയവ ശിലാലേഖകണക്കേ ഞങ്ങളുടെ ഹൃത്തടങ്ങളിൽ പതിഞ്ഞിട്ടുണ്ടെന്ന് കൃതാൎത്ഥതയോടേ ഞങ്ങൾ അറിവിച്ചുകൊള്ളട്ടേ. ഏതാദൃശമായ സംഗതികൾ മെച്ചമായ തരത്തിൽ ഇനിയുമുണ്ടായിക്കൊണ്ടിരിക്കുമെന്ന് ഓൎക്കുമ്പോൾ സീമാതീതമായ സന്തോഷം ഞങ്ങൾക്കുണ്ടാകുന്നുണ്ട്.

ഈ സമാജത്തിൻെറ ആധുനികമംഗല്ല്യസ്ഥിതി ബ. പിതാവിൻെറ പ്രശംസനീയമായ പൊതുകാൎയ്യപ്രസക്തിയുടെയും, ആരാധ്യമായ വാണീവിലാസത്തിൻെറയും സ്മാരകസംഭവമായി ആചന്ദ്രതാരം കൊണ്ടാടപ്പെട്ടുമെന്നുള്ളതിൽ എന്താണ് സംശയത്തിനവകാശമുള്ളത്?

അങ്ങേ അലങ്കരിക്കുന്ന അനുകരണീയമായ അനഹങ്കാരം, മാതൃകായോഗ്യമായ സമഭാവന എന്നീ ഗുണവിശേഷങ്ങൾ വിദേശവാസത്താൽ ഒന്നുകൂടി ആദേശപരമായ നിരവധി വിശിഷ്ട നന്മകൾക്കിടയാക്കിയിട്ടുണ്ട്. ബ. പിതാവിൻെറ ആഗമനം വേഴാമ്പൽ കണക്കേ പ്രത്യാശയോടേ പ്രതീക്ഷിച്ചിരുന്നവരിൽ ചുരുക്കം ചിലൎക്ക് കാണുന്നതിന് പരമകാരുണികൻ അനുമതി നൽകിയില്ലെങ്കിലും അധികം ആളുകളും ആനന്ദസന്ദായകന്മാരായി ഭവിക്കുന്നതിന് ഇടയാക്കിയതിൽ അനന്തകാരുണ്യകന് സ്തോത്രം ചെയ്തുകൊള്ളുന്നു.

ഈ ഇടവകയുടെ സുസ്ഥിരമായ സമാധാനത്തേയും, നാനാമുഖങ്ങളായ അഭിവൃദ്ധികളേയും ആദൎശമാക്കി പല മഹൽകൃത്യങ്ങളും ചെയ്തു പ്രശോഭിച്ചിരുന്ന പരേതനായ ചാവറ പെ. പെ. ബ. പ്രയോർ കുറിയാക്കോസ് ഏലിയാസ് എന്ന വന്ദ്യപുരോഹിതന്റെ അനന്തരാവകാശി എന്ന മഹൽ പദം അവിടുന്ന് അന്വൎത്ഥമാക്കി ചെയ്യുമെന്ന് ഞങ്ങൾ സന്തോഷം ആശിച്ചുകൊള്ളുന്നു.

അവസാനമായി വിജ്ഞാനവിലാസത്താൽ വിശാലഹൃദയനായ്, തപോധനത്താൽ സുപ്രസിദ്ധനായ്, ഭരണതന്ത്രജ്ഞതയാൽ പ്രഖ്യാതനായ്, ആരോഗ്യത്താൽ അനുഗൃഹീതനായ്, പരോപകാര തല്പരതയാൽ സംതൃപ്തനായ്, അവിടുന്ന് അനേക സംവത്സരം ജീവിച്ച് പല നല്ല കാൎയ്യങ്ങളും ഞങ്ങൾക്കും, ഞങ്ങളുടെ സമാജത്തിനും ചെയ്യുന്നതിന് സച്ചിദാനന്ദ സ്വരൂപനെ പ്രാൎത്ഥിച്ചുകൊണ്ട് ഈ സ്വാഗതപത്രം സമാപിപ്പിച്ചുകൊള്ളുന്നു

1919 സെപ്റ്റംബർ 14 സമാജാംഗങ്ങൾ,

കൈയ്യാററിലെ ദേവാലയ സന്ദൎശനം:–

പിറേറദിനമായ സെപ്റ്റംബർ 15-ാംനു മിസ്സം വകയായി കയ്യാററിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള വി. തോമ്മാശ്ലീഹായുടെ ദേവാലയം സന്ദൎശിക്കുന്നതിനായി പോയി. റോമ്മിൽ നിന്നു കൊണ്ടുവന്നിരുന്നതും വി. ശ്ലീഹന്മാരുടെ തിരുശേഷിപ്പുകൾ അടക്കം ചെയ്തിരുന്നതുമായ ഒരു അരുളിക്കാ ദേവാലയത്തിനു സമ്മാനിച്ചു. അന്നുതന്നെ ഇടവകപ്പള്ളിയിലേക്കു മടങ്ങിപ്പോന്നു. കുറെ ദിവസങ്ങൾകൂടി കൈനകരിയിൽ താമസിച്ചു. ഇതിനിടയ്ക്ക് ബന്ധുമിത്രാദികളേയും അവരുടെ വസതികളേയും സന്ദൎശിച്ചശേഷം അരമനയിലേക്കു മടങ്ങിപ്പോയി.

അദ്ധ്യായം. ൧൦.

## ഉദ്യോഗസ്വീകരണം.

വിവിധ ഉദ്യോഗങ്ങൾ:–

1919 ഒക്ടോബർ 14–ാംനു കുര്യാളശ്ശേരി മാർ തോമ്മാമെത്രാനച്ചൻ തിരുമനസ്സുകൊണ്ടു ഫാദർ ജെയിംസ് അവർകളെ തൻെറ സിക്രട്ടറിയായി കല്പിച്ചു നിയമിച്ചു. ഭാരമേറിയ ആ ഉദ്യോഗത്തിനും പുറമേ "വാഴപ്പള്ളി" കന്യകാമഠത്തിൻെറ കപ്പേളാൻ എന്ന അധികാരസ്ഥാനവും ഇദ്ദേഹത്തിനു നല്കി. ആയതു് ഒക്ടോബർ 24–ാംനു ആയിരുന്നു. (ഫാദർ ജെയിംസുകാളാശ്ശേരി അവർകളെ മെത്രാനായി പരിശുദ്ധ പിതാവുതിരുമനസ്സുകൊണ്ടു് കല്പിച്ചുനിയമിച്ചതും ഒരു ഒക്ടോബർ 24–ാംനു തന്നെയാണെന്നുള്ളതു് പ്രത്യേകം സ്മർത്തവ്യമാണു്) ഇതുകൊണ്ടു് ഇദ്ദേഹത്തിൻെറ ജോലി അവസാനിച്ചില്ലാ. മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് ഇദ്ദേഹത്തെ പെററിസിമ്മനാരിയിലെ ലത്തീൻ പ്രൊഫസർ ഉദ്യോഗംക്രുടി വഹിക്കുവാൻ കല്പിച്ചുനിയമിക്കയാണു ചെയ്തതു്. ഇദ്ദേഹത്തിൻെറ അനിതരസാധാരണമായ സാമത്ഥ്യവിശേഷങ്ങൾ കണ്ടു' 1922–ൽ ലത്തീൻ പ്രഫസർ ഉദ്യോഗത്തിൽനിന്നും വിടുത്തി "സെൻറ് ബക്കുമാൻസ് കോളേജിൽ" ലൊജിക്കുപ്രഫ്സറായായിനിയമിച്ചു. നിയമനം ലഭിക്കപ്പെട്ടിട്ടുള്ള എല്ലാ ഉദ്യോഗസ്ഥാനങ്ങളിലും എത്രയും യോഗ്യമായി കൃത്യനിർവ്വഹണം നടത്തി എല്ലാവരുടേയും പ്രത്യേക പ്രശംസയ്ക്കും അഭിനന്ദനത്തിനും പാത്രീഭൂതനായിത്തീന്നു.

ഗ്രന്ഥപരിശോധകൻ:—

മെത്രാനച്ചൻ തിരുമനസ്സിലെ അഭിപ്രായത്തിനും, അംഗീകരണത്തിനും, അനുമതിക്കുമായി വന്നുകൊണ്ടിരുന്ന അനേകം ഗ്രന്ഥങ്ങളുടെ പരിശോധനാകർതൃത്വം ഫാദർ ജെയിംസ് അവർകളിൽതന്നെ ചുമത്തിയിരുന്നു. തൽഫലമായി പരിശോധനാർത്ഥം വന്നുചേരുന്ന പുസ്തകങ്ങളൊക്കെയും ആദ്യന്തം വായിച്ചുതീർക്കേണ്ടതായ ഭാരം പലപ്പോഴും ക്ഷമയോടുകൂടി സഹിക്കേണ്ടതായി വന്നുകൂടിയിട്ടുണ്ട്. ഗ്രന്ഥങ്ങൾ പരിശോധിച്ച് യുക്തിയുക്തം അഭിപ്രായങ്ങൾ രേഖപ്പെടുത്തുവാൻ അദ്ദേഹത്തിനുള്ള വാസന അന്യാദൃശമാണ്. ഇക്കാലത്തിനിടയിൽ ഒരു ഒന്നാംതരം ഗ്രന്ഥപരിശോധകൻ എന്ന പേരിനെ അദ്ദേഹം അർഹിച്ചു കഴിഞ്ഞിരുന്നു. അകത്തോലിക്കരാൽ രചിക്കപ്പെട്ടിട്ടുള്ള ചില പുസ്തകങ്ങളുടെ പരിശോധകത്വം കൂടി വഹിക്കേണ്ടതായി പലപ്പോഴും വന്നിട്ടുണ്ട്.

ഒരു "ഈഴവ"കവിയുടെ 'ഉണ്ണിമിശിഹാ' എന്ന ഖണ്ഡകൃതിയെപ്പററി അഭിപ്രായം രേഖപ്പെടുത്തിയതിൽ "എൻെറനാമം ക്രിസ്ത്യേതരന്മാരാലും പുകഴ്ത്തപ്പെടും" "എന്നു മിശിഹായെ സംബന്ധിച്ചുള്ള ദീർഘദർശനം ഈ കൃതി ഒരിക്കൽകൂടി സാത്ഥീകരിക്കുന്നു." എന്നു പറഞ്ഞിട്ടുള്ളതു് എത്രയോ അത്ഥവത്തായിരിക്കുന്നുവെന്ന് പ്രസ്തുതകൃതി ഒരു പ്രാവശ്യം വായിച്ചിട്ടുള്ളവരോട് പ്രത്യേകം പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലാ. അദ്ദേഹം നല്ല ഒരു എഴുത്തുകാരൻ കൂടിയാണെന്ന് പല പത്രമാസികാദികളിലും കണ്ടിട്ടുള്ള വിവിധ ലേഖനങ്ങളുടെ ആശയഗാംഭീര്യവും, ഗുണവിശേഷവും തെളിയിക്കുന്നു.

വിദേശകത്തുകൾ:—

ഇററാലിയൻ, ലാററിൻ മുതലായ വിവിധ വിദേശഭാഷകൾ അദ്ദേഹത്തിനു വശഗതമായിരുന്നതി


നാൽ പരിശുദ്ധ സിംഹാസനത്തിലേയ്ക്കും, ഇതരരാജ്യങ്ങളിലേയ്ക്കും, അർമനസംബന്ധമായി അയയ്ക്കേണ്ട വിദേശകത്തുകൾ ചമയ്ക്കുന്നതിനുള്ള ഭാരവും മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് ഫാദർ ജെയിംസ് അവർകളിൽതന്നെ ചുമതലപ്പെടുത്തിയിരുന്നു. വിവിധ വകുപ്പുകളിലുള്ള ജോലിയുടെ ബഹുലതമൂലം ഇദ്ദേഹത്തിനു വിശ്രമസമയം വളരെ കുറവായിരുന്നു. തൻമൂലം മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് ദേവാലയസന്ദർശന സന്ദർഭങ്ങളിൽ തൽക്കാല സിക്രട്ടറിമാരെ നിയമിച്ചു കാര്യങ്ങൾ നിർവഹിച്ചുപോന്നു.

പിതൃചരമം:—

ഫാദർ ജെയിംസ് അവർകളുടെ പിതാവിൻെറ രോഗവാർത്ത അദ്ദേഹത്തെ വല്ലാതെ വിഷമിപ്പിച്ചു. രോഗപരിചരണാർത്ഥം ഫാദർ ജെയിംസ് അവർകൾ സ്വഗൃഹത്തിലെത്തി താമസിച്ചുകൊണ്ടിരുന്നു. വാർദ്ധക്യം മൂലവും മററും ക്ഷീണിച്ചു പരവശനായിരുന്ന പിതാവിൻെറ രോഗം ക്രമേണ വർദ്ധിച്ചുകൊണ്ടേയിരുന്നു. 1922 ഒക്ടോബർ 10—ാംനു ഫാദർ ജെയിംസ് അവർകളുടെ പ്രിയ പിതാവ് കാളാശ്ശേരി കുഞ്ഞാക്കോ അവർകൾ അന്ത്യക്രൂദാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു കർത്താവിൽ നിദ്രപ്രാപിച്ചു. സംസ്ക്കാരകർമ്മത്തിൽ ഫാദർ ജെയിംസ് അവർകൾ സ്വഗൃഹത്തിലും മോൺസിഞ്ഞോർ ജെയിക്കബ് കല്ലറയ്ക്കലവർകൾ ദേവാലയത്തിലും പ്രധാനകാർമ്മികരായിരുന്നു.

അകത്തോലിക്കരുടെ ബഹുമാനം:—

പലപ്പോഴും, പല സ്ഥാനങ്ങളിലുംവെച്ചു ചെയ്തിട്ടുള്ള പ്രസംഗങ്ങളും വിശിഷ്യ "കോട്ടയം കോൺഫ്റൻസ്" പ്രസംഗങ്ങളും ഫാദർ ജെയിംസ് അവർക



ഫാദർ ജയിംസ് കാളാശ്ശേരി അവർകളുടെ
പിതാവിൻെറ ശവമഞ്ചം.

ങ്ങളെപ്പററി അകത്തോലിക്കരും ഇതരമതസ്ഥന്മാരുമായ മാന്യന്മാരുടെയിടയിൽ അന്യാദൃശമായ മതിപ്പും, ക്രമാതീതമായ ബഹുമാനവും ഉളവാക്കി. ഏററവും തന്മയത്വത്തോടുകൂടിയും, സാരഗർഭമായും ചെയ്തിട്ടുള്ള പ്രസംഗപരമ്പരകൾ ഇന്നും പലരുടെയും ഹൃത്തടങ്ങളിൽനിന്ന് വിസ്മൃതപ്രായമായിട്ടില്ലാ. സാരതരമായ പല സംശയനിവൃത്തികൾക്കുമായി അകത്തോലിക്കരായ പല മാന്യന്മാർ ഫാദർ ജെയിംസ് അവർകളെ ശരണീകരിക്കയും യുക്തിയുക്തമായ മറുപടികളാൽ തൃപ്തികരമായ സമാധാനം കണ്ടെത്തി പലരും സമാശ്വസിക്കയും ചെയ്തിട്ടുണ്ട്. "കോട്ടയം കോൺഫ്രൻസ്" സുദിനങ്ങളിൽ അകത്തോലിക്കർ ചെയ്തിട്ടുള്ള അനേകം പ്രശ്നങ്ങൾക്ക് അപ്പഴപ്പോൾ മറുപടി കൊടുത്തിട്ടുള്ളതുകൂടാതെ "റസൽമത നിരൂപണം" എന്ന നാമധേയത്തിൽ മതപരമായ ഒരു വിശിഷ്ടഗ്രന്ഥമെഴുതി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നുള്ളതും പ്രകൃത സംഗതിയിൽ അദ്ദേഹത്തിനുള്ള സാമർത്ഥ്യവിശേഷത്തെ വിശദീകരിക്കുന്നു.

~~~~~~~~~~~~~~~~~~~~

അദ്ധ്യായം ൧൧.

---

## മാർ തോമ്മാ മെത്രാനച്ചനുമൊന്നിച്ച് റോമായാത്ര.

രണ്ടാമത്തേ റോമായാത്ര.

കുഞ്ഞാളശ്ശേരി മാർ തോമ്മാ മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് റോമാ യാത്രയ്ക്കായി — അതേ! തന്റെ അന്ത്യയാത്രക്കായി — എഴുന്നെള്ളിയ അവസരത്തിൽ തന്റെ സഹായത്തിനും അന്തിമ ശുശ്രൂഷ
~~~~~~~~~~~~~~~~~~~~

യ്ക്കുമായി തെരിഞ്ഞെടുത്തത് നമ്മുടെ വന്ദ്യവൈദികരത്നമായ ഫാദർ ജെയിംസ് അവർകളെ തന്നെയായിരുന്നു. 1925 മാർച്ച് 18–ാംതീയതിയിലത്രെ ഇവർ റോമിലെയ്ക്കു യാത്രതിരിച്ചത്. ഈ സ്മരണീയ യാത്രയുടെ ആദ്യന്തം സസൂക്ഷ്മം പരിശോധിക്കുന്നതയാൽ തിരുമനസ്സുകൊണ്ടു തന്റെ അനന്തരഗാമിയായി ഫാദർ ജയിംസ് അവർകളെ കാലെക്കൂട്ടി കരുതിയിരുന്നു എന്നു സ്പഷ്ടമായി വെളിവാകുന്നതാണ്. റോമിലെത്തി മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു ആദ്യവും, ഫാദർ ജെയിംസ് അവർകളെ കൂട്ടിക്കൊണ്ടു രണ്ടാമതും പരിശുദ്ധ പിതാവിനെ സന്ദർശിച്ചു. അതിനുശേഷം തിരുമനസ്സുകൊണ്ടു ഫാദർ ജെയിംസ് അവർകളുമൊന്നിച്ചു തന്റെ പരിചയക്കാരും ഇഷ്ടന്മാരുമായ കർദ്ദിനാളന്മാരുടെയും മെത്രാന്മാരുടെയും വസിതികളിൽപോയി അവരെ സന്ദർശിക്കുകയും അവർക്കു ഫാദർ ജെയിംസ് അവർകളെ പ്രത്യേകമായി പരിചയപ്പെടുത്തി കൊടുക്കുകയും ചെയ്തു. യാത്രാവാർത്തകളെപ്പററി ഫാദർ ജെയിംസ് അവർകൾ എഴുതിയിരുന്ന. ചിലകത്തുകൾ താഴെച്ചേർക്കുന്നു.

യാത്രാവാർത്തകൾ:—

ഹിയും സ്റ്റീമർ,
ഏപ്രിൽ 6– തിങ്കളാഴ്ച.

എ. പെ. പെ. ബ: മെത്രാനച്ചൻ മേല്പറഞ്ഞ ഇററാല്യൻ കപ്പലിലാണ് യാത്രതിരിച്ചിരിക്കുന്നത്.

ഇന്നുരാത്രി 8–മണിക്ക് ഞങ്ങൾ കൊളമ്പിൽനിന്ന് പുറപ്പെടും. 30–ാംനു-യോടുകൂടി റോമ്മിൽ എത്തുമെന്നു പ്രതീക്ഷിക്കുന്നു.

കഴിഞ്ഞമാസം 18–ാംനു- യാണല്ലോ ഞങ്ങൾ ചങ്ങനാശ്ശേരിൽനിന്നും തിരിച്ചത്. അനന്തരം ഒരാഴ്ച

കൊല്ലത്തും, പിന്നീട് ഒരാഴ്ച കാണ്ടിയിലും താമസിക്കേണ്ടതായിവന്നു. കപ്പൽ വന്നെത്താഴ്കയാൽ കഴിഞ്ഞ ഒരാഴ്ച ഇവിടെ കൊളമ്പിൽ മെത്രാപ്പോലീത്താച്ചന്റെ അരമനയിലായിരുന്നു താമസം. എല്ലാസ്ഥലങ്ങളിലും അത്യന്തം ദയാപൂർവ്വം ഞങ്ങളെ സ്വീകരിച്ചു സൽക്കരിച്ചു. മെത്രാനച്ചനു സുഖംതന്നെ. വരാപ്പുഴനിന്ന് രണ്ടു വന്ദ്യ മിഷ്യനറിമാരും ഞങ്ങളോടുകൂടിയുണ്ട്. മടങ്ങി വരുന്നതുവരെ എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കണമെന്നു മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് വീണ്ടും ഓർപ്പിക്കയും തന്റെ ജനങ്ങളേയും, രൂപതയിലെ എല്ലാസ്ഥാനങ്ങളേയും ആശീർവ്വദിക്കുന്നതായി അറിവിക്കയും ചെയ്തുകൊള്ളുന്നു.

ഫാദർ ജെയിംസ് കാളാശ്ശേരി.

എയ്ഡൻ,
ഏപ്രിൽ 15.

ഞങ്ങൾ കപ്പൽ കയറുന്നതിനു മുൻപ് കൊളമ്പിൽനിന്നയച്ച എഴുത്തുകിട്ടിയിരിക്കുമല്ലൊ. അനന്തരമുള്ളയാത്ര ദൈവസഹായത്താൽ ആകപ്പാടെ സുഖകരമായിരുന്നു. ഇന്നുകാലത്ത് 7 മണിയോടെ ഞങ്ങൾ എയ്ഡൻ തുറമുഖത്തു വന്നുചേർന്നു. കൊളമ്പിൽനിന്നു മാർച്ച് 25—ാംനു നീക്കേണ്ടിയിരുന്ന ഈ കപ്പൽ അവിടെനിന്ന് ഏപ്രിൽ 6—ാംനു രാത്രി 10—മണിക്ക് മാത്രമാണ് പുറപ്പെട്ടതു്. കച്ചവടക്കപ്പലുകളുടെ ഗതി എല്ലാസ്ഥലത്തും ഇങ്ങനെതന്നെയാണ്. ഇടയ്ക്കു പലസ്ഥലങ്ങളിലും അടുക്കുകയും ചരക്കിന്റെ സൗകര്യംപോലെ സമയം മാറുകയും ചെയ്യാതെ അവക്കു നിവൃത്തിയില്ലാ. ആകയാൽ കൃത്യസമയത്തു യാത്ര ആരംഭിച്ച് അവസാനിപ്പിക്കണമെന്നുള്ളവർ ഇത്തരം കപ്പലിൽ സാധാരണ സഞ്ചാരം ചെയ്കയില്ലാ. വേറെകപ്പൽ ഒത്തുകിട്ടാഞ്ഞ

തുകൊണ്ട് ഞങ്ങൾ ഇതിൽ കയറിപ്പാററിയെന്നേയുള്ളു. എങ്കിലും അതുകൊണ്ട് ഞങ്ങൾക്കൊരു ഗുണം സിദ്ധിച്ചില്ലെന്നില്ലാ. 200 യാത്രക്കാൎക്ക് സൌകൎയ്യമുള്ള ഈ കപ്പലിൽ ഇത്തവണ 60 പേരാണ് യാത്രചെയ്യുന്നതു്. അതിനാൽ സ്ഥലസൌകൎയ്യവും മററും ധാരാളമുണ്ട്.

ഈ കപ്പൽ ഇത്താലിയൻകമ്പനിക്കാരുടെ വകയാകുന്നു. പേരു് "ഫ്യും" എന്നാണ്. തൂക്കം 12000-ടൺ ആണത്രെ. നീളവും മററും കൃത്യമായി അളന്നുനോക്കാൻ എനിക്കു സൌകൎയ്യപ്പെട്ടിട്ടില്ലാ. എങ്കിലും ചങ്ങനാശ്ശേരി അരമനയുടെ അഞ്ചിരട്ടി നീളം കണക്കാക്കാം, വീതിയും, പൊക്കവും അരമനയുടേതിൽ ഒട്ടും കുറവില്ലാ. 10ൽ മയിൽ വീതം മണിക്കൂറൊന്നിന് ഓടുന്നുണ്ട്. കൊളമ്പിൽനിന്ന് 2905-മയിൽ ദൂരമുള്ള ഈ തുറമുഖത്തു എട്ടരദിവസംകൊണ്ടാണ് ഞങ്ങൾവന്നു ചേൎന്നതു്.

ഇനി, യാത്രക്കാരെസംബന്ധിച്ച് രണ്ടുവാക്കു പറയാം. ഞങ്ങളുടെക്കൂടെ രണ്ടുമിഷ്യനറിമാർ യാത്രചെയ്യുന്നുണ്ടെന്നെഴുതിയിരുന്നല്ലോ. അവരിലൊരാൾ പുത്തൻപള്ളിസെമിനാരിയിൽ വേദശാസ്ത്രം പഠിപ്പിക്കുന്ന റവ. ഫാദർ സബീനോ അവർകളാണ്. വരാപ്പുഴ അതിരൂപതയിൽപെട്ട ചാത്തിയാത്തുപള്ളി വികാരിയാണ് മറേറദേഹം. ഇവരെക്കൂടാതെ 10 ഇംഗ്ലീഷ്കാരും 6 ജൎമ്മൻകാരും 8 സ്വീസർലാൻഡുകാരും 31 ഇത്താല്യൻകാരും, ഒരു ചൈനാക്കാരനും, ഞങ്ങളുടെ ക്ലാസിൽതന്നെ യാത്രചെയ്യുന്നുണ്ട്. എല്ലാവരും തന്നെ ഇംഗ്ലീഷ് ഒരുവിധം സംസാരിക്കുന്നവരാണ്, ചൈനാക്കാരനാണ് എൻെറ പ്രത്യേക സ്നേഹിതൻ. ഇംഗ്ലീഷ് ഭാഷയിലെ പദങ്ങൾ ഒട്ടുമുക്കാലും അയാൾക്കറിയാം. എങ്കിലും ശബ്ദവും, വ്യാകരണവും വലിയനിശ്ചയമില്ലാ. "Our foods are most good" "I goes to German" "Look! how many

water in the Sea" you is Roman Catoric religon" There are plenty Roman Catorics in China" ഇത്തരത്തിലാണ് കൂട്ടൻെറ ഭാഷ. ആകപ്പാടെ നല്ല നേരമ്പോക്കുണ്ട്.

യാത്രയുടെ സ്ഥിതിയെപ്പററി പറയുന്നതായാൽ, കടൽരോഗം ഏതാനും ചില ധാരശാണിമാരെയല്ലാതെ മററാരെയും ഇതേവരെ ബാധിച്ചിട്ടില്ലാ. അതുകൊണ്ടു വലിയ ഛർദ്ദിയും, ബഹളവും കൂടാതെ കഴിഞ്ഞുകൂടിയതു് ഭാഗ്യംതന്നെ. കൊളമ്പുതുറമുഖം വിട്ടു രണ്ടുദിവസം കഴിഞ്ഞപ്പോൾ "മിനോക്കായി" എന്ന ദ്വീപ് ഞങ്ങളുടെ ദൃഷ്ടിക്ക് വിഷയീഭവിച്ചു. പിന്നെനാലഞ്ചുദിവസത്തേയ്ക്കു് നാലുചുററും സമുദ്രമല്ലാതെ വേറെ ഒന്നും കാൺമാനില്ലായിരുന്നു. എങ്കിലും ഇൻഡ്യയിലേക്ക് ഓടുന്നചില കപ്പലുകളുടെ കാഴ്ച ദിവസേന ഞങ്ങളെ സന്തോഷിപ്പിക്കാതിരുന്നില്ലാ. സൂര്യചന്ദ്രന്മാരുടെ ഉദയാസ്തമയങ്ങളും സമുദ്രസ്നാനങ്ങളും കപ്പലിൽ നിന്നാൽ സാക്ഷാൽ ദർശിക്കേണ്ട ഒരു കാഴ്ചതന്നെ. ഇവിടെ എത്തുന്നതിനു രണ്ടുദിവസംമുമ്പ് വീണ്ടും കരകാണപ്പെട്ടു. സോക്കാട്രായും അരിനാട്ടുള്ളചില ദ്വീപുകളും ആഫ്രിക്കായുടെ ഒരു ഭാഗവും കണ്ടുതുടങ്ങി. വെറും പാറയല്ലാതെ യാതൊരു വൃക്ഷവും കാൺമാനില്ലായിരുന്നു.

കപ്പലിലെ ഞങ്ങളുടെ ജീവിതരീതി സംബന്ധിച്ചുകൂടി അല്പം പറഞ്ഞേക്കാം. കാലത്തു 5ൽ മണിക്ക് എല്ലാവരും ഉണരുന്നു. 7 മണിക്ക് കാപ്പി അല്ലെങ്കിൽ ചായ. പിന്നെ 8ൽമണിക്കു പാലും ലഘുഭക്ഷണവും ഉച്ചകഴിഞ്ഞു 1 മണിക്കു ഡിനർ. അതുകഴിഞ്ഞുറക്കം. 4മണിക്കു കാപ്പി, വെണ്ണ. 7 മണിക്ക് വലിയഡിന്നർ, 9ൽ മണിക്ക് ഉറക്കത്തിനു മണി അടിക്കുന്നു. കുളി കാലത്തു് 5ൽ മുതൽ സന്ധ്യക്ക് 6ൽ മണിവരെയുള്ള ഏതു സമയത്തുമാകാം. കുളിമുറി 10–ൽ കുറയാതെയുണ്ട്. അതിനും പുറമെ നീ

ന്തിക്കുളിച്ചു കളിക്കണമെങ്കിൽ അതിനായി ഒരു വലിയ തടാകത്തിൽ വെള്ളം കെട്ടിനിറുത്തിയിട്ടുണ്ട്. ചൂടുവെള്ളത്തിൻ ഒരു പ്രയാസവുമില്ലാ. തീക്കപ്പലിലാണല്ലൊ വാസം.

ഞങ്ങൾ നാലുപേരും ദിവസേന ദിവ്യപൂജ അപ്പിക്കുന്നുണ്ട്. സൌകര്യപ്രദമായ ഒരു മുറി കാലത്തു് 8ൽ മണിവരെ തങ്ങളുടെ ഉപയോഗത്തിനായി കപ്പിത്താൻ സദയം വിട്ടുതന്നിരിക്കയാണ്. ഉയിപ്പുദിവസം ഉച്ചക്കുമ്പാന 9ൽ മണിക്കായിരുന്നു. കപ്പൽ ജോലിക്കാരും, യാത്രക്കാരുമുൾപ്പടെ 120 പേർ പൂജസമയത്തു ഹാജരുണ്ടായിരുന്നു. അന്നു് ദൈവസഹായത്താൽ കടൽ നിശ്ശേഷം ശാന്തമായിരുന്നു. "നിങ്ങൾക്കു ശാന്തി" എന്നു ദിവ്യരക്ഷകൻ ഉയിപ്പുദിവസം അപ്പസ്തോലന്മാരോടു് അരുളിച്ചെയ്ത വചനങ്ങൾ ഞങ്ങളെ സംബന്ധിച്ചും അന്നു് യഥാൎത്ഥത്തിൽ സഫലീഭവിച്ചു. കപ്പൽ തുറമുഖത്തുനിന്നു വിടാറായിരിക്കുന്നു. ആകയാൽശേഷം അടുത്തതിലാകാമെന്നു വിചാരിക്കുന്നു. ഇനി ഏഴുദിവസം ചെങ്കടലിലത്രെ ഞങ്ങൾ യാത്രകഴിക്കേണ്ടതു്. മൂശനിവ്യാ ഞങ്ങളുടെ വഴികാട്ടി ആയിരിക്കട്ടെ. നമ്മുടെവന്ദ്യപിതാവിന് മക്കളുടെ അപേക്ഷനിമിത്തം വളരെ സുഖമാണ്. ഇനിയും അവരുടെ അപേക്ഷയിൽതന്നെ ശരണംവച്ചുകൊണ്ടു് പിതാവു് എല്ലാവരെയും ആശീൎവ്വദിക്കുന്നതായി കല്പിച്ചിരിക്കുന്നു.

ഫാദർ ജെയിംസ് കാളാശ്ശേരി.

അലക്സാണ്ട്റിയാ,

ഏപ്രിൽ—24.

ഏഡനിൽ നിന്നും 15—ാം തീയതി അയച്ച കത്തു് അവിടെ കിട്ടിയിരിക്കുമെന്നു് വിശ്വസിക്കുന്നു. അന്നേദിവസം തന്നെ ഉച്ചതിരിഞ്ഞു് 2—മണിയോടു

കൂടി ഏഡൻ തുറമുഖത്തോടു ഞങ്ങൾ യാത്രപറഞ്ഞു. അറേബ്യായുടെ കന്യാകുമാരിയായ ഏഡൻ പണ്ടു് അറബികളുടെ കൈവശമായിരുന്നു. 2. ശതകങ്ങൾക്കുമുമ്പ് പോർത്തുഗീസുകാർ ഇൻഡ്യയിൽനിന്നു് 20 യുദ്ധക്കപ്പലുകളുമായി ഏഡനിൽ എത്തി അതിനെ പിടിച്ചടക്കുവാൻ ശ്രമിക്കാതിരുന്നില്ലാ. എന്നാൽ പ്രകൃതിയാലെതന്നെ ഒരുകോട്ടപോലെ നിർമ്മിതമായിരിക്കുന്ന ഈ തുറമുഖം അറബികളിൽനിന്നു് എടുക്കുന്നതിനു അവർക്കു സാധിച്ചില്ലെങ്കിലും ഇംഗ്ലീഷ്കാർ ചില നയങ്ങൾ പ്രയോഗിച്ചു് പ്രസ്തുത കോട്ട അവരുടെ സ്വന്തമാക്കി. ഇപ്പോൾ ബോംബെ ഗവർമ്മെണ്ടിൻെറ കീഴിലാണ് ഏഡൻ സ്ഥിതിചെയ്യുന്നതു്. ഇൻഡ്യൻ സ്റ്റാമ്പുകൾതന്നെയാണ് ഇവിടെയും പ്രചാരം.

17-ാംനു ഞങ്ങൾ ഇത്താല്യരുടെ വകയായ "മസ്സോവാ" എന്ന സ്ഥലത്തെത്തി. ചെങ്കടലിൻെറ പടിഞ്ഞാറെ തീരത്തു് ഏഡനിൽനിന്നു് 400 നാഴിക അകലെആയി ആഫ്രിക്കാഖണ്ഡത്തിൽ പുതുതായി തുറക്കപ്പെട്ടിരുന്ന പട്ടണമാണ് മസ്സോവാ. ഇവിടെ ഉഷ്ണം മഹാശക്തിയാണ്. സ്വദേശികൾ കാപ്പിരികളത്രെ. കപ്പലിൻെറ ഇരുവശത്തുമായി കാപ്പിരിക്കുട്ടികൾ നീന്തിവരും. അപ്പോൾ യാത്രക്കാർ ധർമ്മമായി നാണയങ്ങൾ അവർക്ക് കടലിലേയ്ക്കു് എറിഞ്ഞുകൊടുക്കുക പതിവുണ്ടു്. അതനുസരിച്ചു് ഒരു നാണയമെടുത്തു് വന്ദ്യപിതാവിൻെറ കല്പനപ്രകാരം ഞാൻ കടലിലേയ്ക്കു് എറിഞ്ഞു. ഘനംനിമിത്തം ആയതു് കടലിൽ വളരെ താണുപോയി. എങ്കിലും കാപ്പിരിക്കുട്ടി മുങ്ങിചെന്നു് അതെടുത്തുകൊണ്ടു് കപ്പലിൻെറ മറുവശത്തു് പൊങ്ങി ചിരിച്ചുകാണിച്ചപ്പോൾ എല്ലാവരും ഒന്നാകെ ചിരിക്കാതിരുന്നില്ലാ.

17-ാംനു തന്നെ രാത്രിയിൽ 9- മണിക്ക് മസ്സോവായിൽനിന്നു് കപ്പൽ "സൂവെസ്സി"ലേക്കു തിരിച്ചു.

ചെങ്കടലിൻെറ മുക്കാൽഭാഗം ഇനിയും കിടപ്പുണ്ടല്ലോ എന്നു ഞങ്ങൾ വ്യസനിച്ചു. ചെങ്കടലിൻെറ നിറം ചെങ്കല്ലുപോലെയാണെന്നു് ആരും വിചാരിച്ചുപോകരുതു്. അല്പം ചുമപ്പുനിറമുള്ള കുറെ പ്രാണികൾ തീരത്തിനടുത്തു് കടലിൽ കാണാനുണ്ടെന്നുള്ള ഏക കാരണത്താലത്രെ ചെങ്കടൽ എന്ന പേരു് അതിനു സിദ്ധിച്ചതു്.

എന്നാൽ കരയിൽനിന്നു് അല്പം മാറി നോക്കിയാൽ ചെങ്കടൽ കരിങ്കടലിനേക്കാൾ കറുത്തതാണു്. ഇതേവരെ ശാന്തമായിരുന്ന ഈ സമുദ്രം പെട്ടെന്നു് ഞങ്ങളോടു് കോപിക്കുവാൻ തുടങ്ങി. "യോനാ" ദീർഘദർശിയെപ്പോലെ എനിക്കു ചില സംശയങ്ങളും ഉണ്ടായില്ലെന്നില്ലാ. ഈ കോപം നാലരദിവസത്തേക്കു ദീർഘിച്ചു. കടൽ ദീനം പലരേയും ബാധിച്ചു. അതു് മെത്രാപ്പട്ടത്തോടുംമററും പ്രത്യേക ബഹുമാനം ഒന്നും കാണിച്ചില്ലാ. എന്നാൽ സൂവസ്സ് കനാലിൽ കയറിയപ്പോൾ എല്ലാവക്കും സുഖവും സന്തോഷവുമായി.

22-ാംനു ബുധനാഴ്ച വെളുപ്പിനു് 1— മണിക്കു് സൂവസ്സ് കനാലിൻെറ വാതിൽക്കൽ ഞങ്ങൾ ഒരുവിധത്തിൽ ചെന്നു ചേന്നു. കാലത്തു് 6— മണിക്കു് കനാലിലേക്കു പ്രവേശിച്ചു. സൂവസ്സ് കനാലിനെ സംബന്ധിച്ചു് കേട്ടിട്ടില്ലാത്തവരില്ലായിരിക്കും. അതു് പണിയുന്നതിനു് ഭരമേററ എൻജനീയർ ഒരു ഉത്തമ കത്തോലിക്കനായിരുന്നു എന്നു് അറിഞ്ഞിട്ടുള്ളവർ ചുരുക്കമാണു്. ഫ്രാൻസുകാരനായ Ferdinand De Lessopos ൻെറ നേതൃത്വത്തിലാണു് ഈ ബ്രഹ്മാണ്ഡമായ കനാൽ നിമ്മിതമായതു്. ഇദ്ദേഹത്തിൻെറ ഒരു മാർബിൾ പ്രതിമ കനാലിൻെറ വടക്കേ അററമായ പോർട്ട്സെഡ് തുറമുഖത്തു് എവക്കും ദൃശ്യമായ ഒരു സ്ഥാനത്തു് സ്ഥാപിച്ചിട്ടുണ്ടു്. ഏകദേശം 90— മയിൽ നീളമുള്ള ഈ തോടു് രണ്ടു മഹാസമുദ്രങ്ങളെ യോജിപ്പിക്കുന്നു. വീതി 145— അടിയാണു്. ഇതിലേ

ക്രൂടി രണ്ടു കപ്പലുകൾക്ക് ഒരേ സമയത്ത് പാരായി മു
മ്പോട്ടു പോകുവാൻ പാടില്ലാ. എതിരുവശത്തുനിന്നും
ഒരു കപ്പൽ ക്രൂടിവന്നാൽ രണ്ടിൽഒന്നു നിറുത്തേണ്ടിവ
രും. കനാലിൻെറ താഴ്ച 35– അടിയിൽ കുറയുകയില്ലാ.
55– വത്സരത്തിനു മുമ്പാണ് ഇതു വെട്ടിത്തീൎന്നത്. ഇതി
ൻെറ ഉടമസ്ഥത യാതൊരു ഗവണ്മേണ്ടിലുമല്ലാ സ്ഥിതി
ചെയ്യുന്നത്. ഒരു കോടി പവൻ മൂലധനമുള്ള ഒരു ഫ്റ
ഞ്ച് കമ്പനി വകയായിട്ടാണ് ഇതു് ഇരിക്കുന്നത്. 25–
ലക്ഷം പവൻ ആണ്ടുതോറും അവൎക്ക് ഇതിൽനിന്നും ആ
ദായം കിട്ടുന്നുണ്ടത്രെ. കഴിഞ്ഞയാണ്ടിൽ 4500 കപ്പലു
കൾ ഇതിലേക്രൂടി കടന്നുപോയിട്ടുണ്ട്. ഒരു പ്രാവശ്യം
ഒരു സാധാരണ കപ്പൽ ഇതിലേ കടന്നുപോകുന്നതിനുള്ള
നികുതി 1000 പവനാണ്. ഞങ്ങളുടെ കപ്പൽ 1500
പവൻ എണ്ണി വെളുപ്പിനു കൊടുത്തതിനു ശേഷമാണ്
കനാലിലേക്കു പ്രവേശിച്ചതു്. കനാലിൻെറ ഇരുവശത്തു
മുള്ള കാഴ്ച മനോഹരമാണ്. 4– ചെറിയ കായലുകളെ
ഈ തോടു യോജിപ്പിക്കുന്നു. അവയിൽ ഒന്ന് നമ്മുടെ
വേമ്പനാട്ടുകായലിനു സമമാണ്. അതിൻെറ പേരു്,
"Bitter Lake" കൈപ്പുകായൽ എന്നാണ്. പൂൎവികന്മാർ
ഇതിനെ "യേറോപ്പോളിസ് കടൽ" എന്നു വിളിച്ചിരു
ന്നുവത്രെ.

ഇതിലേക്രൂടിയാണ് ഇസ്രായേൽക്കാർ മൂശയുടെ
നേതൃത്വത്തിൽ മെസ്രേൻരാജ്യത്തിൽനിന്ന് ഓടിപ്പോയ
തെന്ന് ആധുനികപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.
ഈ കായലിൽ നാട്ടിനിറുത്തിയിരിക്കുന്ന അനേകായിരം
കുറികളുടെ മേൽഭാഗങ്ങൾ ദൂരെനിന്നു നോക്കിയാൽ
പറവോൻെറയും, ക്രൂട്ടുകാരുടെയും തൊപ്പികളാണെന്നു
തോന്നിപ്പോകും. ഇസമലി, കൺന്താറാ, എന്ന പേരു
ള്ള രണ്ടു പ്രസിദ്ധമായ പട്ടണങ്ങൾ ഈ കനാലിൻെറ
തീരത്താകുന്നു. കഴിഞ്ഞ യുദ്ധത്തിനിടയ്ക്കു് തുൎക്കിയുമായി

ഇംഗ്ലീഷ്കാർ രണ്ടുമൂന്നു വലിയ സമരങ്ങൾ നടത്തിയിട്ടുണ്ട്. മൃതിപ്പെട്ട 1700 ആസ്ട്രേലിയൻ യോദ്ധാക്കളുടെ ശവകുടീരങ്ങൾ കൺന്താറായിൽ കാണ്മാനുണ്ട്. 15 മണിക്കൂർകൊണ്ട് കനാലിൻെറ വടക്കേ അററമായ പോർട്ട്സെഡിൽ ഞങ്ങൾ രാത്രി 9 മണിക്ക് എത്തി. ഈ തുറമുഖം മെഡിററേനിയൻ സമുദ്രത്തെ ദർശിച്ചുകൊണ്ടാണ് സ്ഥിതി ചെയ്യുന്നതു്. ഇവിടെ നമ്മുടെ ബ്രിട്ടീഷ്ഗവമ്മേണ്ടിൻെറ കൊടി പൊങ്ങിപ്പറന്നു. കപ്പൽ അല്പം വിശ്രമിച്ച് കൽക്കരി മുതലായ അതിൻെറ ഭക്ഷണസാധനങ്ങളും ശേഖരിച്ച് പാതിരാകഴിഞ്ഞു് അലക്സാണ്ടറിയാ തുറമുഖത്തേക്ക് യാത്ര ആരംഭിച്ചു. അരദിവസം കൊണ്ട് ഇവിടെ എത്തി. ഇവിടെനിന്നും കുറെ അധികം കച്ചവടച്ചരക്കുകൾ കയറാനുള്ളതിനാൽ രണ്ടുദിവസം കപ്പൽ ഇവിടെ തങ്ങുകയാണ്. ഞങ്ങൾ കരയ്ക്കിറങ്ങി പ്രസിദ്ധമായ "കെയിറോ" പട്ടണത്തിലേക്ക് മോട്ടോർപിടിച്ച് ഒരു സവാരി കഴിച്ചു. 3 മണിക്കൂറോളം വേണം കെയിറോയിൽ എത്തുന്നതിന്. പിരമെഡ്സാണല്ലൊ കെയിറോയിലെ പ്രധാന കാഴ്ച. ഉയരത്തിലും പ്രകൃതത്തിലും മലപോലെ പണിതിട്ടുള്ള ശവകുടീരങ്ങളാണ് ഈ പിരമെഡ്സ്. 4500 വത്സരങ്ങൾക്കു മുമ്പ് ഈജിപ്തിലെ രാജാക്കന്മാർ തങ്ങളുടെ മുൻഗാമികളുടെ ഓർമ്മയ്ക്കായിട്ടുണ്ടാക്കിയ ഈ നിത്യസ്തംഭങ്ങൾ അത്യന്തം വിസ്മയകരംതന്നെ. ഒരു പൊട്ടുപോലും ഇതിൽ ഇതേവരെ ഉണ്ടായതായറിവില്ല. ശേഷം പിന്നാലെ. വന്ദ്യപിതാവിന് സുഖമാണ്. എല്ലാവരുടേയും അപേക്ഷ ആവശ്യപ്പെടുന്നു.

ഫാദർ ജെയിംസ് കാളാശ്ശേരി.

ബ്രിണ്ടീസി.
28. 4. 925.

അലക്സാന്ത്ര്യായിൽ നിന്ന് എഴുതിയ കത്തു് കിട്ടിയിരിക്കുമല്ലോ. അവിടെ മൂന്നു ദിവസം ഞങ്ങളുടെ കപ്പൽ അടിഞ്ഞു കിടന്നതിൻെറ ശേഷം 25-ാംനു ബ്രിണ്ടീസിലേക്കു തിരിച്ചു.

അലക്സാന്ത്ര്യാ പട്ടണത്തെ സംബന്ധിച്ചു് രണ്ടുവാക്കു് ഇവിടെ എഴുതുന്നതു് അസ്ഥാനത്തായിരിക്കയില്ലാ. മഹാനായ അലക്സാണ്ടർ മഹാരാജാവാണ് ഈ പട്ടണത്തിനു് അടിസ്ഥാനമിട്ടതു്. വി. പത്രോസ് ശ്ലീഹാ റോമ്മായിൽ നിന്ന് തൻെറ പ്രിയ ശിഷ്യനായ വി. മർക്കോസ് സുവിശേഷകനെ അലക്സാന്ത്ര്യായിലേക്കു് വേദമറിയിക്കുവാനയച്ചു. തന്നിമിത്തം റോമ്മായും, അന്ത്യോക്ക്യായും കഴിഞ്ഞാൽ ഏററവും പ്രസിദ്ധപ്പെട്ട പത്രിയാർക്കേയിററ് അലക്സാന്ത്ര്യാ ആയിത്തീൎന്നു. ഒരിജിൻ മുതലായ വേദശാസ്ത്രികൾ അലക്സാന്ത്രിയൻ സർവ്വകലാശാലയിലെ ഗുരുക്കൾ ആയിരുന്നു. നിർഭാഗ്യവശാൽ എവുത്തെക്കിയൂസിൻെറ ഇടതുട്ടിൽ അലക്സാന്ത്രിയൻ സഭ വീണുപോയി. അധികം താമസിയാതെ മഹമ്മദീയർ പ്രസ്തുത സഭയെ വിഴുങ്ങുകയും ചെയ്തു. പണ്ടത്തെ ഭ്രഗർഭക്കുടിരങ്ങൾ ഇവിടെയും കാണാനുണ്ടു്.

ഇപ്പോൾ ബ്രിട്ടീഷ്കാരുടെ സംരക്ഷണയിലാണ് (എജിപ്റ്റ് രാജ്യമാസകലമെന്നപോലെ അതിൻെറ പ്രധാന തുറമുഖമായ) അലക്സാന്ത്ര്യാ സ്ഥിതിചെയ്യുന്നതു്. മദ്രാസും, ബോംബയും ഒന്നിച്ചുചേൎന്നാൽ കൂടെയും അലക്സാന്ത്ര്യായുടെ വലിപ്പം വരുകയില്ലാ. കടലോരത്തു ഒരു 15 മയിൽ നീളത്തിൽ അഞ്ചുമാറും നിലകളുള്ള കെട്ടിടങ്ങൾ പണിതിരിക്കുന്നു. തുറമുഖത്തു് 500 കപ്പലുകൾക്കു നിഷ്പ്രയാസം വിശ്രമിക്കാം. ഈ ഹാർബർ ഈശ്വരനിർമ്മിതമല്ലാ. കുട്ടനാട്ടുപോലെ മനുഷ്യ

നാൽ ഇല്ലായ്മയിൽ നിന്ന് ഉണ്ടാക്കപ്പെട്ടതാണ്. കടലിൽ കരിങ്കൽചിറയിട്ട് 12 മയിൽ നീളവും 3 മയിൽ വീതിയുമുള്ള ഒരു മഹാ തടാകമാണ് ബ്രിട്ടീഷ്കാർ ഇവിടെ പണുതിട്ടുള്ളത്. ഇത്രയും വലിപ്പവും, ഭംഗിയുമുള്ള മറെറാരു തുറമുഖം മദ്ധ്യധരണി സമുദ്രതീരത്തിലില്ല തന്നെ.

ഇവിടെ മൂന്ന ദിവസം താമസമുള്ള സ്ഥിതിക്ക് ഈ വലിയ നഗരത്തിലൊന്നിറങ്ങി സഞ്ചരിക്കേണ്ടതാണല്ലോ എന്ന ഞങ്ങൾ നാലുപേരും (രണ്ടു മൂപ്പച്ചന്മാർ) കൂടി ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു മുസ്ലീം ഞങ്ങളുടെ പക്കൽ വന്ന് Good morning Sirs, you like going and seeing the city? പട്ടണം കാണുന്നില്ലേ എന്നും മററും ചോദിച്ചു. ഞങ്ങൾക്ക് "കെയിറോ" വരെ പോയാൽ കൊള്ളാമെന്ന് ഞങ്ങൾ ഉത്തരം പറഞ്ഞു. "Very good, Ali Muslim will take you" വളരെ നല്ലത് ആലി മുസ്ലീം (പുള്ളിയുടെ പേര്) നിങ്ങളെ കൊണ്ടുപോകാം എന്നായി. എന്തു വേണമെന്ന ഞങ്ങൾ ചോദിച്ചു. "എട്ടുപവൻ മതി. ആലിമുസ്ലീം അസത്യം പറയുകയില്ലാ, അള്ളായ്ക്കു അതറിയാം. അള്ളാ എന്നെ സ്നേഹിക്കുന്നു. ആലിമുസ്ലീം നല്ലആളാണ്". എന്ന മുസ്ലീം മറുപടി പറഞ്ഞു. ഞങ്ങൾ ഈ കാര്യം കപ്പിത്താനെ അറിവിച്ചു. "കുറച്ചു പറഞ്ഞുനോക്കുക ചിലപ്പോൾ പകുതിക്കു സമ്മതിച്ചേക്കുമെന്ന്" ഉപദേശിച്ചു. വളരെ തക്കം കഴിഞ്ഞതിൻെറ ശേഷം മുസ്ലീം 4 പവനു സമ്മതിച്ചു. ഇതു വളരെ ലാഭമാണെന്ന് പലരും ഞങ്ങളോടു പറഞ്ഞു. "കെയറോ"പട്ടണം 60 നാഴിക അകലെയാണ്. അവിടെവരെ മോട്ടോർ കാറിൽ പോയി ആ പട്ടണം മുഴവൻ കാണിച്ചതിൻെറ ശേഷം തിരിയെ വന്ന് അലക്സാന്ത്ര്യായും മുഴവൻ ചുററി കാണാമെന്നാണ് മുസ്ലീമിൻെറ ഉടമ്പടി. പണം തിരിയെ കപ്പലിൽ വന്നിട്ട് കൊടുത്താൽ മതി

യെന്നു മുസ്ലീം സമ്മതിച്ചു. അയാളുടെ തൊപ്പിയും, വടിയും സ്വമനസ്സാലെ ഉറപ്പിനായിട്ട് കപ്പിത്താനെ ഏല്പിച്ചു. ഉടനെ ഞങ്ങൾ നാലുപേരും ഒന്നിച്ച് അയാളുടെ വള്ളത്തിൽ കയറി കരയ്ക്കിറങ്ങി. വള്ളക്കാരുടെ കൂലി കൊടുക്കുന്നതിനും മററുമായി ഒരു പവൻ ഞങ്ങളോടു വായ്പവാങ്ങിച്ചു. ഉടമ്പടിക്ക് വ്യത്യാസമാണല്ലോ എന്ന് വിചാരിച്ച് അല്പം വൈമനസ്യത്തോടെയാണ് ഈ ഒരു പവൻ ഞങ്ങൾ കൊടുത്തതു്. കരയിലിറങ്ങിയ ഉടനേ അരമയിലോളം ഞങ്ങളെ കാൽനടയായി എവിടെയോ കൂട്ടിക്കൊണ്ടുപോയി. മോട്ടോർകാർ എവിടെ എന്നു ഞാൻ ചോദിച്ചു. അതിന്,ഇന്നു മഹമ്മദീയരുടെ നോമ്പു വീടുകയാൽ വലിയ കൂലിയാണ്. നമുക്ക് ഒരു കുതിരവണ്ടി പിടിച്ച് തീവണ്ടിസ്റ്റേഷ്യനിലേയ്ക്കു് പോകാം എന്നു മുസ്ലീം പറഞ്ഞു. ഉത്തരം കൊടുക്കുന്നതിന് മുമ്പ് ഞങ്ങളെ കുതിരവണ്ടിയിൽ കയററിക്കഴിഞ്ഞു. ഇതു വഞ്ചനയാണല്ലോ എന്നും മററും ഞങ്ങൾ പറയാൻതുടങ്ങി. മുസ്ലീം കേട്ട ഭാവമേയില്ലാ. സ്റ്റേഷ്യനിൽ ചെന്നയുടനേ 2 പവൻ മുസ്ലീം വീണ്ടും ആവശ്യപ്പെട്ടു. ഉടമ്പടിക്കു വിരോധമാകയാൽ തരികയില്ലെന്നു ഞാൻ ശഠിച്ചു. "ഒന്നും ഭയപ്പെടേണ്ടാ ആലിമുസ്ലീം നല്ലവനാണ് ചതിക്കയില്ലാ. അള്ളാ ആലിയെ പെരുത്തുസ്നേഹിക്കുന്നു" എന്നു അയാൾ പറഞ്ഞു. അള്ളാ ആലിയെ സ്നേഹിക്കുന്നുണ്ടെന്നെനിക്കറിയാം. എന്നാൽ ആലി അള്ളായെ സ്നേഹിക്കുന്നില്ലാ. മുമ്പെ വാങ്ങിയ പവൻെറ ബാക്കി തന്നുംവെച്ച് പാട്ടിനു പൊയ്ക്കൊള്ളുക. തീവണ്ടിയിൽ "കയറോ"യിക്കു പോകുവാൻ ഞങ്ങൾക്കു് ആലിയുടെ സഹായം വേണ്ടാ എന്നും മററും ഞാൻ കഠിനമായി പറഞ്ഞു. തക്കം കുറച്ചു കഴിഞ്ഞതിൻെറശേഷം കടശി പോലീസുകാരൻെറസഹായത്തോടെ 15 ഷില്ലിങ്ങ് ഞങ്ങൾ തിരിയെവാങ്ങിച്ച് ഒരു ഷില്ലിങ്ങ് സമ്മാനവുംകൊടുത്തു് ആലിക്കു സലാമും,

അള്ളായ്ക്കു സ്തുതിയും പറഞ്ഞു് മുസ്ലീമിൽനിന്നും പിരിഞ്ഞു. "കയിറോയ്ക്കു" അന്നുപോയില്ലാ. ഒരു മോട്ടോർ ശട്ടംകെട്ടി ഞങ്ങൾതന്നെപട്ടണം മുഴുവൻ ചുററി.

ഇടയ്ക്കുവച്ചു് ഒരു ഹോട്ടലിൽ കയറി ഉച്ചഭക്ഷണം കഴിച്ചു. സൂപ്പും രണ്ടു ഡിഷും കുറെ പഴങ്ങളുമായിരുന്നു ഭക്ഷണം. ഒരു നേരത്തേക്കു് നാലുപേക്കും കൂടി ഭക്ഷണചാർജ്ജ് രണ്ടരപവനായി. മേലാലെങ്കിലും ഈ പട്ടണത്തിലിറങ്ങി ഭക്ഷണം ആരും കഴിച്ചുപോകരുതെന്നു് ഓപ്പിക്കുന്നു. ഇവിടെ സാമാനങ്ങൾക്കെല്ലാം വലിയ വിലക്കൂടുതലാണു്. ഇൻഡ്യയിലെ ഒരു പവൻ ഇവിടെ ഒരു രൂപയാണു്. ഇവിടെ വേലക്കാർക്കു് ദിവസക്കൂലി ഒരു പവനാണു്. നെപ്പോളിയൻെറ കോട്ട, സുൽത്താൻെറ കൊട്ടാരം, കത്തോലിക്കാദേവാലയം, കാഴ്ചബംഗ്ലാവു്, കൊടിമരം, വിളക്കുമന്ദിരം, നീലനദി, പൂന്തോട്ടം ഇവകളാണു് ഈ പട്ടണത്തിലെ ഏററവും വിശേഷമായ കാഴ്ചകൾ. 50000 കത്തോലിക്കരും, ഒരു പാത്രീയക്കീസും ഒരു ദലഗാദും, ഒരു മെത്രാനും, 75 പട്ടക്കാരും, 4 കത്തോലിക്കാകോളേജുകളും ഇവിടെയുണ്ടു്. ജനസംഖ്യ 7 ലക്ഷത്തോളമുണ്ടു്. എല്ലാപുരുഷന്മാരും ജാതിമതഭേദമെന്യേ(യൂറോപ്യന്മാർപോലും) തൂക്കിത്തൊപ്പിധരിക്കുന്നു. സ്ത്രീകളുടെ മൂക്കിന്മേലും മോതിരം കാണുന്നുണ്ടു്. വാഹനങ്ങളിൽ അധികപങ്കും മോട്ടാർ വണ്ടികളാണു്. 9000 മോട്ടോർ പട്ടണത്തിലുണ്ടത്രെ. ശീതോഷ്ണാവസ്ഥ യൂറോപ്പിലെപോലെതന്നെയാണു്. ഉഷ്ണത്തേക്കാൾ അധികം ശീതമാണു്.

വിശുദ്ധമക്കോസ് സുവിശേഷകൻെറ തിരുനാളിൽ സ്ഥാപനമായ അലക്സാന്ത്ര്യാപട്ടണത്തിൽ ഞങ്ങൾ ദിവ്യപൂജയുമണച്ചു് അന്നുതന്നെ (ഏപ്രിൽ 25—ാംനു-) ഞങ്ങൾ തുറമുഖത്തുനിന്നു് യാത്ര പറഞ്ഞു് ബ്രിണ്ടീസിലേക്കു തിരിച്ചു.

മദ്ധ്യധരണി സമുദ്രം ഞങ്ങളുടെ പ്രതീക്ഷയെ അതിശയിച്ച് വളരെ ശാന്തമായിരുന്നു. കണ്ണാടിച്ചില്ല പോലെയാണ് സമുദ്രം കിടക്കുന്നതു്. വെള്ളവസ്ത്രം മാററി കറുപ്പു ധരിപ്പാൻ ഓരോരുത്തൻ തുടങ്ങി. സൂര്യനുണ്ടെങ്കിലും ചൂടശേഷമില്ലാ. മുഷിഞ്ഞ വസ്ത്രങ്ങൾ ഞങ്ങൾ കപ്പലിൽതന്നെ അലക്കിച്ചു. ഒരു ളോവയ്ക്കു 1-കയാണ് അലക്കുകൂലി. ഉച്ചതിരിഞ്ഞു് 2-മണിയായപ്പോൾ ബ്രിണ്ടിസി പട്ടണം കണ്ടുതുടങ്ങി. അലക്സാന്ത്ര്യായുടെ പത്തിലൊന്നില്ലാ. 3-മണിക്ക് കരചേന്റ കപ്പലടുത്തു. ഉടനെ ഞങ്ങൾ സാമാനങ്ങൾ എല്ലാം എടുത്തു് തീവണ്ടിസ്റ്റേഷ്യനിലേക്കു പോയി. അവിടെയിരുന്നുകൊണ്ടാണ് ഇതെഴുതുന്നതു്. ആറരമണിക്കു റോമിലേക്കു വണ്ടി വിടും. നാളെ കാലത്തു് 7-മണിക്ക് റോമ്മിലെത്തുമെന്നു പ്രതീക്ഷിക്കാം.

ഫാദർ ജെയിംസ് കാളാശ്ശേരി.

അദ്ധ്യായം ൰൨.

## മാർ തോമ്മാമെത്രാന്റെ അന്തിമഘട്ടം.

മെത്രാനച്ചൻതിരുമനസ്സിലെ മുന്നൊരുക്കം:–

മാർ തോമ്മാ മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് രോഗബാധിതനായി തീരുന്നതിനു തലേദിവസം മോൺസിഞ്ഞോർ അല്ലബിയുടെ വസതിയിൽവച്ച് ഉച്ചഭക്ഷണാനന്തരം സ്വൈരസല്ലാപം ചെയ്തുകൊണ്ടിരിക്കവേ നടന്ന സംഭാഷണവിശേഷങ്ങൾ പ്രത്യേകം അറിഞ്ഞിരിക്കേണ്ടതാണ്. മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് മോൺസിഞ്ഞോർ അല്ലബിയോട്ട് അവരുടെ മെത്രാന്മാർ മ

രിച്ചാലടക്കം ചെയ്യുന്ന ക്രമത്തെ സംബന്ധിച്ച് ചോദ്യം ചെയ്തു. അതിന് അദ്ദേഹം:— ഞങ്ങളുടെ മെത്രാന്മാർ മരിച്ചാൽ ഇരുത്തിയാണ് അടക്കുന്നതെന്നു പറയുകയും അതിലേയ്ക്കുള്ള കർമ്മഗീതങ്ങൾ സുറിയാനിയിൽതന്നെ അദ്ദേഹം ചൊല്ലികേൾപ്പിക്കുകയും ചെയ്തു. ഉടൻതന്നെ മെത്രാനച്ചൻ തിരുമനസ്സുകൊണ്ട്:-കർമ്മഗീതങ്ങളിൽ വലിയ വ്യത്യാസമൊന്നുമില്ലെങ്കിലും ഞങ്ങളുടെ മെത്രാന്മാർ മരിച്ചാൽ കിടത്തിയാണ് അടക്കുന്നതെന്നു പറയുകയും അതിലേക്കുള്ള കർമ്മഗീതങ്ങൾ ഫാദർ ജെയിംസ് അവർകളുമൊന്നിച്ച് മോൺസിഞ്ഞോറിനെ പാടി കേൾപ്പിക്കയും ചെയ്തു. കല്ലറയിൽ കിടത്തി അടക്കം ചെയ്യുന്ന രീതി മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് കിടക്കയിൽ കിടന്നു കാണിച്ചുകൊടുത്തു. ഈ സംഭവം നടന്നതിൻെറ പിറെറദിനമത്രെ തിരുമനസ്സുകൊണ്ടു രോഗബാധിതനായി കിടക്കയെ ശരണീകരിച്ചതു്. തലേദിവസത്തെ മരണാനന്തരകാര്യങ്ങളെ സംബന്ധിച്ചുള്ള അന്വേഷണവും, അഭിനയവും, പിറേറദിവസത്തെ രോഗലക്ഷണവുമെല്ലാം കൂടി കണ്ടപ്പോൾ ഫാദർ ജെയിംസ് അവർകൾ വല്ലാതെ വിഷമിച്ചിരിക്കണം.

മെത്രാനച്ചൻ തിരുമനസ്സിലെ നിര്യാണം:–

മാർ തോമ്മാമെത്രാനച്ചൻ തിരുമനസ്സിലെ അവിചാരിതമായ രോഗബാധയും, തൻമൂലമുണ്ടായ അസ്വാസ്ഥ്യവും നിര്യാണവും ഫാദർ ജെയിംസു അവർകൾക്ക് നേരിട്ട അസഹനീയമായ വ്യാകുലതകളും, കഷ്ടപ്പാടുകളും ആകെക്കൂടി വിശദീകരിച്ച് ഫാദർ ജയിംസവർകൾ തന്നെ മോൺസിഞ്ഞോർ ജയിക്കബ് കല്ലറയ്ക്കലവർകൾക്ക് അയച്ചിരുന്നതും, ആയിടെ "ദീപിക"യിൽ ചേർത്തിരുന്നതുമായ വാർത്താവിവരണം ചുവടെ ചേർക്കുന്നു.

റോമ്മാ, കോളേജിയൊ, ലെയോണിനൊ
4—6—1925.

ചങ്ങനാശേരി അഡ്മിനിസ്ത്രേയിററർ റൈററ്. റവ. മോൺസിഞ്ഞോർ ജെയിക്കബ് കല്ലറയ്ക്കലവർക ൾക്ക.

My dear Rt. Rev. Mgr.!

എഴുത്തുകളും, കമ്പികളും, ഇപ്പോൾ അവിടെ കിട്ടിയിരിക്കുമെന്നു വിചാരിക്കുന്നു. സകലവും വിവരമായി അറിവിക്കണമെന്നുള്ള ആഗ്രഹനിവൃത്തിക്കായി മാത്രമാണു് ഈ കത്തു കൂടെ അയക്കുന്നതു്. എന്നാൽ എനിക്കിപ്പോൾ യാതൊരാശ്വാസവുമില്ലാ. എൻെറ കടമയാണല്ലൊ എന്നുള്ള ബോധംകൊണ്ടാണു് ഇന്നുതന്നെയെഴുതാമെന്നു വച്ചതു്. ഒന്നാമത്തു ദിനത്തിനു മുൻപുള്ള ചില സംഗതികളെക്കുറിച്ചും രണ്ടാമത്തു ദിനസ്ഥിതിയെ സംബന്ധിച്ചും, മൂന്നാമത്തു അവസാന നാഴികകളെപ്പററിയും വിവരിക്കുന്നതിനാഗ്രഹിക്കുന്നു.

കൊല്ലത്തുവച്ച് കുർബാന പകുതിയായപ്പോൾ ബോധക്ഷയം വന്നതും മററുമറിഞ്ഞിരിക്കുമല്ലോ. അന്നു് വൈകിട്ട് 5- മണിക്ക് എൻെറ മുറിയിൽ ഇറങ്ങിവന്നു. കുഞ്ഞപ്പി (പ്രധാനഭൃത്യൻ) വാതിൽക്കൽ നിൽക്കുന്നുണ്ടായിരുന്നു. വന്ദ്യപിതാവു ഇപ്രകാരം പറഞ്ഞതു് അയാളും ഓർക്കുന്നുണ്ടായിരിക്കും. "നിങ്ങൾ ഓരോരുത്തർ എന്നെ ഉപേക്ഷിച്ചില്ലേ! റോമ്മായിൽ ചെല്ലുമ്പോൾ ജെയിംസച്ചനും എന്നെ വിടും" എനിക്ക് അപ്പോൾ തന്നെ അർത്ഥം മനസ്സിലായി. എങ്കിലും ഒരു നേരംപോക്കെന്നമട്ടിൽ ഞാൻ അതു വിഴുങ്ങിയതേയുള്ളു.

കൊല്ലത്തുനിന്നും വണ്ടികയറി ചെങ്കോട്ട ഭാഗമായപ്പോൾ "ഇവിടെയല്ലേ തിരുവിതാംകൂറിൻെറ അതിർത്തി" എന്നു പറഞ്ഞുകൊണ്ടു് എഴുന്നേററു് നമ്മുടെ മിസ്സത്തിലേക്കു തിരിഞ്ഞു് മൂന്നു പ്രാവശ്യം ആശീർവദി

ച്ചു. "ആക്കറിയാം ഇനി ഞാൻവരുമോ എന്ന്" എന്നുപറഞ്ഞുകൊണ്ട് ഇരുന്നു. തുത്തുക്കുടിയിൽനിന്നും കപ്പൽ വിട്ടപ്പോൾ ഇൻഡ്യയെ ആകപ്പാടെ ആശീർവദിച്ചു.

കാണ്ടിയിൽ ചെന്നിട്ട് വളരെ ദുഃഖഭാവമായിരുന്നുവെന്ന് മൂപ്പച്ചന്മാർക്കുടി മനസ്സിലാക്കിയിട്ട് "എന്താ ഇങ്ങനെ" എന്നു ഫാദർ ബോസൻ ചോദിക്കയുണ്ടായി. അവിടെവച്ച് മുന്നണിയിലെ കീഴ്ഭാഗത്തുള്ള നട്ടുപ്പല്ല് ഇളകി. അതു കപ്പലിൽവച്ചു പറിഞ്ഞുപോയി "ഇതൊരു ശുഭമല്ലായ്കയാണ് ജെയിംസച്ചാ!" എന്ന് നേരംപോക്കായി എന്നോടു പറഞ്ഞു. "ഇങ്ങേരുതന്നെ തിരിച്ചുപോരേണ്ടിവരും. ഞാൻ തിരിച്ചുവരികയില്ലാ" എന്നും പറഞ്ഞു.

ചെങ്കടലിൽവച്ച് വാതം വളരെ കോപിച്ചു. തൻനിമിത്തം ഡോക്ടർ രണ്ടു ഇൻജക്ഷൻ കഴിക്കേണ്ടിവന്നു. അതുകൊണ്ട് വളരെ ഗുണം കിട്ടി. ഒരു ദിവസമെങ്കിലും കുർബാന മുടക്കേണ്ടതായി വന്നില്ലാ.

റോമ്മായിൽ വന്നപ്പോൾ ആദ്യത്തെ ആഴ്ച തണുപ്പുകൊണ്ട് അല്പം വിഷമമുണ്ടായിരുന്നു. എങ്കിലും പിന്നെ രണ്ടാഴ്ചത്തേക്കു നല്ല സുഖമായിരുന്നു. "എനിക്ക് ഇതുപോലെ സുഖം അഞ്ചാറു വഷത്തിനിടയിൽ ഉണ്ടായിട്ടില്ലാ" എന്ന് എന്നോടും, പലരോടും, പറഞ്ഞു. ആ ദിവസങ്ങളിൽ പല പള്ളികളും ഞങ്ങൾ നടന്നുപോയി തന്നെയാണ് സന്ദർശിച്ചത്. പരിചയക്കാരായ എല്ലാ കർദ്ദിനാളന്മാരെയും കണ്ടു. പഴയ സ്നേഹിതന്മാരുടെ വസതികളിൽ ചെന്ന് അവരെ സന്ദർശിച്ചു. മാർപ്പാപ്പായെയും മററും സന്ദർശിച്ച വിവരങ്ങൾ അറിഞ്ഞിരിക്കുമല്ലോ. മിസ്സം സംബന്ധിച്ച പല കാര്യങ്ങളും അധികാരസ്ഥാനങ്ങളിൽ ധരിപ്പിച്ചു. വേണ്ട അനുവാദങ്ങൾക്കും ആനുകൂല്യങ്ങൾക്കും അപേക്ഷകൾ എഴുതി കൊടുത്തു.

എന്നാൽ ഇതെല്ലാം കെടാൻ പോകുന്ന വിളക്കിൻെറ പ്രകാശമായിരുന്നു.

## II.

ദീനത്തിനു പ്രത്യേക കാരണമൊന്നും പറയാനില്ല. പുണ്യവാന്മാരുടെ പേരുവിളികൎമ്മങ്ങൾക്കെല്ലാം വി. പത്രോസിൻെറ പള്ളിയിൽപോയി അഞ്ചും, ആറും മണിക്കൂർ, കാപ്പയിട്ടുംകൊണ്ട് അവിടെ ഇരുന്നതുനിമിത്തം കുറെ ക്ഷീണമുണ്ടായി. വന്ദ്യപിതാവ് എന്തിനാണ് എല്ലാദിവസവും പോകുന്നത് എന്ന് ഞാൻ പറഞ്ഞു ശാസിച്ചിട്ടുണ്ട്. മെയ് 25–ാംനു-ലെ പേരുവിളികൎമ്മം കഴിഞ്ഞു മടങ്ങിവന്നപ്പോൾ വളരെ ക്ഷീണം മുഖത്തു കണ്ടു. അതു നിമിത്തം ഊണു കഴിഞ്ഞു് സന്ധ്യവരെ ഉറങ്ങുകയായിരുന്നു. പിറേറദിവസം പതിവുപോലെ കുൎബ്ബാന കഴിഞ്ഞു് "നമുക്ക് ഒരു അമേരിക്കൻ മെത്രാനെ ഒന്നു കാണാൻപോകാം" എന്നു പറഞ്ഞു് എന്നെ വിളിച്ചു. ഞാൻ സമ്മതിച്ചില്ലാ. പ്രിയപിതാവു് ഇന്ന് ഒരിടത്തും പോകണ്ടാ: ക്ഷീണം വൎദ്ധിക്കും എന്നു ഞാൻ പറഞ്ഞതനുസരിച്ചു് മുറിയിൽ തന്നെയിരുന്ന് ഒരു പുണ്യവാൻെറ ചരിത്രം വായിച്ചു. ഉച്ചതിരിഞ്ഞപ്പോൾ നമ്മുടെ പ്രൊപ്പാഗാന്താവിദ്യാൎത്ഥികൾ ഒരു മംഗളപത്രവും, സമ്മാനവുമായിവന്നു. എന്തെന്നാൽ പിറേറദിവസം കുൎബ്ബാനപ്പട്ടം സ്വീകരിച്ചതിൻെറ 26–ാം സംവത്സരം ആരംഭിക്കുകയായിരുന്നു. അതു സസന്തോഷം സ്വീകരിച്ചു. അവൎക്കു വല്ലതും കൊടുക്കണമെന്ന് എന്നോടു രഹസ്യമായി പറഞ്ഞു. അന്നുതന്നെ അവർവശം പ്രൊപ്പഗാന്താറെക്ടർ ഒരു ക്ഷണം പ്രിയപിതാവിന് അയച്ചിരുന്നു. പിറേറദിവസം (മേയ് 27–) കോളേജ് ചാപ്പലിൽ ചെന്ന് ദിവ്യപൂജ അൎപ്പിക്കണമെന്നായിരുന്നു ക്ഷണം. അതു വളരെ സന്തോഷമായി "എന്താ പോകരുതോ" എന്നു

എന്നോടു ചോദിച്ചു. ഞാൻ ഒന്നും മിണ്ടിയില്ലാ. അനേകം ശമ്മാച്ചന്മാർക്കും കുർബ്ബാന എഴുന്നെള്ളിച്ചുകൊടുക്കേണ്ടതായിവരുമല്ലോ, അതു പിതാവിനെക്കൊണ്ടു് സാധിക്കയില്ലല്ലോ. കാണ്ടിയിൽവച്ച് കൂട്ടകുർബ്ബാന അതുകൊണ്ടല്ലേ ചൊല്ലാതിരുന്നതു്. എന്നൊക്കെ ഞാൻ ഓർത്തു. വന്ദ്യപിതാവ് എന്റെ വിചാരം ഉടനെ മനസ്സിലാക്കി. "ഇങ്ങേരു എന്റെ കൈയ് താങ്ങിക്കൊണ്ടാൽമതി, കുർബ്ബാനയെഴുന്നെള്ളിച്ചു കൊടുക്കുമ്പോൾ" എന്നു കല്പിച്ചു. അങ്ങനെ ക്ഷണത്തിന് അനുകൂലമറുപടിയും കൊടുത്തു് അവരെ ആശീർവദിച്ചു പിരിച്ചുവിട്ടു.

പിറേന്നു (മെയ് 27) കാലത്തെ എഴുന്നേറ്റ് ഒരു കൊന്ത എത്തിച്ചശേഷം എന്റെ പക്കൽ വന്ന് ഒരു ദീർഘമായ കുമ്പസാരം കഴിച്ചു. അനന്തരം ഞങ്ങൾ രണ്ടുപേരും കൂടെ നടന്ന് പ്രൊപ്പഗാന്താചാപ്പലിലേക്കു പോയി. പത്തു മിനിട്ടുകൊണ്ടു് അവിടെ എത്തി. അരമണിക്കൂർ ധ്യാനത്തിനുശേഷം കുർബ്ബാനയ്ക്കു കയറി. ഞാൻ സഹായിച്ചു. നമ്മുടെ കുട്ടികൾ കുർബ്ബാനക്കു കൂടി. ഹർമ്മോണിയവും മുഴക്കാൻ തുടങ്ങി. സകലവും ഭംഗിയായി കഴിഞ്ഞു. 120 പേർക്കു കുർബ്ബാനയെഴുന്നെള്ളിച്ചുകൊടുത്തു. പറഞ്ഞിരുന്ന പ്രകാരം ഞാൻ വന്ദ്യപിതാവിന്റെ കൈയ് ആദ്യവസാനം താങ്ങി. അല്പം വിഷമം കാണിച്ചുവെങ്കിലും അപായം ഒന്നും വന്നില്ലാ. ഉപകാരസ്മരണ കഴിഞ്ഞു് കാപ്പികുടിക്കുന്നതിന് ഊട്ടുമുറിയിലേക്ക് ബ. റെക്ടർ പിതാവിനെക്കൂട്ടിക്കൊണ്ടുപോയി. ഞാൻ കുർബ്ബാനയ്ക്കും കയറി. കുർബ്ബാന കഴിഞ്ഞു് ഞാൻ കാപ്പികുടിച്ചുകൊണ്ടിരിക്കുമ്പോൾ അസി–റെക്ടർ എന്നെ വിളിച്ചു. "മെത്രാനച്ചൻ ഒന്നു ഛർദ്ദിച്ചു, വേഗംവരു" എന്നു പറഞ്ഞു. കാപ്പിയിട്ടും വച്ച് ഞാൻ ഓടി മുകളിൽചെന്ന് പാം തിരുമ്മാൻ തുടങ്ങി. ഒരു് മുറി തയാറാക്കി കട്ടിലിൽ കിടത്തി. അല്പം ഉ

റങ്ങാൻ തുടങ്ങിയെന്നു കണ്ടപ്പോൾ കുട്ടികൾക്കു സമയ മായതിനാൽ എല്ലാവരും ക്ലാസിലേക്കുപോയി. കുറെ കഴിഞ്ഞ് ഒന്നുകൂടി ഛർദ്ദിച്ചു. ഉടനേ ഞാൻ ഇലക്ട്രി ക്ററ് ബെൽ അടിച്ച് ഒരു ഭൃത്യനെ വരുത്തി. റെക്ടറിനെ വീണ്ടും മുറിയിലേക്ക് വിളിപ്പിച്ചു. അദ്ദേഹം വന്നുചേരു ന്നതിനു മുൻപേ ഛർദ്ദിച്ചതൊക്കെ ഞാൻ വെടിപ്പാക്കി. "സംഗതി ഗൌരവമായേക്കും ഉടനേ ഡാക്ടറെ വരുത്ത ണം" എന്നു ഞാൻ പറഞ്ഞു. ഒരാൾ വന്ന് അല്പം ബ്രാ ണ്ടികൊടുത്തു. അതിനോടെ ഛർദ്ദിനിന്നു. വയററിൽനി ന്നും പോയി. ഉച്ചവരെ ഉറങ്ങി. കുട്ടികൾ തിരിച്ചു വ ന്നപ്പോൾ ഞാൻ ഞങ്ങളുടെ വസതിയിലേക്കു പോയി മോൺസിഞ്ഞോർ അലാബിയെ (അന്ത്യാക്യാപാത്രി യക്കീസിന്റെ പ്രതിനിധി– ഇദ്ദേഹത്തിന്റെ കൂടെയാ ണല്ലോ ഞങ്ങൾ താമസിച്ചിരുന്നതു്.) വിവരമറിയിച്ചു. ഉടനേ അദ്ദേഹവും ഞാനുംകൂടെ ഒരു ഒന്നാംക്ലാസ് മോ ട്ടോർ വരുത്തി പ്രോപ്പഗാന്തായിൽ ചെന്ന് പ്രിയ പിതാ വിനെ കൂട്ടിക്കൊണ്ടുപോന്നു. അപ്പോൾ ഒരുമാതിരി സുഖ മുണ്ടായിരുന്നു. തന്നെയാണ് മുകളിൽനിന്നും ഇറങ്ങിയതും, വണ്ടിയിൽ കയറിയതും. എല്ലാവർക്കും പ്രത്യേകം ഉപകാര വും പറഞ്ഞു. എങ്കിലും ഒരു പകർച്ചയുണ്ടായിരുന്നു, തല ക്കു നല്ല വെളിവുണ്ടായിരുന്നില്ലാ. മോട്ടോറിൽ കയറിയ പ്പോൾ വേഗംപോകട്ടെ നമുക്കു കുർബ്ബാനചൊല്ലണം; പി ന്നെയുള്ള കുർബ്ബാനകാണുവാൻ കാത്തിരിക്കയല്ലേ എന്നൊക്കെ യാണുകല്പിച്ചതു്. ഞാൻ ഉണ്ടായ വിവരമൊക്കെപറഞ്ഞി ട്ട് "ഇദ്ദേഹം വൃഥാ പറയുകയാണ്, എന്നെകൊണ്ടു് കുർ ബാന എഴുന്നെള്ളിച്ചു കൊടുപ്പിക്കാതിരിപ്പാൻ ഉപായം പ്രയോഗിക്കയാണ്" എന്നായിരുന്നു മറുപടി. ഇങ്ങനെ ഞങ്ങൾ വസതിയിലെത്തി. മുറിയിൽകൊണ്ടുപോയി കി ടത്തി. ഒന്നാംതരം ഒരു ഡാക്ടറെ ടെലിഫോൺചെയ്തു വരുത്തി. പല കർദ്ദിനാളന്മാരുടെ വിശ്വസ്തനായ ഡാ

ക്ടരായിരുന്ന അദ്ദേഹം. അയാൾ വയറിളക്കുന്നതിന മരുന്ന നിശ്ചയിക്കയും സ്റിൻജുവച്ച് ഉടനേ ഇളക്കുകയും മരുന്ന കാലത്തെ സേവിക്കണമെന്ന പറയുകയും ചെയ്തു. മൂത്രം പരിശോധിച്ചപ്പോൾ അയാൾക്കു കാൎയ്യമെല്ലാംമനസ്സിലായി. മുൻപ് രക്തവാതം ഉണ്ടായിട്ടുണ്ടോ എന്നായിരുന്ന എന്നോടു ചോദിച്ചതു്. അതുപൂൎണ്ണമായി ഭേദമായിട്ടില്ലായെന്നും, അപകടം ഒന്നുമില്ലെങ്കിലും ശീതോഷ്ണാവസ്ഥ നിമിത്തം വളരെ സൂക്ഷിക്കണമെന്നും പറഞ്ഞു് അയാൾ പോയി. വയറിളകികഴിഞ്ഞപ്പോൾ സുഖംതോന്നി ഉറങ്ങി. പിറേറദിവസം കുർബാനചൊല്ലാൻ താല്പൎയ്യം കാണിച്ചെങ്കിലും ബോധക്ഷകർച്ചയുണ്ടായിരുന്നതിനാലും മററും ഞാൻ വിസമ്മതിച്ചു് ശ്രു. കുർബാനമാത്രം എഴുന്നെള്ളിച്ചുകൊടുത്തു. അതു കഴിഞ്ഞു് മരുന്നുകൊടുത്തു് വയറിളക്കി. അപ്പോൾ വളരെ ഭേദമുണ്ടായി. ഉച്ചയ്ക്കു ഞങ്ങളുടെകൂടെ വന്നിരുന്നാണ് ലഘുഭക്ഷണം കഴിച്ചതു്. തലയ്ക്കു വെളിവുമുണ്ടായി. ഉച്ചയ്ക്കു് ഉറങ്ങാൻ പോയപ്പോൾ ഞാൻ ബെ. അച്ചനും, വല്യ ്ചനും, ദിനവിവരത്തേക്കുറിച്ചു് പിതാവറിയാതെ എഴുതിയിട്ടു. കോട്ടയം മെത്രാനച്ചനും, ത്രിശ്ശൂർ മെത്രാനച്ചനും ഓരോ എഴുത്തു എഴുതണമെന്ന കല്പിച്ചിരുന്നതുപോലെ അവയും എഴുതി. ഉണന്നു് എന്റെ പക്കൽ വന്നു് എഴുത്തുകൾക്ക് ഒപ്പിട്ടു. മറേറ എഴുത്തു് ഞാൻ പററിച്ചുകളഞ്ഞതിനാൽ വായിച്ചില്ലാ. ദിനവിവരം വല്ലതും എഴുതിയിട്ടുണ്ടോ എന്ന ചോദിച്ചു. ഒരക്ഷരം എഴുതിപ്പോകരുതെന്നു കല്പിക്കയും ചെയ്തു. ഞാൻ ചിരിച്ചുകളഞ്ഞു.

കുറെ കഴിഞ്ഞപ്പോൾ നമ്മുടെ വന്ദ്യ മെത്രാപ്പോലീത്താച്ചനും, പ്രൊപ്പഗാന്താവിദ്യാൎത്ഥികളും വന്നു. അവരോട് വളരെ സുബോധത്തോടെ സംസാരിച്ചു. കുറവു

ണ്ടെന്നുകണ്ട് വളരെ സന്തോഷിച്ച് എല്ലാവരും പിരിഞ്ഞു. ഇതൊക്കെ വ്യാഴാഴ്ചയാണ്.

എങ്കിലും എനിക്ക് അടക്കം വന്നില്ലാ. ഗുരുപ്പട്ടദിവസം ചൊല്ലിയ കുർബ്ബാന ഒടുക്കത്തെ കുർബ്ബാനയാണ്. ദൈവത്തിന്റെ ക്രമീകരണം ചിലപ്പോൾ അങ്ങനെയായിരിപ്പാൻ വളരെ എളുപ്പമുണ്ടെന്നും മററും എനിക്കു ബലമായി ഒരു തോന്നലുണ്ടായി. കുർബ്ബാനയുടെ വേദസാക്ഷിയായി മരിക്കണമെന്നായിരിക്കാം കർത്താവിന്റെ നിശ്ചയം. വഴിയിൽവച്ചും മററും പറഞ്ഞതൊക്കെക്കൂടെ എന്റെ മനസ്സിൽ വന്നു. അതുനിമിത്തം എന്റെ നിർബ്ബന്ധംകൊണ്ട് മൊൺസിഞ്ഞോർ അലാബി ഡാക്ടരെ ഒന്നുകൂടി വരുത്തി. അയാൾ പരിശോധിച്ചിട്ട് ദീനത്തിനു അല്പം ആശ്വാസമുണ്ടെങ്കിലും ക്ഷീണം വിട്ടു പോകയില്ലായെന്നു പറഞ്ഞു. തലവേദന കുറയുന്നതിനു മരുന്നു മാറികൊടുത്തു. എന്നാൽ രാത്രിയിൽ അശേഷം ഉറങ്ങിയില്ലാ. കാലുകൈയ്യുവേദന. ദേഹത്തിനാകപ്പാടെ നൊമ്പരം. എന്നെക്കൊണ്ട് രാത്രിമുഴുവനും തിരിമ്മിക്കയും, ഇടിപ്പിക്കയും ചെയ്തു. വെള്ളിയാഴ്ച കാലത്തെ ഞാൻ ഡാക്ടരെ വരുത്തി. ഡോക്ടർ വന്നപ്പോൾ അയാൾ പരിശോധിച്ചശേഷം ആസ്പത്രിയിലേക്കു മാററിയാൽ ശുശ്രൂഷക്കു അല്പംകൂടി സൌകര്യമുണ്ടാകുമെന്നു പറഞ്ഞു. ബനിഫെയിററ്, ഫ്രാററല്ലി (ചാരിററി ബ്രദേഴ്സ്) എന്നവരുടെ പ്രസിദ്ധപ്പെട്ട ആസ്പത്രിയിലേക്കു പോകത്തക്കവണ്ണം ഏർപ്പാടുചെയ്തു. ഞാനും, മെത്രാപ്പോലീത്താച്ചനും, പഞ്ഞിക്കാരനച്ചനും, മോൺസിഞ്ഞോർ അലാബിയാ അച്ചനും കൂടെ ആസ്പത്രിയിൽ ചെന്നാണ് സൌകര്യമായ രണ്ടു മുറിപിടിച്ചതു്. അദ്യം അവർ വിസമ്മതിച്ചു കർദ്ദിനാളന്മാർക്കുള്ള മുറിമാത്രമേയുള്ളു. ഒരു കർദ്ദിനാൾ ഈയിടെ ഓപ്പറേഷനുവരും. അതുകൊണ്ടു മുറികൾക്കു പ്രയാസമാണ് എന്നൊക്കെ ആസ്പത്രി

യിലെ പ്രിയോർസഹോദരൻ പറഞ്ഞെങ്കിലും ഞങ്ങളു ടെ നിർബന്ധംകൊണ്ടു് സമ്മതിച്ചു. ഒടുവിൽ "ശനിയാഴ്ച ഉച്ചകഴിഞ്ഞു 5-- മണിക്കു ഹാജരാകട്ടെ" എന്നു പറഞ്ഞതനുസരിച്ച് ഒരു മോട്ടോറിൽ മെല്ലെമെല്ലെ വന്ദ്യപിതാവിനെ ഞങ്ങളെല്ലാവരുംകൂടി ടൈബർനദിയുടെ നടുവിലുള്ള ഒരു ദ്വീപിൽ (സെൻറ് ബത്തലോസ് ഐലാൻഡ്) സ്ഥാപിക്കപ്പെട്ടിരിക്കുന്നതും മാർപ്പാപ്പായുടെ പ്രത്യേക സംരക്ഷണയിൽ സ്ഥിതിചെയ്യുന്നതുമായ ബ്രൗൺ മാണ്ഡമായ സഹോദരന്മാരുടെ ആസ്പത്രിയിൽ കൊണ്ടുചെന്നാക്കി. അപ്പോൾ തലക്കു നല്ല വെളിവില്ലെങ്കിലും, മോട്ടോറിൽനിന്നും ഇറങ്ങുന്നതിനും, നടന്നു് രണ്ടാം നിലവരെ കയറി മുറിയിൽ വരുന്നതിനും ഒരു പ്രയാസവും പിതാവുകാണിച്ചില്ലാ. മെത്രാപ്പോലീത്താച്ചനും മററും വളരെ ഉപകാരം പറഞ്ഞു പിരിഞ്ഞു. ഞാൻ മാത്രം കൂടെ അടുത്തൊരു മുറിയിൽ താമസിച്ചു. സഹോദരന്മാരാണു ശുശ്രൂഷകർ. നാലുപേരെ ഇതിനായിട്ടുതന്നെ പ്രിയോർ നിയമിച്ചു. വത്തിക്കാൻ ഡാക്ടരേതന്നെ ഉടനേ വരുത്തി പരിശോധിപ്പിച്ചു. (മുമ്പലത്തെ ഡാക്ടരല്ലാ) അയാളുടെ നോട്ടത്തിലും ആദ്യത്തെ ആളിൻെറ അഭിപ്രായംപോലെ Rheumatic Uremia എന്ന ദീനമാണെന്നു് ഖണ്ഡിച്ചു പുസ്തകത്തിൽ എഴുതിയിട്ടു. രണ്ടുദിവസം ഉറങ്ങിയാൽ സുഖമാകുമെന്നു് പറഞ്ഞു ഉറങ്ങുന്നതിനും മററും മരുന്നു കൊടുത്തു. ഭക്ഷണം പാലുമാത്രം. രാത്രിയിൽ തലേദിവസത്തേക്കാൾ ഉറങ്ങി. കാലത്തു കുർബ്ബാന ചൊല്ലണമെന്നു് എന്നോടു പറഞ്ഞു. "പന്ത്രണ്ടുക്കസ്താ അല്ലേ മകനേ!" എന്നും കല്പിച്ചു. എൻെറ പിതാവേ! ആഗ്രഹം മതി പുണ്യത്തിന്, വൈദ്യൻെറ കല്പന ദൈവത്തിൻേറതായിട്ടു വിചാരിക്കണം. എന്നൊക്കെ ഞാൻ പറഞ്ഞു ചെല്ലിച്ചില്ലാ. കുർബ്ബാന എഴുന്നെള്ളിച്ചു കൊടുത്തുമില്ല. കാരണം കുർബ്ബാന ചൊല്ലുണ്ടാ എന്നു സ

മ്മതിച്ച് കട്ടിലിൽ കിടന്നതിനോടെ ഉറങ്ങിപ്പോയ
താണ്. ഇനി ഉണൎത്തിയാൽ പിന്നെ ഉറങ്ങിയില്ലങ്കിലോ
എന്നു ഭയന്നു. ആ ഉറക്കം പതിനൊന്നുമണിവരെ ഉറ
ങ്ങി. ഉണൎന്നപ്പോൾ വലിയ തലവേദന. വെളിവുമില്ല.
രക്തദോഷമാണെന്നു ഡാക്ടർ പറഞ്ഞുകൊണ്ട് സന്ധ്യ
യോടുകൂടി കുറെ ദുഷിച്ച രക്തം കാലുതുളച്ചു എടുത്തുക
ളഞ്ഞു. അതുകൊണ്ടു വളരെ ഗുണം കാണിച്ചു. രാത്രിഅ
ല്പം ഉറങ്ങി. തലവേദന കുറഞ്ഞു. കാലത്തും നല്ല ഉറക്കം.
ഡാക്ടറന്മാർ കുറവുണ്ടെന്നു പറഞ്ഞു. ഞാൻ ഉടനെ സ
ന്തോഷത്തോടെ ടെലിഫോൺവഴി മെത്രാപ്പോലീത്താച്ച
നേയും മററും അറിയിച്ചു. അന്നു കുർബ്ബാനക്കണക്കിനെ
ക്കുറിച്ചു പിതാവിനെ ഞാൻ ഓൎപ്പിച്ചു. ഇതു കുർബ്ബാന
ചൊല്ലേണ്ടതുണ്ടെന്നു ഏകദേശം പറഞ്ഞു. ഉച്ചതിരി
ഞ്ഞു വിധം മാറി. വലിയ മഴയും പിശറുമുണ്ടായതുകൊ
ണ്ടു ശിതോഷ്ണാവസ്ഥയ്ക്കു ഭേദം വന്നതിനോടെ രാ
ത്രിയിൽ വലിയ വിഷമമായിരുന്നു. നാലു ഡാക്ടർമാർ
മാറി മാറി ശുശ്രൂഷിച്ചു. വെളുത്തപ്പോൾ ആശ്വാസം
പോലെ തോന്നി. എങ്കിലും എട്ടുമണിക്കു ഡാക്ടർ തി
രിയെ വന്നപ്പോൾ നാഡി അടിയിൽ പിശകുണ്ടെന്നു പ
റയുന്നതു ഞാൻ കേട്ടു. അപകടമുണ്ടോയെന്നു ഞാൻ ചോ
ദിച്ചിട്ടു അദ്ദേഹം ഒന്നും മിണ്ടിയില്ല. എനിക്കു അപ്പോൾ
കാൎയ്യം മനസ്സിലായി. തന്നിമിത്തം വേറൊരാളെക്കൊ
ണ്ടു ചോദിപ്പിച്ചപ്പോൾ രാത്രി എട്ടുമണി കഴിയുകയില്ല.
എന്നായിരുന്നു ഉത്തരം. എനിക്കു അതു കേട്ടപ്പോൾ ത
ലകറക്കം വന്നു. ദൈവം സഹായിച്ചു അല്പം കഴിഞ്ഞ
പ്പോൾ തല നേരെയായി. ഉടനെ ഞാൻ അന്ത്യകൂദാ
ശകൾക്കു ഏൎപ്പാടു ചെയ്തുംവച്ച് നമ്മുടെ മെത്രാപ്പോലീ
ത്താച്ചനു ടെലഫോൺചെയ്തു. പിന്നെ മാർപ്പാപ്പായുടെ
സിക്രട്ടറിയെ അറിയിച്ചു. വാഴ്വിനു അപേക്ഷിച്ചു. സെ
ലസ്റ്റി, പിസ്സാനി, പ്രോപ്പഗാന്തകുട്ടികൾ, ബിഷോപ്പു

റോക്കി, കർദ്ദിനാളന്മാർ മുതലായവക്കും അറിവുകൊടുത്തു. ഒരു മണിക്കൂറുകൊണ്ടു ആസ്പത്രിമുററം നിറച്ചു മോട്ടോർകാറുകൾ. എല്ലാവരും വന്നുകഴിഞ്ഞു. ശ്രു. മാർപ്പാപ്പാ ആശീർവാദം കൊടുത്തു പ്രത്യേകം ഒരു സിക്രട്ടറിയെ ദീനക്കിടക്കയിലേക്കു അയച്ചുവെന്നുള്ളതും പ്രസ്താവ്യമാണ്. വാഴ്‌വ് സുഖബോധത്തോടെ സ്വീകരിച്ചു. സുറിയാനിപ്പുസ്തകമില്ലാതിരുന്നതിനാൽ അന്ത്യക്രൂദാശകൾ കൊടുത്തതു് ഒരു ലത്തീൻ മെത്രാനായിരുന്നു. അവയും ഭക്തിയോടെ സ്വീകരിച്ചു. രണ്ടു മിനിട്ടു കഴിഞ്ഞിരുന്നുവെങ്കിൽ ശ്രു. കുർബ്ബാന ഇറക്കാൻ സാധിക്കാതെ വന്നേനെ എന്നു ഡാക്ടർ പറഞ്ഞു പിന്നെ സംസാരിച്ചിട്ടില്ല. കയ്യും കാലും തളർന്നു. ഈശോ മറിയം ചൊല്ലിക്കൊടുക്കുവാൻ തുടങ്ങി. മെത്രാപ്പോലീത്താച്ചൻ മുട്ടിന്മേൽ നിന്നാണ് ചൊല്ലിക്കൊടുത്തതു്. ഇടക്കിടക്കു ഞാനും പഞ്ഞിക്കാരനച്ചനും പ്രൊപ്പഗാന്തകുട്ടികളും ചൊല്ലിക്കൊടുത്തു.

III.

ഇതിനിടയ്ക്കാണ് ഞാൻ ദീനം കൂടുതലാണെന്നു കമ്പി അടിച്ചതു്. ഇതൊക്കെകഴിഞ്ഞപ്പോൾ നേരം ഉച്ചയായി. പിന്നെ മരണം ആണെന്നു എല്ലാവക്കും തിർച്ചയായി. അനേകംപേർ മാറിമാറിവന്നുകണ്ടു. ഒരുഎട്ടു പ്രാവശ്യം അന്ത്യപ്രാൎത്ഥനകൾ ഓരോ മെത്രാന്മാർ മാറിമാറി ചൊല്ലി.

വലിവു ശക്തിയായി തുടങ്ങിയതു മൂന്നു മണിക്കു ശേഷമാണ്. അതു വൎദ്ധിച്ചു വൎദ്ധിച്ചു താടിയെടുത്തു മൂന്നു പ്രാവശ്യം വലിച്ചു. മണി എട്ടടിച്ചു. കരിശ്ശുമണി പള്ളികളിൽ അടിച്ചു തുടങ്ങി. (എട്ടുമണിക്കാണു ഇവിടെകുരിശ്ശുമണി അടിക്കുന്നതു്) ഞങ്ങൾ പരലോകരാജ്ഞിയെ മനോതുഷ്ടി പൂരിക്ക എന്നു ചൊല്ലിയ ക്ഷണത്തിൽ പി

താവിൻെറ മുഖത്തു ഒരു വെട്ടമുണ്ടായി. ശ്വാസവും നിന്നു. ചോരവായിൽ നിന്നു ധാരാളം ഒഴുകുവാൻ തുടങ്ങി. അവസാനിച്ചു. "De Profundis" എല്ലാവരും ചൊല്ലി. പിന്നെ ഒരു മണിക്കൂർ നേരത്തേക്കു എന്താ ഉണ്ടായതെന്നു എനിക്കു അറിഞ്ഞുകൂടാ. ഉറക്കെ നിലവിളിച്ചു. എന്നും മററും ചിലർ പറയുന്നുണ്ട്.

ഒൻപതു മണിയായപ്പോൾ എൻെറ തല ഒന്നരെയായി. മെത്രാപ്പോലീത്താച്ചൻെറ പേരു വയ്പിച്ചു കമ്പി അടിപ്പിച്ചു. ശുദ്ധ. മാപ്പാപ്പാ, കർദ്ദിനാളന്മാർ, ദലഗാദന്മാർ ആദിയായവൎക്കു ഉടനെ ടെലഫോൺ കൊടുത്തു. ശവസംസ്ക്കരണത്തിനു വേണ്ടിയ ക്ഷണപത്രങ്ങൾ രാത്രിതന്നെ അടിപ്പിച്ചു. പത്രങ്ങളിൽ വിവരം ആയിരം ലീര ചെലവിട്ടടിപ്പിച്ചു. പ്രൊപ്പഗാന്തകുട്ടികൾ മടങ്ങിപ്പോയി. ഞാൻ കാമ്പൊമാർസിൽ വാസസ്ഥലത്തുപോയി പിതാവിൻെറ ഉടുപ്പുകൾ ഒക്കെയും എടുത്തുകൊണ്ടുവന്നു ധരിപ്പിച്ചു.

അടക്കുന്ന സ്ഥലം ഇവിടെ കർദ്ദിനാളന്മാൎക്കു പോലും പൊതുസിമിത്തേരിയിലാണ്. എന്നാൽ പ്രൊപ്പഗാന്താ കർദ്ദിനാളന്മാൎക്കും കുട്ടികൾക്കുമായിട്ടു മാത്രം ഒരു കപ്പേളയും, കല്ലറകളും പൊതുസിമിത്തേരിയിൽ പണിതിട്ടുണ്ട്. അവിടെ പിതാവിനെ അടക്കണമെന്നാഗ്രഹിച്ചു പ്രൊപ്പഗാന്താ റെക്ടറിനോടപേക്ഷിച്ചു. അദ്ദേഹം കർദ്ദിനാളിനോടപേക്ഷിച്ചു. കർദ്ദിനാൾ പ്രൊപ്പഗാന്തസംഘം വിളിച്ചുകൂട്ടി ആലോചിച്ചു. സംഘത്തിനു അത്രമനസ്സില്ലായിരുന്നു. നാം കിഴക്കൻ തിരുസംഘത്തിൻെറ കീഴിലാകയാലും മററും നമുക്കു അങ്ങനെ അനുവദിച്ചാൽ ഭാവിയിലും പലർ ആവശ്യപ്പെട്ടുമെന്നായിരുന്നു അവരുടെ വാദം. മൂന്നുമണിക്കൂർ വാദപ്രതിവാദം നടന്നു. ഒടുക്കം കേസു മാപ്പാപ്പാവരെ പോയി. ഔചിത്യം പോലെ ചെയ്യുന്നതിനു കർദ്ദിനാളിനു അനുവാദം


കൊടുത്തു. അപ്പോൾ കർദ്ദിനാൾ വാൻറോസം സ്വന്തം വോട്ടാലെ ദയവായി കർദ്ദിനാളന്മാരെ അടക്കുന്ന സ്ഥലത്തു സൌജന്യമായി അടക്കികൊള്ളുന്നതിനു അനുവദിച്ചു അങ്ങനെ അക്കാൎയ്യവും സാധിച്ചു.

IV.

ബുധനാഴ്ച കാലത്തു നമ്മുടെ മെത്രാപ്പോലീത്താച്ചൻ പൊന്തിഫിക്കാൾ ചൊല്ലി. ഞാനും, പഞ്ഞിക്കാരച്ചനും വേറെ ഒരു ലത്തീൻപട്ടക്കാരനും സഹായിച്ചു. പ്രോപ്പഗാന്തകുട്ടികൾ പാടി. അതു കഴിഞ്ഞു ഒപ്പീസു നടത്തി. പിന്നെ കർദ്ദിനാൾ ടാക്കി (കിഴക്കൻ സംഘത്തിന്റെ നേതാവ്)വന്നു ഒരു ഒപ്പീസു കഴിച്ചു. അനന്തരം അദ്ദേഹത്തിന്റെ കീഴുള്ള Mr. Papoido polos വന്ന് ഒപ്പീസുകഴിച്ചു. പിന്നെ സെലസ്ക്കി, റോക്കി ഉൾപ്പെടെ അനേകം മെത്രാന്മാർ വന്ന് ഒപ്പീസു കഴിച്ചു. ഇതിന്റെ ഇടക്കു ഫോട്ടോകളും പല പ്രകാരത്തിൽ എടുത്തു.

വ്യാഴാഴ്ച ഒൻപതരമണിക്ക് നഗരികാണിച്ചു. അതിൽ സംബന്ധിക്കുന്നതിനായി മാപ്പാപ്പായുടെ പ്രതിനിധിയും കർദ്ദിനാൾ Lucci യും പിന്നെ മുൻപു പറഞ്ഞവരൊക്കയും പ്രോപ്പഗാന്താകുട്ടികളും അനേകം കാഴ്ചക്കാരും, കമ്മലീത്താ, ജസ്യൂത്ത് മുതലായ സഭകളുടെ പ്രതിനിധികളും പുത്തൻപള്ളി സെമ്മിനാരിയിലെ Fr. Subbimo യും ഇതിൽ സംബന്ധിച്ചു. പതിനൊന്നുമണിക്കു മോൺസിഞ്ഞോർ റോച്ച് (തൂത്തുക്കുടി മെത്രാൻ) പൊന്തിഫിക്കാൽ ആരംഭിച്ചു. അതു കഴിഞ്ഞ് മോൺസിഞ്ഞോർ പിസ്സാനി ചരമപ്രസംഗം കരഞ്ഞുകൊണ്ടെന്നപോലെ കേമമായി പറഞ്ഞു. അതിൽ മലയാളത്തുകാരെ പൊതുവായും, ചങ്ങനാശേരിമിസ്സത്തേയും, മെത്രാനച്ചനേയും പ്രത്യേകമായും വളരെ ശ്ലാഘിക്കയുണ്ടായി. അനന്തരം ഒപ്പീസുകഴിഞ്ഞു. അഞ്ചുമണിയോടടുക്കു

ചങ്ങനാശേരി മിസ്സംകാരും
പ്രൊപ്പഗാന്തകോളേജ് വിദ്യാർത്ഥികളുമായ
റവ: കുര്യാക്കോസ് കാപ്പിൽ,



കാലംചെയ്ത കുര്യാളശ്ശേരി മാർ തോമ്മാ മെത്രാനച്ചൻെറ ശവമഞ്ചം:
ഫാദർ ജയിംസ് കാളാശ്ശേരി അവർകൾകയ്യിൽ കൊന്തയുമായി
ദുഃഖപരവശനായി നില്ക്കുന്നു.

റവ: ഏബ്രഹാം വടക്കയിൽ, റവ: മാത്യൂ
വരിക്കയിൽ എന്നിവർ
സമീപത്തു മുട്ടിന്മേൽ നില്ക്കുന്നു.

ടി പ്രേതം മൂന്നു മൈൽദൂരമുള്ള മുൻ പ്രസ്താവിച്ച പ്രോപ്പഗാന്താസിമിത്തേരിയിലേക്ക് നമ്മുടെ മെത്രാപ്പോലീത്താച്ചൻെറ അദ്ധ്യക്ഷതയിൽ മാററപ്പെട്ടു. 450 ലീരക്കു പൂക്കൾ വാങ്ങിച്ച് വണ്ടി അലങ്കരിച്ചു. രണ്ടു കുതിരകെട്ടിയ മൂന്നു വണ്ടികളും, കുറെ മോട്ടാറുകളും, കുതിരവണ്ടികളും അകമ്പടിയായിപ്പോയി. ആറരമണിക്കു സകലവും കഴിഞ്ഞു. സകല വിവരവും, Osservatore യിൽ ദീർഘമായി ഇട്ടവിച്ചിട്ടുണ്ട്. അതു പിറകേവരുന്നുണ്ട്.

ഇത്ര കേമമായി കർദ്ദിനാളന്മാരെക്കൂടെ ഇവിടെ അടക്കിയിട്ടില്ലെന്നു പറയുന്നു. ആദ്യകുർബ്ബാന ചൊല്ലിയ ദിവസം തന്നെ അവസാന കുർബ്ബാനയും ചൊല്ലിയതു് എല്ലാവർക്കും അതിശയമായിരിക്കുന്നു. സാക്ഷാൽ ഇദ്ദേഹം ഒരു പുണ്യവാനാണ്, ഭാഗ്യവാനാണ്, കുർബ്ബാനയുടെ വേദസാക്ഷിയാണ്, എന്ന് റോമ്മാമുഴവനം ശ്രുതിപരന്നിരിക്കുന്നു. മലയാളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ റോമ്മായുമായിട്ടുള്ള ബന്ധം ശതഗുണീഭവിപ്പിക്കുന്ന ഒരു നിത്യസ്മാരകമാണ് കുര്യാളശ്ശേരി തോമ്മാമെത്രാനച്ചൻെറ ചരമമെന്ന് പത്രത്തിൽ ആരോ എഴുതിയിരിക്കുന്നു. "നിങ്ങളുടെ മിസ്സത്തിൻെറ ആദ്യമെത്രാൻ റോമ്മായിൽ അടക്കപ്പെട്ടു" എന്നോർക്കുമ്പോൾ ചങ്ങനാശേരിമിസ്സം ലോകാവസാനംവരെ റോമ്മായിൽനിന്നു പിരിയുകയില്ലാ എന്നാണ് ഒരു മെത്രാൻ എന്നോടു് ആശ്വാസവാക്കു പറഞ്ഞതു്.

പ്രിയ മോൺസിഞ്ഞോരെ, എൻെറ പാടുപോലെയൊക്കെ ഞാൻ ചെയ്തിട്ടുണ്ട് എന്നൊരാത്മസമാധാനമല്ലാതെ എനിക്ക് ഒരു ആശ്വാസവുമില്ലാ. ഇപ്പോൾ രണ്ടാഴ്ചയായി ഞാൻ ഉറങ്ങിയിട്ട്. എനിക്കും വല്ലതും വന്നുഭവിപ്പാതിരിപ്പാൻ പ്രാർത്ഥിക്കേണമെ! എ

ങ്കിലും ദൈവതിരുമനസ്സുപോലെ സകലവും വന്നുഭവിക്കട്ടെ. ഫാദർ ജെയിംസ് കാളാശ്ശേരി.

ഒററയ്ക്കു് മട്ടോട്ടക്കുടിപാനംചെയ്തു.

മാർ തോമ്മാമെത്രാനച്ചൻ തിരുമനസ്സിലെ അകാലവിയോഗം ചങ്ങനാശ്ശേരിമിസ്സത്തിലുള്ള തന്റെ പ്രജാവലികൾക്ക എത്രതന്നെ സങ്കടകരമായിരുന്നാലും അതിന്റെ എല്ലാ വിഷമതകളും സഹിക്കേണ്ടതായ ഭാരം ഫാദർ ജെയിംസ് അവർകൾതന്നെ വഹിക്കേണ്ടിവന്നുവെന്നു് മുകളിൽ ഉദ്ധൃതമായ എഴുത്തിൽ നിന്നും ആക്കും മനസ്സിലാക്കാം. "ചങ്ങനാശ്ശേരിമിസ്സംകാർ ഒന്നാകെ കുടിച്ചുതീക്കേണ്ടിയിരുന്ന ദുഃഖത്തിന്റെ പാനീയം ഫാദർ ജെയിംസ് അവർകൾ ഒററയ്ക്കു് "മട്ടോട്ടക്കുടി പാനംചെയ്തു" എന്നു 'ദീപിക'യിൽ ഒരു എഴുത്തുകാരൻ പ്രസ്താവിച്ചിട്ടുള്ളതു് എത്രയും പരമാത്ഥമാണെന്നുള്ളതിനു സംശയമില്ല. പിതാവിനോട്ടക്കുടിപോയ പുത്രൻ പിതാവിനെ ക്രൂടാതെ വീട്ടിലേക്ക തിരിച്ചുവരുന്ന അവസ്ഥ സങ്കടത്തിൽ സങ്കടകരമായിട്ടുള്ളതുതന്നെ.

ലീര കാര്യം:—

പരിശുദ്ധസിംഹാസനത്തിൽനിന്നു ചങ്ങനാശ്ശേരി രൂപത വകയ്ക്കായി സംഭാവന ചെയ്തിരുന്നതും, മാർ തോമ്മാ മെത്രാനച്ചൻ തിരുമനസ്സിലെ പേരിൽ ബാങ്കിൽ നിക്ഷേപിച്ചിരുന്നതുമായ 'ലീരാ' മെത്രാനച്ചൻ തിരുമനസ്സിലെ രോഗം അപകടം എന്നറിഞ്ഞമാത്രയിൽ എറണാകുളം മെത്രാപ്പോലീത്താ അച്ചന്റെ അഭിലാഷമനുസരിച്ചു ഒരു വക്കീൽ മുഖാന്തരം ഫാദർ ജെയിംസ് അവർകളുടെ പേരിലാക്കി. ഇങ്ങിനെ ചെയ്തില്ലായിരുന്നുവെങ്കിൽ ആ പണം വാങ്ങുന്നതിന്നു കുറെ വിഷമം നേരിടുമായിരുന്നു.

പൈതൃകമായ ആശിസ്സ്:–

മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് ലോകയാത്ര പറഞ്ഞതിൻെറ തലേദിനം മിക്കവാറും സമയം ബോധഹീനനായിരുന്നുവെങ്കിലും തനിക്ക് സുബോധമുണ്ടായ അവസരത്തിൽ പിതൃനിർവിശേഷമായ സ്നേഹാതിരേകത്തോടുകൂടി അരികിൽ ശുശ്രൂഷചെയ്തുകൊണ്ടിരുന്ന തൻെറ ഓമനപുത്രനെ–അതെ–നമ്മുടെ വന്ദ്യകഥാനായകനായഫാദർ ജെയിംസ് അവർകളെ വിളിച്ചരികിൽ നിറുത്തിഅവിടുത്തെപൈതൃകമായ ആശിസ്സുനൽകി അനുഗ്രഹിച്ചു. ഇപ്രകാരം തുടരെ മൂന്നു പ്രാവശ്യം അനുഗ്രഹിച്ചാശിർവദിച്ചുവെന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണ്.

മിഷ്യനറിയുടെ മെത്രാൻ:—

മാർ തോമ്മാമെത്രാനച്ചൻ തിരുമനസ്സിലെ വിയോഗാനന്തരം ഫാദർ ജെയിംസ് അവർകൾ "ലൂർദ്ദ്" സന്ദർശനാർത്ഥം അവിടെ എത്തിയപ്പോൾ യാദൃശ്ചികമായി കണ്ടുമുട്ടാനിടയായ ഒരു വൃദ്ധമിഷ്യനറി ഫാദർ ജെയിംസ് അവർകളുടെ പക്കൽവന്ന് അദ്ദേഹത്തിൻെറ കൈ ആദരപൂർവ്വം മുത്തുകയുണ്ടായി. ഇതിൻെറ കാരണം അറിയാതെ അമ്പരന്നു നിൽക്കുമ്പോൾ:– അത്ര വിദൂരമല്ലാത്ത ഭാവിയിൽ അവടുന്ന് ഒരു മെത്രാൻ– സ്ഥാനത്തേയ്ക്കു് ആരോഹണം ചെയ്യപ്പെടും" എന്ന് ആ വൃദ്ധമിഷ്യനറി പ്രവചിച്ചു. ആധുനിക ലോകത്തിൻെറ അത്ഭുതവിഷയമായ "ലൂർദ്ദ്" മഹാനഗരിയിലെ വൃദ്ധമിഷ്യനറിയുടെ ദീർഘദർശനം എത്ര കണ്ടു് സാർത്ഥകമായിരുന്നുവെന്ന് പിന്നീടുള്ള അനുഭവം വിശദീകരിക്കുന്നു.

അദ്ധ്യായം ൧൩.

## റോമിൽനിന്നുള്ള തിരിച്ചുവരവ്.

മെത്രാപ്പോലീത്താച്ചനുമൊന്നിച്ചു:—

മാർ തോമ്മാ മെത്രാനച്ചൻ തിരുമനസ്സിലെ സംസ്ക്കാരകർമ്മങ്ങളും മററും കഴിഞ്ഞിട്ടു കുറെകാലം കൂടി ഫാദർ ജെയിംസു അവർകൾ അവിടെതന്നെ താമസിച്ചു. ഇററലിയിലെ പല വിശുദ്ധസ്ഥലങ്ങളും സ്ഥാപനങ്ങളും സ്ഥലത്തുള്ള താമസക്കാലത്തു അദ്ദേഹം സന്ദർശിക്കയുണ്ടായി. തൻെറ റോമായാത്ര ദുഃഖപൂർണ്ണമായിട്ടാണ് പര്യവസാനിച്ചതെങ്കിലും പൊതുവെ ജൂബിലിവത്സരമാകയാൽ അവിടത്തെ പല പ്രധാന ചടങ്ങുകളിലും സംബന്ധിക്കുന്നതിനും, സഹകരിക്കുന്നതിനുമുള്ള ഭാഗധേയം സർവ്വ നിയന്താവു് പ്രദാനം ചെയ്യാതിരുന്നില്ല. തിരു സ്ഥലങ്ങളിൽ കർദ്ദിനാളന്മാർക്കും, മെത്രാന്മാർക്കും മാത്രം അനുവദിക്കപ്പെട്ടിട്ടുള്ള ബലിപീഠങ്ങളിൽ ദിവ്യപൂജ അർപ്പിക്കുന്നതിനും, വിശുദ്ധന്മാരുടെ നാമകരണകർമ്മങ്ങളിൽപങ്കുകൊള്ളുന്നതിനും,നമ്മുടെ വന്ദ്യവൈദികനു സാധിച്ചിട്ടുണ്ടു്. പരിശുദ്ധ പിതാവിനെ സന്ദർശിക്കുന്നതിലേക്കു റോമിൽ സന്നിഹിതനായിരുന്ന കണ്ടത്തിൽ മാർ ആഗ്രസ്തീനോസു മെത്രാപ്പോലീത്താ തിരുമേനിയോടൊന്നിച്ചു 1925 സെപ്ററംബർ 22—ാംനു റോമിൽനിന്നും ഇങ്ങോട്ടു യാത്രപുറപ്പെട്ടു. ഒക്ടോബർ 5—ാംനു എറണാകുളത്തെത്തി. ഒരു മെത്രാനോടൊന്നിച്ചുപോയി. ഒരു മെത്രാപ്പോലീത്തായൊടൊന്നിച്ചു മടങ്ങിയെത്തി. ഒരു വിധത്തിൽ പറഞ്ഞാൽ ഫാദർ ജെയിംസ് അവർകളുടെ തിരിച്ചുവരവു്, പണ്ടു കരിയാററിൽ തോമ്മാ മെത്രാനോടൊന്നിച്ചു റോമ്മാക്കു പോയ പാറേമ്മാക്കൽ തോ

മ്മാക്കത്തനാരുടെ തിരിച്ചുവരവിന്റെ സമമായിരിക്കുന്നു. ഫാദർ ജെയിംസ് അവർകൾ ഒക്ടോബർ 8—ാംനു- വിശുദ്ധ ബ്രിജീത്താ പുണ്യവതിയുടെ തിരുനാളിൽ ചങ്ങനാശ്ശേരി അരമനയിൽ വന്നുചേന്നു. അഡ്മിനിസ്ട്രേയിററർ അപ്പസ്തോലിക്കയായിരുന്ന റൈററ്, റവറണ്ട് മൊൺസിഞ്ഞോർ ജെയിക്കബ് കല്ലറയ്ക്കലവർകളുടെ കീഴിൽ അരമനയിൽതന്നെ താമസിച്ചു പഴയ ഉദ്യോഗങ്ങളെ കൃത്യശ്രദ്ധയോടും, സാമത്ഥ്യവിശേഷത്തോടും കൂടെ നടത്തിപ്പോന്നു.

അനുഗ്രഹക്കൊന്ത:—

കേരളത്തിൽ നടപ്പില്ലാതെയിരുന്ന ഒരു ഭക്തിപ്രധാനമായ പ്രസ്ഥാനമാണ് "അനുഗ്രഹക്കൊന്ത". ഈ പ്രസ്ഥാനത്തെ നാട്ടിൽ പ്രചരിപ്പിക്കുന്നതിന്നു ഫാദർ ജെയിംസ് അവർകൾ ബീജാവാപം ചെയ്തു. ഹാ അത്ഭുതമേ!! ഇന്ന് ഈ ജപം അനുഷ്ഠിക്കാത്ത ഒരു കുടുംബമെങ്കിലും ചങ്ങനാശ്ശേരി രൂപതയിൽ ഉണ്ടെന്നു തോന്നുന്നില്ല. ഈ ജപം മൂലം അത്ഭുതജനകമായ അനുഗ്രഹം ലഭിച്ചവർ നിരവധിയാണ്. ഇതു ആദ്യം ചങ്ങനാശ്ശേരി രൂപതയിൽ ആരംഭിച്ചെങ്കിലും താമസിയാതെ കേരളമാസകലം വ്യാപിച്ചുകഴിഞ്ഞിരിക്കുന്നു. ഈ പ്രസ്ഥാനത്തിൻെറ പ്രചാരണാത്ഥം ചങ്ങനാശ്ശേരി രൂപതയിലെ ഒരു ധനാഢ്യനും യഥാത്ഥഭക്തനും സമുദായസ്നേഹിയുമായ ആലപ്പുഴ മലയിൽ കുടുംബത്തിലെ ഒരംഗമായ ശ്രീമാൻ വക്കി ഔസേപ്പ് അവർകൾ ഗണ്യമായ ഒരു സംഖ്യ ചിലവു ചെയ്തു തിരുമനസ്സിലെ അനുമതിയോടുകൂടി അച്ചടിച്ച് പൊതുജനങ്ങളുടെ ഇടയിൽ സൌജന്യമായി ഇതിൻെറ പ്രതികൾ പ്രചരിപ്പിച്ചുവരുന്നു എന്നുള്ളതു് ഈ തരുണത്തിൽ പ്രത്യേകം പ്രസ്താവാർഹമാണ്.

അദ്ധ്യായം. ൧൧.

## മെത്രാനായി തെരഞ്ഞെടുത്തതു്.

കേബിൾസന്ദേശവും, അനുമോദനക്കത്തും:—

റവ. ഫാദർ ജെയിംസ് കാളാശ്ശേരി അവർകൾ ചങ്ങനാശ്ശേരി അരമനയിൽ സ്ഥിരതാമസമാക്കിക്കൊണ്ടു് തൻെറ ഉദ്യോഗചുമതലകളെ മേലാവിലെ ഹിതാനുസരണം സ്തുത്യർഹമായി നിർവഹിച്ചുവരവേ 1927–ഒക്ടോബർ 24–ാംനു പരിശുദ്ധപിതാവു് പതിനൊന്നാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് അദ്ദേഹത്തെ ചങ്ങനാശ്ശേരി രൂപതയുടെ ദ്വിതീയ മെത്രാനായി നിയമിച്ചു. നിയമനവിവരം പരിശുദ്ധപിതാവിൻെറ സ്റ്റേയിററു് സിക്രട്ടറി ഗാസ്പരി കർദ്ദിനാൾ തിരുമനസ്സുകൊണ്ടു് ഒരു കേബിൾസന്ദേശം വഴിയായി ഇൻഡ്യയുടെ ഡലഗാദ് അപ്പസ്തോലിക്കാ മോൺസിഞ്ഞോർ എഡ്വേർഡ് മൂണിയെ അറിവിച്ചു. അദ്ദേഹം പ്രസ്തുത സന്ദേശത്തെ ഒരു അനുമോദനസന്ദേശത്തോടുകൂടി ചങ്ങനാശേരി രൂപതയിലെ അഡ്മിനിസ്റ്റ്റേയിററർ അപ്പസ്തോലിക്കാ മോൺസിഞ്ഞോർ ജേക്കബ് കല്ലറയ്ക്കലവർകൾക്കു അയച്ചു. അനുമോദനക്കത്തിൻെറ ചുരുക്കം താഴെ ചേക്കുന്നു.

“ഡോക്ടർ ജെയിംസ് കാളശ്ശേരി അവർകളെ ചങ്ങനാശ്ശേരിരൂപതയുടെ മെത്രാനായി പരിശുദ്ധപിതാവു് തെരിഞ്ഞെടുത്തിരിക്കുന്നുവെന്നു് “പൌരസ്ത്യസഭകളുടെ തിരുസംഘം” പ്രഖ്യാപനം ചെയ്തിരിക്കുന്നുവെന്നു് അവിടെ അറിയിക്കുന്നതിൽ എനിക്കു് അതിയായ സന്തോഷം ഉണ്ടു്. കാലം ചെയ്ത കുര്യാളശ്ശേരി മെത്രാൻ തിരുമനസ്സിലേയ്ക്കു യോഗ്യനും, ജാഗരൂകനുമായ ഒരു പി

ൻഗാമിയായി തീരുവാൻ തക്ക ഒരാളെ തെരിഞ്ഞെടുത്ത തിൽ രൂപതയെ അനുമോദിക്കുകയും, തിരുസിംഹാസനം അദ്ദേഹത്തോട്ട് പ്രദശിപ്പിച്ചിട്ടുള്ള വിശ്വാസത്തിന്മേൽ എനിക്കുള്ള അനുമോദനങ്ങളേയും ഭക്തന്മാരായ പ്രസ്തുത രൂപതയിലെ വൈദികക്കും, അൽമേനികൾക്കും അനുഗ്രഹസംപൂൎണ്ണമായ, ദീർഘവും ഫലപ്രദവുമായ ഒരു ഭരണകാലത്തിനു വേണ്ടിയുള്ള എൻെറ ഉത്തമാശംസകളേയും പ്രാൎത്ഥനകളേയും മെത്രാനായി തെരിഞ്ഞെടുക്കപ്പെട്ടിരിക്കുന്ന വൈദികശ്രേഷ്ഠനേ അറിവിക്കണമെന്ന് ഞാൻ അങ്ങേയോട്ട് അപേക്ഷിക്കയും ചെയ്തുകൊള്ളുന്നു.''

മുദ്രാവാക്യം:–

ഒക്ടോബർ 31–ാംനു ക്രിസ്തുവിൻെറ രാജത്വതിരുനാളിലാണ് നിയമനവിവരം ചങ്ങനാശ്ശേരിയിൽ അറിവു കിട്ടിയതു്. വിപുലമായ ചങ്ങനാശ്ശേരി രൂപതയുടെ അദ്ധ്യക്ഷപീഠത്തിലേയ്ക്കു് തെരിഞ്ഞെടുക്കപ്പെട്ട സന്തോഷവാൎത്ത ഗ്രഹിച്ചക്ഷണത്തിൽ "നിൻെറ രാജ്യംവരണം'' എന്നുള്ള മുദ്രാവാക്യം സ്വീകരിക്കയാണ് തിരുമനസ്സുകൊണ്ടു് ആദ്യമായി ചെയ്തതു്.

നിയമനകാലത്തു തിരുമനസ്സിലേയ്ക്കു് 35–വയസ്സ തികഞ്ഞിരുന്നില്ലാ. ഇൻഡ്യയിലെ രൂപതാദ്ധ്യക്ഷന്മാരിൽ ഏററവും പ്രായം കുറഞ്ഞതു് ഡോക്ടർ, ജെയിംസ് കാളാശ്ശേരി തിരുമനസ്സുകൊണ്ടാണെന്നുള്ള സംഗതി പ്രത്യേകം രേഖാർഹമാണ്.

ചങ്ങനാശ്ശേരിക്കാരുടെ ആഹ്ലാദം:–

സ്വതേ സമുദായാഭിമാനികളും പൊതുക്കാൎയ്യപ്രസക്തരുമായ ചങ്ങനാശ്ശേരിക്കാർ, ഫാദർ ജെയിംസു അവർകളെ മെത്രാനായി തെരഞ്ഞെടുത്തിരിക്കുന്ന വിവരം അറിഞ്ഞ മാത്രയിൽ തന്നെ ഘണ്ടാരവങ്ങളാലും

കാഹളധ്വനികളാലും അവരുടെ അത്യാഹ്ളാദത്തെ പ്രത്യക്ഷപ്പെടുത്തി. ചങ്ങനാശ്ശേരി ദിഗ്വാസികളും നാനാജാതി മതസ്ഥരുമായ ഒരു വമ്പിച്ച ജനസംഘം ബാൻറു തുടങ്ങിയ വാദ്യഘോഷങ്ങളോടുകൂടി തിരുമനസ്സിലെ നിയമനവാൎത്ത പട്ടണമെങ്ങും പ്രഖ്യാപനം ചെയ്തുകൊണ്ടു തങ്ങളുടെ അതിരററ സന്തോഷത്തെ പ്രദശിപ്പിച്ചു. അനന്തരം ജനസംഘം അരമനയിൽ എത്തി അഭിനവ മെത്രാനെ അഭിവാദ്യം ചെയ്തു കരചുംബനം നടത്തിയ ശേഷമേ അന്നത്തെ അവരുടെ ആഹ്ളാദ ചടങ്ങുകൾ അവസാനിപ്പിച്ചുള്ളൂ.

കൈനകരിക്കാരുടെ അഭിമുഖസന്ദൎശനം:–

ഫാദർ, ജെയിംസു അവർകളുടെ നിയമനവൃത്താന്തം പിറേറദിനം മാത്രമെ കൈനകരിയിൽ അറിവാനിടയായുള്ളൂ. അന്നത്തെ സുപ്രഭാതം കൈനകരിയിലെ ആബാലവൃദ്ധം സ്ത്രീപുരുഷഭേദമെന്യേ സൎവ്വജാതി മതസ്ഥന്മാക്കും ഏററവും സന്തോഷദായകമായിരുന്നു. സ്ഥലം ഇടവകപ്പള്ളിയിലെ മണിനാദം ജനതതിയെ ദേവാലയത്തിലേക്കു ആനയിപ്പിച്ചു. തങ്ങൾ മുൻകൂട്ടി ആശിച്ചിരുന്നതും ദൈവം ഫലിപ്പിച്ചതുമായ ഈ തെരഞ്ഞെടുപ്പിൽ സർവ്വശക്തനായ കൎത്താവിനെ സ്തോത്രം ചെയ്യുന്നതിനായി എല്ലാവരും ദേവാലയത്തിൽ പ്രവേശിച്ചു പ്രാൎത്ഥന നടത്തി. സ്ഥലം സെൻറു മേരീസു ഇംഗ്ലീഷ് മലയാളം സ്ക്രൂളുകൾക്കും ഹോളിഫാമിലി ഇംഗ്ലീഷ് ഗറൽസ് സ്ക്രൂളിനും അന്നു് ഒഴിവു കൊടുത്തു. ഇതുകൊണ്ടുമാത്രം തങ്ങളുടെ കൃത്യനിൎവ്വഹണം അവസാനിച്ചില്ലെന്നു ബോധ്യപ്പെട്ടതിൻെറ ഫലമായി ഇടവകക്കാരുടെ ഒരു പ്രതിനിധി സംഘം അഭിനവമെത്രാനെ അഭിമുഖസന്ദൎശനം നടത്തി തങ്ങളുടെ സന്തോഷത്തെപ്രദശിപ്പിക്കണമെന്നു തീർച്ചപ്പെടുത്തി. ഒരു സ്പെഷ്യൽ മോ




റവ. ഫാദർ അപ്രേം ററി. ഒ. സി. ഡി.

ട്ടോർബോട്ടിൽ ഇടവകയിലെ വൈദികരിൽ വയോവൃദ്ധനായ റവ. ഫാദർ കൊച്ചപ്രേം ടി. ഒ. സി. ഡി, അവർകളുടെ നേതൃത്വത്തിലും റവ. ഫാദേഴ്സു, ജോസഫ് കാളാശ്ശേരി, തോമ്മസ് ചാവറ എന്നിവരുടെ സഹകരണത്തിലും ഏടവകക്കാരുടെ ഒരു പ്രതിനിധി സംഘം ചങ്ങനാശ്ശേരി അരമനയിലേയ്ക്കു പുറപ്പെട്ടു. പ്രതിനിധി സംഘം ചങ്ങനാശ്ശേരിചന്തക്കടവിൽ എത്തിയപ്പോൾ തദ്ദേശവാസികളായ കത്തോലിക്കർ തങ്ങളുടെ സഹോദരസംഘത്തോടു പ്രദശിപ്പിച്ച സ്നേഹാദരങ്ങൾ അഭിനവമെത്രാൻെറ നിയമനവൃത്താന്തത്തിലുള്ള നിസ്സീമവും നിഷ്ക്കന്മഷവുമായ അവരുടെ ആഹ്ളാദഫലമല്ലാതെ മറെറന്താണ്. അവിടെ നിന്നും എല്ലാവരുംക്രുടി സന്തോഷപുരസ്സരം അരമനയിലേക്കു പുറപ്പെട്ടു. അരമനയിലെത്തി അഭിമുഖസന്ദശ്നം നടത്തി കരചുംബനം ചെയ്തു. പ്രതിനിധിസംഘം മടങ്ങുന്ന അവസരത്തിൽ തിരുമനസ്സുകൊണ്ടു ഗൽഗദസ്വരത്തിൽ:— "നിങ്ങളെല്ലാവരും എനിക്കു വേണ്ടി നമ്മുടെ ഇടവകയുടെ മദ്ധ്യസ്ഥരായ തിരുക്കുടുംബത്തോടു പ്രത്യേകം പ്രാത്ഥിക്കണം" എന്നു കല്പിക്കയുണ്ടായി.

കൈനകരി ഇടവകസന്ദശ്നം:—

തെരഞ്ഞെടുപ്പിനു ശേഷം തിരുമനസ്സുകൊണ്ടു ആദ്യമായി കൈനകരിയിൽ വന്നതു് 1927 നവംബർ 23-ാംനു- യായിരുന്നു. ഇടവകക്കാരുടെ വകയായി പ്രത്യേകവിധത്തിൽ അലംകരിച്ച തയ്യാറാക്കിയ ഒരു മോട്ടോർബോട്ടിൽ ഇടവകപ്രതിനിധിസംഘം ചങ്ങനാശേരിയിലെത്തി തിരുമേനിയെ സ്വദേശത്തേക്കു ക്രുട്ടിക്കൊണ്ടുപോയി. തിരുമനസ്സിലെ ആഗമനത്തിൽ സ്ത്രീപുരുഷഭേദമെന്യേ ഇടവകയിലെ ആബാലവൃദ്ധം ജനങ്ങളും ദേവാലയത്തിൽ സന്നിഹിതരായിരുന്നു. തിരുമനസ്സുകൊ

ണ്ടു ദേവാലയത്തിൽ പ്രവേശിച്ചു പ്രാൎത്ഥന നടത്തിയ ശേഷം എല്ലാവരും പിതാവിൻെറ കരചുംബനംനടത്തി. നവംബർ 24-ാംനു-തിരുമനസ്സിലെ വല്യപ്പൻെറചരമദിനസ്മരണക്കായി മരിച്ചവൎക്കുവേണ്ടിയുള്ള റാസ ചൊല്ലി. അന്നേദിവസം സ്വഗൃഹത്തിൽവച്ചു നടത്തപ്പെട്ട ശ്രാദ്ധമടിയന്തിരത്തിൽ പങ്കുകൊള്ളുകയും അതിലെ പ്രധാനകാൎമ്മികനായിരുന്നു് "മന്ത്രാ" മുതലായ കൎമ്മാദികൾ നടത്തുകയും ചെയ്തു. പിറേറദിവസമായ 25-ാംനു തിരുമനസ്സിലെ പ്രത്യേക നിയോഗപ്രകാരം ഇടവക ദേവാലയത്തിൽ ഒരു പതിംമൂന്നുമണി ആരാധന നടത്തി. ഈ ആരാധനയിൽ ഏറക്കുറെ അധികസമയവും തിരുമനസ്സുകൊണ്ടു വിശുദ്ധ കുൎബ്ബാനയുടെ സന്നിധിയിൽ വിശ്രമമെന്യേ മുട്ടിൻമേൽതന്നെ നിൽക്കുന്നതായിട്ടാണു കണ്ടതു്. പിറേറദിനമായ 26-ാംനു ചമ്പക്കുളത്തും, എടത്വായിലുമുള്ള കോൺവൻറുകളും മററും സന്ദൎശിച്ചു.

മംഗളപത്രസമൎപ്പണം:-

നവംബർ 27-ാംനു കൈനകരിപ്പള്ളിമേടയിൽ വച്ചു് ഇടവകക്കാരുടെ വകയായി ഒരു മംഗളപത്രം തിരുമനസ്സിലേക്കു സമൎപ്പിച്ചു. മംഗളപത്രം താഴെച്ചേൎക്കുന്നു:—

നിതാന്ത വന്ദ്യ ദിവ്യശ്രീ
ചങ്ങനാശ്ശേരി രൂപതയുടെ മെത്രാൻ ഡോക്ടർ
ജെയിംസ് കാളാശ്ശേരി പിഎച്ച്. ഡി., ഡി. ഡി.
തിരുമസ്സിലെസന്നിധിയിൽ കൈനകരിപ്പള്ളിവികാരിയും
ഇടവകക്കാരായ വൈദികരും ജനങ്ങളും
കൂടി ആദരപൂൎവ്വം സമൎപ്പിക്കുന്ന

## മംഗളപത്രം.

പൂജ്യപാദനായ തിരുമേനി!

സീമാതീതമായ ബഹുമാനത്തോടും, നിസ്തുല്യമാ

യ ഭക്തിയോടും സർവ്വോപരി ഹൃദയംകവിയുന്ന സ്നേഹാതിരേകത്തോടുംകൂടി ഈ ശുഭാവസരത്തിൽ അങ്ങേയ്ക്കു ഞങ്ങൾ ഹാർദ്ദവമായി മംഗളമാശിച്ചുകൊള്ളുന്നു.

നിത്യസ്മരണയ്ക്കർഹനായ കാലം ചെയ്ത മാർ തോമ്മാമെത്രാൻ തിരുമനസ്സിലെ അപ്രതീക്ഷിതമായ അകാലവിയോഗം നിമിത്തം സന്താപസാഗരത്തിൽ നിമഗ്നരായി തത്തുല്യനായ ഒരു പിൻഗാമിയുടെ ആഗമനത്തെ രണ്ടരവർഷത്തോളം അക്ഷമരായി കാത്തിരുന്ന ഇജ്ജനങ്ങൾക്ക്, മഹത്വമേറിയ ആസ്ഥാനത്തെ അലങ്കരിക്കുന്നതിനായി പരിശുദ്ധ സിംഹാസനത്തിൽനിന്നും അങ്ങു, തെരിഞ്ഞെടുത്തിരിക്കുന്നു എന്നുള്ള മംഗളവാർത്ത എത്ര ആഹ്ലാദപ്രദമായിരുന്നു എന്ന് പറഞ്ഞറിയിപ്പാൻ പ്രയാസം.

അത്യുൽകൃഷ്ടങ്ങളായ പിഎച്ച്. ഡി., ഡി. ഡി. മുതലായ ബിരുദകൾ അനായാസേന സമ്പാദിക്കത്തക്കവണ്ണം അങ്ങേയ്ക്കു ലഭിച്ചിട്ടുള്ള ഉന്നതമായ വിദ്യാഭ്യാസം നിമിത്തവും, ആധുനികപരിഷ്കാരങ്ങളുടെ കേന്ദ്രസ്ഥാനമായ യൂറോപ്പുദേശങ്ങളിലെ ദീർഘകാലപര്യടനം മൂലം സിദ്ധിച്ചിട്ടുള്ള മനഃപരിഷ്കാരംകൊണ്ടും, സർവ്വോപരി സൽഗുണസമ്പന്നനും, ഭരണകുശലനുമായിരുന്ന കാലംചെയ്ത വന്ദ്യതിരുമേനിയുമായുള്ള ദീർഘകാലസഹവാസംകൊണ്ടും, അങ്ങേ നൈസർഗ്ഗികമായ സൽഗുണങ്ങൾ ക്രമോന്മുഖമായി വർദ്ധിച്ച് സംപുഷ്ടമായിതീരുന്നതിനും ഇപ്പോൾ നൽകപ്പെട്ടിട്ടുള്ള ഉന്നതമായ സ്ഥാനത്തിന് അങ്ങു സർവ്വഥാ യോഗ്യനാക്കിതീർക്കയും ചെയ്തിട്ടുണ്ടെന്നുള്ളതു് സർവ്വവിദിതമാകുന്നു.

മലങ്കരയിൽ സത്യവിശ്വാസം ആദ്യമായി പ്രസംഗിക്കപ്പെട്ടകാലം മുതൽ ആധുനികകാലംവരെ അവികലമായ തുടർച്ചയോടുകൂടി നിലനിന്നുപോരുന്ന അങ്ങേ പുരാതനമായ കുടുംബം എല്ലക്കാലത്തും . ദൈവശുശ്രൂ

ഷികളായ കന്യകാരത്നങ്ങളാലും, സന്യാസഗുരുപ്പട്ടക്കാരാലും, മേല്പട്ടക്കാരാൽപോലും അലംകൃതമായിരുന്നുവെന്നുള്ളതു് അനിഷേധ്യമായ ഒരു വാസ്തവമാകുന്നു. ശ്രേഷ്ഠമായ ഈ പാരമ്പര്യത്തിനു് അനുയോജ്യമായും, ഉന്നതവിദ്യാഭ്യാസം മൂലം അങ്ങേയ്ക്കു സിദ്ധിച്ചിട്ടുള്ള മനസംസ്കരണത്തിനനുസരണമായും, ഈ രൂപതയിലെ രണ്ടുലക്ഷത്തോളമുള്ള വിശ്വാസികളുടെ ആദ്ധ്യാത്മികഭരണം കാര്യക്ഷമമായി നടത്തുന്നതിനു് ദൈവാനുഗ്രഹത്താൽ അങ്ങേയ്ക്കു സാധിക്കുമെന്നു് ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു.

ഈ രൂപതയിലെ ജനങ്ങളുടെ ആദ്ധ്യാത്മികവും വിദ്യാഭ്യാസസംബന്ധവുമായ അഭിവൃദ്ധിയെ പുരസ്കരിച്ചു് അസാമാന്യഭരണവിദഗ്ധനായിരുന്ന കാലംചെയ്ത തിരുമേനി ആരംഭിച്ചിട്ടുള്ള അനേകം വലിയ കാര്യങ്ങളെ യഥായോഗ്യം നടത്തിക്കൊണ്ടുപോകുന്നതു് ദുഷ്കരമായി അങ്ങേയ്ക്കു തോന്നാനിടയുണ്ടെങ്കിലും ഈ മഹത്തരങ്ങളായ കാര്യങ്ങളെ യഥോചിതം നിർവഹിക്കുന്നതിനു് സർവ്വശക്തനായ ദൈവത്തിൻെറ പ്രത്യേകാനുഗ്രഹവും രൂപതയിലെ ജനങ്ങളുടെ സന്ദർഭോചിതമായ സഹായസഹകരണങ്ങളും ഉണ്ടാകുമെന്നു് സകാരണം പ്രതീക്ഷിച്ചുകൊള്ളാവുന്നതാണു്.

അവസാനമായി വേദപ്രചാരവിഷയത്തിൽ കാലംചെയ്ത വന്ദ്യതിരുമേനി ചെയ്തിട്ടുള്ള ഏർപ്പാടുകളെ സഫലമായി തുടൎന്നു നടത്തിക്കൊണ്ടും ഭരണീയന്മാരായ ജനങ്ങളുടെ മതവിശ്വാസം, സന്മാർഗ്ഗനിഷ്ഠ, മുതലായ സൽഗുണങ്ങളെ ഉപര്യുപരി അഭിവൃദ്ധിപ്പെടുത്തികൊണ്ടും ചിരകാലം ഈ രൂപതയെ പ്രശാന്തമായി ഭരിക്കുന്നതിനു കരുണാനിധിയായ സർവ്വേശ്വരൻ തൻെറ വിശേഷവരങ്ങളെ തിരുമേനിയുടെ മേൽ ധാരാളം വർഷിക്കുമാറാകട്ടെ! എന്നു ഭക്തിപൂർവ്വം പ്രാർത്ഥിച്ചുകൊണ്ടും, പൈതൃ

കമായ ആശിർവ്വാദം അപേക്ഷിച്ചുകൊണ്ടും വിരമിക്കുന്നു.

തിരുമനസ്സിലെ വിനീതവിധേയന്മാരും
ആത്മീയമക്കളുമായ കൈനകരിപ്പള്ളി ഇടവകക്കാർ.

മുടിയും വടിയും:–

മംഗളപത്രസമർപ്പണാനന്തരം ഇടവകക്കാരുടെ വകയായി തിരുമനസ്സിലെ നിത്യോപയോഗത്തിലേക്കു സ്വർണ്ണംകൊണ്ടു ഭംഗിയായി പണിതിരുന്ന ഒരു മുടിയും വടിയും സമർപ്പിച്ചു. മംഗളപത്രവും സമ്മാനവും സ്വീകരിച്ചശേഷം താൻ ചുമക്കാൻപോകുന്ന ഉദ്യോഗത്തിന്റെ ഭാരത്തേയും, അതിനെ ലഘൂകരിക്കുവാൻ ഏവർക്കും പ്രത്യേകിച്ചു തന്റെ സ്വന്ത ഇടവകക്കാരായ കൈനകരിക്കാർക്കുമുള്ള കടമയേയും വിശദീകരിച്ചു ഏകദേശം 15 മിനിട്ടു നേരത്തോളം സാരസംപൂർണ്ണമായ ഒരു പദേശംചെയ്തു. പ്രസ്തുത ഉപദേശത്തിൽ "നിങ്ങൾ ഏവരുടെയും, പരേതനായ വന്ദ്യപിതാവിന്റെയും പ്രത്യേക പ്രാർത്ഥനമൂലമാണ് തിരുസിംഹാസനത്തിൽ നിന്നും ഇപ്രകാരം ഒരു നിയമനം നടന്നിട്ടുള്ളതു്" എന്നു തിരുമനസ്സുകൊണ്ടു പ്രത്യേകം പ്രസ്താവിക്കയുണ്ടായി.

രോഗിയെ കാണ്മാൻപോയി:–

അന്നുതന്നെ ഉച്ചകഴിഞ്ഞു ഏകദേശം 2 മണിയോടുകൂടി തിരുമേനി, രോഗശയ്യയെ അവലംബിച്ചിരുന്ന സ്ഥലം ഇടവകയിലെ ഒരു മാന്യനും വയോവൃദ്ധനുമായ മുക്കാട്ടു തോമ്മാ ചാണ്ടി അവർകളെ കാണുന്നതിനായി പോയി. രോഗശയ്യയിൽ കിടന്നുകൊണ്ടു ആ മാന്യവയോധികൻ തിരുമനസ്സിലേക്കു ഒരു കൃതജ്ഞതാപത്രം സമർപ്പിക്കുകയുണ്ടായി. ആയതു് താഴെചേർക്കുന്നു.

## നി. വ. ദിവ്യശ്രീ
## കാളാശ്ശേരിൽ മാർ യാക്കോബ് മെത്രാനച്ചൻ
## തിരുമനസ്സിലേയ്ക്ക്.

ചങ്ങനാശേരി രൂപതയുടെ ആത്മീയാദ്ധ്യക്ഷനെന്ന മഹനീയസ്ഥാനത്തിൽ അങ്ങിന്നു ഉയർത്തപ്പെട്ടു കാണുന്നതിൽ അതിനായി നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരുന്ന എനിക്കുള്ള അതിരററ ആനന്ദത്തെ ആദ്യമായി പ്രകാശിപ്പിച്ചുകൊള്ളുന്നു.

പൂജ്യനായ തിരുമേനി! വാർദ്ധക്യദശയിലെ എൻെറ മങ്ങിയ കണ്ണുകൾ അങ്ങേദർശിക്കയിൽ അങ്ങേ, വന്ദ്യപൂർവ്വികനും നമ്മുടെ സ്തുതിക്കപ്പെട്ട പിതാവും കേരളീയ കത്തോലിക്കരെ കിരീടംവയ്ക്കാതെ വാണിരുന്ന മഹാനുമായ എ. പെ. ബ. പ്രിയോർ കുറിയാക്കോസു എലിയാ അച്ചനിൽ പ്രശോഭിച്ചിരുന്ന നന്മകളുടെ ഒരു മൂർത്തീകരണമെന്നാണ് എൻെറ ഹൃദയവേദിയിൽ ഉദിച്ചുയരുന്നതു്. അവിടുന്ന് ആ മഹാത്മാവിൻെറ ഗുണഗണങ്ങളുടെ സാക്ഷാൽ അവതാരം തന്നെയെന്നു എനിക്കുണ്ടായിട്ടുള്ള വിശ്വാസം പൂർത്തീകരിക്കുന്ന മാത്രയും കാണ്മാൻ ഇടയായതു് എൻെറ മഹാഭാഗ്യം തന്നെ.

പുണ്യശ്ലോകന്മാരായ പിതാക്കന്മാരിൽ നിന്നും സിദ്ധമായിരിക്കുന്ന സ്വഭാവ വൈശിഷ്ട്യവും, വിദേശസഞ്ചാരത്താലും, വിശുദ്ധ സ്ഥലങ്ങളുടെ സന്ദർശനത്താലും കരസ്ഥമാക്കിയിട്ടുള്ള അഗാധവും അപൂർവ്വവുമായ പാണ്ഡിത്യവും, പരിശുദ്ധതയും കാലംചെയ്ത നമ്മുടെ വന്ദ്യപിതാവിൻെറ സാക്ഷാൽ പിൻഗാമിയായി ചങ്ങനാശ്ശേരിമിസ്സത്തിൻെറ സർവ്വാനുഗ്രഹങ്ങളുടെയും സങ്കേതകേന്ദ്രമായി, ഭാഗ്യബഹുലതയോടുകൂടി നീണാൾ ഈ ഉന്നത സിംഹാസനത്തിൽ വാഴുന്നതിനു അങ്ങേ പ്രാപ്തനാക്കട്ടെ എന്ന് ഞാൻ ഹൃദയപൂർവ്വം പ്രാർത്ഥിച്ചുകൊള്ളുന്നു.



പരേതനായ മുക്കാട്ടു തോമ്മാ ചാണ്ടി.

കുയ്യാളശ്ശേരി മെത്രാനച്ചൻെറ വേർപാടോടുകൂടി അപൂൎണ്ണാവസ്ഥയിൽ അനാഥയായി കിടക്കുന്ന കയ്യാററൽപള്ളി അതിൻെറ സ്ഥാപകനായ പുണ്യപിതാവിൻെറ ഉദ്ദേശാനുസരണം യാത്രക്കാരുടെയും പുതുക്രൈസ്തവരുടെയും അഭയസ്ഥാനമായി തീരത്തക്കവണ്ണം അങ്ങേ ദൃഷ്ടി ആ സ്ഥാപനത്തിൻെറ മേൽ പതിക്കുന്നതിനു ദയവുണ്ടാകണമെന്നും എന്നെയും, കുടുംബത്തെയും ആശീൎവ്വദിക്കണമെന്നുമുള്ള അപേക്ഷയോടുകൂടി അങ്ങിൽ, കരുണാനിധിയായ കൎത്താവു വൎഷിച്ചിരിക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ചു എനിക്കുള്ള അഭിനന്ദനങ്ങളെ ഭക്തിപൂൎവ്വം രേഖപ്പെടുത്തിക്കൊള്ളുന്നു.

എന്ന്

| | |
|---|---|
| കൈനകരി. | അങ്ങേ തൃപ്പാദഭക്തൻ |
| 8. 4. 103. | മുക്കാട്ടു തോമ്മാ ചാണ്ടി. |

ആഘോഷമായ അകമ്പടി:–

നവംബർ 29–ാംനു കാലത്തു തിരുമേനി ചേന്നംകരിപ്പള്ളി സന്ദൎശിച്ചു. അന്ന് ഉച്ചകഴിഞ്ഞു രണ്ടുമണിയോടുകൂടെ ഒട്ടുവളരെ മോട്ടോർ ബോട്ടുകളുടെ അകമ്പടിയോടുകൂടി തിരുമേനി ചങ്ങനാശ്ശേരി അരമനയിലേക്കു ആനയിക്കപ്പെട്ടു. ഈ ഘോഷയാത്രയിൽ കൈനകരിയിലെ ആബാലവൃദ്ധം ജനങ്ങളും ഉൾപ്പെട്ടിരുന്നു. യാത്രാസംഘം ചങ്ങനാശേരി ചന്തക്കടവിലെത്തിയപ്പോൾ കാലേകൂട്ടി സന്നിഹിതരായി ആഗമനസംഘത്തെ പ്രതീക്ഷിച്ചു നിന്നിരുന്ന ചങ്ങനാശ്ശേരിക്കാർ അവരെ സബഹുമാനം സ്വീകരിച്ചു ബാൻറു തുടങ്ങിയ വാദ്യഘോഷങ്ങളോടുകൂടി തിരുമേനിയെ ഒരു മോട്ടോർ വണ്ടിയിൽ കയററി അരമനയിൽ കൊണ്ടുചെന്നാക്കിയശേഷം എല്ലാവരും തിരിച്ചുപോന്നു.

മോൺസിഞ്ഞോരുടെ ആജ്ഞാപനം:—

പട്ടാഭിഷേകം സംബന്ധിച്ചുള്ള മോൺസിഞ്ഞോർ ജേയിക്കബ് കല്ലറയ്ക്കനവർകളുടെ ആജ്ഞാപനത്തിലെ ഒരു ഭാഗം ഇപ്രകാരമാണ് "...... പട്ടാഭിഷേകത്തിന്റെ തലേ ഞായറാഴ്ച എല്ലാപള്ളികളിലും പള്ളിവകയായി ഒരു കുർബ്ബാന നടത്തുകയും "റൂഹാദക്കുദശാ" യോടുള്ള "താലാക് റൂഹാ" എന്ന സ്തോത്രഗീതം പാടുകയും ചെയ്യേണ്ടതാണ്. ഈ മാസം 10—ാംനു മുതൽ 20—ാംനു വരെ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു ധ്യാനം കഴിക്കുന്നതാകയാൽ ആ ദിവസങ്ങളിൽ അദ്ദേഹത്തിനു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കയും അതിലേതെങ്കിലും ഒരു ദിവസം വിശ്വാസികൾ എവരും വിശുദ്ധ കുർബാന ഉൾക്കൊള്ളുകയും സന്യാസാശ്രമങ്ങളിലും, മഠങ്ങളിലും, റൂഹാദക്കുദശായുടെ സ്തുതിക്കായുള്ള നവനാൾ കഴിക്കയും ചെയ്യണമെന്ന് അദ്ദേഹം ആഗ്രഹിക്കുന്ന വിവരം എവരേയും അറിവിച്ചുകൊള്ളുന്നു. കൂടാതെ പട്ടാഭിഷേക തിരുക്കർമ്മത്തിനു അനുയോജ്യമായ ഭക്തിയും വണക്കവും തിരുക്കർമ്മദേവാലയത്തിൽ ആചരിക്കേണ്ടതാകയാൽ വിശുദ്ധ ചടങ്ങുകളുടെ സമയത്തു അവിടെ എല്ലാവരും കണിശമായി മൌനം അനുഷ്ഠിക്കേണ്ടതാണ്. ആ മഹൽ സദസ്സ് സെഹിയോനിലെ വിശുദ്ധ സംഘത്തെ പ്രതിബിംബിക്കുമാറു ഭക്തിപൂർവ്വമായ പ്രാർത്ഥനകളാലും, വണക്കബഹുമാനങ്ങളാലും അതിനെ പരിശുദ്ധമാക്കിത്തീർക്കുവാൻ എല്ലാവർക്കും ശ്രദ്ധയുണ്ടായിരിക്കട്ടെ.

മുഴവൻധ്യാനം:—

മെത്രാഭിഷേകകർമ്മത്തിന് ആസ്തപ്പാടായിട്ടുള്ള ആദ്ധ്യാത്മിക ധ്യാനം നടത്തുന്നതിലേയ്ക്കായി മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് തെരിഞ്ഞെടുത്തത് "കേരള

സെഹിയോൻ" എന്ന് അപരനാമമുള്ള "മാന്നാനം" ആശ്രമമായിരുന്നു. 1927 ഡിസംബർ 10–ാംനു തിരുമേനി മാന്നാനം ആശ്രമത്തിലെത്തി ധ്യാനമാരംഭിക്കയും 19–ാം തീയതി കാലത്ത് ധ്യാനം അവസാനിപ്പിക്കയും ചെയ്തു. അന്നു തിരുമനസ്സിലെ തൃക്കൈയിൽനിന്ന് ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനായി അനേക ജനങ്ങൾ അവിടെ എത്തിയിരുന്നു. അവർക്കെല്ലാവർക്കും തിരുമനസ്സുകൊണ്ടു് ദിവ്യകാരുണ്യം എഴുന്നെള്ളിച്ചുകൊടുത്തു. ദിവ്യപൂജാനന്തരം ദിവ്യകാരുണ്യവാഴ്‌വും "താലാക്‌മഹാ" എന്ന സ്തോത്രഗീതവും തിരുമനസ്സുകൊണ്ടുതന്നെ നടത്തി. അന്നു കാലത്ത് 9– മണിക്ക് സെൻറ്ജോസഫ്സ് പ്രസ്സ്, നസ്രാണിദീപിക ആഫീസ് മുതലായവ സന്ദർശിക്കയും ജോലിക്കാർക്കു തൻെറ പൈതൃകമായ ആശിസ്സു നൽകുകയുമുണ്ടായി. അന്നു 3– മണിയോടുകൂടി റവ. ഫാദർ നെല്ലുവേലി അവർകൾ സ്പെഷ്യൽകാറിൽ മാന്നാനത്തെത്തി തിരുമേനിയെ അരമനയിലേക്കുകൂട്ടിക്കൊണ്ടുപോയി.

ബൂളാ വന്നുചേർന്നു:–

പട്ടാഭിഷേകം സമീപിച്ചെങ്കിലും "ബൂളാ" വന്നുചേരായ്കയാൽ എല്ലാവർക്കും അല്പം ഇച്ഛാഭംഗമുണ്ടായിരുന്നു. "ബൂളാ" വന്നുചേർന്നില്ലെങ്കിലും പട്ടാഭിഷേകം നടത്തിക്കൊള്ളുവാൻ ദലഗാദ് അപ്പസ്തോലിക്കാ തിരുമനസ്സിലെ കമ്പിസന്ദേശം കാലേക്കൂട്ടി ലഭിച്ചിരുന്നതിനാൽ സമാധാനത്തിനു വഴിയുണ്ടായിരുന്നു. ദൈവകാരുണ്യത്താൽ തിരുമനസ്സുകൊണ്ടു് ധ്യാനം കഴിഞ്ഞു് മാന്നാനത്തുനിന്നും മടങ്ങിയെത്തുന്നതിന് അരമണിക്കൂർ മുമ്പ് ബൂളായും വന്നുചേർന്നു. ഒന്നര ഫുൾസ്കാപ്പ് വലിപ്പത്തിൽ തുകൽകടലാസിൽ രമണീയമായ കൈപ്പടയിൽ ആയിരുന്നു പ്രസ്തുത തിരുവെഴുത്തു്. ഈയുള്ളക്ക

ന്ന

ട്ടിയിന്മേൽ അടിക്കപ്പെട്ടിട്ടുള്ള പരിശുദ്ധ പിതാവിൻെറ മുദ്ര പീത്തകൊണ്ടു് അതിന്മേൽ പിടിപ്പിച്ചിരുന്നു.

ഈ വൈദികൻ ഏതാണ്?:—

മെത്രാഭിഷേകത്തിനു തലേദിവസം കോഴിക്കോട്ടു മെത്രാൻ ഡോക്ടർ പോൾപെരീനി, തിരുമനസ്സുകൊണ്ടു് അരമനയിൽ എത്തിയ അവസരത്തിൽ ഒരു വൈദികൻ ചെന്നു് ആദരപൂർവ്വം അദ്ദേഹത്തിൻെറ കൈമുത്തി. ഈ വൈദികൻ ഏതാണ്? എന്നു് അടുത്തു നിന്നവരോടായി മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് ചോദിച്ചു. അതു് കാളാശ്ശേരിൽമെത്രാൻ തന്നെയാണെന്നു് പിന്നീടാണദ്ദേഹത്തിനു മനസ്സിലായതു്. മെത്രാനച്ചൻ ധ്യാനം കഴിഞ്ഞു വന്നപ്പോൾ ഇട്ടിരുന്ന അല്പം കീറിയ ഉടുപ്പു് ധരിച്ചിരുന്നതുകൊണ്ടായിരിക്കാം അദ്ദേഹത്തെ മനസ്സിലാകാതിരുന്നതു്. "അദ്ദേഹത്തിൻെറ വിനയാതിരേകം നോക്കുക!" എന്നു് അതിഥികളായി വന്ന വന്ദ്യതിരുമേനിമാരിലൊരാൾ ആശ്ചര്യപരതന്ത്രനായി ഒരു വൈദികനോടു പ്രസ്താവിക്കയുണ്ടായി.

അദ്ധ്യായം ൰൮.

## പട്ടാഭിഷേക മഹാമഹം.

പ്രാരംഭം:ടങ്ങുകൾ:—

1927– ഡിസംബർ മാസം ചങ്ങനാശ്ശേരി രൂപതക്കാക്ക ആഹ്ളാദത്തിൻെറയും, ആശാഭിവൃദ്ധിയുടേയും ഒരുകാലഘട്ടമായിരുന്നു. ആ മാസം 21–ാംനു ആണു ഡോക്ടർ ജെയിംസ് കാളാശ്ശേരി തിരുമനസ്സിലെ പട്ടാഭിഷേക മഹോത്സവം കൊണ്ടാടപ്പെട്ടതെങ്കിലും സുമാർ ഒരു മാസം മുൻപുതന്നെ ചങ്ങനാശ്ശേരി പട്ടണത്തിൽ എതൽകാൎയ്യനിവൃത്തിക്കായുള്ള പരിശ്രമങ്ങൾ തുടങ്ങിയിരുന്നു. ചങ്ങനാശ്ശേരി രൂപതയുടെ അദ്ധ്യക്ഷപീഠത്തെ അലങ്കരിച്ചിരുന്ന ആരാധനീയ സ്ഥാനാർഹനായ കാലം ചെയ്ത കുര്യാളശ്ശേരി മാർ തോമ്മാമെത്രാൻ തിരുമനസ്സിലെ പൂജ്യാസനം അലങ്കരിക്കുവാൻ പൊതുജനാശയ്യാനുരൂപമായി തെരഞ്ഞെടുക്കപ്പെട്ട ഡോക്ടർ ജെയിംസ് കാളാശ്ശേരി തിരുമനസ്സിലെ അഭിഷേകകൎമ്മത്തിൻെറ ആകൎഷണീയതയും ആഡംബരാവസ്ഥയും ആലോചിക്കുമ്പോൾ, ഇതുപോലെയുള്ള ഒരു ചരിത്രപുസ്തകത്തിൻെറ ഏതാനും വശം അതിൻെറ വിവരണത്തിനുവേണ്ടി വിനിയോഗിക്കുന്നതു് സന്ദർഭോചിതമായിരിക്കും.

കേരളത്തിൽ അടുത്ത കാലത്തെങ്ങും ഒരു മെത്രാഭിഷേകകൎമ്മം നടന്നിട്ടില്ലാത്തതിനാൽ അഭൂതപൂൎവ്വമായ ഈ സംഭവത്തിൻെറ മാഹാത്മ്യത്തിനു യോജ്യമാംവണ്ണം സൎവ്വവും ഒരുക്കപ്പെട്ടിരുന്നു. ഭദ്രാസനദേവാലയത്തിൻെറ വടക്കുവശത്തുണ്ടായിരുന്ന അതിപുരാതനവും ബഹുവിസ്തൃതവുമായ പള്ളിക്കുളം നികത്തുകയും കുളക്കടവിൽ ഉണ്ടായിരുന്ന ബലവത്തായ കുളിപ്പുരയും അതിനോടനുബന്ധിച്ചുള്ള 500 അടിയോളം നീളം വരുന്ന കൽമതിലുകളും, തകൎക്കുകയും ചെയ്തിരുന്നു. പന്തൽ, പരിസരപ്രദേശങ്ങൾ, അഭിഷേകമണ്ഡപം ഇവയെല്ലാം

എത്രത്തോളം ഭംഗിയായും യോഗ്യമായും ക്രമപ്പെടുത്തി യിരുന്നുവെന്ന് കൃത്യമായി രേഖപ്പെടുത്തുക അസാദ്ധ്യം. അതിൻെറ ഏകദേശമായ രൂപമെങ്കിലും വായനക്കാ ക്ക് ലഭിക്കുന്നതിലേക്കായി അലംകാരങ്ങളെയും മററും പ ററി അക്കാലത്തു 'ദീപികയിൽ' ചേൎത്തിരുന്ന റിപ്പോൎട്ടി ൻെറ ഏതാനും ഭാഗം ചുവടെ ചേൎത്തുകൊള്ളുന്നു.

അലങ്കാരങ്ങൾ:—

ചങ്ങനാശ്ശേരി പട്ടണത്തിൽ എത്തുന്ന ഏതൊ രാൾക്കും ദിഗ്ഭ്രാന്തി ഉദ്ദീപിക്കുമാറു വിവിധതരത്തിലു ള്ള അലങ്കാരങ്ങളുടെ ബഹുലത്വംകൊണ്ടു പട്ടണമാസ കലം പ്രശോഭിതമായിട്ടുണ്ട്. ഇരുവശവും മുളങ്കാലുകൾ നാട്ടി തോരണമാല്യങ്ങളാലും, അനേകായിരം നേന്ത്ര വാഴക്കുലകളാലും കമനീയമായി അലങ്കരിക്കപ്പെട്ടിട്ടുള്ള മെത്രാസന അരമനയുടെ ഗെയിററുങ്കൽ ചെന്നാൽ ച തുരാകൃതിയിൽ തയ്യാർ ചെയ്യപ്പെട്ടതും, ആൎക്കും നേത്രാ നന്ദത്തെ ഉളവാക്കുന്നതുമായ 'ഒരാക്കു' കാണാവുന്നതാ ണ്. ഇവിടെനിന്നും ഉത്തരഭാഗത്തേയ്ക്കു നോക്കുമ്പോൾ സുമാർ ഒന്നര ഫർലോങ്ങ് നീളത്തിൽ മെത്രാസനരമന യുടെ ഗെയിററുമുതൽ അരമനവരെ ഒന്നിടവിട്ടു നാട്ടിയിട്ടു ള്ള മുളങ്കാലുകളെ സംഘടിപ്പിച്ചുകെട്ടിയിട്ടുള്ള തോരണസ മൂഹവും, കൊടിക്കൂറകളുംകാണാം. നേത്രാഭിരാമമാകുംവി ധംഇടതൂൎന്നഇരുവശവുംനില്ക്കുന്ന പച്ചിലകളുടെഇടയിൽ കൂടി ചുമപ്പു, പച്ച, നീല, മഞ്ഞ, മുതലായ വിവിധവൎണ്ണ ത്തിലുള്ള കൊടിക്കൂറകൾ കാററത്തുപ്രചലിക്കുന്ന കാഴ്ച ദൎശനീയംതന്നെ. അരമനയുടെ ഗെയിററുതന്നെ പലവ ൎണ്ണച്ഛായങ്ങളാൽ ഭംഗിയാക്കപ്പെട്ടിരിക്കുന്നു. ഉന്നതമായ അരമന എടുപ്പുകളുടെ പൂൎവ്വഭാഗത്തായി സ്കെയിലററു കളിൽ ഒന്നിൽ പരിശുദ്ധസിംഹാസനത്തിലെ പതാക യും ദക്ഷിണഭാഗത്തും ഉത്തരഭാഗത്തുമുള്ള സ്കെയിലററു കളിൽബ്രിട്ടിഷ് പതാകയും, വഞ്ചിരാജ്യപതാകയും ചാ

ഞ്ചാടിക്കൊണ്ടിരിക്കുന്നു. അരമനയുടെ മുൻവശത്തുള്ള വരാന്തയിൽ നെടുനീളെ അനവധി കസാലകൾ നിരത്തിയിട്ടിട്ടുണ്ട്. ജനപ്രവാഹം വർദ്ധിച്ചുവരുന്നതുകണ്ടു് മെത്രാസനാരമനയുടെ മുകളിലത്തെ നിലകളിലേക്കു ജനങ്ങളെ കടത്തിവിടാതെ സൂക്ഷിക്കുന്നതിന്നു് സമാധാനപാലകന്മാരെ നിയോഗിക്കേണ്ടതായി വന്നിട്ടുണ്ട്. മുകൾവശത്തെ വരാന്തയിൽ വിവിധവർണ്ണത്തിലുള്ള പരവതാനികളാൽ തട്ടു ആഛാദനംചെയ്യപ്പെട്ടിരിക്കുന്നു. അഡ്മിനിസ്ട്രെയിററർ അപ്പസ്തോലിക്കാ മോൺസിഞ്ഞോർ ജേക്കബ് കല്ലറയ്ക്കലവർകൾ സർവ്വകാര്യങ്ങളിലും മേലന്വേഷണംവഹിച്ചു സർവ്വവ്യാപിയായി കാണപ്പെടുന്നു. അനവധി വൈദികർ ഓരോ ജോലികളിൽ വ്യാപൃതരായി എല്ലായിടത്തും സഞ്ചരിക്കുന്നു.

ഇനി പശ്ചിമഭാഗത്തേക്കു നോക്കിയാൽ കത്തീഡ്രൽ ദേവാലയംവരെയുള്ള രാജവീഥികളുടെ ഇരുവശവും മുളകൾ നാട്ടി കുലവാഴകളാലും, തോരണങ്ങളാലും അലംകരിക്കപ്പെട്ടിരിക്കുന്നു. ദേവാലയത്തിൻെറ പുരോഭാഗത്തും കമനീയമായ 'ഒരാക്കു' സ്ഥാപിച്ചിട്ടുണ്ട്. ദേവാലയത്തിൻെറ വടക്കു കിഴക്കേ ഭാഗമായി ഉദ്ദേശം പതിനായിരംപേൎക്കു സുഖമായി ഇരിക്കത്തക്കവണ്ണം ഒരു ഭീമമായ വിരിപന്തൽ തയ്യാർ ചെയ്തിരിക്കുന്നു. ദേവാലയത്തിൻെറ പശ്ചിമഭാഗത്തു നാലുവശവും മുളവാരികൾ പിന്തി ഉള്ളിൽ പച്ചീന്തൽക്കൈകൾ നിറച്ചിട്ടുള്ള മനോഹരമായ ഒരാക്കു ഉണ്ടു്. ഇവിടം മുതൽ മെത്രാൻ സ്ഥാനാഭിഷേകകൎമ്മനിർവഹണമന്ദിരംവരെയുള്ള നെടുംപന്തലിൻെറ മുകൾ ഭാഗം വെള്ളവിരിച്ചും ഇരുവശവും റോസുനിറത്തിലുള്ള ഞൊറിവുകൾ വച്ചുപിടിപ്പിച്ചും അകവശം നക്ഷത്രപ്പൂക്കൾ പുഷ്പചെയ്യിൻ മുതലായവയാൽ അലംകരിച്ചും രമണീയമാക്കിയിരിക്കുന്നു.


സ്ഥാനാഭിഷേക മന്ദിരത്തിൽ ചെയ്തിട്ടുള്ള അ

ലംകാരവേലകൾ അവണ്ണനീയം തന്നെ. എട്ടുപട്ടത്തിൽ തേക്കുകൊണ്ടുള്ള തൂണും ക്രാസികളും തയ്യാർ ചെയ്തു അഞ്ചടി ഉയരത്തിൽ കല്ലുകൊണ്ടു കെട്ടി സിമൻറു ഇട്ടു ഉറപ്പിച്ചിരുന്ന ഈ മനോഹരസൗധം ആകർഷണീയമാക്കിത്തീർത്ത അലംകാരവിദഗ്ധന്മാരും, ചിത്രമെഴുത്തിൽ അദ്വിതീയന്മാരായ ജോസഫ് നീവ് (വെണ്ടുരുത്തി) ബാത്തുആണ്ടിക്കോത്തു എന്നിവരുടെ സാമർത്ഥ്യവിശേഷം സർവ്വരാലും അഭിനന്ദനീയം തന്നെ. മദ്ധ്യഭാഗത്തുള്ളതും മെഴുകുതിരികളാൽ നിറക്കപ്പെട്ടതുമായ ഒരു ശരറാന്തൽ, മുകൾഭാഗത്തു തയ്യാർ ചെയ്തിരിക്കുന്ന ഒരു പുഷ്പത്തിൽനിന്നു ഉത്ഭവിച്ചതാണോ എന്നു കാണികൾ സംശയിച്ചുപോകും. ഇതിനു നാലുവശവും മാലാഖാമാരുടെയും മററും ചരിത്രസംബന്ധമായ പടങ്ങൾ വളരെ തന്മയത്വത്തോടുകൂടി എഴുതപ്പെട്ടിരിക്കുന്നു. ഇതിനു താഴ്‌വശത്തു നാലുവരി അടുക്കിൽ ചെയ്തിരിക്കുന്ന അലംകാരവേലകളും അറബിമാല്യങ്ങളും 'ബോ'മാല്യങ്ങളും റഡീതുമാല്യങ്ങളും അരികിനു ഞൊറിവുകളും അഷ്ടതൂണുകളിൽ തയ്യാർ ചെയ്തിരിക്കുന്ന പുഷ്പചെയിനും എത്ര നേത്രാഭിരാമമായിരുന്നുവെന്നു കണ്ടുതന്നെ അറിയേണ്ടിയിരുന്നു. ഇതിനു മദ്ധ്യത്തിൽ സജ്ജീകൃതമായിരുന്ന വിശിഷ്ടമായ സിംഹാസനത്തിൻെറ മഞ്ജുളതഎവരാലുംവാഴ്ത്തപ്പെടേണ്ടതുതന്നെയെന്നുള്ളതിനു സംശയമില്ല. എട്ടുപട്ടമുള്ള അഭിഷേക പന്തലിൻെറ മുകളിൽ സ്ഥാപിതമായിരിക്കുന്ന വെള്ളിക്കുരിശും മററു അലങ്കാരവിശേഷങ്ങളും വണ്ണനാതീതം തന്നെ.

സന്ദർശകന്മാരുടെ ബഹുലത:–

---

ഡിസംബർ 20–ാം തീയതി ചൊവ്വാഴ്ച മണി ഏഴായപ്പോൾ മുതൽ അടുത്ത ദിവസം നടക്കുന്ന അഭൂതപൂർവ്വമായ മഹോത്സവത്തിൽ പങ്കുകൊള്ളുന്നതിനായിരാ



അഭിഷേകമണ്ഡപത്തോടു ചേൎന്നുള്ള പന്തലും ആൾത്തിരക്കും.

ജ്യത്തിന്റെ നാനാഭാഗത്തുനിന്നും ജനങ്ങൾ വന്നുതുടങ്ങി. മണിക്കൂർ ഒന്നിനു പത്തും പന്ത്രണ്ടും മോട്ടോർബസ്സ നിറച്ച് ജനങ്ങൾ ടൌണിൽ എത്തിക്കൊണ്ടിരുന്നു. ബോട്ടുവഴിയായും ഒട്ടുവളരെ സന്ദർശകന്മാർ വന്നുചേർന്നിരുന്നു. തൃശ്ശിവപേരൂർ, കൊച്ചി, എറണാകുളം, കൊല്ലം, കോട്ടയം, വരാപ്പുഴ എന്നീ രൂപതകളിലെ വന്ദ്യവൈദികരും വൈദികവിദ്യാൎത്ഥികളും ഇവിടെ വന്നുകൊണ്ടിരുന്നു. വിവിധജാതിമതസ്ഥന്മാരായ ഒരു വലിയ ജനക്കൂട്ടം ടൌണിൽ എത്തി അടുത്ത ദിവസം നടക്കുവാൻ പോകുന്ന മഹാമഹത്തിൽ പങ്കുകൊള്ളുന്നതിനായി താമസിച്ചിരുന്നു. മദ്രാസ്മെയിൽ, ഹിന്തു, സ്വരാജ്യം, ഡെയിലിഎക്സ്സ്പ്രസ്, സ്റ്റെയിററ്സ്മാൻ, സമദർശി, മനോരമ, പ്രതിദിനം, ദീപിക ആദിയായ പത്രങ്ങളുടെ റിപ്പോട്ടറന്മാർ ടൌണിൽ വാൎത്താവിവരങ്ങൾ അറിവാൻ ചുററിസഞ്ചരിച്ചിരുന്നു.

അതിഥികൾ:—

പലസ്ഥാനത്തിലും സ്ഥിതിയിലും സമുദായത്തിലുംപെട്ട മഹാന്മാർ ഈ മഹാമഹത്തിൽ പങ്കുകൊള്ളുവാൻ എത്തിയിരുന്നു എന്നുള്ളതു ഇതിന്റെ ഒരു പ്രത്യേകവിശേഷമാണ്. എറണാകുളം ആർച്ച് ബിഷോപ്പ് ഡോക്ടർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമനസ്സുകൊണ്ടും, വരാപ്പുഴ ആർച്ച് ബിഷോപ്പ ഡോക്ടർ എയിഞ്ചൽമേരി തിരുമനസ്സുകൊണ്ടും, കോട്ടയം കൊല്ലം കോഴിക്കോട തൂത്തുക്കുടി തൃശൂർ എന്നീ രൂപതകളിലെ തിരുമേനിമാരും കാലേക്രൂട്ടി എഴുന്നെള്ളിയിരുന്നു. തൃശ്ശിനാപ്പള്ളി കോളജിലെ പ്രഫസറും ഡോക്ടർ ജെയിംസ കാളാശ്ശേരി തിരുമനസ്സിലെ ഗുരുനാഥനുമായ റവ. ഫാദർ ഡക്കാർഡും, പുത്തൻപള്ളി സെമ്നാരിയിലെ പ്രഫസർ റവ. ഫാദർ ഗെറൊയൻ, മുതലായ വൈദികശ്രേഷ്ഠന്മാ

രും, തിരുവിതാംകൂറിലെ ഒന്നാമത്തെ കത്തോലിക്ക ദിവാനായ ദിവാൻ മി. വാട്ട്സും, ദിവാൻപേഷ്കാർ കെ. കൃഷ്ണപിള്ളയും, ഡി. എസ്സ്. പി. മി. ബി. നാണുപിള്ള, ഏ. എസ്. പി. മി. അച്യുതൻപിള്ള, ജയിൽ സൂപ്രണ്ടു മിസ്റ്റർ പോത്തൻ തുടങ്ങിയ ഉദ്യോഗസ്ഥന്മാരും കെ. സി. മാമ്മൻമാപ്പിള ബി. എ., കെ. കെ. തോമ്മസ് ബി.എ. ബി. എൽ. ആദിയായ ഇതരസമുദായപ്രമാണികളും എത്തിയിരുന്നു. അഭിഷേകകർമ്മം സമുദായത്തിലും പുറത്തും എത്രമാത്രം പ്രീതിപ്രദമായിരുന്നു എന്ന് ഇതരസമുദായപ്രമാണികളുടെ സാന്നിദ്ധ്യം സവിശേഷം തെളിയിക്കുന്നുണ്ട്.

ഗവമ്മെൻറ് ആനുകൂല്യങ്ങൾ:–

ജനതയുടെ ഇടയിൽ സമാധാനപാലനത്തിനായി കോട്ടയം ഡിസ്ത്രിക്ടു പോലീസു സൂപ്രണ്ടു മി. ബി. നാണുപിള്ള, അസി. സൂപ്രണ്ടു മി. അച്യുതൻപിള്ള എന്നിവരുടെ നേതൃത്വത്തിൽ ഇരുനൂറു കാൺസ്റ്റബിൾമാരും അൻപതു ഹേഡ്കാൺസ്റ്റബിൾമാരും, പതിനെട്ടു ഇൻസ്പെക്ററന്മാരും സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയമിതരായിരുന്നതിനാൽ അവർ കൃത്യസമയത്തിനു മുൻപുതന്നെ ആഗതരായിരുന്നു. കൂടാതെ ഡോക്ടർ ജെയിംസ് കാളാശ്ശേരി തിരുമനസ്സിലെ അഭിഷേക മണ്ഡപത്തിലേക്കുള്ള ആഗമന നിർഗമനങ്ങൾക്കായി ഗവമ്മെണ്ടിൽ നിന്നു സ്റ്റേയിറവുകാർ കാലേകൂട്ടി അയച്ചുകൊടുത്തിരുന്നു എന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണ്. കൂടാതെ പട്ടാഭിഷേക സുദിനത്തിൽ രാജപാതകളിൽ ജലവിതരണം ചെയ്യുന്നതിനു ചങ്ങനാശേരി മുൻസിപ്പൽ മെമ്പറന്മാരുടെ ഐകകണ്ഠ്യേനയുള്ള അഭിപ്രായമനുസരിച്ചു അൻപതു രൂപാ വ്യയം ചെയ്തിരുന്നു.

പട്ടാഭിഷേകസുദിനം:—


സൂൎയ്യഭഗവാൻ തന്റെ ചെങ്കതിരുകളെ ആകാശത്തിൽ വീശിത്തുടങ്ങിയതോടുകൂടി കൎണ്ണരന്ധ്രങ്ങളെ ഭേദിപ്പിക്കുമാറു് ചടപടായമാനമായി കതിനാവെടികൾ ആറുമണിക്കുശേഷം നടക്കുന്ന മഹാമഹത്തിൽ സംബന്ധിക്കുവാൻ ജനസമൂഹത്തെ ദേവാലയത്തിലേക്കുആകൎഷിച്ചു കൊണ്ടിരുന്നു. പൂഴിയിട്ടാൽ താഴാത്ത വിധം കൂടിയിരുന്ന ജനസഞ്ചയത്തിന്റെ സംഖ്യാനിൎണ്ണയം അസാദ്ധ്യമെങ്കിലും സുമാർ ഒരു ലക്ഷം ജനങ്ങളോളം ഈ മഹാമഹത്തിൽ പങ്കുകൊണ്ടിരുന്നു. പ്രഭാതത്തിനു മുൻപുതന്നെ മെത്രാഭിഷേകമന്ദിരത്തിന്റെ ചുററുമുള്ള വിസ്തൃതമായ പന്തൽ ജനസംഘത്താൽ നിബിഡീകൃതമായിരുന്നു. ജനതതിയെ യാതൊരു ബഹളവും കൂടാതെ ഒതുക്കിനിറുത്തുന്നതിനു വാളണ്ടീയർ സംഘവും, പോലീസു സൈന്യവും ബദ്ധശ്രദ്ധരായി പന്തലിന്റെ ഓരോ ഭാഗത്തും നിലകൊണ്ടിരുന്നു.

മണിആറായതോടു കൂടി മെത്രാസനാരമനയിൽ നിന്നും ബിഷോപ്പന്മാരായ തിരുമേനികളും അഭിനവ മെത്രാൻ ഡോക്ടർ ജെയിംസ് കാളാശ്ശേരി തിരുമനസ്സുകൊണ്ടും കയറിയിരുന്ന മോട്ടോർ വാഹനങ്ങൾ മന്ദം മന്ദം പുറപ്പെട്ടു തുടങ്ങി. ദിവാൻ മി. വാട്ട്സ് കയറിയിരുന്ന മോട്ടോർ വാഹനം നേരെ അരമനയിലെത്തിയ ശേഷം ബിഷോപ്പന്മാർ കയറിയിരുന്ന വാഹനങ്ങളെ അനുഗമിച്ചു യാത്ര ആരംഭിക്കുകയാണുണ്ടായതു്. ഏഴ മണിയോടുകൂടി അഭിഷേക മണ്ഡപത്തിൽ എത്തി കൎമ്മങ്ങൾ ആരംഭിച്ചു. ഒരു വലിയ ജനസംഘമാണുണ്ടായതെങ്കിലും വിശുദ്ധ കൎമ്മങ്ങൾ ആരംഭിച്ചതോടുകൂടി ജന സഞ്ചയത്തിന്റെയിടയിൽ സൎവ്വത്ര പ്രശാന്തത വ്യാപിച്ചിരുന്നു. ദിവാൻ മി. വാട്സിനു അഭിഷേക മണ്ഡപത്തിൽ ഒരു സ്ഥാനം നൽകി. പന്തലിന്റെ ദക്ഷിണ

ഭാഗത്തു കന്യാസ്ത്രീസമൂഹവും സ്ത്രീജനങ്ങളും ഉത്തരഭാഗത്തു വൈദികസംഘവും പുരോഭാഗത്തു ഉദ്യോഗസ്ഥന്മാർ, നിയമ സഭാമെമ്പറന്മാർ, പൌരനേതാക്കന്മാർ മുതലായവരും ആസനസ്ഥരായിരുന്നു.

അഭിഷേക കർമ്മം:–

തൃശ്ശൂർ മെത്രാൻ ഡോക്ടർ ഫ്രാൻസിസ് വാഴപ്പള്ളി തിരുമനസ്സിലെ നേതൃത്വത്തോടും കൊല്ലംമെത്രാൻ ഡോക്ടർ ബൻസിഗർ തിരുമനസ്സിലെയും കോട്ടയം മെത്രാൻ ഡോക്ടർ അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമനസ്സിലെയും സഹകരണത്തോടുംകൂടി സുദീർഘമായ അഭിഷേക കർമ്മം ആരംഭിച്ചു. മണി 9– 55 ആയതോടുകൂടി അഭിഷേക കർമ്മനിർവഹണം അവസാനിച്ചു. ഇതോടുകൂടി രണ്ടര കൊല്ലമായി സ്വനാഥവിരഹത്താൽ സന്തപ്തയായ ചങ്ങനാശ്ശേരി രൂപത സനാഥയായി പരിണമിച്ചു. മലങ്കരയുടെ മെത്രാപ്പോലീത്തായായ മഹോന്നത ദിവ്യശ്രീ മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമനസ്സുകൊണ്ടാണു അഭിഷേക കർമ്മം നടത്തുവാൻ കാലേ കൂട്ടി നിശ്ചയിച്ചിരുന്നതെങ്കിലും ഒടുവിൽ ഈ മഹിത കർമ്മത്തിൻെറ പ്രയോക്താവായി തീർന്നതു് തൃശ്ശൂർ മെത്രാൻ തിരുമനസ്സുകൊണ്ടാണ്. മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു മുറയ്ക്കു് സ്ഥലം അരമനയിൽ എത്തിയെങ്കിലും മുമ്പേതന്നെ ബാധിച്ചിരുന്ന പനി വർദ്ധിക്കുകയാൽ ഇതിനശക്തനായി തീരുകയും അദ്ദേഹത്തിൻെറ അഭിലാഷാനുസരണം ഡോക്ടർ വാഴപ്പള്ളി തിരുമനസ്സുകൊണ്ടു് തൽസ്ഥാനം വഹിക്കേണ്ടി വരികയുമാണുണ്ടായതു്. പൂജ്യപാദന്മാരായ വരാപ്പുഴ മെത്രാപ്പോലീത്താ, കൊല്ലം, കോട്ടയം, കോഴിക്കോട്ട്, തൂത്തുക്കുടി എന്നീ മെത്രാന്മാരുടെ സാന്നിദ്ധ്യ സഹകരണങ്ങളോടുകൂടി നടത്തപ്പെട്ട ഈ മഹിത കർമ്മം സവിശേഷം ദ



അഭിഷേക മണ്ഡപത്തിന്റെ മുൻഭാഗം.

ശനീയമായ ഒന്നായിരുന്നു. ഇതിനായി കൂടിയിരുന്ന ജനസംഖ്യ ഒരു വിധമെങ്കിലും ക്ലിപ്തപ്പെടുത്തി പറയുവാൻ പ്രയാസം. ചങ്ങനാശ്ശേരി പട്ടണത്തിൽ ഉണ്ടായിട്ടുള്ളതിലേക്കു ഏററം വലിയ ജനക്കൂട്ടം കാലം ചെയ്ത മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു മെത്രാഭിഷിക്തനായതിനു ശേഷം അരമനയിലേക്കു ഉണ്ടായ എതിരേല്പിനായിരുന്നു. ചിരകാല പ്രാത്ഥനകളുടെയും, പ്രതീക്ഷകളുടെയും ഫലമായി ആ തിരുമേനിയെ കല്പിച്ചു കിട്ടിയതിലുള്ള സന്തോഷാതിശയത്താൽ പ്രമത്തരായ അനേകം സഹസ്രം ജനങ്ങൾ അന്നു അതിലേയ്ക്കു വന്നുകൂടി. ആ തിരുമനസ്സുകൊണ്ട് ഗുരുപ്പട്ടമേററിട്ടു ഇരുപത്തിയഞ്ച് സംവത്സരം തികയുന്ന മഹാമഹം പ്രമാണിച്ചു ചങ്ങനാശ്ശേരിയിൽ കൂടിയ ജനബാഹുല്യം ഇതിനെ ഉല്ലംഘിക്കുന്നതായിരുന്നു. എന്നാൽ ഡോക്ടർ ജെയിംസ് കാളാശ്ശേരി തിരുമനസ്സിലെ മെത്രാഭിഷേകം സംബന്ധിച്ചു കൂടിയിരുന്ന ജനബാഹുല്യമാകട്ടെ, ഇവയെയൊക്കെയും ഏററവും അതിശയിക്കുന്ന ഒന്നാണെന്നു പറയുന്നതിൽ തെല്ലും അതിശയോക്തിയില്ല.

ഏതാണ്ടു മൂന്നു ഏക്കറോളം വിസ്താരം വരുന്നതും പന്തലിട്ടു പല പ്രകാരത്തിൽ അലംകരിച്ച് ആസനങ്ങൾ സജ്ജീകരിച്ചിരുന്നതുമായ ആ സ്ഥലം മുഴവനും ജനങ്ങളാൽ നിബിഡീകൃതമായിരുന്നു. എന്നതിനും പുറമെ ഇത്രയും തന്നെ വരുന്ന ഒരു സംഖ്യ പുറത്ത് ഉണ്ടായിരുന്നു എന്നുള്ളതും പ്രസ്താവയോഗ്യമാണ്. വൈദിക കമ്മനിവ്വഹണത്തിനായി പണിയിച്ച് രാജവാസോചിതമായി അലങ്കരിച്ചിരുന്ന എട്ടുപട്ടമുള്ള എടുപ്പു സാമാന്യത്തിലധികം ഉയരത്തിലാകുകയാൽ വിദൂര സ്ഥിതന്മാക്കു കമ്മങ്ങൾ ഭംഗിയായി കാൺമാൻ സാധിച്ചിരുന്നു. യാക്കോബായ, മാർ തോമ്മാ മുതലായ അകത്തോലിക്കാ സമുദായങ്ങളിലെയും ഹിന്ദു സമുദായത്തിലെയും

അനവധി പ്രമാണികരം ഇതിൽ സംബന്ധിച്ചിരുന്നു. ഒരു സുറിയാനി വൈദികനു സജാതീയനായ ഒരു മെത്രാൻ, മെത്രാൻ പട്ടം കൊടുക്കുന്ന കർമ്മം മലങ്കരയിലെ കത്തോലിക്കാ സമുദായത്തിൽ അടുത്തകാലത്തെങ്ങും ഉണ്ടായിട്ടില്ലാത്ത ഒരു മഹാ സംഭവമാണല്ലൊ. ഇതായിരിക്കാം ഇത്ര വലിയ ജനബാഹുല്യത്തെ ചങ്ങനാശ്ശേരിയിലേക്കു ആകർഷിക്കുവാനുള്ള പ്രധാനകാരണം. കത്തോലിക്കാ ചൈതന്യത്തിൻെറ മാഹാത്മ്യം ചങ്ങനാശ്ശേരി പട്ടണത്തിൻെറ ഏതുഭാഗം സന്ദർശിക്കുന്നവക്കും അന്നു പ്രസ്പഷ്ടമായി കാൺമാൻ സാധിക്കുമായിരുന്നു. ചുരുക്കത്തിൽ നാനാജാതിമതസ്ഥന്മാരുടെ സാന്നിദ്ധ്യത്തിലും ഇത്ര വിപുലമായ ജനക്കൂട്ടത്തിലും ഒരു മഹോത്സവം കേരളീയ ക്രിസ്തുലോകത്തിൽ ഇതിനു മുൻപു നടന്നിരിക്കുകയില്ല.

സ്ഥാനാരോഹണം:–

അഭിഷേക കർമ്മനിർവഹണാനന്തരം തിരുമേനിമാർ ലഘുഭക്ഷണവും കഴിഞ്ഞു അഭിനവമെത്രാൻ ഡോക്ടർ ജെയിംസ് കാളാശ്ശേരി തിരുമനസ്സിലെ മുറപ്രകാരമുള്ള സ്ഥാനാരോഹണചടങ്ങുകളാണു അടുത്തു നടന്നത്. പ്ലാറ്റ്ഫോറത്തിൽ സജ്ജീകൃതമായിരുന്ന മനോഹരസിംഹാസനത്തിൽ സ്ഥാനചിഹ്നാലംകൃതനായി മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു ഉപവിഷ്ടനായി. വലത്തുവശത്തായി നി.വ. ദിവ്യശ്രീമാന്മാരായ തൃശ്ശൂർമെത്രാനച്ചൻ, കോട്ടയം മെത്രാനച്ചൻ, വരാപ്പുഴ മെത്രാപ്പോലീത്താച്ചൻ, ക. നി. മൂ. സ. പ്രിയോർജനറാളച്ചൻ എറണാകുളം വികാരി ജനറാളച്ചൻ, കാളാശ്ശേരിൽ ബ. യൌസേപ്പച്ചൻ എന്നിവരും ഇടത്തുഭാഗത്തു കൊല്ലം, കോഴിക്കോട്ട, തൂത്തുക്കുടി എന്നി മെത്രാന്മാർ മോൺസിഞ്ഞോർ ജേക്കബ് കല്ലറക്കൽ, ഗൊവേക്കാരൻ ഒരു

മൊൺസിഞ്ഞോർ, പെ. ബ. അന്ത്രയോസച്ചൻ, ചാവറ ബ. തോമ്മാച്ചൻ എന്നിവരും ആസനസ്ഥരായി. ഒരു സംഘം വൈദിക വിദ്യാൎത്ഥികൾ മെത്രാനച്ചനെഅകമ്പടി സേവിച്ചു നിന്നിരുന്നു. മണ്ഡപത്തിൻെറ ഇരുഭാഗങ്ങളിലും സ്ഥിതിചെയ്തിരുന്ന വൈദികന്മാരുടെയും, കന്യാസ്ത്രീകളുടെയും ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരായ അസംഖ്യം അൽമേനികളുടെയും, പുറത്തു മലവെള്ളം കണക്കെ തിങ്ങിക്കൂടിയിരുന്ന ലക്ഷത്തോടടുത്ത പുരുഷാരത്തിൻെറയും മദ്ധ്യെ അഭിഷിക്തനായ അഭിനവമെത്രാൻ തിരുമനസ്സുകൊണ്ടു സിംഹാസനപ്രാപ്തനായിരുന്ന ആ മഹനീയ കാൎയ്യ യഥാൎത്ഥത്തിൽ രാജോചിതം തന്നെആയിരുന്നു. കത്തീഡ്രൽപള്ളി വികാരിയും, മുൻസിപ്പൽ പ്രസിഡണ്ടുമായിരുന്ന പെ. ബ. തെക്കേക്കര മത്തായിച്ചൻ അവർകൾ ഉടനെ പ്ലാററുഫോറത്തിൻെറ പടിഞ്ഞാറെ അററത്തു നിന്നുകൊണ്ടു പരിശുദ്ധ പിതാവു തിരുമനസ്സിൽ നിന്നു അയച്ചിരുന്ന ബുളായുടെ മലയാളപരിവൎത്തനം ഉച്ചസ്വരത്തിൽ വായിച്ചു പ്രഖ്യാപനം ചെയ്തു. അതു താഴെ ചേൎക്കുന്നു.

ദൈവത്തിൻെറ ദാസന്മാരുടെ ദാസനായ

## പീയൂസ് മെത്രാൻ.

കേരളീയസുറിയാനിറീത്തിൽപെട്ട ചങ്ങനാശ്ശേരി രൂപതയുടെ മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന നമ്മുടെ പ്രിയപ്പെട്ട പുത്രൻ കാളാശ്ശേരിൽ യാക്കോബിന് ആരോഗ്യവും ശ്ലൈഹികാശീൎവ്വാദവും!

ഏതൊരുപരമമായ അപ്പസ്തോലവൃത്തിയുടെ ഉദ്യോഗം നിമിത്തം നാം സാൎവ്വത്രികമായ ക്രൈസ്തവലോകത്തിൻെറ അദ്ധ്യക്ഷനായിരിക്കുന്നുവോ,— നമ്മുടെ സ്വകീയമായ യോഗ്യതകൊണ്ടല്ലെങ്കിലും, ദൈവാനുഗ്രഹ

ത്താൽ നമ്മേ ഏല്പിച്ചിരിക്കുന്ന ആ ഉദ്യോഗം,— തങ്ങളുടെ ഉൽകൃഷ്ടങ്ങളായ സ്വഭാവവൈശിഷ്ട്യത്താലും മററു ആത്മീയ ഗുണങ്ങളാലുംകർത്താവിൻെറ അജക്കൂട്ടത്തെ ഉപദേശത്താലെന്നപോലെ സന്മാതൃകയാലും രൂപവൽകരിക്കുന്നതിനും, കത്തോലിക്കാ സഭയുടെ പരിശുദ്ധിയിലും സമാധാനത്തിലും ദൈവാധീനതയാൽ അവരെ നയിക്കുന്നതിനും ഭരിക്കുന്നതിനും കഴിവുള്ളവരെന്നു സന്ദേഹാതീതമായ പ്രത്യാശയ്ക്കു വഴിതരുന്നവരെ മാത്രം ഓരോ സഭാഭാഗങ്ങളുടെ അദ്ധ്യക്ഷന്മാരായി തിരിഞ്ഞെടുക്കാനുള്ള ഒരു ചുമതല നമ്മിൽ ചുമത്തിയിരിക്കുന്നു.

ആകയാൽ കേരളീയ സുറിയാനി റീത്തിൽപ്പെട്ടതും എറണാകുളം അതിരൂപതയുടെ ഉപരൂപതയും ആയ ചങ്ങനാശ്ശേരി രൂപത, ഭാഗ്യസ്മരണാർഹനായ കുര്യാളശ്ശേരിൽ മാർതോമ്മായുടെ നിര്യാണം നിമിത്തം ഇപ്പോൾ അനാഥമായിത്തീർന്നിരിക്കയാൽ ടി. രൂപതയെ ക്ഷേമകരമായ രീതിയിൽ പരിപാലിക്കാനുള്ള അഭിലാഷത്താൽ പ്രേരിതരായ നാം ആ രൂപതയിലെ ഒരുവൈദികനും, ജ്ഞാനംകൊണ്ടും, വിവേകംകൊണ്ടും, തീക്ഷ്ണതകൊണ്ടും ആത്മാക്കളുടെ ഭരണത്തിനു പററിയ മററു ഗുണങ്ങളാലും സവിശേഷം ഭൂഷിതനും ആയ താങ്കളെ വി. റോമ്മാ സഭയുടെ കർദ്ദിനാളന്മാരായ നമ്മുടെ വന്ദ്യ സഹോദരന്മാരുടെ ആലോചനയോടുകൂടി പ്രസ്താവിതരൂപതയുടെ മെത്രാനും ഇടയനുമായി ശ്ലൈഹികാധികാരത്താൽ തിരഞ്ഞെടുത്തു നിയമിക്കുകയും, ആ രൂപതയുടെ ആത്മികവും, ലൗകികവുമായ വിഷയങ്ങളിലുള്ള അന്വേഷണവും, അധികാരവും ഭരണവും പൂർണ്ണമായി താങ്കളെ ഈ ഉദ്യോഗത്തോടെ, കേരളീയസുറിയാനി സഭയുടെ നടപ്പും പാരമ്പര്യവും അനുസരിച്ചു അനുബന്ധിക്കപ്പെട്ടിരിക്കുന്ന സമസ്തങ്ങളായ അധികാരാവകാശങ്ങ

ളോട്ടും കടമകളോട്ടും ഉത്തരവാദിത്വത്തോട്ടുംകൂടി ഭരമേല്പിക്കുകയും ചെയ്യുന്നു.

നിയമാനുസരണം അനുഷ്ഠേയങ്ങളായ മറ്റുകാര്യങ്ങൾക്കും പുറമെ മെത്രാഭിഷേചനം സ്വീകരിക്കുന്നതിനു മുമ്പു, അപ്പസ്തോലിക സിംഹാസനത്തോട്ട ഐക്യത്തിലും മൈത്രിയിലും വർത്തിക്കുന്നവനും താങ്കളാൽ തന്നെ തെരഞ്ഞെടുക്കപ്പെടുന്നവനും ആയ ഏതെങ്കിലും ഒരു മെത്രാൻെറ മുമ്പാകെ ലോകത്തിലെ സകല മെത്രാന്മാർക്കായും നിശ്ചയിക്കപ്പെട്ടിട്ടുള്ള സാമാന്യവാക്യങ്ങളിലും, പൌരസ്ത്യസഭക്കാർക്കായി ഭാഗ്യസ്മരണാർഹനായ എട്ടാമത്തെ "ഊർബൻ" മാർപ്പാപ്പായാൽ പരികല്പിതമായ പ്രത്യേക വാക്യങ്ങളിലും വിശ്വാസപ്രഖ്യാപനവും, പതിവുള്ള സത്യോച്ചാരണവും ചെയ്യണമെന്നും ടി. നിശ്ചിതവാക്യങ്ങളുടെ ഓരോ പ്രതി താങ്കളുടെയും മേൽപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന വൈദികമേലദ്ധ്യക്ഷൻെറയും ഒപ്പുകളോട്ടും മുദ്രകളോട്ടുംകൂടി ശ്ലൈഹികസിംഹാസനത്തിങ്കലേക്കു ആറുമാസത്തിനകം അയക്കണമെന്നും നാം നിശ്ചയിച്ചു കല്പിക്കുന്നു. വിശിഷ്യ പ്രസ്താവിതങ്ങളായ പ്രഖ്യാപനവും സത്യോച്ചാരണവും നമ്മുടെയും റോമ്മാസഭയുടെയും നാമത്തിൽ സ്വീകരിക്കുന്നതിനുള്ള ചുമതലയും ജോലിയും താങ്കളാൽ ഇതിലേക്കു തിരഞ്ഞെടുക്കപ്പെടുന്ന മെത്രാനെ ഇതിനാൽ നാം ഭരമേല്പിക്കുന്നു.

കൂടാതെയും താങ്കളുടെ ഉപരി സൗകര്യത്തെ മുൻ നിവൃത്തി, നിത്യനഗരത്തിനു പുറമെ, താങ്കളുടെ റീത്തും ക്രമവുമനുസരിച്ച് മറ്റു രണ്ടു കത്തോലിക്കാ മെത്രാന്മാരുടെ സഹകരണത്തോട്ടുകൂടിയ ഏതെങ്കിലും ഒരു കത്തോലിക്കാ മെത്രാനിൽ നിന്ന്,— അവർ തിരുസിംഹാസനത്തോട്ട ഐക്യത്തിലും മൈത്രിയിലും വർത്തിക്കുന്നവരാണെങ്കിൽ,— മെത്രാൻ പട്ടമേല്ക്കുന്നതിനു നാം അനുവദിക്കുന്നു.

പ്രത്യുത: വിശ്വാസ പ്രഖ്യാപനവും സത്യോച്ചാരണവും ചെയ്യല്ലാതെ താങ്കൾ മെത്രാൻ പട്ടം സ്വീകരിക്കയൊ, താങ്കളാൽ തിരഞ്ഞെടുക്കപ്പെടുന്ന മെത്രാന്മാർ അതിനെ താങ്കൾക്കു നൽകുകയോ ചെയ്യക്രൂടെന്നു ഈ കല്പനാലംഘനത്തിനു നിയമത്താൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ശിക്ഷകളിൻകീഴ് നാം അനുശാസിക്കുന്നു.

എറണാകുളം അതിരൂപതയുടെ അദ്ധ്യക്ഷനായ നമ്മുടെ സഹോദരനെ, അദ്ദേഹത്തിൻെറ ഉപമെത്രാനായ താങ്കളെ നമ്മുടെയും ശ്ലൈഹിക സിംഹാസനത്തിൻെറയും നേക്കുള്ള ആദരവു നിമിത്തം, സഹോദരനായി അംഗീകരിക്കേണമെന്നും, ദൈവ മഹിമയേയും, തിരുസഭയുടെ നന്മയേയും അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള തീക്ഷ്ണതയാൽ പ്രേരിതനായി, താങ്കൾ അദ്ദേഹത്തിൽ നിന്നും ആവശ്യപ്പെട്ടമെന്ന സഹായ സഹകരണങ്ങളെ ഉദാരമായി നൽകുന്നതിനു വൈമുഖ്യം ഭാവിക്കരുതെന്നും ആത്മാക്കളുടെ നന്മക്കായി, നിങ്ങൾ തമ്മിലുള്ള മൈത്രി ധാരാളമായ ഫലങ്ങൾ പുറപ്പെടുവിക്കാൻ ഇടയാക്കേണമെന്നും നാം കർത്താവിൽ ഗുണദോഷിക്കയും ചെയ്യുന്നു. താങ്കളുടെ രൂപതയിലെ വൈദികരും, അൽമേനികളുമായ നമ്മുടെ സ്നേഹിക്കപ്പെട്ട മക്കളോടാകട്ടെ, താങ്കൾ അവരിൽ പിതൃഭക്തരായ തനയന്മാരേയും അവർ താങ്കളിൽ അനുഗ്രഹപൂർണ്ണനായ ഒരു പിതാവിനെയും കണ്ടെത്തിയെന്നു സന്തോഷിക്കുമാറ്, താങ്കളുടെ രക്ഷാകരങ്ങളായ ഉപദേശങ്ങളേയും കല്പനകളേയും ആദരിച്ചനുസരിക്കുന്നതിനും യഥാർത്ഥമായ ബഹുമാനത്തോടു ക്രൂടി താങ്കളെ അനുഗമിക്കുന്നതിനും നാം ഉപദേശിക്കുന്നു.

നമ്മുടെ ഈ അധികാരപത്രം അടുത്തുവരുന്ന കടമുള്ള തിരുനാളുകളിൽ ഭദ്രാസന ദേവാലയത്തിലെ പ്ര

സംഗപീഠത്തിൽ നിന്നു പരസ്യമായി വായിക്കണമെന്ന് നാം തീരുമാനിക്കുകയും ആജ്ഞാപിക്കയും ചെയ്യുന്നു. ആകയാൽ, താങ്കളുടെ ചുമലിൽ ചുമത്തപ്പെട്ടിരിക്കുന്ന കത്താവിൻെറ നുകം സന്നദ്ധതയോടും ആദരവോടുംകൂടി വഹിക്കുകയും, താങ്കളെ ഭരമേല്പിച്ചിരിക്കുന്ന ചുമതല ചങ്ങനാശ്ശേരി രൂപത ഉപകാരപ്രദമായി ഭരിക്കപ്പെടുന്നതിനും, അവിടെ, ആത്മീയവും ലൗകികവുമായ കാര്യങ്ങളിൽ വൃദ്ധ്യുൻമുഖമായിരിക്കുന്നവ, ഉപര്യുപരിവൃദ്ധിയെ പ്രാപിക്കുന്നതിനും താങ്കളുടെ ഇടയനടുത്ത പരിശ്രമത്താൽ ആ പ്രദേശങ്ങളിൽ ഉള്ളവരെല്ലാം കത്തോലിക്ക സത്യത്തെ ആശ്ലേഷിക്കുന്നതിനും കത്താവിൻെറ രാജ്യം ദിനംപ്രതി ഉത്തരോത്തരം വിസ്തൃതമാവുന്നതിനും ഇടയാകുമാറു ജാഗ്രതയോടും വിവേകത്തോടുംകൂടി നിർവഹിക്കുകയും ചെയ്യുക.

റോമായിൽ വിശുദ്ധ പത്രോസിൻെറ മഹാഭദ്രാസനത്തിൽ നിന്നു—നമ്മുടെ വാഴ്ചയുടെ ആറാം സംവത്സരം 1927 ഒക്ടോബർ 29—ാംനു.

പരിശുദ്ധ തമത്രീത്വത്തിനു സ്തുതി!

പരിശുദ്ധ പിതാവിൻെറ പ്രത്യേകാജ്ഞാനുസരണം, വിശുദ്ധറോമാ സഭയുടെ ചാൻസലർ—കർദ്ദിനാൾ അന്ത്രയോസ്—ഫ്റുവാർട്ട് (ഒപ്പ്)


ഡൊമിനിക്ക യൂറിയോ—പ്രോട്ടോ— അപ്പസ്തോലിക്ക— (ഒപ്പ്)

അല്ലോൻസൂസ് കരീനി—പ്രോട്ടോനോട്ടറി അപ്പസ്തോലിക്ക (ഒപ്പ്)

ഡോമിനിക്കസ് പ്രഞ്ചീനി—സ്ക്രീപ്തോർ അപ്പസ്തോലിക്ക (ഒപ്പ്)

ജ്യോർജ്യൂസ്—സ്ലാറാ—തേദെ— കൻചലാറിയൂസ് അപ്പസ്തോലിക്കും—അദ്ധ്യയനാദ്ധ്യക്ഷനും (ഒപ്പ്)

നമ്മുടെ വാഴ്ചയുടെ ആറാംവത്സരം നവംബർ ൧.



അഭിഷേകമണ്ഡപത്തിന്റെ പിൻഭാഗം,

25-ാംനു അയയ്ക്കപ്പെട്ടു—ആൽഫ്റഡ് മരീനി— അപ്പസ്തോലിക മുദ്രാധികാരി (ഒപ്പ്)

മംഗളപത്ര സമൎപ്പണം.

അനന്തരം അഡ്മിനിസ്ത്രേയിററർ അപ്പസ്തോലിക്കാ മോൺസിഞ്ഞോർ ജേക്കബ് കല്ലറക്കലവർകൾ മെത്രാനച്ചൻ തിരുമനസ്സിലെ സിംഹാസനത്തിനു സമീപത്തായി ഒരു പ്രധാന പീഠത്തിൽ ആസനസ്ഥനായി. ഉടൻ തന്നെ റവ. ഫാദർ. എബ്രാഹം വടക്കയിൽ ബി. എ. പിഎച്ച്. ഡി, ഡി. ഡി. അവർകൾ രൂപത വകയായി മെത്രാനച്ചൻ തിരുമനസ്സിലേയ്ക്കുള്ള മംഗളപത്രം വായിച്ചു സമൎപ്പിക്കുകയും അതെ തുടൎന്ന് കത്തോലിക്കാ കവികളുടെ വകയായി ഈ അവസരത്തിലേക്കു പ്രസിദ്ധീകരിച്ചിരുന്ന മംഗള മാലികയിൽ നിന്നും ഒരു പദ്യം ഉച്ചരിക്കുകയും ചെയ്തു. പിന്നീട് മുരിക്കൽ ബ. തോമ്മാച്ചനവർകൾ, മൊൺസിഞ്ഞോർ ജേക്കബ് കല്ലറയ്ക്കൽ അവർകൾക്കുള്ള മംഗള പത്രം വായിച്ചു സമൎപ്പിച്ചു.

മംഗളപത്രങ്ങൾ വായിച്ചു സമൎപ്പിച്ചതിനു ശേഷം മോൺസിഞ്ഞോർ ജേക്കബ് കല്ലറക്കൽ അവർകൾ അഭിനവമെത്രാനെയും കത്തീഡ്രൽ പള്ളി വികാരി ബ. തെക്കേക്കര മത്തായി അച്ചൻ മോൺ സിഞ്ഞോർ അവർകളെയും ഹാരമണിയിച്ചു. അനന്തരം അഭിനവമെത്രാൻ തിരുമനസ്സുകൊണ്ടു അഭിഷേക മെത്രാനായ ഡോക്ടർ വാഴപ്പള്ളി തിരുമേനിയെ ഹാരമണിയിച്ചു. തുടൎന്നു മോൺസിഞ്ഞോർ അവർകൾ വരാപ്പുഴ മെത്രാപ്പോലീത്താച്ചൻ, കൊല്ലം, കോഴിക്കോട്, കോട്ടയം, തൂത്തുക്കുടി എന്നീമെത്രാന്മാരെയും ദിവാൻ മിസ്റ്റർ വാട്ട്സിനെയും ഹാരമണിയിച്ചു. മംഗള പത്രങ്ങൾ രണ്ടും താഴെ ചേൎക്കുന്നു.

ചങ്ങനാശ്ശേരി രൂപതയുടെ മെത്രാൻ നി. വ. ദിവ്യശ്രീ
മാർ ജെയിംസ് കാളാശ്ശേരി തിരുമനസ്സിലെ
സന്നിധിയിൽ, ടി. രൂപതയിലെ വൈദികന്മാരും
ജനസാമാന്യവും കൂടി സമർപ്പിച്ചുകൊള്ളുന്ന

# മംഗളപത്രം.

വന്ദ്യതരനായ തിരുമേനി!

ഇവിടത്തെ പൂർവ്വഗനായ മാർ തോമ്മാ കുര്യാളശ്ശേരി മെത്രാനച്ചൻെറ നിര്യാണശേഷം വൈധവ്യം ഭവിച്ചുപോയ ഈ രൂപത എത്രമാത്രം ഉൽക്കണ്ഠതയോടുകൂടിയാണ് ഒരു അനന്തരവനെ പ്രതീക്ഷിച്ചുകൊണ്ടിരുന്നിട്ടുള്ളതെന്ന് ഇവിടത്തേയ്ക്കു നല്ലവണ്ണം അറിവുള്ളസംഗതിയാണ്. ഇപ്പോൾ ആ വൈധവ്യം അവസാനിച്ചിരിക്കുന്നതിൽ രൂപതയുടെ എല്ലാ ഇടവകകളിൽ നിന്നും ആഹ്ളാദഭരിതരായി ഇന്നു ഇവിടെക്കൂടിയിരിക്കുന്ന ഈ മഹാജനം ആ വസ്തുതയിലും അങ്ങേപ്പേരിലും അവർക്കുള്ള സംതൃപ്തിയെആണ് ഉച്ചൈസ്തരം ഉൽഘോഷിക്കുന്നത്.

പരേതനായ തിരുമേനിയുടെ വാഴ്ചക്കാലത്ത് മിസ്സങ്ങൾ മാത്രമായി സ്ഥിതിചെയ്തിരുന്ന മലങ്കരയിലെ കത്തോലിക്കാ സുറിയാനി സഭാവിഭാഗങ്ങൾ ഒരു ഹയറാക്കി ആയി സംഘടിപ്പിക്കപ്പെടുന്നതിനും, അപ്രകാരം നമ്മുടെ പുരാതനമായ റീത്തിനും സഭയ്ക്കും ചിരകാലവാഞ്ഛിതമായിരുന്ന സ്വാതന്ത്ര്യവും, ഭാവിവികാസത്തിനു പര്യാപ്തമായ സ്ഥിരപ്രതിഷ്ഠയും ലബ്ധമാകുന്നതിനും ഇടയായിട്ടുള്ളതുകൂടാതെ, ഈ ചങ്ങനാശേരി രൂപതയുടെ കാര്യത്തിൽ സർവ്വതോമുഖമായ പരിഷ്ക്കാരത്തിനു ആ തിരുമേനി ബീജാവാപവും ചെയ്തിട്ടുണ്ട്.

ഭൂസ്വത്തുടമ മുതലായ നയപ്രൌഢിയിൽ ഈ രൂപതയിലെ പ്രധാന കുടുംബങ്ങളിൽ ഒന്നിലെ ആഢ്യാത്ഥാവകാശിത്വംകൊണ്ടു് ഒരു ലോകപ്രഭുവും, ദൈവകൃപയാലും നിരന്തരമായ പ്രയത്നവശാലും, സ്വമാഹാത്മ്യസംസ്ഥിതമായിരുന്ന വശിത്വപ്രഭാവത്താലും തന്റെ സ്വാർജ്ജിതമെന്നു വിചാരിക്കപ്പെടാവുന്നതായി തറിക്ക ആയുരന്തം ലഭിച്ചുകൊണ്ടിരുന്ന ഭോഗാദിവരാദായങ്ങൾകൊണ്ടു് ഒരു പുണ്യപ്രഭുവും, ആയിരുന്ന ആ തിരുമേനി, വിശുദ്ധ പാപ്പായേയും പത്രോസിന്റെ കുഴിമാടവും സന്ദർശിക്കുന്നതിനായി കഴിച്ച തന്റെ രണ്ടാമത്തെ തിരുയാത്രയിൽ സതീർത്ഥ്യനായിരുന്ന ഇവിടത്തെ പരിചര്യയോടുകൂടി ഉദ്ദിഷ്ടകാര്യങ്ങൾ എല്ലാം സാധിച്ചതിന്റെ ശേഷം ആ ഭൂലോക സ്വർഗ്ഗത്തിൽവച്ചുതന്നെ തന്റെ സ്വർഗ്ഗാന്തര പ്രാപ്തിക്കു കാലമായതിനാൽ ആതുരശുശ്രൂഷയിൽ ഏർപ്പെട്ടിരുന്ന ഇവിടത്തെ ശിരഃപട്ടത്തിൽ തന്റെ നാമാന്തർഗ്ഗതമായ അർത്ഥസാകല്യത്തിൽ നിന്നും ഒരു "ഉരി"മാത്രം സ്വന്ത ആവശ്യങ്ങളിലേക്കു നീക്കിവച്ചിട്ടു്, ശിഷ്ടീഭവിച്ച സർവ്വസ്വവും രൂപതാകാരപ്രാഭവത്തോടുകൂടി ഉപവേശിപ്പിച്ചിരുന്നതിനാൽ അവിടത്തെ അനന്തരവനായിട്ടു ഇന്നു ഈ തിരുമേനി വിളങ്ങുന്നതിൽ ഒട്ടും തന്നെ വൈചിത്ര്യം ഇല്ലെങ്കിലും ഈയുള്ളവർക്കു് ഈ പര്യായിത്വം അത്യന്തം ഹൃദ്യമായിരിക്കുന്നു എന്നു സവിനയം ഉണർത്തിച്ചുകൊള്ളുന്നു. അദ്ധ്യാത്മികകാര്യങ്ങളിൽപോലും സ്വദേശാഭിമാനിത്വം അവിഹിതമായിരിക്കുന്നില്ല എന്നുള്ളതുകൊണ്ടു് ഞങ്ങളുടെ സ്വന്തത്തിൽ സ്വന്തമായിരിക്കുന്ന ഈ തിരുമേനിയെ ഞങ്ങൾക്കിപ്പോൾ ലഭിച്ചിരിക്കുന്നതിനാൽ ഈ രൂപതയിൽപെട്ട എല്ലാവർക്കും ഹൃദയംഗമമായ സന്തോഷവും ചാരിതാർത്ഥ്യവും ഉണ്ടെന്നുള്ളതു് അനുക്തസിദ്ധമെങ്കിലും ഒന്നു പ്രസ്താവിച്ചുകൊള്ളട്ടെ. ഈ തിരുമേനി പൂർവ്വ

തിരുമേനിയാൽ നിർവ്വാചിതനായിരുന്നതുപോലെയും ആ തിരുമേനിയുടെ നിര്യാണാനന്തരം ഈ രൂപതയാകുന്ന സഭയുടെ നിർമൂകരായ സർവ്വാംഗങ്ങളാലും സ്വയംവൃതനായിരുന്ന പ്രകാരവും ഒടുവിൽ തിരുസഭയാലും നിയുക്തനായിട്ട് ഇതാ ഇപ്പോൾ ഉചിതമായ സുദിനത്തിൽ മ്ശിഹാ രാജാവിൻെറ വരിഷ്ഠാധികാരത്തിൽ ഞങ്ങളുടെ മദ്ധ്യത്തിലും, ഇവിടത്തെ ഭദ്രാസനദേവാലയത്തിലും വച്ചു അഭിഷിക്തനായി കാണപ്പെടുന്നതിനുള്ള ഭാഗ്യം, ഇദംപ്രഥമമായി, ഈയുള്ളവർക്കു സിദ്ധിച്ചിരിക്കുന്നു! തെശ്ബോഹത്താ ലാലാഹാ. ܫܘܒܚܐ ܠܐܠܗܐ. ദൈവത്തിനു സ്തുതി!

ഈ തിരുമേനിയുടെ വിദ്വത്വവും കലാഭ്രക്ഷിതത്വവും സർവ്വവിദിതമാണെങ്കിലും, അനതിക്രാന്തയുവദശാകനായ ഇവിടത്തെ ഭക്തിമത്വവും വിശ്വാസനിഷ്ഠയും ആണ് ഇവിടത്തെ പുരോഗാമിയുടെ പേരിൽ എന്നതുപോലെ ഇവിടത്തെ പേരിലും അടിയങ്ങൾക്കു അവർണ്ണനീയമായ ഭക്തിയും വിശ്വാസവും ഉളവാക്കുന്നതു്. തൃപ്പാദഭക്തരായ അടിയങ്ങൾ ആകട്ടെ, തിരുമേനിയുടെ സ്വകീയമായ ആരോഗ്യവും ശ്രേയസ്സും ഈ രൂപതയുടെ പൊതുവെയുള്ള കർമ്മക്ഷമതയുടേയും ഐശ്വര്യത്തിന്റേയും തുല്യാർത്ഥശബ്ദങ്ങളായി കരുതിയിട്ടല്ലാതെ പ്രവർത്തിക്കുന്നതിനും വഴിയില്ലല്ലൊ.

ഞങ്ങളുടെ ഈ സഭാമാതാവിനെ തൻെറ വൈധവ്യകാലം മുഴുവനും പ്രശംസനീയമായ സമീക്ഷ്യകാരിത്വത്തോടും പ്രവർത്തനചാതുരിയോടും കൂടി സംരക്ഷിച്ചുവന്ന കുശാഗ്രബുദ്ധിയും, പ്രസ്തരോപമസ്ഥിരവൃത്തിയും, പരിശുദ്ധപിതാവിൻെറ ഗാർഹികപ്രഭുവും ആയ വന്ദ്യതര മോൺസിഞ്ഞോർ യാക്കോബ് കല്ലറക്കൽ അവർകളുടെ നേർക്കുള്ള കൃതജ്ഞതയേയും ഈ അവസരത്തിൽ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

പരേതനായ തിരുമേനിയുടെ ഓൎമ്മ ഇനിയും ഞങ്ങളെ വിട്ടുമാറാത്തതുകൊണ്ടു് തിരുമനസ്സിലെ ആദിമ കൃത്യങ്ങളിൽ ഒന്നു് ആ തിരുമേനിയുടെ ശവകുടീരത്തിൽ ഈ രൂപതയുടെ വിരഹവിലാപാശംസകൾ മണിപ്രവാളാലംകൃത സുവൎണ്ണലിപികളിൽ നിത്യസ്മരണയ്ക്കായി രേഖപ്പെടുത്തുന്നതായിരിക്കാമെന്നു് ഉൽപ്രേക്ഷിച്ചുകൊണ്ടു് അതിലേക്കായി അടിയങ്ങളുടെ ഉദാരമായ സാഹായ്യസഹകരണങ്ങൾ ഇവിടെ വച്ചുതന്നെ പ്രതിജ്ഞാപിച്ചുകൊള്ളുന്നു.

പരേതനായ പുണ്യശ്ലോകന്റെ ഭദ്രാസനം ആധിരോഹിച്ചിരിക്കുന്ന ഈ തിരുമേനി, ഇനി മേൽക്കുമേൽ, ഉൽക്കൎഷവാനായി പുണ്യപരിപൂൎണ്ണതയിൽ ശോഭിച്ചു ചിരകാലം അടിയങ്ങളെ ഭരിക്കുന്നതിനു—

കുല്യാളശ്ശേരിമെത്രാനി—
ങ്ങുയ്യാടില്ലീനി: വാനിലാം
പയ്യാരണേചാസ്ത്വ തോദഭ്ര
പയ്യാദയണാന്തരായതഃ

എന്നു് അൎത്ഥവശാൽ നമ്മുടെ ദിവ്യരക്ഷകനോടു ഞങ്ങൾ ഓരോരുത്തരും മാനസികമായും, സംക്ഷിപ്തമായും അഭിമന്ത്രണംചെയ്തുകൊണ്ടു് വിരമിച്ചുകൊള്ളുന്നു.

എന്നു് അങ്ങേ തൃപ്പാദഭക്തരായ രൂപതയിലെ വൈദികന്മാരും ജനസാമാന്യവും.

ചങ്ങനാശേരി,
21. 12. 1927.

മാപ്പാപ്പാ തിരുമനസ്സിലെ ഡൊമസ്റ്ററിക്കപ്രിലേററും,
ചങ്ങനാശ്ശേരി രൂപതയുടെ അഡ്മിനിസ്റ്റേററർ
അപ്പസ്തോലിക്കമായ റൈററ റവ. മോൺസിഞ്ഞോർ
ജേക്കബ് കല്ലറയ്ക്കൽ അവർകളുടെ സന്നിധിയിൽ
അവിടത്തെ ആത്മീയമക്കളായ വൈദികരും
അൽമേനികളുംകൂടി ഭക്ത്യാദരപുരസ്സരം സമപ്പിക്കുന്ന

## മംഗളപത്രം.

വന്ദ്യദിവ്യശ്രീമാനായ പുണ്യപിതാവേ,

പരിശുദ്ധ സിംഹാസനത്തിൻെറ കാരുണ്യാതിരേനത്താൽ ഇന്നു സാഘോഷം സാധിച്ചിരിക്കുന്ന സ്ഥാകാഭിഷേചന മഹാകമ്മത്തിൽ ഭക്തിപൂർവ്വം സംബന്ധിച്ച്, ഞങ്ങൾ അനുദിനം പ്രതീക്ഷിച്ചിരുന്ന ഇടയൻെറ ശ്ലൈഹികമായ ആശിസ്സും ലബ്ധമായി അനല്പസൗഭാഗ്യസംപൂണ്ണരായി ആനന്ദഭരിതരുമായി തീന്നിരിക്കുന്ന ഈ സുദിനത്തിൽ തന്നെ ഇക്കഴിഞ്ഞ മൂന്നു സംവത്സരക്കാലം രൂപതക്കാലംബമായി നിന്നു ഞങ്ങളെ സനാഥരാക്കിച്ചെയ്ത അങ്ങയുടെ നേക്കു ഞങ്ങൾക്കുള്ള നിസ്സീമസ്നേഹബഹുമാനകൃതജ്ഞതാദരങ്ങളെ പ്രകടിപ്പിക്കുന്നതിനു അനുമതി നൽകണമെന്നു വിനയപൂവ്വം അഭ്യത്ഥിച്ചുകൊള്ളട്ടെ.

പ്രശാന്തഗംഭീരനായി, പരിപക്വബുദ്ധിയായിസ്ഥിരോത്സാഹിയായി, സവ്വോപരി അനാഡംബരനായി ദീർഘകാലം അവിടന്നു നയിച്ചിട്ടുള്ള പരിപാവന വൈദികജീവിതത്തിൻെറ കീത്തിധാവള്യം ഈ രാജ്യപരിധിയെ ഉല്ലംഘിച്ചു നിത്യനഗരമായ റോമാപുരിയേയും വലയം ചെയ്തതിനാലത്രെ അപൂവ്വസ്ഥാനമാനങ്ങളും രൂപതയുടെ ഭരണാധികാരവും കൂടെയും പരിശുദ്ധ സിംഹാസനത്തിങ്കൽ നിന്നും അങ്ങേക്കു കല്പിച്ചു നൽകുവാൻ ഹേതു

വാക്കിയതെന്നുള്ള വസ്തുത ഞങ്ങൾ സാഭിമാനം അനുസ്മരിക്കുകയും അങ്ങേ സഹർഷം അഭിനന്ദിക്കയും ചെയ്തുകൊള്ളുന്നു.

വിസ്തൃതമായ ഈ രൂപതയുടെ വികാരിജനറാളായും ഭാഗ്യസ്മരണക്കർഹനായ കുര്യാളശേരിൽ മാർ തോമ്മാമെത്രാനച്ചൻ തിരുമനസ്സിലെ വിയോഗാനന്തരം അഡ്മിനിസ്ത്രേറ്റർ അപ്പസ്തോലിക്കെന്ന നിലയിലും വിശാലഹൃദയത്തോടു അങ്ങുന്നു നടത്തിവന്ന ഭരണത്തിൽ ഈ ജനതതിക്കുളവായ ഐശ്വര്യക്ഷേമാധികൾക്കായി അങ്ങേപ്പേരിൽ ഞങ്ങൾക്കുള്ള ഹൃദയംഗമമായ കൃതജ്ഞതയെ രേഖപ്പെടുത്തുന്നതിനു ഞങ്ങൾക്കു അത്യധികമായ സന്തോഷമുണ്ട്. ഈ രൂപതയുടെ ക്ലേശഭ്രയിഷ്ഠമായ ഭരണത്തിൽ നിയുക്തനായ അവിടന്നു തത്സംബന്ധമായ കൃത്യനിർവ്വഹണത്തിൽ ലേശമെങ്കിലും കുറവു കൂടാതെ ചുരുങ്ങിയ കാലത്തിനുള്ളിൽ സമുദായത്തിൻെറ സർവ്വതോന്മുഖമായ ശ്രേയസ്സിനെ പുരസ്ക്കരിച്ചു ചെയ്തിട്ടുള്ള സ്തുത്യർഹങ്ങളായ ശ്രമങ്ങളും തൽഫലമായി ഞങ്ങൾക്കു സിദ്ധിച്ചിരിക്കുന്ന പുരോഗമനവും ഏതൊരു ഭരണ ധുരന്ധരനേയും ചരിതാർത്ഥനാക്കുന്നതിനു പര്യാപ്തങ്ങളാണെന്നു മാത്രം ചുരുക്കത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ.

രൂപതയിലെ പ്രധാന വിദ്യാലയമാകുന്ന സെൻറ ബക്കുമാൻസു കോളജിനെ അതിൻെറ പ്രാബല്യത്തിനും യശശ്ശരീരനായ തൽസ്ഥാപകൻെറ അഭിലാഷത്തിനും അനുയോജ്യമായ അധിവാസസ്ഥാനത്തിലേക്കു ആനയിച്ച്, കാലവിളംബമെന്യേ ഒന്നാംഗ്രേഡാക്കി ഉയർത്തിപുലർത്തിപ്പോരുന്നതിൽനിന്നും ഉന്നത കത്തോലിക്ക വിദ്യാഭ്യാസ പ്രചാരത്തിൽ അങ്ങേക്കുള്ള തീഷ്ണത പ്ര

സ്പഷ്ടമാകുന്നുണ്ട്. കലാലയത്തിൻെറ വളർച്ചയ്ക്കായി അങ്ങുന്ന അനുകമ്പാപൂർവ്വം ചെയ്തിട്ടുള്ള അശ്രാന്ത പരിശ്രമങ്ങൾ പ്രസ്തുത സ്ഥാപനത്തോടുള്ള അങ്ങേ വാത്സല്യത്തിൻെറ പ്രഥമലക്ഷ്യമായി ഞങ്ങൾ കരുതുകയും മേലാലും അതിൻെറ പൂർത്തീകരണത്തിനും നിലനില്പിനും വേണ്ട സഹായസഹകരണങ്ങൾ അവിടുന്ന സാനുകമ്പം ചെയ്ത് പ്രസ്തുത സ്ഥാപനം അങ്ങേ നിസ്വാർത്ഥതയുടെയും, വിദ്യാഭ്യാസപ്രസക്തിയുടെയും അനശ്വരസ്മാരകമായി പരിലസിക്കുമെന്ന പ്രതീക്ഷിക്കുകയും ചെയ്യുന്നു.

അകത്തോലിക്കകേന്ദ്രങ്ങളിൽ സത്യവേദപ്രകാശം ഉദ്ദീപിപ്പിക്കുന്നതിനു പര്യാപ്തമായ പ്രേഷകവൃത്തിയിൽ സാരമായ ഫലപ്രാപ്തി നേടുന്നതിനു ചുരുങ്ങിയ കാലംകൊണ്ടു സാധിച്ചിട്ടുള്ളതിനും നിദാനമായിരുന്നിട്ടുള്ളത് അവിടത്തെ ആദർശപൂർവ്വമായ നേതൃത്വമാണെന്നു ഞങ്ങൾ ദൃഢമായി വിശ്വസിക്കയും മേലും ഈദൃശശ്രമങ്ങളിൽ അവിടത്തെ അനുഭാവം പ്രധാനാലംബമാകുമെന്നു പ്രതീക്ഷിക്കുകയും ചെയ്യുന്നു.

പൂജ്യപാദനായ വന്ദ്യപിതാവെ! അവിടത്തെ ഭരണകാലത്തു അവിടുന്ന നിമിത്തമായി ചങ്ങനാശേരി രൂപതയ്ക്കും ഞങ്ങൾക്കും ഉണ്ടായിക്കൊണ്ടിരിക്കുന്ന നിരവധി നന്മയ്ക്കായി അങ്ങയേ ഞങ്ങളുടെ കൃതജ്ഞതാപൂർണ്ണമായ ഹൃദയങ്ങളിൽ നിന്നും സവിനയം വാഴ്ത്തുകയും, സർവ്വശക്തൻ തൻെറ വിശേഷവിധിയായ അനുഗ്രഹങ്ങളെ വർഷിക്കണമെന്നും അങ്ങുന്ന ദീർഘകാലം ആയുരാരോഗ്യക്ഷേമസമ്പൂർണ്ണസൗഭാഗ്യവാനായി, ഈ രൂപതയ്ക്കു എല്ലാവിധസഹായത്തിനും ഇടയാക്കണമെന്നും പ്രാർത്ഥിക്കയും ചെയ്തുകൊണ്ടു, പിതാവിന്നടുത്ത അവിടത്തെ അനുഗ്രഹം ഞങ്ങളിൽ ഓരോരുത്തർക്കും ഉണ്ടാകണമെ

ന്നുള്ള അപേക്ഷയോടുകൂടി ഈ മംഗളപത്രം അങ്ങേ സംപൂജ്യപാദപത്മങ്ങളിൽ സമപ്പിച്ചുകൊള്ളുന്നു.

എന്ന്, അങ്ങേ ആത്മീയമക്കളായ ചങ്ങനാശ്ശേരി
രൂപതയിലെ വൈദികരും അൽമേനികളും.

ചങ്ങനാശ്ശേരി
21. 12. 1927.

മറുപടി പ്രസംഗം:–

മംഗളപത്രങ്ങൾക്ക് മറുപടിയാണ് പിന്നീടു ഉണ്ടായതു്. മെത്രാനച്ചൻ തിരുമനസ്സിലെ മറുപടി ഏകദേശം ഇങ്ങനെയായിരുന്നു;– ഈ മംഗളകമ്മം ഇത്ര ആഘോഷപൂർവ്വം നടത്തുവാൻ ഉത്സാഹം പ്രദശിപ്പിച്ചതിനും, ഈ ശുഭാവസരത്തിൽ ഒരു മംഗളപത്രം സമപ്പിക്കുന്നതിനു തുനിഞ്ഞതിനും ഹൃദയപൂവ്വമായ അഭിനന്ദനത്തെയും, കൃതജ്ഞതയെയും നാം പ്രദശിപ്പിച്ചു കൊള്ളുകയും നിങ്ങൾക്കു ദൈവാനുഗ്രഹമുണ്ടാകട്ടെ എന്നു പ്രാത്ഥിക്കുകയും ചെയ്തുകൊള്ളുന്നു.

മൊൺസിഞ്ഞോർ ജേക്കബ്ബ് കല്ലറയ്ക്കൽ അവർകൾചെയ്ത മറുപടി പ്രസംഗത്തിന്റെ ചുരുക്കം;–മഹാവന്ദ്യദിവ്യശ്രീമാന്മാരും,നിതാന്തവന്ദ്യദിവ്യശ്രീമാന്മാരുമായ തിരുമേനികളുടെ സാന്നിദ്ധ്യത്താലും, അനേകായിരങ്ങളായ ബഹുമാന്യന്മാരായ മഹാന്മാരാലും അലംകൃതമായ ഈ മഹാ സദസ്സിൽ വച്ചു് അഭിഷിക്തനായ നമ്മുടെ മെത്രാൻ വഴിയായും നാം എവരും അനുഗൃഹീതരായിരിക്കുന്നു. ഈ ശുഭാവസരത്തിൽ, എനിക്കു ഒരു മംഗളപത്രം സമപ്പിച്ചതിൽ സന്തോഷിക്കുകയും കൃതജ്ഞനാകുകയും ചെയ്തിരിക്കുന്നു. എത്രതന്നെ വിവേകവും നയവുമുള്ള ഭരണാധികാരിയായിരുന്നാലും സവ്വരെയും

തൃപ്തിപ്പെടുത്തി ഭരിക്കുക എന്നുള്ളത് അസാദ്ധ്യമായ ഒരു കാൎയ്യമാണ്. എന്റെ രണ്ടരകൊല്ലത്തെ ഭരണത്തിൽ വല്ല അതൃപ്തിയും നേരിട്ടിട്ടുണ്ടെങ്കിൽ അവയെ വിസ്മരിച്ചും, ക്രിസ്തീയ ഉപവിയെ അടിസ്ഥാനമാക്കിയും നിങ്ങൾ എന്നോടു ഈ വിധ ബഹുമാനാദരങ്ങൾ പ്രദൎശിപ്പിച്ചതിൽ നാം കൃതജ്ഞതനായിരിക്കുന്നു. എന്റെ ഭരണം സ്തുത്യൎഹമായിട്ടുണ്ടെങ്കിൽ, കാലം ചെയ്ത കുയ്യാളശ്ശേരിമെത്രാൻ തിരുമനസ്സിലെയും അതിവന്ദ്യന്മാരായ എറ്ണാകുളം, വരാപ്പുഴ എന്നീ രൂപതകളിലെ മെത്രാപ്പോലീത്താമാരുടെയും, കോട്ടയം മെത്രാനച്ചന്റെയും ഉപദേശവും, സഹായവും, കൂടാതെ വൈദികന്മാരുടെയും ജനങ്ങളുടെയും സഹകരണമാണ് അതിനു ഇടവരുത്തിയിട്ടുള്ളത് എന്നു അഭിമാനിക്കാവുന്നതാണ്. തിരുവിതാംകൂർ ദിവാൻ മിസ്റ്റർ മോറിസ് വാട്സ് നമുക്കു പല നന്മകളും ചെയ്തിട്ടുള്ളതിനാൽ നമ്മൾ അദ്ദേഹത്തോടു എന്നും കൃതജ്ഞതയുള്ളവരായി വൎത്തിക്കേണ്ടതാണ്. എല്ലാവരിലും ദൈവകാരുണ്യം ഉണ്ടാകുന്നതിന് ഞാൻ പ്രാൎത്ഥിക്കുന്നതു കൂടാതെ നിങ്ങളുടെ പ്രാൎത്ഥനകളിൽ എന്നെക്കൂടെ സ്മരിക്കുമെന്നു വിശ്വസിക്കുകയും ചെയ്യുന്നു.

ഘോഷയാത്ര:—

അശ്വാരൂഢന്മാരായ ഡിസ്ട്രിക്ട് പോലീസ് സൂപ്രണ്ട് മിസ്റ്റർ ബി. നാണുപിള്ളയും അസിസ്റ്റണ്ട് പോലീസുസൂപ്രണ്ടും അവരുടെ വരുതിയിൽ നിയമിക്കപ്പെട്ടിരിക്കുന്ന ഇൻസ്പെക്ടറന്മാരും ഘോഷയാത്രയെ ക്രമീകരിക്കുന്നതിൽ ബദ്ധകങ്കണന്മാരായിരുന്നു. കോൺവെൻറു ഹൈസ്കൂളിൽനിന്നും കുരിശുകൾ കുടകൾ മുതലായവ അഭിഷേകമന്ദിരത്തിന്റെ വടക്കെ റോഡിൽ കൊണ്ടുവന്നു നിരത്തിക്കഴിഞ്ഞു. പതിനൊന്നു പൊൻകുരിശുക

ളും, നൂററിരണ്ടു വെള്ളിക്കുരിശുകളും അനേകശതം പൊ
ന്നാലിലക്കുടകളും നിരത്തിപ്പിടിച്ചിരുന്ന കാഴ്ച ജനങ്ങളു
ടെ കണ്ണുകളെ അഞ്ചിതമാക്കിയിരുന്നു. ആ മാർഗ്ഗത്തിലൂ
ടെ വൈദികർക്കു മാത്രമെ സഞ്ചരിക്കുവാൻ അനുവദിച്ചി
രുന്നുള്ളു. പോലീസ് ഉദ്യോഗസ്ഥന്മാരും വാളണ്ടിയറന്മാ
രും കൂടി ജനക്കൂട്ടത്തെ കിഴക്കെഭാഗത്തെ മൈതാന
പ്രദേശത്തേക്കു കടത്തിവിട്ടുകൊണ്ടിരുന്നു. വടക്കോട്ടുള്ള
ഈ വഴിയിൽതന്നെ തിരുമേനിമാർക്കു എഴുന്നെള്ളത്തിന്നു
ള്ള മോട്ടർവാഹനങ്ങളും നിരത്തിയിരുന്നു. അവയിൽ ഒ
ന്നാമതായി കിടന്നിരുന്നതു തിരുവിതാംകൂർ സ്റ്റേററുകാ
റായിരുന്നു. മലവെള്ളംപോലെ പെരുകിയിരുന്ന ജന
ക്കൂട്ടത്തിലെങ്ങും അത്ഭുതകരമായ നിശ്ശബ്ദത വ്യാപിച്ചി
രുന്നു. അഭിഷേകമന്ദിരത്തിൽനിന്നും ദേവാലയവളപ്പിൽ
നിന്നും മററും പ്രവഹിച്ചുകൊണ്ടിരുന്ന ജനതതി ഒന്നു്
ഒതുങ്ങിയപ്പോൾ ഘോഷയാത്രയ്ക്കുള്ള സമയമായി എ
ന്നു് അതിലേക്കു പ്രത്യേകം നിയുക്തനായിരുന്ന മിസ്റ്റർ
സി. ററി. കുര്യാക്കോസ് ബി. എ. എൽ. ററി. ഡിസ്ട്രി
ക്ട് പോലീസുസൂപ്രണ്ടിനെ അറിയിക്കുകയും സൂപ്രണ്ടു
പോലീസ് ഉദ്യോഗസ്ഥന്മാരെയും വാളണ്ടിയറന്മാരെയും
കൃത്യനിർവഹണത്തിൽ ഒന്നുകൂടി ഊർജ്ജിതപ്പെടുത്തുക
യും ചെയ്തു. അപ്പോഴേയ്ക്കു തിരുമേനിമാർ വിശ്രമിച്ചി
രുന്ന പള്ളിബംഗ്ലാവിൽനിന്നു പുറപ്പെട്ടു. വൈദികവൃ
ന്ദം എഴുന്നെള്ളത്തുകാറുകളുടെ പുരോഭാഗത്തായി അണി
നിരന്നുനിന്നിരുന്നു. തിരുമേനികളെയെല്ലാം വികാരിജന
റാൾ മോൺസിഞ്ഞോർ ജേക്കബ് കല്ലറയ്ക്കൽ അവർ
കൾ യഥായോഗ്യം കാറുകളിലാരോഹണം ചെയ്യി
ച്ചു. അഭിഷിക്തനായ തിരുമേനി ദിവാൻ മിസ്റ്റർ
വാട്സും ഒന്നിച്ചു മന്ദസ്മിതാനചിതം എഴുന്നെള്ളുകയാ
ണുണ്ടായതു്. അനന്തരം ഘോഷയാത്ര നീങ്ങികൊൾ
വാൻ നിയന്ത്രണാധികാരി അനുജ്ഞ കൊടുക്കുകയും ക

ണ്ണാനന്ദകരമായ ബാൻറുവാദ്യവും, ദിഗന്തങ്ങളെ മാറെറാലിക്കൊള്ളുന്ന വെടിനാദങ്ങളും ധ്വനിച്ചു തുടങ്ങുകയും ചെയ്തു. വൈദികന്മാർ, കുരിശുകളും, കുടകളും വഹിച്ചിരുന്നവർ, പ്രത്യേകം നിയുക്തരായിരുന്ന പോലീസ് ഉദ്യോഗസ്ഥന്മാർ എന്നിവരെ മാത്രമെ എഴുന്നള്ളത്തു വഴിയിൽ കൂടി സഞ്ചരിക്കുവാൻ അനുവദിച്ചിരുന്നുള്ളു. ജനങ്ങൾ എല്ലാം കെട്ടിടങ്ങളുടെ മേൽത്തട്ടുകളും കൽമതിൽകളുടെ ഉപരിഭാഗങ്ങളിലും, വഴികളുടെ ഇരുവശങ്ങളിലും, സമീപസ്ഥമായ മററു ഉയൎന്ന സ്ഥാനങ്ങളിലും തിക്കിത്തിരക്കി അക്ഷമന്മാരായി നോക്കിക്കൊണ്ടു നിൽക്കുമ്പോൾ അവരുടെ പുരോഭാഗങ്ങളിലൂടെ കുരിശുകൾ, കുടകൾ, ബാൻറുസംഘം, വൈദികവൃന്ദം എഴുന്നെള്ളത്തുവാഹനങ്ങൾ എന്നിവയെല്ലാം അനുക്രമമായി മന്ദം മന്ദം കടന്നുപോയിക്കൊണ്ടിരുന്നു. തുറന്ന വാഹനത്തിൽ ഒരു സുവൎണ്ണഛത്രഛായയിലിരുന്ന തിരുമേനി ഇരു വശങ്ങളിലേക്കും തിരിഞ്ഞു ജനങ്ങളെ അനുഗ്രഹിക്കുന്ന കാഴ്ച ആഹ്ളാദജനകമായിരുന്നു. ഈ അതിമഹത്തായ ഘോഷയാത്ര ഏകദേശം ഒരു മണിക്കൂറോടു കൂടി അരമനയിൽ പ്രവേശിക്കുകയും ആഘോഷങ്ങൾ അവസാനിക്കുകയും ചെയ്തു. എങ്കിലും അപ്പോഴും തുടൎന്നു കൊണ്ടിരുന്ന ചീയേഴ്സ് വിളിയുടെ ശബ്ദം മുഴങ്ങിക്കൊണ്ടുതന്നെയിരുന്നു.

ഉച്ച ഭക്ഷണം:—

ഘോഷയാത്രാനന്തരം കോളേജിനോട് ചേൎന്നുള്ള ഇംഗ്ലീഷ്സ്കൂൾ ഹാളിൽവച്ചു കെങ്കേമമായ ഡിന്നർ നടന്നു. ഹോൾ മുഴുവനും വിചിത്രരമണീയമായി അലംകരിച്ചിരുന്നു. വന്ദ്യതിരുമേനിമാർ തുടങ്ങി മെത്രാസ്സന്മാർ ഉൾപ്പെടെ അറുനൂറോളം വൈദികരും ഏതാനും അൽമേനിപ്രമുഖന്മാരുംഅതിൽ സംബന്ധിച്ചിരുന്നു.

വരാപ്പുഴമെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു, പെരീനി മെത്രാനച്ചൻതിരുമനസ്സുകൊണ്ടു മുതലായവർ ചെയ്ത അനുമോദനപ്രസംഗത്തിന് ഡോക്ടർ ജെയിംസ് കാളാശ്ശേരി തിരുമനസ്സുകൊണ്ടു ചെയ്ത മറുപടിപ്രസംഗം ഏവരുടെയും പ്രസംശയ്ക്കു പാത്രീഭവിക്കയുണ്ടായി. പ്രസംഗാനന്തരം കാപ്പികുടിയും കഴിഞ്ഞു് അവിടെ നിന്നും പിരിഞ്ഞു.

ഗാർഡൻ പാർട്ടി:–

മണി അഞ്ചായതോടു കൂടി അരമനയിൽ വച്ചു നടത്തുന്ന ഗാർഡൻ പാർട്ടിയിൽ സംബന്ധിക്കുന്നതിനായി ഉദ്യോഗസ്ഥന്മാർ റി. നി. സഭാമെമ്പറന്മാർ വണിക്ക് ശ്രേഷ്ഠന്മാർ, കൃഷീവലന്മാർ, വ്യവസായികൾ, ബാങ്ക് പ്രവർത്തകന്മാർ, വക്കീലന്മാർ തുടങ്ങിയ മാന്യന്മാർ പ്രത്യേകം പ്രത്യേകം മോട്ടർവാഹനങ്ങളിലായി അരമന ഗയിറ്റുങ്കൽ എത്തിക്കൊണ്ടിരുന്നു. ഇവരെ യഥായോഗ്യം സ്വീകരിക്കുന്നതിന് അരമന ഗയിറ്റുങ്കൽ ആഗതരായിരുന്ന വാളണ്ടീയന്മാരുടെ ചൊടിചൊടിപ്പും പ്രസരിപ്പും അതിഥികൾക്ക് ആനന്ദപ്രദമായിരുന്നു. ഉദ്യാനവിരുന്നിൽ വരാപ്പുഴ ആർച്ച് ബിഷോപ്പ് തിരുമനസ്സുകൊണ്ടും, കൊല്ലം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, തൂത്തുക്കുടി, എന്നീ മിസ്സങ്ങളിലെമെത്രാന്മാരും, സംബന്ധിച്ചിരുന്നതു കൂടാതെ മെസ്സേഴ്സ് പെൻഷ്യൻഡ് ജഡ്ജി പി. ജെ. ചെറിയാൻ ബി. ഏ. ബി. എൽ, എക്സിക്യൂട്ടീവ് എൻജിനീയർ ജോൺ കുര്യൻ, ജസ്റ്റീസ് ജോസഫ് തളിയത്തു്, ദിവാൻപേഷ്ക്കാർ ആർ കൃഷ്ണപിള്ള, ഡിസ്ട്രിക്ട ജഡ്ജി കെ. കെ. ചാക്കോ, എക്സിക്യൂട്ടീവ് എൻജിനീയർ അരുണാചലമയ്യർ, അസിസ്റ്റണ്ടു് എൻജിനിയർ ഐ. സി. ചാക്കോ, ഡിസ്ട്രിക്ട ജഡ്ജി സീതാരാമയ്യ

ർ, അഡിഷണൽ ജഡ്ജിമാരായ എൻ. കുമാരൻ, കെ. ശങ്കരൻപണ്ടാല, സർക്കാർ വക്കീൽ സുബ്ബയ്യർ തുടങ്ങിയ ഉദ്യോഗസ്ഥന്മാരും, കെ. സി. മാമ്മൻമാപ്പിള, ററി. ജെ. മാത്യൂ, ഇ. ററി. കുഞ്ഞിത്തൊമ്മൻ, മന്ദത്തു പത്മനാഭ പിള്ള, തോമ്മസ് പാലാമ്പടം, ജോൺ ററിഡീരി, പെൻഷൻഡ് മുൻസിഫ് വർഗീസു ചാണ്ടി, ജനാർദ്ദനൻപിള്ള, മൈതീൻപിള്ള തുടങ്ങിയ മാന്യന്മാരും ഉൾപ്പെട്ടിരുന്നു.

കൃത്യം മണി അഞ്ചായതോടുകൂടി മെത്രാസനാരമനയുടെ ദക്ഷിണഭാഗത്തു പച്ചപ്പുരവതാനിയുടെ മുകളിൽ ഇടയ്ക്കിടെ മനോഹരങ്ങളായ വൃക്ഷലതാദികളുടെ മദ്ധ്യേ, പല സ്ഥലങ്ങളിൽ തയ്യാർ ചെയ്തിരുന്ന പൂജ്യാസനങ്ങളിൽ അതിഥികൾ ആസനസ്ഥരായി. പശ്ചിമഭാഗത്തുനിന്നും വീശുന്ന മന്ദമാരുതൻ ഏററവു സൊല്ലാസം ചാഞ്ചാടുന്ന പത്രസമൂഹവും സുരഭിലങ്ങളായ കുസുമസ്തോമങ്ങളിൽ തട്ടിവരുന്ന പാവനനും അതിഥികൾക്കു സ്വാഗതമരുളിക്കൊണ്ടിരുന്നു. സുമാർ അഞ്ഞൂറിൽപരം മാന്യന്മാർ ഈ ഉദ്യാനവിരുന്നിൽ സംബന്ധിച്ചു. പല വിധത്തിലുള്ള പലഹാരങ്ങൾ, പാനീയങ്ങൾ, പഴങ്ങൾ എന്നിവ ആവശ്യംപോലെ അതിഥികൾക്കു നൽകുന്നതിനു വാളണ്ടീയർ സംഘം അഹമഹമികയാ ഉൽസാഹം പ്രദർശിപ്പിച്ചിരുന്നു. അഭിനവ മെത്രാൻ ഡോക്ടർ ജെയിംസ് കാളാശ്ശേരി തിരുമനസ്സുകൊണ്ടും, മോൺസിഞ്ഞോർ ജേക്കബ് കല്ലറയ്ക്കൽ അവർകളും ഉദ്യാനവിരുന്നു മദ്ധ്യത്തിൽ, ആഗതരായിരുന്ന അതിഥികളെ സന്ദർശിച്ചു കുശലപ്രശ്നങ്ങൾ നടത്തുകയുണ്ടായി എന്നുള്ളതു് പ്രസ്താവ്യമത്രെ. ഒരു മണിക്കൂർ കൊണ്ടു ഉദ്യാനവിരുന്നു അവസാനിച്ചു.

ദീപക്കാഴ്ച:—

മണി ഏഴായതോടുകൂടി മെത്രാസനഅരമന പൂർവ്വോപരി ചേതസ്സമാകർഷകമായിതീൎന്നു. ദീപക്കാഴ്ചകളുടെ കൂട്ടത്തിൽ മദ്ധ്യഭാഗത്തായി നിൎയ്യാതന്മാരായ ഡോക്ടർ ലവീഞ്ഞു്, ഡോക്ടർ കുര്യാളശ്ശേരി എന്നീ തിരുമേനികളുടെയും മലങ്കരമെത്രാപ്പോലീത്താ ഡോക്ടർ അഗസ്റ്റിൻ കണ്ടത്തിൽ, അഭിനവമെത്രാൻ ഡോക്ടർ ജേയിംസു കാളാശ്ശേരി എന്നീ തിരുമേനിമാരുടെയും ഛായാപടങ്ങൾ മനോഹരമാംവണ്ണം പ്രശോഭിതമായിരുന്നു. ഈ മഹാമഹം ഇത്ര മോടിയായി നടത്തുന്നതിനു അശ്രാന്തപരിശ്രമം ചെയ്ത പുണ്യശ്ലോകനായ മോൺസിഞ്ഞോർ ജേക്കബ് കല്ലറയ്ക്കൽ അവർകളും, വന്ദ്യവൈദിക ഗണവും, പൌരസഞ്ചയവും, യുവജനങ്ങളും സൎവ്വഥാ അനുഗ്രഹീതരും ശ്ലാഘനീയരും ആണെന്നുള്ളതിനു രണ്ടുപക്ഷമില്ല.

അദ്ധ്യായം ഒന്നു.

കൈനകരി ഇടവകയിലെ ഔദ്യോഗിക സന്ദൎശനം:—

ഡോക്ടർ ജെയിംസ് കാളാശ്ശേരി തിരുമനസ്സുകൊണ്ടുപട്ടാഭിഷേകംകഴിഞ്ഞു അവിടത്തെ സ്വദേശമായ കൈനകരി ഇടവകയിലേക്കു ആദ്യമായി പുറപ്പെട്ടതു് 1928 ഒക്ടോബർ 9—ാംനു- യായിരുന്നു. വലിയ ആഘോഷങ്ങൾ ഒന്നുംതന്നെ ഉണ്ടായിരിക്കുവാൻ പാടില്ലെന്നു മുൻകൂട്ടി കല്പനയുണ്ടായിരുന്നെങ്കിലും അഞ്ചു ചുണ്ടൻവള്ളങ്ങളുടെയും, ഏതാനും ചെറുതരം കളിവള്ളങ്ങളുടെയും അകമ്പടിയോടുകൂടി പ്രത്യേക തരത്തിൽ അലങ്കരിക്കപ്പെ


ട്ടിരുന്ന ഒരു മോട്ടോർബോട്ടിൽ തിരുമേനിയെ ചേന്നംകരിപ്പള്ളിയിൽ നിന്നും എതിരേററുകൊണ്ടുവരികയാണു ചെയ്തതു്. കൃത്യം മണി 7ൽ ആയതിനോടുകൂടി തിരുമേനിയും, പരിവാരങ്ങളും കയറിയിരുന്ന ബോട്ടു കൈനകരിപ്പള്ളി ജട്ടിയിൽ എത്തി. ഉടൻ വികാരി റവ. ഫാദർ എമ്മാനുവേൽ മേച്ചേരിക്കുന്നേൽ അവർകൾ മുറപ്രകാരം "സീലി" നൾകി തിരുമേനിയെ സ്വീകരിച്ചു. അനന്തരം പള്ളിക്കടവിൽ തന്നെ നേത്രാഭിരാമമായി സജ്ജീകരിച്ചിരുന്ന പൂപ്പന്തലിലെ സിംഹാസനത്തിൽ തിരുമേനി ഉപവിഷ്ടനായി. അവിടെവച്ച് ഇടവകജനങ്ങളുടെ വകയായി ഒരു "ജ്ഞാനപൂക്കെട്ട്" വന്ദ്യവയോധികനായ റവ. ഫാദർ അപ്രേം ടി. ഒ. സി. ഡി. അവർകൾ വായിച്ച് തിരുമേനിക്കു സമപ്പിച്ചു. പിന്നീട്ട് ദേവാലയത്തിൽ പ്രവേശിച്ച് കർമ്മാദികൾ കഴിച്ചു.

ഉച്ചതിരിഞ്ഞു് തിരുമനസ്സുകൊണ്ടു് കുട്ടികൾക്കു സ്ഥൈര്യലേപനം നൾകി. അനന്തരം തിരുമനസ്സുകൊണ്ടു് പള്ളിമേടയിൽ വിശ്രമിക്കുമ്പോൾ സ്ഥലം "യേശുദാസസംഘ"ക്കാരുടേയും, "കെ. സി. സി. എ. ക്കാ" രുടേയും ഓരോ "സുകൃതമഞ്ജരികൾ" സ്വീകരിച്ചു. പാട്ടും പാടി ദൂരത്തുനിന്നും പൂക്കെട്ടും, പൂമാലകളുമായി വന്ന കുഞ്ഞുമക്കളെ കണ്ടു് തിരുമേനി പുഞ്ചിരി തൂകി. കുഞ്ഞുമക്കൾക്കും അവരുടെ അദ്ധ്യക്ഷന്മാക്കും പ്രത്യേകം പ്രത്യേകം സമ്മാനങ്ങളും ഉപദേശങ്ങളും കൊടുക്കയുണ്ടായി.

സ്ഥാപന സന്ദർശനങ്ങൾ:—

അടുത്ത ദിവസമായ നവംബർ 10—ാം തീയതി സ്വപിതാവിന്റെ ചരമദിനമായിരുന്നതിനാൽ തി

രുമനസ്സുകൊണ്ടു് മരിച്ചവക്കുവേണ്ടിയുള്ള പൊന്തിഫ്പി ക്കാൽ ദിവ്യപൂജ നടത്തി. അനന്തരം പള്ളിറിക്കാട്ടൂർകൾ, സങ്കടഹർജികൾ ആദിയായവ പരിശോധിച്ചശേഷം സ്ഥലം സെൻറ മേരീസ് ഇംഗ്ലിഷ് മലയാളം സ്ക്കൂളു കൾ സന്ദർശിക്കയും അവരുടെ "ആത്മീയമഞ്ജരികൾ" സ്വീകരിക്കയും ഉണ്ടായി. അവിടെനിന്നും "ഹോളിഫാമിലി" ഇംഗ്ലിഷ് ഗറൽസ്സ്ക്കൂളും, ലിററിൽഫ്ളവർ കോൺവൻറും സന്ദർശിക്കയും വിദ്യാത്ഥിനികളുടേയും, കന്യാസ്ത്രികളുടേയും "ജ്ഞാനപുഷ്പക്കെട്ടുകൾ" സ്വീകരിക്കയും ചെയ്തു. വിശുദ്ധ കൊച്ചുത്രേസ്യായുടെ നാമധേയത്തിൽ നവീനമായി പണികഴിപ്പിച്ചിരുന്ന കോൺവൻറ കെട്ടിടവും, അതോടുചേൻള്ള മനോഹരമായ ചാപ്പലും വെഞ്ചരിക്കുകയെന്നുള്ള കമ്മമാണ് പിന്നീടു നടന്നതു്. സ്ക്കൂൾഹാളിൽ അലങ്കരിച്ച് തയാറാക്കിവച്ചിരുന്ന വിശുദ്ധ കൊച്ചുത്രേസ്യായുടെ പ്രതിമ മഠാധിപതി സിസ്റ്റർ ജൽത്രൂദ് അവർകളുടെ അപേക്ഷാനുസരണം മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് കരതലത്തിൽ വഹിച്ച് ആഘോഷസമന്വിതം കോൺവൻറ് ചാപ്പലിൽ പ്രതിഷ്ഠിച്ചുവച്ചു. കോൺവൻറിൽ നിന്നും മടങ്ങുംവഴി സ്ഥലം യേശുദാസസംഘംവക തിരുഹൃദയക്കപ്പേള സന്ദശിച്ചു. തദവസരത്തിൽ സ്ഥലം കെ. സി. സി. എ. ക്കാർ പിതാവിൻെറ അനുഗ്രഹം വാങ്ങുന്നതിനായി സംഘമുദ്രയും ധരിച്ച്, കൈകൾക്കൂപ്പി മുട്ടിന്മേൽ നിന്നിരുന്ന കാഴ്ച തിരുമേനിയെ ഹഠാദാകഷിച്ചു. അവിടെനിന്നും, ത്രപതവകയായ കയ്യാററിൽ മാർ തോമ്മാശ്ലീഹായുടെ ദേവാലയത്തിലേക്കു് എഴുന്നള്ളി. ദേവാലയസ്ഥാപകനും, ദേവാലയത്തിനുള്ളിൽ സംസ്ക്കരിക്കപ്പെട്ടിരിക്കുന്നയാളുമായ രാജശ്രീ മുക്കാട്ടു തോമ്മാ ചാണ്ടിയുടെ കുഴിമാടത്തുങ്കൽ "ഒപ്പീസു" നടത്തിയശേഷം ആലപ്പുഴപ്പള്ളി സന്ദശനാത്ഥം അനേ



ആലപ്പുഴ മാർ സ്ലീവാപ്പള്ളിയോടു ചേർന്നു സ്ഥാപിച്ചിരിക്കുന്ന ഗ്രെട്ടൊ, ഡോക്ടർ ജയിംസ് കാളാശ്ശേരി തിരുമനസ്സുകൊണ്ടു വെഞ്ചരിക്കുന്നു.

കം ബോട്ടുകളുടേയും, ബാൻറുതുടങ്ങിയ വാദ്യഘോഷങ്ങളുടേയും അകമ്പടിയോടുകൂടി ആലപ്പുഴക്കാർ തിരുമേനിയെ സ്വീകരിച്ചുകൊണ്ടുപോയി.

അദ്ധ്യായം ൧൭.

## ഭരണ പരിഷ്ക്കാരം.

പ്രഥമ സന്ദേശം:—

നമ്മുടെ കഥാനായകൻ തിരുമനസ്സിലെ ചുരുങ്ങിയ ഭരണകാലത്തിനുള്ളിൽ നടത്തിയിട്ടുള്ള ഏതാനും ചില പരിഷ്ക്കാരങ്ങളെക്കുറിച്ചു പ്രസ്താവിച്ചശേഷം ഈ ചരിത്രകഥ അവസാനിപ്പിക്കുന്നതുചിതമെന്നു കരുതുന്നു.

തിരുമനസ്സുകൊണ്ടു, വന്ദ്യനും, പൂജ്യനും പരേതനുമായ അവിടുത്തെ പുരോഗാമി, മാർ തോമ്മാ മെത്രാൻ തിരുമനസ്സിലെ ആശയെ അനുവർത്തിക്കുന്നതിലുള്ള സന്നദ്ധതയെ വെളിവാക്കുന്നതും, അവിടുന്നു സ്വീകരിച്ചിട്ടുള്ള മുദ്രാവാക്യത്തിൻെറ ആന്തരാത്മത്തെ പ്രസ്പഷ്ടമാക്കുന്നതുമായ അവിടുത്തെ പ്രഥമ സന്ദേശത്തിലെ ഒരു ഭാഗം ഇപ്രകാരമാണ്.

"വന്ദ്യ സഹോദരന്മാരെ! വാത്സല്യമക്കളേ! ദൈവത്തിൻെറ രാജ്യം നിങ്ങൾ അന്വേഷിപ്പിൻ! എന്നുള്ള നമ്മുടെ മ്ശിഹാ രാജാവിൻെറ തിരുവാക്യംതന്നെയാകുന്നു, നമ്മുടെ പ്രഥമസന്ദേശമായി നിങ്ങൾ ഓരോരു

ത്തരോടും നമുക്ക് അറിയിപ്പാനുള്ളതു്. പരിശുദ്ധ സിംഹാസനത്തിൽനിന്നു് അയോഗ്യനായ നമ്മെ ഈ രൂപതയുടെ മെത്രാനായി തെരിഞ്ഞെടുത്തു് പ്രസിദ്ധപ്പെടുത്തിയതു് "മ്ശിഹായുടെ രാജത്വ തിരുനാൾ" ആഘോഷിക്കപ്പെടുന്ന ഒക്ടോബർ 30—ാംനു-യാകയാലും, മിശിഹായുടെ രാജ്യത്തെ മലയാളത്തു പ്രചരിപ്പിച്ച നമ്മുടെ പിതാവ് മാർ തോമ്മാ ശ്ലീഹായുടെ ഒരു പ്രധാന തിരുനാളായ ഡിസംബർ 21–ാംനു സ്ഥലത്തെ കത്തീഡ്രൽ പള്ളിയിൽ നമ്മുടെ പട്ടാഭിഷേകം നിർവഹിക്കപ്പെടുന്നതിനു ദൈവം ഇടയാക്കിയതുകൊണ്ടും, നമ്മുടെ കർത്താവും, ദൈവവുമായ ഈശോമ്ശിഹായുടെ രാജ്യത്തിന്റെ സംരക്ഷണത്തിനും അഭിവൃദ്ധിക്കുമായി മാത്രം നമ്മുടെ ആയുസ്സിനെ വിനിയോഗിക്കേണ്ടതാണെന്നു് നമുക്ക് ദൃഢമായി ബോധപ്പെട്ടിരിക്കുന്നു. പൂജ്യപാദനും, ഭാഗ്യസ്മരണക്കർഹനുമായ നമ്മുടെമുൻഗാമി കുര്യാളശ്ശേരി മാർ തോമ്മാമെത്രാൻ തിരുമനസ്സുകൊണ്ടു് തന്റെ ഭരണകാലത്തു് ആദ്യന്തം ചെയ്തിട്ടുള്ള അക്ഷീണ പരിശ്രമങ്ങളുടെ ഏകോദ്ദേശവും ഇതുതന്നെയായിരുന്നുവെന്നു് കാണാവുന്നതാണു്. ആ പുണ്യപിതാവിന്റെ ഭക്തിസംവർദ്ധകങ്ങളും, സന്മാർഗ്ഗപോഷകങ്ങളും, ആചാരശുദ്ധീകരണങ്ങളുമായ ഇടയ ലേഖനങ്ങളും പരസ്യ കല്പനകളും എല്ലാം ഈ വസ്തുതയെ എന്നും വിളിച്ചറിയിച്ചുകൊണ്ടിരിക്കും. അദ്ദേഹത്തിന്റെ നിര്യാണാനന്തരം രണ്ടരവഷത്തോളം "അഡ്മിനിസ്റ്റർ അപ്പസ്തോലിക്കാ"യെന്ന നിലയിൽ നമ്മുടെ രൂപതയെ യഥായോഗ്യം ഭരിച്ച് എവരുടേയും പ്രശംസയ്ക്കും, കൃതജ്ഞതയ്ക്കും അർഹനായി തീർന്നിരിക്കുന്ന മോൺസിഞ്ഞോർ, ജെയിക്കബ് കല്ലറയ്ക്കലവർകളും അതേ ആദർശത്തെ തന്നെയാണു് ആസ്പദീകരിച്ച് പ്രവർത്തിച്ചുകൊണ്ടു പോന്നിട്ടുള്ളതു്.

ആകയാൽ "നിൻെറ രാജ്യം വരണം" എന്നുള്ള വാക്യത്തെ മുദ്രാവാചകമായി സ്വീകരിച്ചിരിക്കുന്നതു് അസ്ഥാനത്താകയില്ലെന്നു കരുതുന്നു."

വേദപ്രചാരമദ്ധ്യസ്ഥൻ:-

"വേദപ്രചാരമദ്ധ്യസ്ഥൻ" എന്ന പേരിൽ ഇവിടെനിന്നും നവമായി പുറപ്പെട്ടിരിക്കുന്ന മാസിക നമ്മുടെ രൂപതയിലെ വേദപ്രചാരഡിപ്പാർട്ടുമെണ്ടിൻെറ ആഭിമുഖ്യത്തിലും, വേദപ്രചാരണത്തെ മുൻനിറുത്തിയും ആരംഭിച്ചിട്ടുള്ളതാകയാൽ എല്ലാ വീടുകളിലും ഈ മാസിക വരുത്തി വായിക്കുന്നതിന് വിശ്വാസികൾ താല്പര്യപ്പെടണമെന്നും, ബ. വൈദികർ ഈ കാര്യത്തിൽ വേണ്ട പ്രോത്സാഹനങ്ങൾ നല്കണമെന്നും നാം ആഗ്രഹിക്കുന്നു. നമ്മുടെ കച്ചേരികാര്യങ്ങളും, ഇടയലേഖനങ്ങളും, പരസ്യകല്പനകളും ഈ മാസിക വഴിയായിട്ടല്ലാതെ സാമാന്യം പരസ്യപ്പെടുത്തുന്നതല്ലായിരിക്കും. അതിനാൽ ഇതിൻെറ ഓരോ പ്രതികൾ പള്ളിറിക്കാർട്ടുകളുടെ കൂട്ടത്തിൽ ബ. വികാരിമാർ സൂക്ഷിച്ചുകൊള്ളേണ്ടതാണ്. വേദപ്രചാരം മാത്രം ഉദ്ദേശിച്ച് ഇതു പുറപ്പെടുവിക്കുന്നതാകയാൽ ഇതിൽനിന്നും ലഭിക്കാവുന്ന സഹായം വേദപ്രചാരജോലിക്കായിമാത്രം വിനിയോഗിക്കപ്പെടുന്നതാണ്."

ഏതാദൃശമായ ഒരു പ്രസിദ്ധീകരണം രൂപതയിൽ ഒഴിച്ചുകൂടുവാൻ പാടില്ലാത്ത ഒന്നാണെന്ന് ഏവരും സശിരഃകമ്പം സമ്മതിക്കും. ഇതു് തിരുമനസ്സിലെ ഭരണാരംഭത്തിൽത്തന്നെ സമാരംഭിച്ചതിൽ സന്തോഷിക്കേണ്ടിയിരിക്കുന്നു. പ്രസ്തുത മാസികയിൽ മാസികാ മദ്ധ്യസ്ഥനായ മാർ യൌസേപ്പുപിതാവിൻെറ വിശദമായ ജീവചരിത്രം സുന്ദരമായ ഭാഷയിലും, സുഗമമായ രീ

തിയിലും, തിരുമനസ്സുകൊണ്ടു് തൃക്കൈ വിളയാടി വരു ന്നതു് എല്ലാവരും പ്രത്യേകം വായിച്ചറിഞ്ഞിരിക്കേണ്ട ഒന്നാണു്.

കച്ചേരിക്കാര്യം:-

രൂപതയിലെ കച്ചേരിസംബന്ധമായ കാര്യങ്ങ ൾ ഒരു ക്ലിപ്തസമയത്തു നടത്തുന്നതു് ഭരണീയ ജനങ്ങൾ ക്കു് കൂടുതൽ സൌകര്യപ്രദമെന്നുകണ്ടു് സമയനിർണ്ണയം ചെയ്തു വിവരം പരസ്യപ്പെടുത്തി. മെത്രാനച്ചൻ തിരു മനസ്സുകൊണ്ടു് നേരിട്ടു് ഹർജികൾ സ്വീകരിക്കുന്നതി നും, രഹസ്യ സന്ദർശനം നടത്തുന്നതിനും നിശ്ചയിച്ചി രിക്കുന്ന സമയം കാലത്തു് പത്തുമണിമുതൽ പന്ത്രണ്ടു മണിവരെയും, ഉച്ചകഴിഞ്ഞു് മൂന്നുമണിമുതൽ നാലര വരെയും എന്നു് കണിശപ്പെടുത്തിയിട്ടുള്ളതിനാൽ അ സമയങ്ങളിൽ അരമന കാത്തുനിൽക്കേണ്ടതായ ആവ ശ്യം ആർക്കും നേരിടുന്നില്ലാ. കച്ചേരിക്കാര്യം സംബന്ധി ച്ചു് ചെയ്തിരിക്കുന്ന ഈ വ്യവസ്ഥ നാനാകാരണങ്ങളാ ൽ, തൃപ്പാദത്തുങ്കൽ അണയേണ്ടവരായ ജനങ്ങൾക്കു് വ ളരെ അനുഗ്രഹപ്രദമാണെന്നുള്ളതിനു് സംശയമില്ലാ. ഭ രണീയരോടുള്ള അവിടുത്തെ നൈസർഗ്ഗികമായ സ്നേഹ മല്ലാതെ മറെറന്താണു് ഇക്കാര്യത്തിലും സ്പഷ്ടമാകുന്നതു്?

വൈദിക വിദ്യാർത്ഥികളുടെ യോഗ്യത:–

കേരളത്തിലെ കത്തോലിക്കരുടെയിടയിൽ വി ദ്യാഭ്യാസാദി യോഗ്യതകൾ പ്രതിദിനം അഭിവൃദ്ധിപ്പെട്ടു കൊണ്ടാണല്ലോ ഇരിക്കുന്നതു്. ഇവരുടെയിടയിൽ വൈ ദികവൃത്തി അനുഷ്ഠിക്കേണ്ടവർ ഉന്നതവിദ്യാഭ്യാസം സി ദ്ധിച്ചവരായിരിക്കേണ്ടതു് അത്യാവശ്യമാണു്. ഈ സം ഗതി തിരുമനസ്സിലെ പ്രത്യേക ശ്രദ്ധക്കു വിഷയീഭവി ച്ചിട്ടുണ്ടെന്നു് വൈദികവിദ്യാർത്ഥികളെ സംബന്ധിച്ച

ചെയ്തിട്ടുള്ള വ്യവസ്ഥകൾകൊണ്ടു് മനസ്സിലാക്കാം:–"(1) സ്കൂൾഫൈനൽ പരീക്ഷ ജയിച്ചിട്ടുള്ള കുട്ടികളെ അല്ലാതെ മേലാൽ വൈദിക വിദ്യാഭ്യാസത്തിന് എടുക്കുന്നതല്ലാ. (2) ഇങ്ങിനെയുള്ളവർ തങ്ങളുടെ സ്കൂൾ വിദ്യാഭ്യാസത്തിന് അവസാനമെങ്കിലും ഒരു കൊല്ലം കുറഞ്ഞപക്ഷം ഒരു ബോർഡിങ്ങിൽ താമസിക്കയും, തങ്ങളുടെ ഉദ്ദേശം ആരംഭത്തിൽ തന്നെ റെക്ടരെ അറിവിക്കയും ചെയ്യുന്നതിനും പുറമേ, പെററിസിമ്മനാരിയിൽ ചേരുന്നതിനുള്ള അപേക്ഷകൾ അതാതുകൊല്ലം ക്രിസ്തുമസ്സിനു മുമ്പായി റെക്ടർ വഴിയായി നമ്മുടെ പക്കൽ അയച്ചിരിക്കയും വേണം"

വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ട്:–

കത്തോലിക്കാസഭ ലോകത്തിൻെറ നാനാഭാഗങ്ങളിലും, വിദഗ്ധന്മാരുടെ മേൽനോട്ടത്തിലും, സുഘടിതമായ രീതിയിലും വിദ്യാഭ്യാസപരമായി ചെയ്യുന്ന ശ്രമങ്ങളെ അനുകരിച്ച് ചങ്ങനാശേരി രൂപതയിലെ കത്തോലിക്കാ വിദ്യാലയങ്ങളുടെ അഭിവൃദ്ധിയെ സവ്വഥാ ലാക്കാക്കി ഭരണവിഷയത്തിൽ കാൎയ്യമായ പല പരിഷ്കാരങ്ങളും വരുത്തിയിട്ടുണ്ടു്. രൂപതയിലെ ഇംഗ്ലീഷ് പള്ളിക്കൂടങ്ങളുടെ നിയന്ത്രണത്തിനായി ടി. സ്കൂൾമാനേജരന്മാരിൽനിന്ന് ഒരു കമ്മററിയെ രൂപീകരിക്കയും, പള്ളിക്കൂടങ്ങളുടെ ഡയറക്ടരായി അഗാധചിന്തകനും, ഭരണപടുവുമായ റവ. ഫാദർ കോശിമമ്പലം ബി. എ. എൽ. ററി. അവർകളേയും, സെക്രട്ടറിയായി റവ. ഫാദർ കെ. സി. ചാണ്ടി ബി. എ. എൽ. ററി. അവർകളേയും നിശ്ചയിക്കയും ചെയ്തു. തൽസംബന്ധമായി ആയിടെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള തിരുമനസ്സിലെ കല്പന ഇപ്രകാരമാണു്:– (1) വിദ്യാഭ്യാസ സംബന്ധമായി ഈ കച്ചേരിയുമായുള്ള സകല ഇടപാടുകളും ഈ രൂപതയി

ലെ വിദ്യാഭ്യാസ ഡയറക്ടർമൂലം നടത്തേണ്ടതാണ്. (2) പുതിയ സ്ക്രൂളുകൾ സ്ഥാപിക്കുന്നതിനും, ഇപ്പോൾ ഉള്ള സ്ക്രൂളിൻെറ സ്റ്റാൻഡാർഡു ഉയർത്തുന്നതിനുംമ റവും ഡയറക്ടർമൂലം ഈ കച്ചേരിയിൽനിന്നും അനു വാദംവാങ്ങിക്കേണ്ടതാണ്. (3) അദ്ധ്യാപകന്മാരുടെ ശ മ്പളസ്കേയിൽ, വാർഷികശമ്പളവർദ്ധനം പ്രോവിഡൻറ് ഫണ്ടു സ്ഥാപനം ആദിയായ സ്ക്രൂളുകളുടെ നയത്തിനു ഡയറക്ടരുടെ അംഗീകരണം സ്വീകരിക്കേണ്ടതാണ്. (4) ഹെഡ്മാസ്റ്ററന്മാരുടെ സ്ഥിരമായോ, താൽക്കാലി കമായോ ഉള്ള നിയമനങ്ങളും, 50 കയിൽ കവിയുന്ന തും, ഒരാണ്ടിൽ അധികം ദീർഘിപ്പിക്കുന്നതുമായ നിയ മനങ്ങളും ഡയറക്ടരുടെ അറിവോടും, അനുമതിയോ ടുംക്രൂടി ചെയ്യേണ്ടതാണ്. (5) ഡയറക്ടരോ, വിദ്യാ ഭ്യാസ സിക്രട്ടറിയോ, ആണ്ടാരംഭത്തിലും, അവസാനത്തി ലുമായി രണ്ടുപ്രാവശ്യം എല്ലാസ്ക്രൂളുകളും സന്ദർശി ക്കേണ്ടതാണ്. (6) ഈ രൂപതയിലെ വിദ്യാഭ്യാസ ത്തെ പരാമർശിച്ച് പൊതുവായും, സ്ക്രൂളുകളെ സംബ ന്ധിച്ച് പ്രത്യേകിച്ചും, ഓരോ ടേറത്തിൻെറ അവസാ നത്തിലും ഓരോ റിപ്പോർട്ടുകൾ ഡയറക്ടർ ഈ ക ച്ചേരിയിൽ ഹാജരാക്കേണ്ടതാണ്.

പ്രാത്ഥനാസൈന്യം:–

തിരുമനസ്സിലെ ഭരണത്തെ സശ്രദ്ധം വീക്ഷിക്കു ന്ന ഒരുവന് നാനാവിഷയങ്ങളിലും, അവിടത്തെ ശ്ര ദ്ധ പതിഞ്ഞിട്ടുള്ളതായി കാണാം. വിദ്യാഭ്യാസ ഡിപ്പാ ർട്ടുമെണ്ടു സ്ഥാപനത്താലുംമററും ഭരണീയരുടെ മാനസി കപോഷണത്തെ ശരിപ്പെടുത്തുന്നതുപോലെതന്നെ ആ ദ്ധ്യാത്മിക കാര്യങ്ങളിലും വേണ്ടതു ചെയ്യാതിരിക്കുന്നില്ലാ. സംഘടിതമായ രീതിയിൽ നൂതനമായി ഏല്പ്പെടുത്തപ്പെ ട്ടിരിക്കുന്ന "പ്രാത്ഥനാസൈന്യം" ഇതിലേക്കു ഉത്തമോ

ദാഹരണമാണ്. അതിനേസംബന്ധിച്ച്, വേദപ്രചാരമ ദ്ധ്യസ്ഥനിൽ ചേർത്തിരുന്ന തിരുമനസ്സിലെ കല്പനാസ ന്ദേശം ഇപ്രകാരമാണ്:—

"വേദപ്രചാരണവിഷയത്തിൽ പ്രാർത്ഥന എത്ര ശക്തിയേറിയ ആയുധമാണെന്ന് നാം മുകളിൽ പ്രസ്താ വിച്ചിട്ടുണ്ടല്ലോ. ഇതിലേയ്ക്കു് സംഘടിതമായ ഒരു പ്രാ ർത്ഥനാസൈന്യം നമ്മുടെ രൂപതയിൽ ഉണ്ടായിരിക്കണ മെന്ന് നമുക്കു വലിയ ആഗ്രഹമുണ്ട്. ഒരു നന്മനിറഞ്ഞ മറിയം ദിനംപ്രതി ചൊല്ലുന്നതിന് ആക്കുംപ്രയാസമുണ്ടാ കയില്ലല്ലോ. എന്നാൽ ഇപ്രകാരം എല്ലാവരും ചെയ്യു ന്നതായാൽ ഈ രൂപതയിൽ പ്രായമുള്ളവരുടെ ജനസം ഖ്യ അനുസരിച്ച് ഒന്നരലക്ഷത്തിലധികം നന്മനിറഞ്ഞമ യം ദിനം പ്രരി ചൊല്ലുന്നതിന് ഇടയാകുന്നതിനാണ്. കണ്ടാലും! എത്രവലിയ പട്ടാളം!! എത്രമനോഹരമായ കാഴ്ച! ദൈവദാനങ്ങൾ നമ്മുടെ മേൽ വർഷിക്കുന്നതിനാ യി ഉന്നതങ്ങളിലേയ്ക്കുയരുന്ന ആ മേഘപടലം എത്രയോ വിസ്തൃതം. അതിനാൽ ഈ മാസികയിൽ തന്നെ അന്യ ത്ര ചേർത്തിട്ടുള്ള മറിയത്തിൻെറ അമലോൽഭവ ഹൃദയ ത്തിൻെറ അതിസഖ്യത്തിൽ വിശ്വാസികൾ എല്ലാവരും ചേന്ന് അതിലെ നിബന്ധനകൾ നിറവേററുന്നതിന് ഉ ത്സാഹിക്കണം. ബ. വികാരിമാർ ഈ കാര്യം വിവരമാ യി അറിവിച്ച് ജനങ്ങളെ പ്രേരിപ്പിക്കയും ചേരുന്നവരു ടെ പേരുകൾ അതിൻെറ ഡയറക്ടക്കു അയച്ചുകൊടുക്ക യും വേണം. അപ്പോൾ അദ്ദേഹം സാക്ഷ്യപത്രം അയച്ചു തരുന്നതാണ്. ഇവിടെ പാറമേൽ അമലോൽഭവ ജൂ ബിലിസ്മാരക കപ്പേളയിലാണ് ഈ സഭ മുറപ്രകാരം സ്ഥാപിച്ചിരിക്കുന്നതു്. അവിടത്തെ രജിസ്റ്ററിൽ പേരെഴ തിക്കാത്ത സഭാംഗങ്ങൾക്ക് അതിലെ ബന്ധവിമോചന ങ്ങൾ ലഭിക്കുകയില്ലാ."

കോളേജിനുമൂലധനം:—

ഇന്നത്തെ സ്ഥിതിക്ക് ഉന്നത വിദ്യാഭ്യാസവും, മഹാപാഠശാലയും, ഒരു സമുദായത്തിൻെറ ഐശ്വൎയ്യപൂൎണ്ണമായ നിലനില്പിന് എത്രത്തോളം ഒഴിച്ചുകൂടുവാൻ പാടില്ലാതാണിരിക്കുന്നതെന്ന് ആരോടും പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലാ. ഈ വസ്തുത ഗ്രഹിച്ചുകൊണ്ടാണ് ദീൎഘദൃക്കായിരുന്ന കാലംചെയ്ത കുര്യാളശ്ശേരി മാർ തോമ്മാ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് ചങ്ങനാശ്ശേരിരൂപതയിലും ഒരു കോളേജ് സ്ഥാപിച്ചതു്. ആധുനികനിലയ്ക്കു് ഒരു കോളേജു നടത്തിക്കൊണ്ടുപോകുന്നതിനു ധനസംബന്ധമായ ചുമതല താരതമ്യേന വളരെ വൎദ്ധിച്ചിട്ടുണ്ടു്. അതിനാൽ നമ്മുടെ വന്ദ്യതിരുമേനി കോളേജിന് ഒരു മൂലധനമുണ്ടാക്കുന്ന വിഷയത്തിൽ ഗാഢമായി ശ്രദ്ധിക്കയും, ദീർഘചിന്തയോടും കൎമ്മകുശലന്മാരായ രൂപതയിലെ യോഗ്യന്മാരുടെ ആലോചനയോടുംകൂടി ഒരു ലേലച്ചിട്ടി ആരംഭിച്ചു നടത്തിവരികയും ചെയ്യുന്നു. ശ്രമസാദ്ധ്യമായ ഈ ഉദ്യമത്തിൽ അതിൻെറ സാഫല്യത്തിനു വേണ്ടി രൂപത എന്നും തിരുമേനിയോടു കടപ്പെട്ടിരിക്കുന്നു. മൂലധനം ശേഖരിക്കുന്നതു സംബന്ധമായി അവിടുന്ന് പുറപ്പെടുവിച്ചിട്ടുള്ള സന്ദേശങ്ങൾ കൂടി ഈ ഘട്ടത്തിൽ രേഖപ്പെടുത്തുന്നതു് അവസരോചിതമെന്നു കരുതുന്നു.

“അതീതകാലങ്ങളെ അപേക്ഷിച്ച് ആധുനിക കാലത്തു് വിദ്യാഭ്യാസത്തിൽകൂടിയാണു് വേദബീജം എളുപ്പത്തിൽ വ്യാപിപ്പിക്കാവുന്നതെന്നു സൎവ്വസമ്മതമത്രെ. സൎവ്വപ്രധാനമായ ഈ മതാത്മകവിദ്യാഭ്യാസം അകത്തോലിക്കരുടെയോ, മതനിഷ്പക്ഷവാദികളുടെയോ, ഹിന്തുക്കളുടെയോ, വിദ്യാലയങ്ങളിൽനിന്നും ലഭിക്കാമെന്നുദ്ദേശിക്കുന്നതു് കേവലം അസ്ഥാനത്താണു്. മാത്രമല്ലാ ഉള്ളവിശ്വാസംപോലും അവിടെ എളുപ്പത്തിൽ

നഷ്ടീഭവിക്കുന്നു. നിരീശ്വരന്മാർ, അരാജകന്മാർ, മിണ്ടാവേലക്കാർ, ബൊൾഷെവിക്കുകാർ എന്നും മററും നാം കേൾക്കുന്നവരെ ജനിപ്പിക്കുന്നത് ഈദൃശങ്ങളായ പലേ കാരണങ്ങളാലാകുന്നു. പാശ്ചാത്യരാജ്യങ്ങളിലെ യഥാർത്ഥ കത്തോലിക്കർ ഭീമമായ കഷ്ടനഷ്ടങ്ങൾ സഹിച്ചിട്ടുതന്നെയാണ് ഗവമ്മേണ്ടിൽനിന്ന് വേർ തിരിഞ്ഞ് സ്വന്തം വകയായി സ്ക്കൂളുകളെല്ലാം നടത്തുന്നത്. നമ്മുടെ ഭരണത്തിലും ഇതിൻെറ ആവശ്യം ഏറെക്കുറെ അനുഭവപ്പെട്ടതിൻെറ ഫലമായി, കത്തോലിക്കാ മതാദ്ധ്യക്ഷന്മാരെല്ലാവരും പാട്ടുള്ളടത്തോളം സ്ക്കൂളുകൾ തങ്ങളുടെ പൂണ്ണ സ്വാതന്ത്ര്യത്തിലാക്കി നടത്തുന്നതിന് പ്രയത്നിച്ചുകൊണ്ടു വരികയാകുന്നു. എന്നാൽ വിദ്യാഭ്യാസ വകുപ്പിൻെറ പൂണ്ണവും, സ്വതന്ത്രവുമായ ഭരണത്തിന് താണതരം സ്ക്കൂളുകൾക്കും പുറമേ, ഉന്നത വിദ്യാലയങ്ങളായ കോളേജുകളും, സവ്വകലാശാലകൾ പോലും കൂടിയേതീരു. ആധുനിക പരിഷ്ക്കാരലോകത്തിൻെറ ബാഹ്യനേത്രങ്ങളിൽ ഒരു സമുദായത്തിൻെറ നട്ടെല്ലെന്നോണമാകുന്നു ഒരു കോളേജു സ്ഥിതിചെയ്യുന്നത്. ഒരു കോളേജിന് ഇതരമതസ്ഥന്മാരുടെമേലുള്ള സ്വാധീനശക്തി ചില്ലറയല്ല. ഉന്നതവിദ്യാലയങ്ങൾ,പത്രമാസികകൾ, അച്ചുകൂടങ്ങൾ, ധമ്മസ്ഥാപനങ്ങൾ, പൊതുസംഘങ്ങളെന്നിവയാണ് ഇന്ന് ഒരു സമുദായത്തിന് നിലയും, വിലയും നൾകുന്നത്. ഇവയിൽ പിന്നാക്കം നിൽക്കുന്ന കൂട്ടർ ഇതരസമുദായങ്ങളോടു കിടപിടിക്കുവാൻ സാധിക്കാതെ രാഷ്ട്രിയമായി എന്നും പിൻപിൽകിടക്കുന്നു.

ഇത്യാദി ഉൽകൃഷ്ടാശയങ്ങൾ അവരുടെ ഗൌരവതരങ്ങളായ പരിസരങ്ങളോടുകൂടി ചിന്താവിഷയമാകുന്നതുകൊണ്ടാണ് വിജ്ഞാനപടുക്കളും, വിശാലബുദ്ധികളും മിഷ്യനറിവയ്യരുമായ ഈശോസഭക്കാർ മററുസ്ഥലങ്ങളിൽ ചെയ്യാറുള്ളതുപോലെ, നമ്മുടെരൂപതയിലുംഒരു

കോളേജിനു് അടിസ്ഥാനം ഇട്ടതു്. ഈ സ്ഥാപനത്തിന്റെ അത്യാവശ്യം നാൾക്കുനാൾ പ്രത്യക്ഷപ്പെട്ടതുകൊണ്ടു് ക്ലേശസംബന്ധമായ ദുരവസ്ഥകളെ പരിഗണിക്കാതെ സ്വജനക്ഷേമൈകതല്പരനായ നമ്മുടെ വന്ദ്യപുരോഗാമി അതിന്റെ ഒരു ഭാഗം പണികഴിപ്പിക്കയും അതിൽ കോളേജ്ക്ലാസ്സുകൾ ആരംഭിക്കയും ചെയ്തു. തൃശ്ശിനാപ്പള്ളിയിലെ കോളജുപ്രവർത്തകന്മാരും മദ്രാസ് യൂണിവേഴ്സിററി സെനേററ് അംഗങ്ങളുമായ വന്ദ്യ ലി. ശ്രീ. ഫാദർ ഒണേരെ മുതലായ ഈശോസഭക്കാർ ഇതിലേയ്ക്കു് ശക്തിയായ പ്രോത്സാഹനങ്ങളും ഒട്ടേറെ ഒത്താശകളും സദയം ചെയ്തു തന്നിട്ടുണ്ടു്. രൂപതയ്ക്കു് ഒരു മകുടവും സമുദായത്തിനു് ഒരു ഭൂഷണവും പോലെ ഇതു് ഇന്നു് ഒരു ഒന്നാംഗ്രേഡ് കോളേജായിത്തീർന്നിട്ടുണ്ടു്. പണി പൂർത്തിയായിട്ടില്ലാത്ത ഈ മഹാസ്ഥാപനം മുമ്പോട്ടു നടത്തികൊണ്ടുപോകുന്നതിനു് നമ്മുടെ ഇപ്പോഴത്തെ ധനസ്ഥിതി പ്രയാസമാണെന്നുള്ള സംഗതി ആരംഭംമുതൽക്കേ നമ്മുടെ ഭരണത്തെ ഭാരപ്പെടുത്തിക്കൊണ്ടിരുന്നുവെന്നുള്ള യാഥാർത്ഥ്യം തുറന്നുപറയാതെ തരമില്ല. അതോടുകൂടി ഈയിടെ പരിശോധനാർത്ഥം സ്ഥലത്തെത്തിയിരുന്നസർവ്വകലാശാലാകമ്മീഷൻകാർ കോളേജിനേപ്പററി എഴുതിയകൂട്ടത്തിൽ പുതിയ കെട്ടിടം ഉടൻ പൂർത്തിയാക്കി സ്ഥലസൌകര്യം നൾകണമെന്നും തക്കതായ ഒരു മൂലധനമുണ്ടാക്കണമെന്നും നിഷ്കർഷിച്ചിരിക്കുന്നതും നമ്മെ വല്ലാതെ സ്പർശിച്ചിട്ടുണ്ടു്. ഈ വിഷമഘട്ടത്തിൽ പിതാവിന്റെ നിലയ്ക്കു് പ്രകൃത്യാ മക്കളായ നിങ്ങളുടെ നേരെയാണല്ലോ സഹതാപത്തിനായി നാം തിരിയേണ്ടതു്. എന്നാൽ പള്ളികളിൽനിന്നും, പട്ടക്കാരിൽനിന്നും ഓരോ പിരിവുകൾ നടത്തിയിട്ടുള്ളതുകൊണ്ടും അതാതു സ്ഥലത്തെ പള്ളികളുടെ ആവശ്യങ്ങൾക്കായി അവിടവിടെ ജനപിരിവുകൾ എടുക്കാറുള്ളതുകൊണ്ടും നവമായി ഒരു പൊതു പിരിവിനായിട്ടു് ഉദ്യമിപ്പാൻ നമ്മുടെ

മനസ്സ് അനുവദിച്ചില്ലാ. അതിനാൽ നാം തന്നെ ഇതേ പ്പററി ദീർഘമായി ആലോചിക്കയും, രൂപതയിലെ പെ. ബ. ആലോചനക്കാരുടെ അഭിപ്രായങ്ങൾ അറികയും ചെയ്തശേഷം നിശ്ചയിച്ച നിവാരണമാർഗ്ഗം രൂപതവക യായി ഒരു ചിട്ടി മുതലിക്കുക എന്നുള്ളതാണ്. സാധാര ണയായി നമ്മുടെ ആളുകൾ മിക്കവരും ചിട്ടികളിൽ കൂടാ റുണ്ടല്ലോ. ശരിയായി നടക്കുന്നപക്ഷം ചിട്ടിയിൽ കൂടുന്ന തുകൊണ്ട് ലാഭമാണുള്ളത്. അതുകൊണ്ട് രൂപതവകയാ യി ഒരു ചിട്ടി ആരംഭിക്കുന്നതായാൽ അതിൽ കൂടുന്നതി ന് എല്ലാവർക്കും സന്തോഷമായിരിക്കുമെന്നും അങ്ങിനെ ഒരുത്തർക്കും നഷ്ടമില്ലാത്ത വലിയ ഒരുപകാരം സമുദായ ത്തിനു സിദ്ധിക്കുമെന്നും നമുക്കുതോന്നി. എന്നാൽ ഇതി ലേയ്ക്കു് തിരുസിംഹാസനത്തിലെ അനുമതി ആവശ്യമായി രുന്നു. സാധാരണ കൊടുക്കാറില്ലാത്ത ഈ അനുവാദവും ഭാഗ്യവശാൽ നമുക്കു ലഭിച്ചു. അതിനാൽ വേണ്ട ശട്ടം കെട്ടുകളോടുകൂടിയും, രൂപതയുടെ ഉത്തരവാദിത്വത്തിലും ഒരു ലക്ഷം രൂപായിൽ കുറയാത്ത മൂലധനത്തിൽ ഒരു ലേ ലച്ചിട്ടി ഉടനേ മുതലിക്കുന്നതിന് നാം തീരുമാനിച്ചിരിക്കു ന്നു. നമ്മുടെ രൂപതയിൽപ്പെട്ട ഏതേതുസ്ഥാപനങ്ങളി ലും പള്ളികളിലും നിന്ന് ഈ ചിട്ടിയിൽ കൂടാവുന്നതും, കൂടുവാൻ ഉത്സാഹിക്കേണ്ടതുമാകുന്നു. ബ. പട്ടക്കാരും ഇടവകജനങ്ങളും കഴിയുന്നത്രനമ്പരുകൾ എടുത്ത് അവ രും സമുദായത്തിനു വേണ്ടി മാത്രം നാം എടുത്തിരിക്കു ന്ന ഈ വമ്പിച്ച ഭാരത്തെ ലഘൂകരിക്കുന്നതിന് പ്രത്യുപ മാനം മമ്പോട്ടു വരുമെന്ന് നമുക്കു വലിയ ശരണമുണ്ട്.,,

പുതിയഫൊറോനാ:—

ഭരണസൌകര്യത്തിനും, കാര്യക്ഷമതയ്ക്കും വേ ണ്ടി രാമപുരം, അതിരമ്പുഴ, ആലപ്പുഴ എന്നിങ്ങനെ മൂന്നു ഫൊറോനാകളെക്കൂടി നവമായി രൂപീകരിച്ച് രൂപത

യെ പത്തു ഫൊറോനാകളായി നാം വിഭജിച്ചിരിക്കുന്നു. ഓരോ ഫൊറോനാ വികാരിമാരും തങ്ങളുടെ കീഴിലുള്ള പള്ളികളെ പ്രതിവഷം സന്ദശിച്ച് നമ്മുടെ പക്കൽ റിപ്പോർട്ടു സമപ്പിക്കേണ്ടിയിരിക്കുന്നു. പുതിയ ഫോറോനാകൾ ഓരോന്നിൻെറയും കീഴിലുള്ള പള്ളികൾ താഴെക്കാണുന്ന പ്രകാരമാണ്.

### I. രാമപുരം.

കടനാട്ട്, മാനത്തൂർ, കുത്തുമണ്ണ്, നീറന്താനം, നീലൂർ, മേലുകാവ്, കുണിഞ്ഞി, ഇടങ്ങനാട്, ഏഴാഞ്ചേരി.

### 2. അതിരമ്പുഴ.


ചെറുവാണ്ടൂർ, ആപ്പൂക്കര, നരിവേലി, വെട്ടിമുകൾ, പാറമ്പുഴ, ഐക്കരച്ചിറ, കുടമാളൂർ, പുന്നത്തുറ, കുമരകം—നവനസ്രേത്ത്.

### 3. ആലപ്പുഴ.

തത്തമ്പള്ളി, കയ്യാറ്, കേസറിയാ, പുന്നപ്പറ, കാവാലം, മുഹമ്മ, കൈനകരി, കൈനടി.

സമുദായികവുംരാഷ്ട്രിയവും:—

കേരളകത്തോലിക്കരുടെ സമുദായികവും രാഷ്ട്രിയവുമായ ആധുനിക നില എത്രത്തോളം അനാശാസ്യമെന്നു പലക്കും ബോധപ്പെട്ടിട്ടുള്ളതാണ്. അനഭിലഷണീയമായ ഈ അവസ്ഥയെ പാടെ വിപാടനം ചെയ്യുന്നതിനു വിജ്ഞന്മാരായ സമുദായനേതാക്കന്മാർ പല പരിപാടികളും പയ്യാലോചിച്ച് ഉറപ്പിച്ചിട്ടുണ്ടെങ്കിലും ഈ ദ്ദശകായ്യങ്ങളിൽ മതാദ്ധ്യക്ഷന്മാർ പരസ്യമായും പരിഷ്കൃത രീതിക്കൊത്തും നിർദ്ദേശങ്ങൾ ചെയ്തുകണ്ടിട്ടില്ല.



൧൯൨൯-ൽ അതിരമ്പുഴവച്ചു നടന്ന കത്തോലിക്കാ കോൺഗ്രസ്സിന്റെ അദ്ധ്യക്ഷ
പീഠത്തിൽനിന്നുകൊണ്ടു് പ്രസംഗംചെയ്യുന്നു.

സമുദായോന്നമനത്തിനായി മതാദ്ധ്യക്ഷന്മാർചെയ്യുന്ന യത്നങ്ങൾക്ക് ഇരട്ടിയായി ഫലം സിദ്ധിക്കുമെന്നുള്ളതു് അനിഷേദ്ധ്യമായ ഒരു വാസ്തവമാണ്. ഈ വസ്തുത മനസ്സിലാക്കിക്കൊണ്ടു് ഡോക്ടർ ജെയിംസ് കാളാശ്ശേരി തിരുമനസ്സുകൊണ്ടു് 1929 മെയ്. 6-ാംനു- നടന്ന അതിരമ്പുഴ കത്തോലിക്കാകോൺഗ്രസിൻെറ അദ്ധ്യക്ഷനെന്ന നിലയിൽ സമുദായോൽക്കഷത്തിനായി ഉപദേശിച്ചിട്ടുള്ള ഉപാധികൾ അദ്ദേഹത്തെ ഒരു ഒന്നാം തരം സമുദായോദ്ധാരകൻ എന്നുള്ള സ്ഥാനത്തിനർഹനാക്കി ചെയ്തിട്ടുണ്ടു്.

തിരുമേനി അദ്ധ്യക്ഷപ്രസംഗംവഴി പ്രകടിപ്പിച്ചിട്ടുള്ള പ്രായോഗിക തത്വങ്ങൾ എക്കാലത്തും പ്രമാണങ്ങളായി പ്രകീർത്തിക്കപ്പെടത്തക്കവ തന്നെയാണ്. സമുദായോന്നമനത്തിനുള്ള അഭിവാഞ്ഛ, സമുദായ ദൂഷ്യങ്ങളേയും അവയുടെ പരിഹാരമാർഗ്ഗങ്ങളേയുംപ്പററിയുള്ള പരിജ്ഞാനം, പാശ്ചാത്യരാജ്യങ്ങളിലെ സ്ഥിതിഗതികളെ നാടൻ കാര്യങ്ങളുമായി തുലനം ചെയ്തു് ഗുണപാഠങ്ങളെ രേഖപ്പെടുത്തുന്നതിനുള്ള അന്യാദൃശ്യമായ വൈശാരദ്യം എന്നിത്യാദി സംഗതികൾ അദ്ധ്യക്ഷപ്രസംഗത്തിൻെറ ഓരോ വാചകവും പൂർണ്ണമായി വിവക്ഷിക്കുന്നുണ്ടു്. "ഈ കേരളനാട്ടിലെ കത്തോലിക്കരുടെആദ്ധ്യാത്മികവും, സാമുദായികവുമായ അഭിവൃദ്ധിയല്ലാതെ മറെറന്താണ് ഇവിടുത്തെ വൈദികമേലദ്ധ്യക്ഷന്മാരായ ഞങ്ങൾ എപ്പോഴും ആഗ്രഹിച്ചുകൊണ്ടിരിക്കുന്നതു്.?,, എന്ന മുഖവുരവാചകത്തിലെ അർത്ഥം എത്ര വിപുലമായതെന്ന് ചിന്തിക്കേണ്ടതുതന്നെയാണ്.

തിരുമനസ്സിലെ അഗാധജ്ഞാനത്തേയും, അന്യാദൃശമായ പ്രതിഭാവിലാസത്തേയും ഗ്രഹിക്കുന്നതിനായിഅവിടുത്തെ പ്രസംഗത്തിൽ ചൊരിഞ്ഞിരിക്കുന്ന തത്വമണി

കളിൽ ചിലതിനെ എടുത്തു കാണിക്കുന്നതു് അസംഗത മായിരിക്കയില്ലല്ലോ.

"ഇററലിയിലെ വിക്ടർ എമ്മാനുവെൽ രാജാവ് മാപ്പാപ്പായുടെ രാജ്യം കവൎന്നെടുത്തതു മുതൽ ആ അക്രമ ത്തോട് പ്രതിഷേധം പുറപ്പെടുവിച്ചുകൊണ്ടും, ആ അനി തിയോട് നിരന്തരമായി ധൎമ്മസമരം ചെയ്തുകൊണ്ടുമിരു ന്നതിനാൽ കത്തോലിക്കാലോകത്തിന് ദീർഘനാളായി നഷ്ടീഭവിച്ചിരുന്നലൌകികാധികാരം തിരിയെ കിട്ടി. ഈ ആദൎശത്തെ മുൻനിൎത്തി പൌരാവകാശത്തിനായി ആഗ്ര ഹിക്കുന്ന കേരളീയകത്തോലിക്കർ നിരന്തരമായി ധൎമ്മസ മരം നടത്തിക്കൊണ്ടിരുന്നാൽ തീർച്ചയായും വിജയം കര ഗതമാകുന്നതാണ്,,

തിരുമനസ്സിലെ ഈ ദീർഘദൎശനം എത്ര ആരാ ധനീയമായിരിക്കുന്നു. എത്രതന്നെ അസമത്വ ദുഃഖങ്ങൾ നേരിട്ടാലും വിധിപോലെ വരട്ടെയെന്നു കരുതി ഉന്മേഷ ശൂന്യരും, ഉത്സാഹഹീനരുമായി വൎത്തിക്കുന്ന കേരളീയക ത്തോലിക്കർക്ക് ഒരു മതാദ്ധ്യക്ഷനിൽനിന്ന് പുറപ്പെട്ടിട്ടുള്ള മേല്പുദ്ധരിച്ച വിലയേറിയ അഭിപ്രായം അഭിനവജീവനെ പ്രദാനം ചെയ്യുന്നതിന് പൎയ്യാപ്തമാണ്. കൊച്ചി, തിരു വിതാംകൂർ രാജ്യങ്ങളിലെ കത്തോലിക്കർക്ക് പബ്ളിക്ക് സൎവ്വീസിൽ ന്യായമായ പ്രാതിനിധ്യം കിട്ടിയിട്ടില്ലെങ്കി ൽ അതിലേയ്ക്കു് ഫലോദയംവരെ അക്ഷീണം യത്നം ചെയ്യേണ്ടതു് കത്തോലിക്കാതത്വത്തിനു വിരോധമായിട്ടു ള്ളതല്ലെന്നും, കത്തോലിക്കാനേതാക്കന്മാരുടെ മാതൃകയ്ക്കു നുയോജ്യമാണെന്നും തിരുമേനി തുടൎന്നു പ്രസ്താവിക്കുന്ന ഭാഗം ഈദൃശമായ ആദൎശത്തെ ഒന്നുകൂടി ശക്തിപ്പെടു ത്തുന്നുണ്ട്.

സാക്ഷാത്തായ വിജയം സമുദായസംഘടനയി ലും, നിസ്വാൎത്ഥപരമായ പരിശ്രമത്തിലും, നിക്ഷിപ്തമെ ന്ന് ഉൽഘോഷിച്ചുംകൊണ്ട് ഐർലണ്ടിലെ കത്തോലി

ക്കർ "ഡാനിയെ ഒക്കോണൽ" എന്ന സമുദായനേതാവിൻെറ ആജ്ഞയിലും കത്തോലിക്കാ പുരോഹിതന്മാരുടെ സഹകരണത്തിലും ഇടവകശാഖാസംഘങ്ങൾവഴി സാധിച്ചിട്ടുള്ള മഹൽകാൎയ്യങ്ങളെ എടുത്തു കാണിക്കുന്നു. അനൈകമത്യത്താൽ ഭിന്നാദൎശങ്ങളോടുകൂടി വൎത്തിക്കുന്ന സമുദായ പ്രവൎത്തകന്മാൎക്കും, നേതാക്കന്മാരെ അനാദരിക്കുന്ന യുവലോകത്തിനും, വൈദികരുടെ സഹകരണം അഗണ്യമാക്കി തള്ളിക്കളയുന്ന അൽമേയൎക്കും ഒന്നുപോലെ ഉപകരിക്കുന്ന ഒരു ദിവ്യഔഷധമാണ് തിരുമേനി കാണിച്ച ഉദാഹരണംകൊണ്ടു് പ്രദാനംചെയ്തിട്ടുള്ളതു്.

തങ്ങളുടെ യോഗ്യതയും, സ്ഥാനസ്ഥിതികളും, സ്വാധീനമാക്കി വച്ചുകൊണ്ടിരിക്കുന്ന പ്രമാണികളോട് അവിടുന്ന് ചെയ്യുന്ന പ്രബോധനം "ഓരോ പ്രദേശങ്ങളിലുമുള്ള അംഗങ്ങളുടെയിടയിൽ കാണുന്ന സാമുദായിക ദോഷങ്ങളെ പരിഹരിക്കുന്നതിന് അതാതു സ്ഥലങ്ങളിലെ വൈദികൎക്കും, സമുദായ പ്രമാണികൾക്കും ചുമതലയുള്ളതിനാൽ അവർ സഹകരിച്ചു് സമുദായത്തിൻെറ സാന്മാൎഗ്ഗികവും, ഭൌതികവുമായ അഭിവൃദ്ധിയെ ഉപദേശിച്ചു് സഭയുടെ ഉദ്ദേശങ്ങളെ നടപ്പിൽവരുത്തുന്നതിന് പരിശ്രമിക്കേണ്ടതാണ്" എന്നാകുന്നു. രാഷ്ട്രിയമായി കത്തോലിക്കർ അനുഭവിക്കുന്ന അസമത്വത്തിൽ ഹൃദയപൂൎവ്വം സഹതപിക്കുന്ന തിരുമനസ്സുകൊണ്ടു് രാജ്യകാൎയ്യങ്ങളിലേൎപ്പെടുന്നതു് മതസിദ്ധാന്തങ്ങൾക്ക് വിരോധമാണെന്നു ശഠിക്കുന്നവരോടായി പറയുന്ന ഭാഗം പ്രത്യേകം ശ്രദ്ധാൎഹമാണ്.

"കത്തോലിക്കാപൌരന്മാരാവട്ടെ അവരവർ നിവസിക്കുന്ന രാജ്യത്തിലെ സ്ഥിതിഗതികൾക്കനുസരണമായും, നിത്യസത്യങ്ങൾക്കു വിരോധം വരാതെയും രാഷ്ട്രി

യ കാര്യങ്ങളിൽ ഭാഗഭാക്കുകളാകുന്നതിന് സ്വാതന്ത്ര്യമുള്ളവരാകുന്നു.”

തങ്ങളുടെ പരിതസ്ഥിതികൾക്കും, കാലാനുസരണമായ ആവശ്യങ്ങൾക്കും അനുരൂപമായി രാഷ്ട്രീയാവകാശസിദ്ധിയിൽ ശ്രമിക്കാത്ത കത്തോലിക്കർക്ക് നേരിടുന്ന ആപത്തുകളെ–“നൂറുക്ക് തൊണ്ണൂറെട്ടുവീതം കത്തോലിക്കാ ജനസംഖ്യയുള്ള ആ രാജ്യത്ത്–പ്രജാധിപത്യ ഗവമ്മേണ്ടിനാൽ ഭരിക്കപ്പെടുന്ന ആ കത്തോലിക്കാരാജ്യത്ത്– അതേ– മെക്സിക്കോയിൽ ഉണ്ടായ, അതിദാരുണമായ സംഭവങ്ങളെ വെളിപ്പെടുത്തിക്കൊണ്ട് ഉദാഹരിക്കുന്നു.

തൊഴിലില്ലായ്മ സമുദായനാശത്തിന് എത്രമേൽ സഹായിക്കുമെന്ന് ദീഘദശ്നം ചെയ്യുകയിൽ നിദ്ധനരുടേയും, ജോലിഇല്ലാത്തവരുടേയും മേൽ ധനികന്മാരുടെ അനുകമ്പയെ അവിടുന്ന് പരോക്ഷമായ് ആവശ്യപ്പെടുന്നതിനും പുറമെ അവരുടെ ഗുണീകരണാത്ഥം പരസ്പരസഹായസംഘപ്രസ്ഥാനത്തെ– സമുദായരക്ഷക്കായി മഹത്തായ ഉദ്ദേശങ്ങളോടുകൂടി ഒരു കത്തോലിക്കാമഹാൻ കണ്ടുപിടിച്ച ആ രക്ഷണീയ മാഗ്ഗത്തെ– കൂടുതലായി കേരളീയ കത്തോലിക്കർ ആശ്ലേഷിക്കുവാൻ അവിടുത്തേക്കുള്ള ആഗ്രഹത്തെ പ്രദശിപ്പിക്കുന്നു.

ഇപ്രകാരം അതിരമ്പുഴ കോൺഗ്രസ്സ് അദ്ധ്യക്ഷപീഠത്തിൽനിന്നുകൊണ്ടു പരിചിന്തകനായ ഒരു നേതാവിൻെറയും, പണ്ഡിതനായ താത്വികൻെറയും, പക്വചിത്തനായ രാജ്യതന്ത്രജ്ഞൻെറയും നിലയിൽ അവിടുന്ന് വഷിച്ചിട്ടുള്ള ആദശവിശേഷങ്ങളെ അനുസ്മരിക്കുമ്പോൾ സമുദായോദ്ധാരകനെന്ന നാമം അവിടുത്തേയ്ക്കു അന്വൎത്ഥനാർഹമെന്ന് അവിതക്കിതമായി തെളിയുന്നുണ്ട്.

ദിവ്യകരുണ്യകോൺഗ്രസ്സ് സ്ഥാപനം:—

കത്തോലിക്കാകോൺഗ്രസ്സ് അദ്ധ്യക്ഷനെന്ന നിലയിൽ ഡോക്ടർ ജെയിംസ് കാളാശ്ശേരി തിരുമനസ്സിലെ സമുദായ പ്രതിപത്തിയുടേയും, വിജ്ഞാനവിശാലതയുടേയും നില എന്തെന്നു് നാം കണ്ടുകഴിഞ്ഞു. തൻെറ ജനത്തിൻെറ സാമുദായികവും, രാഷ്ട്രിയവുമായ ഉന്നമനത്തിൽ ഉള്ളതിനേക്കാൾ ശതഗുണമായി ആഗ്രഹം ആത്മീയമായ ഉണർവിലും ഉണ്ടെന്നുള്ളതു് അനന്തര സംഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നു. മലങ്കരയിലെ കത്തോലിക്കർ ദൈവസഹായത്താലും, പാശ്ചാത്യ പരിഷ്കാരഭ്രമത്താലും ദിനംദിനം മതപരമായ കാര്യങ്ങളിൽ മന്ദരായി കാണപ്പെടുന്നുവെന്നുള്ള ഹൃദയഭേദകമായ അവസ്ഥയെ മനസ്സിലാക്കി തൽപരിഹാരാത്ഥം തിരുമേനി തക്കതായ ഒരു ദിവ്യസൂത്രം പ്രയോഗിക്കുന്നു. ഭക്തിശൂന്യരും, ഭൌതികകാര്യങ്ങളിൽ മാത്രം ശ്രദ്ധാലുക്കളുമായ ഭരണീയരെ സാക്ഷാത്തായ ഭാഗ്യാവസ്ഥയ്ക്കു് ഭാഗഭാക്കുകളാക്കുന്നതിന് അവിടുന്ന് കണ്ടുപിടിച്ച ഏക മാർഗ്ഗം വിശുദ്ധ കുർബ്ബാനയുടെ നേരെ പ്രത്യേകതരമായ ആരാധനകൾ നടത്തുന്നതിനു വേണ്ട ഒരു പ്രസ്ഥാനം ഏർപ്പെടുത്തുകയെന്നതാണ്. ഇതിനായി രൂപതയിൽ ഒരു ദിവ്യകാരുണ്യ മഹാസഭ സ്ഥാപിച്ചുനടത്തുവാൻ നിശ്ചയിച്ചു. ഇതിൻെറ പ്രഥമസമ്മേളനം അത്യാഡംബരപൂർവ്വം അതിരമ്പുഴകോൺഗ്രസ്സ് പന്തലിൽവച്ചുതന്നെഅവിടുന്ന് നിർവഹിക്കുന്നു. നിഷ്കന്മെഷമായ നിശ്ചയത്തോടും, അതീവ ഗുണലാഭേഛയോടും കൂടി സമാരംഭിച്ച ഈ പ്രസ്ഥാനം നിജപ്രയോക്താവിനാൽതന്നെ നിർവഹിക്കപ്പെടണമെന്നാണ് നീതിസ്വരൂപൻ തിരുമനസ്സായതു്. കേരളത്തിൽ ഇദംപ്രഥമമായി കൊണ്ടാടപ്പെടുന്ന ദിവ്യകാരുണ്യ മഹാസമ്മേളനത്തിൻെറ സ്ഥാപകൻ ഡോക്ടർ ജെയിംസ് കാളാ

ശ്ശേരി ആയിരിക്കുമെന്ന് ആർ ഊഹിച്ചു? അവിചാരിതമായ സമയത്ത്, അവർണ്ണനീയമായ ആഡംബരങ്ങളോടുകൂടി അതിരമ്പുഴ കോൺഗ്രസ്സ് പന്തലിൽ വച്ച് സംസ്ഥാപിതമാകുവാനിടയായതും ശുഭോദർക്കം തന്നെയാണ്.

നമ്മുടെ വന്ദ്യകഥാപുരുഷൻെറ വയസ്സിൽ കവിഞ്ഞുള്ള പ്രവൃത്തിവൈഭവം ദിവ്യകാരുണ്യ കോൺഗ്രസ്സിൻെറ ഉൽഘാടന ദിവസം തന്നെ ഉൽഘോഷിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്.

ആത്മാവിനു വേണ്ടി ശരീരവും, ദൈവത്തിനുവേണ്ടി ആത്മാവും എന്നുള്ളതായിരിക്കണം, നമ്മുടെ മുദ്രാവാക്യം എന്ന് തിരുമേനി മഹാജനസഭയിൽ അരുളിച്ചെയ്ത തത്വത്തെ തുടർന്നാണ് ദിവ്യകാരുണ്യ സമ്മേളനത്തിൻെറ പ്രോൽഘാടനകർമ്മം നിർവഹിക്കുന്നത്.

"കർത്താവേ! അങ്ങ് എൻെറ പന്തലിൽ പ്രവേശിക്കുവാൻ ഞാൻ യോഗ്യനല്ല" എന്ന് സുവിശേഷത്തിലെ ശതാധിപൻ മിശിഹാ കർത്താവിനോടപേക്ഷിച്ച വാക്കുകളെ ഞാനും ഇവിടെ പറയുന്നു. കോൺഗ്രസ്സ് പന്തലിൽ, ദിവ്യരക്ഷകൻ പ്രവേശിക്കുവാൻ യോഗ്യതയില്ലെങ്കിലും "കർത്താവെ! അങ്ങ് ഇവിടെയുണ്ടായിരുന്നുവെങ്കിൽ എൻെറ സഹോദരൻ മരിക്കയില്ലായിരുന്നു" എന്നുള്ള ദൃഢനിശ്ചയമാണ് കോൺഗ്രസ്സിനോട് ചേർന്ന ഒരു ദിവ്യകാരുണ്യ മഹാമഹം ആഘോഷിക്കുന്നതിനും, കോൺഗ്രസ്സ് പന്തലിൽവച്ചുതന്നെ പൊന്തിഫിക്കാൾ പൂജയപ്പിക്കുന്നതിനും പ്രേരിപ്പിച്ചതെന്നും,, തിരുമേനി പ്രസ്താവിച്ച ആ ഭാഗം എത്ര ഗഹനമായ ആദർശങ്ങളെയാണ് നമുക്ക് പ്രദാനം ചെയ്യുന്നത്.

സമുദായം പീഠത്തിലേയ്ക്ക് എത്ര അധികം അടുത്തണയുമോ അത്രയ്ക്കു സമുദായോദ്ധാരണവും ക്ഷിപ്രപ്രസാധിതമാകുമെന്നു നമ്മുടെ പരിശുദ്ധ പിതാവ് പതിനൊ



൧൯൩൯ മെയ് ൮-ാംനു അതിരമ്പുഴെവച്ചു നടന്ന ദിവ്യകാരുണ്യ കോൺ
ഗ്രസ്സിൻെറ അവസാനത്തിൽ ചെറിയപള്ളിയും വലിയപള്ളിയും തമ്മിൽ സംഘടിക്ക
പ്പെട്ടിരുന്ന പാലത്തിൽക്കൂടി നടത്തിയ ദിവ്യകാരുണ്യപ്രദക്ഷിണം.

ന്നാം പീയൂസ് മാർപ്പാപ്പാ ഇതിനിടെ ഒരു തിരുവെഴ ത്തിൽ പ്രസ്താവിച്ചിരുന്നതിനേ വൈദഗ്ദ്ധ്യപൂർവ്വം, ആ സുവർണ്ണ ഘട്ടത്തിൽ വിശദീകരിച്ചു പ്രസംഗിച്ചതും സ്മര ണാർഹമാണ്.

ദിവ്യകാരുണ്യകോൺഗ്രസ്സിൽ ആദ്ധ്യക്ഷം വഹി ച്ച ഡോക്ടർ അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമന സ്സുകൊണ്ടും പ്രാസംഗികന്മാരായിരുന്ന മോൺസിഞ്ഞോ ർ ആൻറണി പുതിശ്ശേരി അവർകളും റവ. ഡോക്ടർ- ജോസഫ് പഞ്ഞിക്കാരനവർകളും ദിവ്യകാരുണ്യകോൺ ഗ്രസ്സ് സ്ഥാപത്തിൽ ഡോക്ടർ ജെയിംസ് കാളാശ്ശേരി തിരുമനസ്സുകൊണ്ട് ചെയ്തിട്ടുള്ള മഹത്തായ ദൈവശു ശ്രൂഷയെ പ്രത്യേകം അഭിനന്ദിക്കയുണ്ടായി എന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്.

വെള്ളയും, മഞ്ഞയും നിറങ്ങളോടുകൂടി മാർപ്പാ പ്പാ തിരുമനസ്സിലെ രാജകീയ കൊടി അതിരമ്പുഴ ചെറി യ പള്ളിയുടെ പുരോഭാഗത്തു് ഉയർന്നുനിൽക്കുന്ന കൊടി മരത്തിൽ കയറിപ്പററിയ ആ മാത്രമുതൽ അടുത്തദിവസം 5. നാഴിക പകലുവരെ അനേകം സഹസ്രം വിശ്വാസി കളുടെ ഹൃദയകവാടങ്ങളിൽ നിന്നും പൊട്ടിപ്രവഹിച്ച ഭക്തിപ്രകടനങ്ങൾ പ്രത്യേകം ദർശനീയമായിരുന്നു. ഇതി നിടയാക്കിയ ഡോക്ടർ ജെയിംസ് കാളാശ്ശേരി തിരു മനസ്സിലെ നാമധേയം എക്കാലത്തും സ്മരണീയമായി രിക്കും.

പ്രകൃത്യാ രമണീയമായ അതിരമ്പുഴപ്പള്ളികളുടെ മദ്ധ്യഭാഗത്തുള്ള വിസ്തൃതമായ മൈതാനത്തിൻെറ നടു വിൽ അംബരമാർഗ്ഗേ അനുബന്ധിക്കപ്പെട്ടിരുന്ന പാല ത്തിൽ ആയിരത്തോളം വരുന്ന വൈദികരുടേയും കന്യാ സ്ത്രീകളുടെയും അകമ്പടിയോടുകൂടി എഴുന്നള്ളിയരുള വാൻ തിരുമനസ്സായ ആ അനുഗ്രഹ ഭണ്ഡാഗാരമായ

സ്വർഗ്ഗീയ പിതാവിനെ ദർശിച്ചാരാധിച്ചവരാരും നമ്മുടെ സംപൂജ്യനായ കഥാപുരുഷനേ വിസ്മരിക്കുക സാദ്ധ്യമല്ല.

ഏതാദൃശമായ ഒരു മഹാസംഭവത്തിൻെറ സൽഫലം അന്നുകൊണ്ടവസാനിക്കുവാൻ അവിടുന്ന് അനുവദിച്ചില്ലാ. പ്രത്യുത തത്തുല്യമായ ഫലങ്ങൾ—നന്മകൾ— വീണ്ടും ഉണ്ടായിക്കൊണ്ടിരിക്കുവാൻ തക്കവണ്ണം അവിടുന്ന് വേണ്ട നിശ്ചയങ്ങളും ചെയ്തിട്ടുണ്ട്.

ദിവ്യകാരുണ്യത്തിൻെറ ദീർഘനിലനിൽപ്പുള്ള ഫലങ്ങൾ ദിക്കെങ്ങും നിഴലിക്കുവാൻ, അവിടുന്ന് നിയമിച്ചിട്ടുള്ള നിശ്ചയങ്ങൾ പര്യാപ്തമാണ്. ദിവ്യകാരുണ്യകോൺഗ്രസ്സ് സ്ഥാപനം മൂലം ഈ "മതപ്രബോധകൻ" മലയാളത്തെ കത്തോലിക്കരുടെ തുടർച്ചയായ അഭിനന്ദനത്തിനും അതീവ കൃതജ്ഞതയ്ക്കും പാത്രവാനായി ഭവിച്ചിട്ടുണ്ട്. ഈ മഹാത്മാവ് കാലോചിതമായ സമുദായപരിഷ്ക്കാരങ്ങൾ വരുത്തിയും, ക്രമോൻമുഖമായ മതാഭിവൃദ്ധിയെ സാധിച്ചും, ഉപരി ഉന്നതസിംഹാസനങ്ങളെ അലങ്കരിച്ചും, പുണ്യപ്രചുരിമയോടുകൂടി ദീർഘനാൾ ഭാഗ്യമോടെ വാണരുളട്ടെ!!!

# അനുബന്ധം.

## പൊതുജനാഭിപ്രായധ്വനി.

റവ. ഫാ: ജെയിംസ് കാളാശ്ശേരി അവർകളെ ചങ്ങനാശ്ശേരി മെത്രാനായി പരിശുദ്ധ സിംഹാസനത്തിൽനിന്നു തെരഞ്ഞെടുത്തെന്നു കേട്ടപ്പോൾ, തിരുമേനിയേപ്പററി കേരളത്തിലും പുറമെയുമുള്ള നാനാജാതിമതസ്ഥന്മാരുടെ പത്രമാസികകൾ പ്രസിദ്ധീകരിച്ചിട്ടുള്ള അഭിപ്രായങ്ങളിൽനിന്ന് ചില ഭാഗങ്ങൾ മാത്രം താഴെ ഉദ്ധരിച്ചുകൊള്ളുന്നു:—

പരിക്ഷാവിജയം, പാണ്ഡിത്യം, ഭക്തി, സദാചാരം, വിനയം എന്നിതുകളാൽ പ്രസിദ്ധനും സുസമ്മതനും ആയിത്തീൎന്നിരിക്കുന്ന ഇദ്ദേഹത്തെത്തന്നെ ബിഷോപ്പായി വാഴിക്കണമെന്നു എല്ലാവരും ആഗ്രഹിച്ചുകൊണ്ടുതന്നെയാണിരുന്നതു്.... രണ്ടുലക്ഷം ജനങ്ങളും ഇരുന്നൂറിൽപരം പള്ളികളുമുള്ള ഒരു വലിയ രൂപതയുടെ ഭരണം നടത്തുന്നതിനു നിയുക്തനായ ഡോക്ടർ കാളാശ്ശേരിയെ ഞങ്ങൾ അനുമോദിക്കയും അദ്ദേഹത്തിൻെറ ഭരണം മിസ്സത്തിനു എല്ലാപ്രകാരത്തിലും അഭിവൃദ്ധിപ്രദമായിരിക്കുമെന്നു പ്രതീക്ഷിക്കയും അദ്ദേഹത്തിനു എല്ലാ ഭാവിമംഗളങ്ങളും ആശംസിക്കയും ചെയ്യുന്നു.

മലയാളമനോരമ.

പ്രായംകൊണ്ടു ചെറുപ്പമെങ്കിലും വിദ്യയിൽ വൃദ്ധനായ ഈ വിശിഷ്ട പുരുഷൻെറ ഭരണം ചങ്ങനാശ്ശേരിരൂപതയ്ക്കു അനുഗ്രഹപ്രദമായിത്തീരുമെന്നു പൂൎണ്ണമാ

യി വിശ്വസിക്കാം. ഭരണഭാരത്തിൽനിന്നും ഒഴിയുന്ന അഡ്മിനിസ്ട്രെയിററർ അവർകൾക്കും പുതിയ മെത്രാൻ തിരുമനസ്സിലേക്കും ഞങ്ങൾ സഹർഷം സർവ്വമംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു. പ്രതിദിനം

(Vox Populi Vox Dei) ജനസ്വരം ദൈവസ്വരം എന്ന ആപ്തവാക്യം ആസ്പദമാക്കി നോക്കുന്നതായാൽ, കുര്യാളശ്ശേരിൽ മെത്രാനച്ചൻെറ നിര്യാണാനന്തരം കാളാശ്ശേരിമെത്രാൻ എന്ന നാമത്തേക്കാൾ ഏകകണ്ഠമായി ജനതാമദ്ധ്യത്തിൽ മുഴങ്ങിയിട്ടുള്ള സ്വരം വേറെയില്ലെന്നുള്ളതു സ്മരണീയമാണ്...നി. വ. ദിവ്യശ്രീ കാളാശ്ശേരിൽ യാക്കോബു മെത്രാനച്ചൻ തിരുമനസ്സു കൊണ്ടു വിജയവിഖ്യാതിയോടു കൂടി ചിരകാലം രൂപതാഭരണം നിർവ്വഹിക്കുന്നതിനു സർവ്വേശ്വരൻ അനുഗ്രഹിക്കുമാറാകട്ടെ എന്നു 'ദീപിക' ഈ അവസരത്തിൽ സവിനയം പ്രാർത്ഥിച്ചുകൊള്ളുന്നു. നസ്രാണിദീപിക.

വിദ്യാവിശാരദനും, സുശീലനും, സുസമ്മതനുമായ മൊൺസിഞ്ഞോർ കാളാശ്ശേരി അവർകളുടെ ഭരണം ചങ്ങനാശ്ശേരിരൂപതയ്ക്കും, കേരളീയ കത്തോലിക്കാസഭയ്ക്കും സർവ്വ പ്രകാരേണയും ശ്രേയസ്കരമായി പരിണമിക്കട്ടെ എന്നു ഞങ്ങൾ ദൈവത്തെ പ്രാർത്ഥിക്കുകയും അവിടത്തെ ഞങ്ങൾ ഹാർദ്ദമായി അനുമോദിക്കയും ചെയ്തുകൊള്ളുന്നു. സത്യനാദം.

Reports from Changanacherry go to show that the Bishop Elect is the recipient daily of numerous messages of good wishes; and we take this opportunity to offer His Lordship our sincere yet respectful congratulation.

*The "Malabar Herald."*

വൈദികജീവിതം ആരംഭിച്ചതുമുതൽ പെ. ബ് കാളാശ്ശേരിലച്ചൻ ഈ ചുരുങ്ങിയ കാലംകൊണ്ടു ഒരുത്തമ വൈദികനും ഏതു ദുഷ്കരമായ കൃത്യങ്ങളും നിഷ്പ്രയാസം നിർവഹിപ്പാൻ പ്രാപ്തനും നിഷ്പക്ഷബുദ്ധ്യാ സകലകാര്യങ്ങളും വീക്ഷിക്കുവാൻ കഴിവുള്ള ഒരു ന്യായാധിപനും ആണെന്നു സ്വയം സ്ഥാപിക്കയും തദ്വാരാ രൂപതയുടെ ഭരണകർത്താവെന്ന നിലയ്ക്കു സർവ്വത്ര യോഗ്യനെന്നു പൊതുജനങ്ങൾക്കു പ്രത്യക്ഷപ്പെടുത്തുകയും ചെയ്തിരുന്നതുകൊണ്ടു അദ്ദേഹത്തിൻെറ നാമം ജനങ്ങളെല്ലാവരും ഏകോപിച്ചു സ്വയം നിർദ്ദേശിച്ചുകൊണ്ടു പോന്നിരുന്നതാണ്. കോട്ടയം പത്രിക.

ഇത്ര യോഗ്യനായ ഒരാളെത്തന്നെ തങ്ങളുടെ ആത്മീയ ഇടയനായി കിട്ടുവാനിടയായ ചങ്ങനാശ്ശേരി രൂപതയുടെ ഭാഗ്യത്തേയും ഈ തിരഞ്ഞെടുപ്പു വിഷയത്തിൽ പരിശുദ്ധ സിംഹാസനം പ്രദർശിപ്പിച്ച ഔചിത്യത്തേയും ഞങ്ങൾ ഏകരീത്യാ അഭിനന്ദിക്കയും മലയാളത്തെ സഭാചരിത്രത്തിൽ ഒരു നവാദ്ധ്യായം തുറക്കുന്ന അവിടത്തെ ഭരണം സഭയ്ക്കും വിശ്വാസികൾക്കും സർവ്വദാ ശ്രേയോഭിവൃദ്ധിയ്ക്കു നിദാനമായിത്തീരുന്നതിന്നു സർവ്വശക്തനെ പ്രാർത്ഥിക്കയും ചെയ്തുകൊള്ളുന്നു.

സത്യദീപം.

പരിഷ്കൃതരാജ്യങ്ങളിൽ പോയി പഠിച്ചിട്ടുള്ള ആളും, പരേതനായ ഡാക്ടർ കുര്യാളശ്ശേരിയുടെ വത്സലശിഷ്യനും ആകകൊണ്ടു ഇദ്ദേഹത്തിൻെറ ഭരണത്തിൽ ചങ്ങനാശ്ശേരിമിസ്സം പൂർവ്വാധികം പുരോഗമനം ചെയ്യുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

സർവീസ്.

Changanacherry is, no doubt the biggest of the Syrian Dioceses............ And that such a vast Diocese has been entrusted to Dr. James Kalacherry, who, if we are not mistaken, is the youngest of the Catholic Bishops, is in itself a clear Index of the confidence reposed in him by the Holy See. *The "Examiner"*

ഡോക്ടർ കാളാശ്ശേരി അവർകൾ തന്റെ പൂർവ്വഗാമിയെ അനുകരിച്ചു രൂപതയുടെ അഭിവൃദ്ധിക്കും സമുദായത്തിന്റെ നന്മയ്ക്കും വേണ്ടി പലതും പ്രവർത്തിക്കുമെന്നാണ് എല്ലാവരുടെയും പ്രതീക്ഷ. ഭാരമേറിയ ഈ ചുമതലയെ നിർവ്വഹിക്കുന്ന വിഷയത്തിൽ അദ്ദേഹത്തിനു സർവ്വ അനുഗ്രഹങ്ങളും സർവ്വശക്തൻ പ്രദാനം ചെയ്യട്ടെ എന്നു "കേരളീയാഭിമാനി"യും പ്രാർത്ഥിച്ചുകൊള്ളുന്നു.

കേരളീയാഭിമാനി.

Dr. Kalacherry is very popular amongst all sections and creeds of people in Travancore, is a well-known public speaker in English and the vernacular and a facile writer. Deep piety unostentatious and genial manners, an irresistible fund of humour are his well-known characteristics. *The "Week".*

നി. വ. ദിവ്യശ്രീ ഫാദർ കാളാശ്ശേരിയുടെ നിയമനം സർവ്വഥാ സ്ഥാനസ്ഥിതവും സമുചിതവുമായിരിക്കുന്നു. എന്നു മാത്രമല്ല റോമൻകത്തോലിക്ക സമുദായത്തിൽപെട്ട ബഹുജനങ്ങളുടെ ആഗ്രഹത്തിനും പ്രതീക്ഷയ്ക്കും അനുയോജ്യമായ ഒന്നാണെന്നുകൂടി കാണുന്നതിൽ പ്രത്യേകം സന്തോഷിക്കേണ്ടിയിരിക്കുന്നു. നവഭാരതി.

ഡോക്ടർ കാളാശ്ശേരി അവർകളെ ഒരിക്കൽ കാണുകയോ, അദ്ദേഹവുമായിസ്വല്പം സംസാരിക്കയൊ, അദ്ദേഹത്തിൻെറ വചോവിലാസം ഒരു നിമിഷനേരം ആസ്വദിക്കയൊ ചെയ്തിട്ടുള്ളവരുടെയെല്ലാം സ്നേഹബഹുമാനങ്ങൾ അദ്ദേഹം കരസ്ഥമാക്കുമെന്നുള്ളതു തീർച്ചയാണ്.

ദാസൻ.

There is great jubilation throughout the diocese over the appointment of the new Bishop, for Dr. Kalacherry is a very popular figure in S. Travancore, a well-known speaker and writer with a facility and a grace of expression and a fund of irresistible humour, all his own. He is the author of several booklets in the Vernacular. Ad multos Annos.

*The "Catholic Leader".*

കുര്യാളശ്ശേരിൽ മാർ തോമ്മാമെത്രാനച്ചൻ തിരുമനസ്സിലെ സമുചിതാനുഗാമിയായി കാളാശ്ശേരിൽ മാർ യാക്കോബു മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു ചിരകാലം വാണരുളുവാൻ ദൈവം ഇടയാക്കട്ടെ!

കർമ്മെലകുസുമം.

അവിടുന്നു ദീർഘായുഷ്മാനായി ചിരകാലം രൂപതാഭരണം നടത്തി ദൈവസ്തുതിയേയും ആത്മാക്കളുടെ രക്ഷയേയും വർദ്ധിപ്പിക്കാൻ സംഗതി വരുത്തണമേയെന്നു ഞങ്ങൾ ഹൃദയപൂർവ്വം സർവ്വേശ്വരനെ പ്രാർത്ഥിക്കുന്നു.

കഥാചന്ദ്രിക.

കുര്യാളശ്ശേരി മെത്രാനച്ചൻ തിരുമനസ്സിലെ സെക്രട്ടറിയും, അവിടുന്നു നിത്യനഗരത്തിലേക്കു (റോമയിലേ

ക്കു) ചെയ്ത അന്ത്യയാത്രയിൽ അവിടത്തെ അനുയാനം ചെയ്തിരുന്ന ദേഹവുമായ ഈ വൈദികവര്യൻ തന്നെ ചങ്ങനാശ്ശേരിരൂപതയുടെ മെത്രാസനത്തെ അലങ്കരിക്കാൻ നിയമിതനായിരിക്കുന്നതിൽ ഞങ്ങൾ അത്യന്തം സന്തോഷിക്കുകയും, അദ്ദേഹത്തിൻെറ സ്ഥാനാരോഹണവും ഭരണവുമെല്ലാം ശുഭഭ്രയിഷ്ടങ്ങളായിരിക്കട്ടെ എന്നു പ്രാർത്ഥിക്കയും ചെയ്യുന്നു.

തിരുഹൃദയദൂതൻ.

അഗാധമായ പാണ്ഡിത്യം, വിസ്തൃതമായ ലോകപരിചയം, വിനയസംപൂർണ്ണമായ സൌശീല്യം, ജനതയുടെ നേക്കുള്ള പൈതൃകമായ വാത്സല്യം, കത്തോലിക്കസഭയുടേയും സമുദായത്തിൻേറയും ഉൽക്കഷ്ത്തിലുള്ള തീവ്രമായ താല്പൎയ്യം, സൎവ്വോപരി അഗാധമായ ദൈവഭക്തി എന്നിത്യാദ്യനേകഗുണങ്ങളാൽ പരിശോഭിക്കുന്ന മോൺസിഞ്ഞോർ ജെയിംസു കാളാച്ചേരി തിരുമനസ്സുകൊണ്ടു ചങ്ങനാശ്ശേരി രൂപതയെ ചിരകാലം ശ്രേയസ്സുകരമായി ഭരിക്കുമാറാകട്ടെ.

ചെറുപുഷ്പം.

---

Printed and Published for the Proprietor by
P. K. Joseph at the St. Joseph's Press,
Mannanam. 1929.



ചങ്ങനാശേരി ഭദ്രാസനദേവാലയത്തിൻെറ മുൻവശത്തുള്ള പുരാതന കരിങ്കൽക്കുരിശിൻെറ മാതൃകയിൽ സിമൻറുകൊണ്ടു വാർത്തു എടുത്തു പരിശുദ്ധ പിതാവു് പതിനൊന്നാം പീയൂസ് മാർപ്പാപ്പായുടെ ഗുരുപ്പട്ട സ്വർണ്ണജൂബിലി സമ്മാനമായി ചങ്ങനാശേരി രൂപതയിൽനിന്നു് അയച്ച സിമൻറുകുരിശു.
(ഈ കുരിശു അഞ്ചുപെട്ടിയിൽ ആക്കിയാണു് റോമ്മിലേക്കു അയച്ചതു്.)

# നസ്രാണിദീപിക.

ഇൻഡ്യയിലെ ഏക കത്തോലിക്ക പ്രതിദിനപത്രം, തിരുവിതാം കൂറിലെ ഏറ്റവും പഴക്കമുള്ള ഇംഗ്ലീഷ് മലയാള വർത്തമാനപ്പത്രം.

വരിസംഖ്യ ആണ്ടടക്കം ബ്രി രൂ. 12 മാത്രം.

മാനേജർ, നസ്രാണിദീപിക,

മാന്നാനം.

# കർമ്മലകുസുമം.

പരിശുദ്ധ കന്യകമറിയത്തിനു പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളതും, ഏറ്റവും പ്രചാരത്തിലിരിക്കുന്നതും, അതിപുരാതനവും, കത്തോലിക്കാ കുടുംബങ്ങൾക്കു ഒരുത്തമ സഖിയും കർമ്മലീത്താമിഷ്യനരിമാരാൽ നടത്തപ്പെടുന്നതുമായ ഒരുത്തമ കത്തോലിക്ക മാസിക.

വരിസംഖ്യ ആണ്ടിൽ ഒരു രൂപാ മാത്രം.

മാനേജർ, കർമ്മലകുസുമം,

മാന്നാനം.

# ശുദ്ധിപത്രം.

| പേജ്. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| 1 | 5 | അങ്കരിച്ചേക്കാമെന്നു്. | ആദ്യമായിഅങ്കുരിച്ചേക്കാമെന്നു്. |
| 5 | 4 | സഹെഹരി. | സഹൊദരി |
| 8 | 25 | പിതമഹന്റെ. | പിതാമഹന്റെ. |
| 11 | 2 | അ ിമ്പുഴ. | അതിരമ്പുഴ. |
| 18 | 15 | ധരിപ്പച്ചു. | ധരിപ്പിച്ചു. |
| 25 | 15 | ഒന്നരകൊല്ലം | മൂന്നരകൊല്ലം. |
| 29 | 27 | വിജകരമായി. | വിജയകരമായി. |
| 39 | 10 | സ്ഥാനങ്ങളെയും. | സ്ഥാപനങ്ങളേയും |
| 41 | 16 | നിന്നാൽ. | നിന്നു്. |
| 42 | 7 | തങ്ങളുടെ. | ഞങ്ങളുടെ. |
| 47 | 12 | പത്രിയാൎക്കേയിററ്. | പാത്രിയാൎക്കേററ് |
| 57 | 12 | അലാബി. | അല്ലബി. |
| 59 | 11 | അലാബി. | അല്ലബി. |
| 64 | 7 | പഞ്ഞിക്കാരച്ചനും. | പഞ്ഞിക്കാരനച്ചനും. |
| „ | 11 | Mr. Papoido Polos. | Mgr. Papoido Polos. |
| „ | 21 | Fr. Subbimo. | Fr. Sabbino. |
| 68 | 25 | റോമ്മാക്ക | റോമ്മായിക്ക് |
| 75 | 3 | മംഗളമാശിച്ചു. | മംഗളമാശംസിച്ചു. |
| 89 | 1 | സൂൎയ്യഭാവൻ | സൂൎയ്യഭഗവാൻ. |
| 103 | 10 | കാരുണ്യാതിരേകനത്താൽ. | കാരുണ്യാതിരേകത്താൽ. |
| 111 | 11 | സ്ഥാകാഭിഷേചന | സ്ഥാനാഭിഷേചന |
| 120 | 17 | പാമൎശിച്ചു. | പരമാൎശിച്ചു. |
| 130 | 9 | ബെക്ക്സിക്കോ. | മെക്ക്സിക്കോ. |
| 4 | 12 | നിഹിൎവ്വക്കുന്നു. | നിൎവ്വഹിക്കുന്നു. |

## വായിച്ചറിഞ്ഞിരിക്കേണ്ട രണ്ടു പുസ്തകങ്ങൾ.

### സിഞ്ഞോർ മുസ്സോലിനി.

വത്തിക്കാൻ ഉടമ്പടിയോടുകൂടെ സകലക്കും സുപരിചിതനായിത്തീൎന്നിരിക്കുന്ന ഇററാലിയിലെ പ്രധാനമന്ത്രിയായ സിഞ്ഞോർ ബനിത്തോ മുസ്സോലിനിയുടെ ജീവചരിത്രം. ദരിദ്രനും കൊല്ലപ്പണിക്കാരന്റെ മകനുമായി ജനിച്ച മുസ്സോലിനി ഇററാലിയിലെ പ്രധാന മന്ത്രിപദം പ്രാപിച്ച് വിശ്വവിശ്രുതനായിത്തീൎന്നിരിക്കുന്ന കഥ ഏററവും ആശ്ചൎയ്യകരമത്രെ. ഡബിൾ ക്രൌൺ 16 വലിപ്പത്തിൽ 133 പേജുകളോടും പടങ്ങളോടും കൂടിയ ഈ പുസ്തകത്തിന് വില 8 ചക്രം മാത്രം.

അപേക്ഷിക്കേണ്ടും മേൽവിലാസം.

കെ. സി. വൎക്കി ബി. ഏ; എൽ. ററി. ആൎപ്പൂക്കര, മാന്നാനം.

### ജോവാൻ ഓഫ് ആൎക്ക്.

ആയുധാഭ്യാസപാടവം കൊണ്ടും വീൎയ്യപരാക്രമങ്ങൾകൊണ്ടും രണ്ടാമത്തെ കാറൾമാൻ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വി. ജോവാൻ ഓഫ് ആൎക്കിന്റെ ജീവചരിത്രകഥ സത്യമായ ചരിത്രത്തിൽ നിന്നു അല്പംപോലും വ്യതിചലിക്കാതെ ആഖ്യായികാരൂപത്തിൽ ശുദ്ധവും ലളിതവുമായ ഭാഷയിൽ എഴുതപ്പെട്ടിരിക്കുന്നു. നി. വ. ദിവ്യശ്രീ കാളാശ്ശേരിൽ മാർ ജെയിംസു മെത്രാൻ തിരുമനസ്സിലെ പ്രശംസാലേഖനത്തോടും, ഡോക്ടർ പി. ജെ. തോമസ്, ബാരിസ്റ്റർ. കെ. എം. പണിക്കർ, മി. സി. അന്തപ്പായി ആദിയായവരുടെ അഭിപ്രായോപന്യാസങ്ങളോടും മനോഹരമായ പടങ്ങളോടുംകൂടിയ ഈ പുസ്തകത്തിനു 10 ണ. മാത്രമേ വിലവെച്ചിട്ടുള്ളൂ.

അപേക്ഷിക്കേണ്ടും മേൽവിലാസം.

എൽ. സി. ഐസക്ക് ബി. ഏ.

നസ്രാണിദീപികാ ആപ്പീസ് മാന്നാനം.